# KERALA PRIVATE COLLEGE TEACHER

# SPECIAL




AKPCTA

**THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION**




- സ്ഥാപിത ശേഷിയിൽ തൊട്ടു മുൻപുള്ള അഞ്ചുവർഷത്തേക്കാൾ പതിനേഴിരട്ടി വർദ്ധന. 1991 മുതൽ 1994 വരെ 17 മെഗാവാട്ടിന്റെ വർദ്ധനയുണ്ടായപ്പോൾ 1996-98-ൽ ഇത് 291 മെഗാവാട്ടാണ്.
- പ്രസരണ ലൈൻ നിർമ്മാണത്തിൽ 255 ശതമാനം വർദ്ധന.
- സബ്സ്റ്റേഷൻ ശേഷി 138 ശതമാനം ഉയർന്നു.
- 18 സബ്സ്റ്റേഷൻ കമ്മിഷൻ ചെയ്തു.
- 10 കോടി യൂണിറ്റ് പ്രസരണ നഷ്ടം ഒഴിവാക്കി.
- പവർകട്ടിൽ നിന്നും വ്യവസായങ്ങളെ പൂർണ്ണമായും ഒഴിവാക്കി. ജില്ലാആസ്ഥാനങ്ങളിൽ ലോഡ്ഷെഡ്ഡിംഗ് നിർത്തലാക്കി.
- ബംഗാൾ മേഖലയിൽ നിന്ന് വൈദ്യുതി എത്തിച്ചു.
- കേന്ദ്ര പദ്ധതികളിൽ നിന്നും റെക്കാർഡ് വിഹിതം ലഭ്യമായി.
- 102 മെഗാവാട്ടിന്റെ 18 ചെറുകിട ജലവൈദ്യുതപദ്ധതികൾക്ക് ചൈനയുടെ സഹായം ഉറപ്പുവരുത്തി. 40 മെഗാവാട്ടിന്റെ 34 പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു.
- 128 മെഗാവാട്ടിന്റെ കോഴിക്കോട് താപനിലയത്തിന് തുടക്കം കുറിച്ചു.
- 21 മെഗാവാട്ടിന്റെ കുത്തുംഗൽ ക്യാപ്റ്റീവ് ജലവൈദ്യുത പദ്ധതിക്ക് ഭരണാനുമതി നൽകി.
- 163 മെഗാവാട്ടിന്റെ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ ടെൻഡർ ക്ഷണിച്ചു, പണി ഉടൻ ആരംഭിക്കും.
- പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്ന 33 കെ വി സബ്സ്റ്റേഷനുകൾക്ക് ആരംഭമായി.
- രണ്ടായിരാമാണ്ടോടെ കേരളത്തെ വൈദ്യുതിമിച്ച സംസ്ഥാനമാക്കാനുള്ള ആസൂത്രിതപദ്ധതികൾ സമയബന്ധിതമായി പുരോഗമിക്കുന്നു.

**രണ്ടായിരാമാണ്ടോടെ വൈദ്യുതിയിൽ സ്വയം പര്യാപ്തത**

വൈദ്യുതി അമൂല്യമാണ് ; അത് പാഴാക്കരുത്.

പബ്ലിക് റിലേഷൻസ്, കെ. എസ്. ഇ. ബി.

KERALA PRIVATE COLLEGE TEACHER

SPECIAL

150TH ISSUE

JANUARY 199?

**EDITORIAL BOARD**

A. PRATHAPACHANDRAN NAIR
(CHIEF EDITOR)
T.N. MANOHARAN
(MANAGING EDITOR)
JOY JOB KULAVELIL
K.P. DIVAKARAN NAIR
DR. P.J. PHILIP
M.P. LALITHA BAI
R. MOHANKUMAR
K.S. PAVITHRAN
DR. R.B. RAJALEKSHMY
K.C. KUTTAPPAN NAIR
SHAHUL HAMEED
MATHEW. J. MUTTATH
S. JAYARAJKUMAR
D. THOMAS
G.S. SURESH
M.S. VASANTHAKUMAR
DR. C.R. PRASAD
M.D. RATHEESHKUMAR
J. RAJU
DR. K.H. SUBRAHMANIAN

COVER

*'Two things fill my mind with everincreasing wonder and awe: the starry heavens above me and the moral law within me'* — *Immanuel Kant*

DESIGNED BY : PROF. C.P.N. BHATTATHIRI

## മുഖക്കുറിപ്പ്

ക്വാർട്ടർലിയിൽത്തുടങ്ങി ബുള്ളറ്റിനിനിലൂടെയും ജേർണലിലൂടെയും വളർന്ന 'കേരളാ പ്രൈവറ്റ് കോളേജ് ടീച്ചർ' ഇന്ന് കോളേജധ്യാപകരുടെ സംഘടനാപരവും അക്കാദമീയവുമായ പ്രധാനപ്രസിദ്ധീകരണമായിത്തീർന്നിരിക്കുന്നു. ചുരുക്കം ചിലകോളേജുകളിൽ വിരലിലെണ്ണാവുന്ന അംഗങ്ങളുമായി തുടക്കമിട്ട എകെപിസിടിഎ എന്ന അദ്ധ്യാപകസംഘടന വളർന്ന് കോളേജധ്യാപകരെ സംരക്ഷിക്കുന്ന ഒരു മഹാ പ്രസ്ഥാനമായിത്തീർന്ന ചരിത്രം ഈ വിശേഷാൽപതിപ്പിൽ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇതിലേക്ക് വേണ്ട രചനകൾ തന്ന് സഹായിച്ച എല്ലാവർക്കും നന്ദി.

ഈ വിശേഷാൽപതിപ്പ് ഭംഗിയാക്കുന്നതിനായി ബുദ്ധിമുട്ടി പ്രവർത്തിച്ച സുഹൃത്തുക്കൾ ഏറെപ്പേരുണ്ട്. കവർ ഡിസൈനിംഗ്, പേജ്‌ലേഔട്ട് എന്നീ കാര്യങ്ങളിൽ ഞങ്ങളെ സഹായിച്ചത് പ്രൊഫ. സി.പി.എൻ. ഭട്ടതിരിയാണ്. ഇവരോടെല്ലാം ഞങ്ങൾക്കുള്ള കടപ്പാട് പ്രത്യേകം രേഖപ്പെടുത്തുന്നു.

---

### ഉള്ളടക്കം

അർഭകൻ
ഡോ.കെ.അയ്യപ്പപ്പണിക്കർ

ജന്മാപഹാരം
ഡി. വിനയചന്ദ്രൻ

ഉന്നതവിദ്യാഭ്യാസമേഖല
വിദഗ്ദ്ധർ വിലയിരുത്തുന്നു

IMF WORLD BANK PRESCRIPTIONS - A PARADOX
JOY JOB KULAVELIL

നേട്ടങ്ങളുടെയും വളർച്ചയുടെയും പടവുകൾ
കെ.പി. ദിവാകരൻനായർ

എകെപിസിടിഎ ചരിത്രമുഹൂർത്തങ്ങൾ

"കോളേജ് ടീച്ചർ" വളർന്നുവന്ന വഴികൾ
വി.എൻ. മുരളി

+2
എസ്.വി. വേണുഗോപൻനായർ

തിയേറ്റർ - മാറ്റത്തിന്റെ ചാലകശക്തി
എൻ.ആർ. ഗ്രാമപ്രകാശ്

SOLOMON
SREEVARAHOM BALAKRISHNAN

മിസ് ലാലി എസ് പുന്നൂസിന്റെ സുവിശേഷം
ഏഴാച്ചേരി രാമചന്ദ്രൻ

ഒരു സൂപ്പർകഥ
ചന്ദ്രമതി

നിളപോലെ
ദേശമംഗലം രാമകൃഷ്ണൻ

ALL IS NOT LOST
DR.K.RADHAKUMARI

ACTOR - THE FINAL WORD IN THEATRE
DR.H.SADASIVAN PILLAI

നാഴികക്കല്ലുകൾ

ഇന്നത്തെ പകൽ
നീലമ്പേരൂർ മധുസൂദനൻ നായർ

മരം
ലളിതാലെനിൻ

മതേതരവിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ
ഡോ. ആർ.ബി. രാജലക്ഷ്മി

WOODPECKER
P.V.JAYARAJ

ഭാഷയും സവർണ്ണാധിപത്യവും
സെബാസ്റ്റ്യൻ വട്ടമറ്റം

ENVY
B.SALIM

പാഞ്ചാലി കൊള്ളാം കാഴി ചെത്തി
ഡോ.കവടിയാർ രാമചന്ദ്രൻ

പുഴജനിക്കുന്നു
എസ്. ഭാസിരാജ്

AMARTYASEN'S POLITICAL ECONOMY
DR.P.J.PHILIP

അവൾ എനിക്കുവീട്
മനോജ് കുറൂർ

നിറനിലാവ്
ഡോ. വി.കെ.എൻ. വൈക്കത്തില്ലം

സമാന്തരവിദ്യാഭ്യാസം
കെ. പ്രഭാകരൻനായർ

കോഴിയും സൂര്യനും
ഡോ.കെ.എച്ച്.സുബ്രഹ്മണ്യൻ

ശാകുന്തളത്തിലെ ശാസ്ത്രജ്യോതിസ്സുകൾ
ആർ. ഭദ്രൻ, വറുഗീസ് ജോൺ

വാഗ്ദത്ത ഭൂമികൾ
ടി. ഗിരിജ

രക്തപുഷ്പാഞ്ജലി
പരുത്തിപ്പള്ളി കൃഷ്ണൻകുട്ടി

ഇംഗ്ലീഷ്പഠനവും കോളനിവാഴ്ചയും
പി.പി. രവീന്ദ്രൻ

ന്യൂനപക്ഷാവകാശങ്ങൾ
ആർ.പി. രമണൻ

TED HUGHES
D. THOMAS

താത്രിക്കുട്ടി
ശ്രീപാദം ഈശ്വരൻ നമ്പൂതിരി

ഉല്ക്കകൾ
മാത്യു ജെ. മുട്ടത്ത്

JOYCE'S "A PORTRAIT IN MALAYALAM"
C. AJAYAN

# അർഭകൻ

## ഡോ. കെ. അയ്യപ്പപ്പണിക്കർ

അർഭകനെന്ന പദത്തിനു പാണെന്നൊ-
രർത്ഥം പഠിപ്പിച്ച മുൻഷിപ്രവരനെ
അർഭകൻ വന്നു കടിച്ചുപോൽ രാത്രിയിൽ
"അർഭകാ, പുത്രനെപ്പോലെ ദംശിക്കായ്ക
പുത്രകാമേഷ്ടിപിടിച്ചു നീയുംമരി-
യ്ക്കട്ടെ; നരകത്തിൽ നാമിനിക്കണ്ടിടാം,"
എന്നു പറഞ്ഞു ചിരിച്ചമുൻഷിസ്സാറിൻ
സ്പന്ദനമിന്നുമീ ക്ലാസ്സിൽ മുഴങ്ങുന്നു

# ജന്മാപഹാരം

## ഡി. വിനയചന്ദ്രൻ

ഇല്ല പുനർജന്മമെന്റെ മുറിയിലെ
കല്ലുകളോരോന്നുനോക്കവേ ചൊന്നവൾ
ചില്ലലമാരിക്കകത്തിരിക്കുന്നതു
വല്യമുത്തച്ഛന്റെ വാളോ വടിവാളോ?
എന്നേ മരിച്ചോരമ്മാവിതൻചിത്രത്തിൽ
ഇനിയും വേട്ടാളനുണ്ടിടം കൂടുവാൻ
ഗാന്ധിദിനം പതിനൊന്നുമണിക്കിന്നു
ശാന്തിമന്ത്രം ജപിക്കേണം മറക്കേണ്ട
ഞാനെന്റെ വെള്ളിനരകറുപ്പിക്കവേ
ചാന്തുപുരികം മിനുക്കിയേനിന്നവൾ
സിറ്റൗട്ടിലുള്ളോരതിഥികൾകാണാതെ
കർട്ടന്റെ പിന്നിൽ നിന്നൊന്നുമ്മവച്ചു ഞാൻ
നാലുവയസ്സെനിക്കോപ്പോൾ മരിച്ചന്നു
പാതിയെരിഞ്ഞചാമ്പ്രാണിയെയോർത്തുഞാൻ
ഓർക്കാനുമുണ്ടുമറക്കാനുമുണ്ടിടം
ഓർത്താൽ മറന്നാലുമുണ്ടാംജനിമൃതി
ഇല്ല പുനർജന്മമെന്നവൾ പങ്കജ
മല്ലിക്കു ഗ്രാമഫോണിൽ മുഴങ്ങീടുന്നു
പേ പുലമ്പീടുന്നൊരപ്പൂപ്പനുകഞ്ഞി
വായിലൊഴിച്ചു കൊടുത്തിട്ടു കുഞ്ഞമ്മ
പുസ്തകം കെട്ടിവായിക്കുന്ന മൃത്യുവിൻ
ഗുപ്താധികാരം പഠിച്ചു പേടിക്കയാം.
കട്ടനും ബേക്കറിമിക്സച്ചറും ചിപ്സുമായി
സൽക്കാരമേൽക്കെയതിഥികൾ ചൊല്ലുന്നു;
സുന്നിയും സൂഫിയും തമ്മിൽ കലഹിച്ചു
മുന്നൂറുപേരെ കൊലചെയ്തുവിന്നലെ
നമ്മുടെ ഡോക്ടർക്കുമാറ്റം മലമ്പനി
രണ്ടുമുന്നായിമിസ്സൗറിയിൽ വന്നുപോൽ
ജോലിയിൽ നിന്നുപിരിയുവാനിന്നിയും

നാലുകൊല്ലം ബാക്കിനാലുണ്ടവൾക്കുമേ
ഒന്നുകൂടി മുഖം കണ്ണാടിയിൽനോക്കി
വന്നവരോടൊത്തുവണ്ടിയിൽ കേറവേ
വാച്ചുചോദിച്ചോ സമയമെന്നെങ്കിലും
യാത്രചോദിച്ചുപിരിയുമോസ്നേഹിതാ.
പോസ്റ്റുമാർട്ടം ചെയ്തദേഹങ്ങൾ കുഞ്ഞുങ്ങൾ
പ്ലാസ്റ്റിക്കു ദമ്പതിമാരും പശുക്കളും
ഈ വണ്ടിയിൽ വന്നുപോയി, ജയിലിലെ
തീപിടുത്തമുപവാസംപ്രണയവും
ചൊല്ലി രസിച്ചു നിശ്ശബ്ദരായിടവേ
ഇല്ല പുനർജ്ജന്മമെന്നവൾ പിന്നെയും.
യൂട്ടറസ്സോപ്പറേഷൻ ചെയ്തുമാറ്റിയ
ഡോക്ടറോടിന്നും കലിയാണവൾക്കാവോ
ലോപ്രഷറാണെനിക്കിന്ന് ചെക്കപ്പുണ്ട്
ബ്ലോക്കിലെ കോൺഫറൻസെപ്പോൾകഴിയുമോ?
ബ്രേക്കുചവിട്ടവേ മണ്ണടിയിൽപോയ
മാസ്റ്റർപറഞ്ഞൊരുവാചകമോർത്തുവോ
പ്രേമമില്ലാത്തതിനേക്കാളുമെത്രയോ
ഭേദം പ്രണയിച്ചുവേർപിരിയുന്നതും
അല്പജ്ഞരാം നമുക്കെന്തുപ്രേമം, മഴ
പെട്ടെന്നുചാറി, മഴയ്ക്കെന്തുപ്രായമാം?
പുത്രന്റെ ജാതകം നോക്കാനിറങ്ങുന്നു
മിത്രം ചിഫ് വിപ്പിനുകൈക്കൂലി നൽകാനും
ജ്യോത്സ്യനെകാണാനവൾക്കുഭയം, ബോംബു
ചെയ്യുമുടികണ്ടെനിക്കുമുണ്ടത്ഭുതം
കാപ്പിക്കുമുമ്പിൽ പൊറോട്ടകണ്ടാൽരണ്ടു
പേർക്കും മനംമറിക്കും-മനസ്സെന്നതു
വസ്തുവോസങ്കല്പമോ, വണ്ടിനിർത്തുന്നു
സ്വസ്തിപറഞ്ഞു പിരിയുന്നുകൂട്ടുകാർ.

ഇല്ല പുനർജന്മമെന്നവൾ. നായികൾ
പിന്നെയും കൂടുന്നുവാർത്തപറയുന്നു
ജപ്പാനിൽ വാതകച്ചോർച്ചയിൽ ദുർമൃത്യു
യുവതിലങ്കയിൽ. ടെന്നിസുകോർട്ടിലെ
പ്രേമം. പ്രളയദുരന്തങ്ങൾ ചീനയിൽ.
മറ്റൊരുതാരാപഥംകണ്ടു, വിശ്രാന്തി-
നുല്ലത്തിൻ കഥയ്ക്കുണ്ടാം പുതുമകൾ.
പാതവക്കത്തുകിടക്കും ജഡം ജീവ
താളങ്ങൾ ഫീഡുചെയ്തോരുകംപ്യൂട്ടറോ
ജീവിപ്പവരോ മരിച്ചവരോനമ്മൾ
നോവിച്ചുവോ ചിന്ത, നോക്കിയില്ലന്യോന്യം.
യുക്തിയും വിശ്വാസവും ഏകതാളമാം
ദുഃഖം സുഖവുമൊരേസാമഗീതമാം

ഭാഗ്യമെപ്പോളെവിടെയാർക്കതെങ്ങനെ
നേട്ടമുണ്ടാക്കുമെന്നാർക്കും പറഞ്ഞിടാ
നാളത്തെ ബമ്പർനറുക്കെടുപ്പിൻ കുറി
ഞാനൊന്നു വാങ്ങിയവൾ രണ്ടുമെന്തിനോ
അംഗവികലയാം വില്പനക്കാരിയെ
ഞങ്ങൾരണ്ടാളുമേനോക്കി നിന്നിടവേ
പ്രാർത്ഥിച്ചതെന്തു പ്രതീക്ഷിച്ചതെന്തെന്നെ
ബൂത്തിൽനിന്നാരോവിളിക്കുന്നുവെന്നവൾ;
ഓർത്തതുമില്ല മറന്നതുമില്ല ഞാൻ
ബൂത്തിലേക്കോടിവെയിലുറച്ചിടുന്നു.

# ഉന്നതവിദ്യാഭ്യാസമേഖല

## വിദഗ്ദ്ധർ വിലയിരുത്തുന്നു

കേരളത്തിലെ ഉന്നതവിദ്യാഭ്യാസമേഖല വലിയ പരിവർത്തനങ്ങൾക്ക് വേദിയായിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണ് ഇത്. പ്രീഡിഗ്രി കോളേജ് വിദ്യാഭ്യാസത്തിൽ നിന്നും വേർപിരിയുന്നതുമാത്രമല്ല, ശാസ്ത്രസാങ്കേതിക വളർച്ചയുടെ ഫലങ്ങളും വിദ്യാഭ്യാസമുഖത്തെ വളരെയധികം മാറ്റുന്നതിന് കാരണമാകുന്നു. ഇതിന്റെ ഗുണദോഷങ്ങൾ സമചിത്തതയോടെ പരിശോധിക്കേണ്ട കാലംകൂടിയാണ് ഇത്. ഈ ചിന്തയോടെ പത്തു ചോദ്യങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ-സാംസ്കാരികപ്രമുഖർക്ക് പ്രതികരണങ്ങൾക്കായി അയച്ചുകൊടുത്തു. ലഭിച്ച പ്രതികരണങ്ങളാണ് ഇവിടെ നല്കുന്നത്. ചോദ്യങ്ങൾ താഴെകൊടുക്കുന്നു.

### ചോദ്യാവലി

1. പ്രീഡിഗ്രിയുടെ വേർപെടുത്തൽ ഉന്നത വിദ്യാഭ്യാസത്തെ എങ്ങനെ ബാധിക്കും?

2. ഉന്നതമേഖലയിൽ നടക്കുന്ന സർവ്വകലാശാല ഗവേഷണങ്ങളുടെ ഫലങ്ങൾ സമൂഹത്തിന്റെ പുരോഗതിക്ക് സഹായകമായ രീതിയിൽ വിനിയോഗിക്കാൻ കഴിയുന്നുണ്ടോ? ഇല്ലെങ്കിൽ എങ്ങനെ കഴിയും?

3. സ്വകാര്യപങ്കാളിത്തം ഉന്നതവിദ്യാഭ്യാസത്തിന്റെ മൗലിക ലക്ഷ്യത്തെയും മൂല്യത്തെയും എങ്ങനെ സ്വാധീനിക്കും?

4. കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗവും ഇതര സംസ്ഥാനങ്ങളിലെയും ഇതരരാജ്യങ്ങളിലെയും വിദ്യാഭ്യാസരംഗവും തമ്മിലുള്ള താരതമ്യം.

5. സർവ്വകലാശാലാ വിദ്യാർത്ഥികളുടെ രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള സംഘടനാ പ്രവർത്തനം അധ്യയനരംഗത്തെ സ്വാധീനിക്കുന്നത് എങ്ങനെ?

6. നിലവിലിരിക്കുന്ന പരീക്ഷാസമ്പ്രദായം വിദ്യാർത്ഥിയുടെ കഴിവിനെ അളക്കുന്നതിന് പര്യാപ്തമോ? എന്തുകൊണ്ട്? നിർദ്ദേശങ്ങൾ

7. ഉന്നത വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാണെന്ന അഭിപ്രായത്തോട് താങ്കളുടെ പ്രതികരണം?

8. സമകാലിക പരിതോവസ്ഥയിൽ ഉന്നതവിദ്യാഭ്യാസരംഗത്ത് മാനവിക വിഷയങ്ങളുടെ പ്രസക്തി എപ്രകാരം?

9. നിലവിലിരിക്കുന്ന അദ്ധ്യയനരീതിയിൽ മാറ്റം ആവശ്യമോ? എന്തുകൊണ്ട്? എങ്ങനെ?

10. ഉന്നത വിദ്യാഭ്യാസരംഗം സമീപകാലത്ത് കൂടുതൽ പ്രതിസന്ധി നേരിടുന്നുണ്ട് എന്നു പറയപ്പെടുന്നു പ്രതിസന്ധിയുണ്ടോ? എങ്ങനെ?

### 1. ഡോ. ബാലമോഹൻ തമ്പി

1. പ്രീഡിഗ്രിയുടെ വേർപെടുത്തൽ ബിരുദ-ബിരുദാനന്തര ഗവേഷണമേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സർവകലാശാലകൾക്ക് അവസരം നൽകും. ദേശീയനയവുമായി പൊരുത്തമുണ്ടാക്കാൻ ഈ നടപടി സഹായിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്താൻ സഹായിക്കുന്ന തീരുമാനമാണിത്. പ്രീഡിഗ്രി വേർപെടുന്നതുകൊണ്ടു കോളേജ് അദ്ധ്യാപന-പ്രവേശന രംഗങ്ങളിലെ അഴിമതി പ്രീഡിഗ്രിതലത്തിലേയ്ക്കു വ്യാപിക്കുന്നതു കർശനമായി തടഞ്ഞില്ലെങ്കിൽ ഗുണനിലവാരമുയർത്താനുള്ള പരിപാടികൾ വിജയിക്കുകയില്ല.

2. സമൂഹത്തിൽ വ്യാവസായിക-കാർഷിക-സേവന മേഖലകളിലെ ഏജൻസികളും സർവകലാശാലകളും തമ്മിൽ ഇപ്പോഴുള്ള ബന്ധം തികച്ചും അപര്യാപ്തമാണ്. ഈ ഏജൻസികളും സർവകലാശാ

ളിലെ ഗവേഷണവകുപ്പുകളും തമ്മിൽ പരസ്പരസഹകരണം ഉണ്ടെങ്കിൽ മാത്രമേ ഗവേഷണഫലങ്ങൾ സമൂഹത്തിന്റെ പുരോഗതിക്കു സഹായകമായരീതിയിൽ വിനിയോഗിക്കാൻ കഴിയുകയുള്ളൂ. ഗവേഷണബിരുദങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ പ്രശ്നാധിഷ്ഠിതമായ-വ്യവസായം, കൃഷിമുതലായ മേഖലകളിൽ വികസനത്തിനാവശ്യമായ - പരിശ്രമങ്ങളാക്കിത്തീർക്കാൻ കൂട്ടായ-നേതൃത്വം വേണം. ഇപ്പോൾ ഗവേഷണം തികച്ചും സ്വകാര്യപരിശ്രമമായി തീർന്നിരിക്കുകയാണ്.

3. സ്വകാര്യ പങ്കാളിത്തം പൂർണമായി ഒഴിവാക്കാൻ ഇന്നത്തെ സാഹചര്യത്തിൽ സാധ്യമല്ല. സ്വകാര്യസ്ഥാപനങ്ങൾ ഭരണകൂടത്തിന്റെ പരിശ്രമങ്ങൾക്കു ഒരു പൂരകം എന്ന നിലയിൽ വികസിക്കേണ്ട ആവശ്യമുണ്ട്. പക്ഷേ അനിയന്ത്രിതമായി സ്വകാര്യസ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിച്ചാൽ സമൂഹത്തിലെ ഇന്നത്തെ ശിഥിലീകരണപ്രവണതകളെ അതു പ്രോത്സാഹിപ്പിക്കും. സാമ്പത്തികമായി അവികസിത മേഖലയിലുള്ള വിദ്യാർത്ഥികളെ അവർ അർഹിക്കുന്നതരത്തിലുള്ള ഉന്നതവിദ്യാഭ്യാസത്തിൽ നിന്നും വഞ്ചിക്കുകയായിരിക്കും അതിന്റെ ഫലം. വാണിജ്യവല്ക്കരണത്തിനും ജാതി-മത വർഗ്ഗീയതയ്ക്കും വിധേയമാകാത്ത, സാംസ്കാരികസേവനം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കാൻ താല്പര്യമുള്ള സ്വകാര്യസ്ഥാപനങ്ങൾ സ്വാഗതം ചെയ്യപ്പെടേണ്ടവയാണ്.

4. കേരളത്തിലെവിദ്യാഭ്യാസരംഗവും മറ്റുസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസരംഗവും തമ്മിൽ അടിസ്ഥാനപരമായ വ്യത്യാസമില്ല. ഇതരരാജ്യങ്ങളിലെ വിദ്യാഭ്യാസരംഗവുമായുള്ള താരതമ്യം ഗവേഷണ വിഷയമാക്കേണ്ടതാണ്. മറുപടി പ്രയാസമാണ്.

5. വിദ്യാർത്ഥികളുടെ സംഘടനാപ്രവർത്തനം വിദ്യാഭ്യാസപ്രക്രിയയെ തടസ്സപ്പെടുത്താത്ത തരത്തിലും അഹിംസാത്മകമായതരത്തിലും നടത്താൻ സംഘടനകൾ ശ്രദ്ധിക്കണം. അതിനു അവരെ പ്രേരിപ്പിക്കുന്ന തരത്തിലായിരിക്കണം. അദ്ധ്യാപകരുടെ പ്രതികരണം.

6. നിലവിലുള്ള മൂല്യനിർണ്ണയ സമ്പ്രദായങ്ങൾ തികച്ചും അശാസ്ത്രീയവും യാന്ത്രികവുമാണ്. വർഷാവസാനപരീക്ഷയെമാത്രം മൂല്യനിർണ്ണയത്തിനു ആശ്രയിക്കുന്നതു ശരിയല്ല. - ആനുകാലികമായി പരീക്ഷകൾ, പഠിപ്പിക്കുന്ന അദ്ധ്യാപകർതന്നെ നടത്തി മൂല്യനിർണ്ണയം ചെയ്യണം. ആകെയുള്ള മാർക്കിൽ 50 ശതമാനം അവസാനപരീക്ഷയ്ക്കു നീക്കിവച്ചാൽ മതിയാകും.

7. ഉന്നത വിദ്യാഭ്യാസം നേടുന്നവർക്കു അവരുടെ യോഗ്യതയ്ക്കും കഴിവിനും അനുസരിച്ചുള്ള തൊഴിൽ ലഭ്യമാക്കാൻ വേണ്ടിയുള്ള മനുഷ്യവിഭവസർവേ നടത്തേണ്ടതു വിദ്യാഭ്യാസവകുപ്പുകളുടെ ചുമതലയാണ്.

8. മാനവികവിഷയങ്ങൾ, ശാസ്ത്രവിഷയങ്ങൾ മുതലായ വിഭജനങ്ങൾ യൂറോപ്യൻ സർവകലാശാലകളിലെ ഘടനാപരമായ വികസന പ്രക്രിയയുടെ ഫലമാണ്. ഇന്നു. 'ഇന്റർഡിസിപ്ലിനറി' സമീപനം അനിവാര്യമാണെന്ന ബോധം പല കേന്ദ്രങ്ങളിലുമുണ്ട്. ശാസ്ത്രവിദ്യാർത്ഥികൾക്കു മാനവികവിഷയങ്ങളെക്കുറിച്ചുള്ള പരിജ്ഞാനം ആവശ്യമുള്ളതുപോലെ മാനവികവിഷയങ്ങൾ പഠിക്കുന്നവർക്ക് ശാസ്ത്രീയസമീപനവും ആവശ്യമാണ്. മികച്ച സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മാനവികവിഷയങ്ങൾ ഇപ്പോൾത്തന്നെ ഉയർന്ന നിലവാരത്തിൽ പഠിപ്പിക്കപ്പെടുന്നു. മാസച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലാണ് ഭാഷാശാസ്ത്രജ്ഞനായ നോം ചോംസ്കി പഠിപ്പിക്കുന്നത്. ഇംഗ്ലണ്ടിൽ പ്രസിദ്ധനോവലിസ്റ്റും ബുദ്ധിജീവിയുമായ സി.പി. സ്നോ "രണ്ടു സംസ്കാര" ങ്ങളെക്കുറിച്ച് ഉന്നയിച്ച വിവാദം ഇപ്പോഴും പ്രസക്തംതന്നെ.

9. വിവരസാങ്കേതികവിദ്യ അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു അതിന്റെ സാധ്യതകൾ പൂർണമായി ഉപയോഗിപ്പെടുത്തിക്കൊണ്ടുള്ളഅദ്ധ്യയന രീതികൾ നടപ്പിലാക്കേണ്ടിയിരിക്കുന്നു. വിദ്യാർത്ഥികളെ സ്വയം പഠനത്തിന് പ്രാപ്തരാക്കേണ്ട ചുമതലയാണ് അദ്ധ്യാപകർ ഏറ്റെടുക്കേണ്ടത്.

10. കേരളത്തിലെ വിദ്യാഭ്യാസരംഗത്തുള്ള പ്രതിസന്ധിക്കു പലകാരണങ്ങളുണ്ട് അതിൽ ഏറ്റവും പ്രധാനമായ ഒന്നിതാണ്: ദേശീയമായ പ്രതിബദ്ധതയും പുരോഗമനപരമായ കാഴ്ചപ്പാടും ഉള്ള പാർട്ടികളോ നേതൃത്വമോ കേരളവിദ്യാഭ്യാസരംഗം ശുദ്ധീകരിക്കാനും പരിഷ്കരിക്കാനും ആധുനികവല്ക്കരിക്കാനും വേണ്ടി ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. അതിന്റെ ഫലമായി നിക്ഷിപ്തതാല്പര്യങ്ങളും സാമൂഹികമായ സമുചിതത്വവും അഴിമതിയുടെ അതിപ്രസരവും വിദ്യാഭ്യാസമേഖലയിലെ പ്രതിസന്ധിയെ അനുദിനം രൂക്ഷമാക്കിക്കൊണ്ടിരിക്കുന്നു. വിദ്യാർത്ഥിപ്രസ്ഥാനങ്ങൾക്കും അദ്ധ്യാപകർക്കും പ്രതിബദ്ധതയുള്ള രാഷ്ട്രീയ നേതൃത്വങ്ങൾക്കു പോലും ഇതെല്ലാം നിസ്സഹായരായി നോക്കിനില്ക്കാൻ മാത്രമേ കഴിയുന്നുള്ളൂ. അവരുടെ കൂട്ടായ ഇടപെടൽകൊണ്ടു പ്രതിസന്ധിക്കു പരിഹാരം കാണാൻ കഴിയും.

## 2. ഡി.സി. കിഴക്കേമുറി

1. പ്രീഡിഗ്രി വേർപെടുത്തൽ ഉന്നതവിദ്യാഭ്യാസമേഖലയെ ഗുണപരമായി സ്വാധീനിക്കും. കാലം വൈകിപ്പോയെന്നാണു തോന്നുന്നത്. കോളേജന്തരീക്ഷം സ്വച്ഛമാകും. ഗൗരവമുള്ളതെന്തെങ്കിലും ഉണ്ടായാൽ നന്ന്.

2. പ്രാദേശിക ജീവിതവുമായി ഇവിടെ നടക്കുന്ന ഗവേഷണ പഠനങ്ങൾ എത്രകണ്ടു ബന്ധപ്പെടുന്നു എന്നതിനെപ്പറ്റി നിശ്ചയം പോരാ. പ്രാഥമിക വിദ്യാഭ്യാസംകഴിഞ്ഞു കോളേജിലെത്തിയാൽ പിന്നെ ഒരു എലീറ്റ് ക്ലാസ്സിന്റെ ഭാഗമായി എന്ന തോന്നലാണവർക്ക്. ഉടുപ്പും നടപ്പും എടുപ്പുമൊക്കെ വ്യത്യസ്തം. സമൂഹം, ചുറ്റുപാടുകൾ, സഹജീവികൾ എന്നൊക്കെ പറയുന്നത് അവരുടെ നിഘണ്ടുവിൽ നിന്ന് അപ്രത്യക്ഷമാകുന്നു.

ഇവിടെ കൃഷ്ണപുരം എന്ന സ്ഥലത്ത് നാഷണൽ ഹൈവേക്കടുത്ത് ഒരു കോക്കനട്ട് റിസർച്ച് സെന്റർ പ്രവർത്തിക്കുന്നുണ്ട്. അവർക്ക് എത്ര തെങ്ങു സംരക്ഷിക്കാൻ സാധിച്ചു. തെങ്ങുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയെടുക്കാവുന്ന എത്രയോവ്യവസായങ്ങളുണ്ട്. അത്തരമൊരു അന്വേഷണം ആസൂത്രിതമായ വിധത്തിൽ നടക്കാത്തതെന്തേ? കേരളം എന്ന പേരിന്റെ അർത്ഥസാക്ഷാത്കാരമല്ലേ ഇതിലൂടെ സാധിക്കുക.

3. നന്നാകാവുന്നതാണ്. പക്ഷേ നന്നാക്കേണ്ടിയിരിക്കുന്നുവെന്നു തോന്നുന്നു. സ്വകാര്യവല്ക്കരണം ആഗോളതലത്തിൽ ഇന്നൊരുവലിയ ആശയമായി വളർന്നിരിക്കുന്നു. കാര്യക്ഷമമായ നടത്തിപ്പ് എന്നതാണു പ്രശ്നം. ഇവിടെ ഉന്നതവിദ്യാഭ്യാസത്തിന്റെ കുത്തകമിക്കവാറും സ്വകാര്യ മാനേജ്മെന്റുകളുടെ നിയന്ത്രണത്തിലാണ്. അതാകട്ടെ മതാടിത്തറയിലുറച്ചതും. ഈ മേഖലയിൽ ലാഭേച്ഛമാത്രമായിരിക്കില്ല, അതിസങ്കുചിതവും നിഗൂഢവുമായ മതാധിപത്യചിന്തകളും കടന്നുകയറാനിടയുണ്ട്. ഉന്നതവിദ്യാഭ്യാസത്തിന്റെ മൗലികലക്ഷ്യങ്ങളും മൂല്യങ്ങളും അഴിമതിയിൽ മുങ്ങും. എതിർക്കാനോ തകർക്കാനോ ആവാത്ത അവസ്ഥ സംജാതമാവും; പ്രശ്നം ധൈവത്തിന്റെ പേരിലാവുമ്പോൾ.

4. താരതമ്യാധിഷ്ഠിതമായി ആഴത്തിൽ അഭിപ്രായം പറയാനുള്ള അറിവെനിക്കില്ല. ഭരണകൂടങ്ങളുടെ കാഴ്ചപ്പാടുകൾ വിദ്യാഭ്യാസ ലക്ഷ്യത്തെയും മാർഗ്ഗത്തെയും നിർണ്ണയിക്കും എന്നു ഞാൻ കരുതുന്നു. ഇന്ത്യയിൽ എല്ലാം കുഴഞ്ഞുമറിഞ്ഞിരിക്കുന്നു. പാശ്ചാത്യ സർവ്വകലാശാലകൾ ഉദാ- ഓക്സ്ഫോഡ്, കേംബ്രിഡ്ജ് എന്നൊക്കെ പറയുന്നവയുമായി താരതമ്യം ചെയ്യാവുന്ന ഏതെങ്കിലും ഒന്ന് നമുക്ക് ഇവിടെയുണ്ടോ? ബനാറസ് ഹിന്ദുയൂണിവേഴ്സിറ്റി വളരെ മെച്ചമായിരുന്നു എന്നു കേട്ടിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും മികച്ചതെന്നു പറയുന്ന, പറയാവുന്ന ഒരു സർവ്വകലാശാല (അങ്ങനെ വല്ലതുമുണ്ടെങ്കിൽ) പാശ്ചാത്യന്റെ യൂണിവേഴ്സിറ്റികളുടെ അടുത്തു നില്ക്കുന്നതായി ഇല്ല. പുതിയ അറിവുകളുടെ, ടെക്നോളജിയുടെ ഉല്പാദനം ഇവിടെ എത്രമാത്രം ഉണ്ടാവുന്നു.

5. വിദ്യാർത്ഥികൾ ചുറ്റുപാടുകളിൽ നടക്കുന്നത് അറിയുകയും പ്രതികരിക്കുകയും ചെയ്യുന്നതു നല്ലതുതന്നെ. ഇന്ന് ഭാരതീയന്റെ ഏറ്റവും പ്രധാനപ്പെട്ട ഇഷ്യൂസ് എന്തൊക്കെയാണ്? ആരാണതു നിശ്ചയിക്കുന്നത്? രാഷ്ട്രീയ പാർട്ടികൾ എന്നാണുത്തരം. അവർ എങ്ങനെ നിലനില്ക്കുന്നു? അധികാരഘടനയുമായി ബന്ധപ്പെട്ട്. അധികാരമോ? അഴിമതിയിൽ മുങ്ങിക്കുളിച്ച്, അധോലോകക്കാരാൽ നിയന്ത്രിക്കപ്പെട്ട്. ഈ ദൂഷിതവലയത്തിൽ വിദ്യാർത്ഥികളുടെ ഐഡന്റിറ്റി എന്താണ്? അതു നിർണ്ണയിക്കുന്നത് രാഷ്ട്രീയ നേതാക്കൾ. നിലനില്പിനുവേണ്ടിയുള്ള രാഷ്ട്രീയം; ഇന്നതൊരു തൊഴിലായിരിക്കുന്നു. വിട്ടുവീഴ്ചയും സഹാനുഭൂതിയും വിദ്യാർത്ഥികൾക്കുണ്ടോ? ഒരു പൊതുലക്ഷ്യത്തിനുവേണ്ടി പോരാടാൻ ഇന്നു വിദ്യാർത്ഥിയെ കിട്ടുമോ?

ഞാൻ ഗാന്ധിജിയെ ഓർക്കുകയാണ്. 1942-ആഗസ്റ്റ് 9-നു രാവിലെ ക്വിറ്റിന്ത്യാ സമരത്തിന്റെ ഭാഗമായി മഹാത്മജി അറസ്റ്റു ചെയ്യപ്പെടുന്നു. തുടർന്ന് സമരം അക്രമാസക്തമായി. പാലം തകർക്കുന്നു. കെട്ടിടങ്ങൾക്കു തീവയ്ക്കുന്നു. അദ്ദേഹത്തിനു ചിന്തിക്കാൻ കഴിയാത്തവിധം അധർമ്മം നടക്കുന്നു. ഗാന്ധിജി സമരം പെട്ടെന്നു നിർത്തി. ഇന്ന് ആ തരത്തിൽ ആദർശാത്മകതയുടെ മാത്രം ശക്തിയിൽ സമരം നിയന്ത്രിക്കാൻ കെല്പുള്ള മുതിർന്ന നേതാക്കളുണ്ടോ? ഇല്ല. സർവ്വകലാശാല വിദ്യാർത്ഥിരാഷ്ട്രീയം ഗുണപരമായ പ്രവർത്തനങ്ങൾ തന്നെയോ നടത്തുന്നത്. തത്ക്കാലകാര്യസാധ്യക്കാരായ രാഷ്ട്രീയക്കാരിൽനിന്ന് അവർ മാറിനില്ക്കണം. അങ്ങനെ സാധിക്കുമെങ്കിൽ നന്ന്. അക്കാഡമിക് ആയ ഒരു പ്രവർത്തനത്തിന് കേരളത്തിലെ ഏതെങ്കിലും ഒരു വിദ്യാർത്ഥി സംഘടന മുന്നിട്ടിറങ്ങുകയോ സംഘടിതമായ ശ്രമം നടത്തുകയോ ചെയ്തിട്ടുണ്ടോ. എനിക്കിങ്ങനെ ധാരാളം പറയാനുണ്ട്.

6. അറിഞ്ഞുകൂടാ? എന്തായാലും മാർക്കിന്റെ അടിസ്ഥാനത്തിൽ മാത്രം ഒരുവന്റെ കഴിവുകൾ വിലയിരുത്തപ്പെടുന്നതു ശരിയല്ല എന്നെനിക്കു ശക്തമായ അഭിപ്രായമുണ്ട്. ഉന്നത നിലയിൽ മാർക്കുവാങ്ങി പാസാകുന്ന ഏതെങ്കിലും ഒരു കർമ്മ മേഖലയിൽ എത്തിപ്പെടുന്നവരിൽ പലരും കഴിവുകെട്ടവരായി കാണപ്പെടുന്നു എന്നൊരു പ്രശ്നമുണ്ട്. മാർക്കുകുറവുള്ളവൻ സ്വപരിശ്രമത്താൽ ഉയർന്നുപോകുന്നതിന് എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടാനുമാവും. ഇന്ന് വിദ്യാർത്ഥികളുടെ ഓർമ്മശക്തിമാത്രം പരീക്ഷിക്കുന്ന സമ്പ്രദായമല്ലേ നിലനില്ക്കുന്നത്. ഈ രീതി മാറുന്നതുനന്നായിരിക്കും.

7. എവിടെയെങ്കിലും ഒന്നുറച്ചു നില്ക്കാൻ ശക്തിപകരുന്നതാവണം വിദ്യാഭ്യാസം. കെമിസ്ട്രിയിൽ ബിരുദമെടുക്കുന്നവർക്കു കിട്ടുന്ന നല്ല ജോലികളിലൊന്നാണ് സർക്കാർ ഗുമസ്തപ്പണി. ചരിത്രം പഠിച്ചവരും തൊട്ടടുത്തുതന്നെയുണ്ടാവും. നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ച് ആളുകളെ ഉല്പാദിപ്പിക്കാൻ ഇന്നു കഴിയുന്നില്ല. പ്രാഥമികവിദ്യാഭ്യാസത്തിനു ശേഷം സെക്കന്ററി തലത്തിൽ തന്നെ ഓരോരുത്തരുടെ അഭിരുചി തിട്ടപ്പെടുത്തി തൊഴിലധിഷ്ഠിതമായോ മറ്റോ പാതയിലേക്ക് വിദ്യാഭ്യാസം തിരിച്ചുവിടാൻ സാധിക്കണം.

ബിരുദതലത്തിൽ ഇപ്പോൾ പറഞ്ഞുവന്ന ധാര കുറേക്കൂടി ആഴത്തിൽ വേരോട്ടമുള്ളതാക്കിത്തീർക്കണം. ഇതൊക്കെ ഇന്നത്തെ ക്ലാസ്സുമുറികളിൽ സാധ്യമോ? കോളേജുകളിൽ കോഴ്സുകൾ മുഴുവൻ തൊഴിലധിഷ്ഠിതമാക്കുകയാണെന്നു പറയുന്നു. ഇതിൽ എന്തൊക്കെയോ അശാസ്ത്രീയതകളുണ്ട്. തൊഴിൽ മാത്രമാകരുതുലക്ഷ്യം. വിദ്യാഭ്യാസം ലഭിക്കുന്നവന് ജീവിക്കാനാവശ്യമായ ഒരു ജോലിയുണ്ടാവണം എന്നതു മറ്റൊരു കാര്യം. വിജ്ഞാനോല്പാദനവും വിതരണവും നടക്കണം. അതായിരിക്കണം Higher Education ന്റെ First preference.

8. മാർക്ക് കുറഞ്ഞവൻ ആർട്സ് വിഷയങ്ങൾ പഠിക്കാൻ പോകുന്നു എന്ന സ്ഥിതി മാറണം. ഏതു രാജ്യത്തും ഏതു കാലത്തും മാനവിക വിഷയങ്ങളുടെ പഠനം ഒഴിച്ചുകൂടാനാവാത്തതാണ്. മനുഷ്യർ പൂർണ്ണമായും യന്ത്രങ്ങളാവുകയും യന്ത്രങ്ങൾ യന്ത്രങ്ങളെ ഉല്പാദിപ്പിക്കുകയും ചെയ്യുന്നതുവരെ അങ്ങനെ ഒരു കാലമുണ്ടാകുമെങ്കിൽ അതുവരെ സാഹിത്യവും കലയും പഠിക്കണം പഠിപ്പിക്കണം. ചരിത്രം അതാണു കാട്ടിത്തന്നിട്ടുള്ളത്.

പക്ഷേ ഇവിടെ കലാസാഹിത്യാദികൾ എത്രകാലം നിലനില്ക്കും. ഡ്രോയിംഗ്, ഡ്രിൽ, ക്രാഫ്ട്, മ്യൂസിക് എന്നൊക്കെ പറഞ്ഞ പീര്യഡുകളുണ്ടായിരുന്നു പണ്ട്. ഇപ്പോൾ സ്കൂളിൽ നിന്ന് അവയൊക്കെ അപ്രത്യക്ഷമായില്ലേ

ഇതാ ഇവിടെ കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരകത്തിൽ ഞങ്ങൾ ഒരു സംഗീത കോഴ്സ് നടത്തിയിരുന്നു. ആർട്സ് സ്കൂൾ പ്രിൻസിപ്പലായിരുന്ന അശോകനെ അറിയില്ലേ. മിടുക്കൻ. പക്ഷേ ജോലി വിട്ടു, മറ്റു മേഖലകളിലേക്കു ചേക്കേറി. പിടിച്ചുനില്ക്കാൻ സാധിക്കുന്നില്ല. കല ഇന്ന് അങ്ങേയറ്റം കച്ചവടവല്ക്കരിക്കപ്പെട്ടിരിക്കുന്നു. പണ്ട് Literary period ഉണ്ടായിരുന്നു. ഇന്നങ്ങനെ വല്ലതുമുണ്ടോ. നിങ്ങളുടെ കോളേജിലെ കാര്യം പറയണോ. മലയാളം പഠിക്കാൻ കുട്ടികൾക്ക് താല്പര്യമുണ്ടോ. നിങ്ങളെപ്പോലെയുള്ള മലയാളം അധ്യാപകരെ മറ്റുള്ളവരുമായി തുല്യനിലയിലാണോ കുട്ടികൾ കാണുന്നത്. 'മലയാളംസാറ്' എന്നു പറയും ഇല്ലേ? ഊരും പേരും ഇല്ലാത്തവൻ എന്നർത്ഥം. സയൻസ് അധ്യാപകരെ എങ്ങനെവിളിക്കും. അവരുടെ പേരുകൂട്ടി ബഹുമാനത്തോടെ പറയും.

ഇന്നത്തെനിലയിൽ നിങ്ങൾ പറയുന്ന മാനവികവിഷയങ്ങൾ പഠിപ്പിക്കുക എന്ന ഏർപ്പാടിനു വലിയ പ്രസക്തിയൊന്നും ഞാൻ കാണുന്നില്ല. ആളെകൂട്ടി തലയെണ്ണി നമ്പർതികച്ച് മുമ്പോട്ടുകൊണ്ടുപോകാവുന്നതല്ല ഈ വിദ്യാഭ്യാസം.

9. അധ്യയന രീതിയിൽ മാറ്റം വരണം. കുട്ടിയിലെ ക്രിയാത്മകത ഉണർത്താൻ അധ്യാപകൻ ശ്രമിക്കണം. അതിനായൊരു മാഷിന് എന്തുചെയ്യാൻ പറ്റും. ഇപ്പോഴത്തെ സ്ഥിതിയെന്താണ്. അധ്യാപകൻ എന്തു ചെയ്യുന്നു. അറിവിന്റെ പുതിയ മേഖലകൾ അനുനിമിഷം തുറക്കപ്പെടുന്ന ഒരു ലോകത്താണ് നാം ജീവിക്കുന്നത്. പരീക്ഷയ്ക്കുവേണ്ടിയല്ലാതെ ഇത്തരം കാര്യങ്ങൾ കുട്ടികൾക്കു പറഞ്ഞുകൊടുക്കാനും കാലികമായി ചിന്തിക്കാനും എത്രപേർക്കു കഴിയുന്നു. അതിനു വായന അനിവാര്യമാണ്. ഞാൻ എപ്പോഴും പറയുന്ന ഒരു കാര്യം അധ്യാപകർ വായനയുടെ കാര്യത്തിൽ വളരെ പുറകിലാണ്. എന്തെങ്കിലുമൊരിക്കൽ പഠിച്ചു പരീക്ഷ പാസായി

പൂരത്തിറങ്ങിക്കഴിഞ്ഞാൽ പത്തോ മുപ്പതോ കൊല്ലം അതുതന്നെ ഉരുവിട്ടുകാലം കഴിക്കുക. അതിനപ്പുറം ഒന്നുമില്ല.

അടുത്തകാലത്താണ് ദില്ലി ജെ.എൻ.യു. വിലെ ലൈബ്രറി ഉപയോഗം സംബന്ധിച്ച ഒരു കണക്കുഞാൻ കേട്ടത്. 96.5% അദ്ധ്യാപകർ പുസ്തകമെടുക്കുന്നില്ല. ഇന്ത്യയിലെ ഏറ്റവും വലിയ പണ്ഡിതന്മാരും ബുദ്ധിജീവികളുമുണ്ട് എന്നു പറയപ്പെടുന്ന ഒരു സ്ഥലത്തെ സ്ഥിതി വിശേഷമിതാണ്. ബാക്കിയുള്ളിടത്തെതിനെപ്പറ്റി എന്തുപറയാനാണ്.

ഇവിടെ ഞങ്ങളുടെ കാര്യം നോക്കുക. സ്ഥിരമായി പുസ്തകം വാങ്ങി വായിക്കുന്നവർ (ബുക്ക്ക്ലബ്ബ് അംഗങ്ങളുടെ കണക്കുവേണമെങ്കിൽ തരാം). ആയിരക്കണക്കിനുണ്ട്. അതിൽ അധ്യാപകന്റെ ശതമാനം എത്രയുണ്ടെന്നറിയാമോ. വേണ്ട നമുക്കതൊഴിവാക്കാം.

ചുരുക്കമിതാണ് കാലത്തോടൊപ്പം ചിന്തിക്കുകയും പ്രതികരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന തരത്തിൽ അധ്യയന അധ്യാപനരീതികളിൽ മാറ്റം വരുത്തണം. അതെങ്ങനെ എന്നു നിങ്ങൾ തീരുമാനിക്കുക.

ജീവിതത്തിന്റെ സമസ്തമേഖലകളും പ്രതിസന്ധിനേരിട്ടുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസത്തിനു മാത്രമായി പ്രത്യേകിച്ചെന്താണു കുഴപ്പം? പക്ഷേ നിങ്ങൾ ജോലിചെയ്യുന്ന കോളേജുകളും അവിടെയുള്ള രീതികളുമൊക്കെ കാലഹരണപ്പെടുന്നു എന്ന തോന്നലിൽ നിന്നാണോ ഈ ചോദ്യം.

ഇന്ന് നല്ല മാർക്കുള്ള കുട്ടികൾ കോളേജുകളിൽ നിന്നകലുന്നു എന്നതു ശരിയാണ്. മെഡിസിൻ, എൻജിനീയറിംഗ് ഇല്ലെങ്കിൽ എം.ബി.എ; എം.സി.എ അങ്ങനെ വല്ലതും പഠിക്കാനുള്ള തത്രപ്പാടുകാണാം. മിടുക്കന്മാരായ വിദ്യാർത്ഥികൾ റഗുലർ കോളേജുകളുടെ ഉള്ളിൽ കുറവായി വരുന്നില്ലേ? രണ്ടാംകിടക്കാരും മൂന്നാംതരക്കാരും വർദ്ധിച്ചുവരുന്നുണ്ടാവും. ഉന്നതവിദ്യാഭ്യാസം നന്നാക്കനല്ലേ യു.ജി.സി. നിങ്ങൾക്കുഭാരിച്ച ശമ്പളം തരുന്നത്. Qualitative Improvement ഏതു നിലത്താണു നടത്തുക. നിലം വരണ്ടുണങ്ങുകയല്ലേ? മലയാളം മീഡിയം സ്കൂളുകളുടെയും തുടർന്ന് സർക്കാർ സ്കൂളുകളുടെയും ഗതിയുണ്ടാവുക എന്ന തരത്തിലൊരു കുഴപ്പത്തിന്റെ ലക്ഷണങ്ങൾ ഇന്ന് കോളേജുകളിൽ കണ്ടുതുടങ്ങുന്നു എന്നതു ശരിയാണ്. അത്തരമൊരു പ്രതിസന്ധി ഞാനും സമ്മതിക്കുന്നു.

*തയ്യാറാക്കിയത്: മാത്യു ജെ മുട്ടത്ത്, കെ.ഇ. കോളേജ്, മാന്നാനം*

## 3 കെ.ഏ. ജലീൽ

1. പ്രീഡിഗ്രി കോളേജിൽ നിന്നും മാറ്റി സ്കൂളിൽ നടത്തുന്നത് ശരിയായ നടപടിയാണ്. കോളേജുതലത്തിലെ വിദ്യാഭ്യാസം പുനഃസംവിധാനം ചെയ്യാനും നിലവാരം ഉയർത്താനും അത് സഹായിക്കും. വേണ്ടതു വേണ്ടപോലെ ചെയ്താൽ പ്ലസ് ടൂ തലവും മെച്ചപ്പെടും. വേണ്ടത്ര സജ്ജീകരണങ്ങളില്ലാതെയും അധ്യാപകന്മാരില്ലാതെയും ഹയർസെക്കന്ററി വിദ്യാഭ്യാസം വഴിപാടായി നടത്തിയാൽ അത് ആപൽക്കരമായിരിക്കും.

2. സർവ്വകലാശാലതലത്തിലുള്ള ഗവേഷണത്തെക്കുറിച്ചു മൊത്തത്തിൽ അഭിപ്രായം പറയുന്നത് ശരിയായിരിക്കുകയില്ല. കാർഷികസർവ്വകലാശാലകൾ, സാങ്കേതിക വിദ്യാലയങ്ങൾ തുടങ്ങിയവയിൽ നടക്കുന്ന ഗവേഷണങ്ങൾ സാമൂഹ്യപുരോഗതിക്ക് വളരെ സഹായകരമാണ്. എന്നാൽ പി.എച്ച്.ഡി. ബിരുദം നൽകാൻ മാത്രമായി സർവ്വകലാശാലകളിൽ നടക്കുന്ന ഒട്ടുമിക്ക ഗവേഷണ പ്രവർത്തനങ്ങളും പ്രയോജനപ്പെടുന്നവയല്ല. വളരെ കൃത്രിമമായ അന്വേഷണപ്രക്രിയയാണു ഈ രംഗത്ത് നടക്കുന്നത്. ഈ രംഗത്ത് പ്രസക്തിയും നിലവാരവും വളരെയധികം മെച്ചപ്പെടേണ്ടതായിട്ടുണ്ട്.

3. സ്വകാര്യപങ്കാളിത്തം ഏത് തരത്തിലുള്ളതാണ് എന്നതാണു കാതലായ പ്രശ്നം. ഒരു ഭാഗത്ത് ഉദാത്തമായ ലക്ഷ്യങ്ങളോടെയുള്ള പ്രവർത്തനവും മറുഭാഗത്ത് നാണമില്ലാത്ത വാണിജ്യവൽക്കരണവും കാണാം. വാണിജ്യവൽക്കരണം പൂർണ്ണമായും ഒഴിവാക്കണം. അതിനാവശ്യമായ നിയമ നിർമ്മാണം നടത്തണം. നിയമത്തെക്കാൾ പ്രധാനം നിയമം നടപ്പിലാക്കുന്നതാണ്. നിയമം നടപ്പാക്കേണ്ടവർ അത് ചെയ്യാൻ തയ്യാറല്ല എന്നതാണു സത്യം. വേലിതന്നെ വിളതിന്നുന്നതാണ് നാം ഈ നാട്ടിൽ കാണുന്നത്. സാമൂഹ്യസേവനവും ത്യാഗവും വിദ്യാഭ്യാസപുരോഗതിയും ലാഭക്കൊതിക്കും സ്ഥാനമാനങ്ങൾക്കും വഴിമാറിക്കൊടുക്കുകയാണ്.

4. ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളെ അപേക്ഷിച്ചുകേരളത്തിൽ പ്രാഥമിക വിദ്യാഭ്യാസവും സെക്കന്ററി വിദ്യാഭ്യാസവും കൂടുതൽ വ്യാപകമായിട്ടുണ്ട്. എന്നാൽ ഈ രംഗത്ത് മെച്ചപ്പെട്ട നിലവാരം പുലർത്തുന്നതായി കരുതാൻ ന്യായമില്ല. ഉന്നതവിദ്യാഭ്യാസരംഗത്ത് കേരളം വളരെ പിന്നിലാണ്, വിശേഷിച്ചും പ്രൊഫഷണൽ സാങ്കേതിക മേഖലയിൽ. പൊതുവിദ്യാഭ്യാസത്തിൽതന്നെ മാറ്റങ്ങൾ ഉൾക്കൊള്ളാൻ കേരളത്തിന്നു കഴിയുന്നില്ല. അവിടെ ഉദ്യോഗസ്ഥമേധാവിത്വമാണു അടച്ചുവാഴുന്നത്. സർവ്വകലാശാലകളും മാറ്റത്തിന്നും പുതിയ മാനങ്ങൾ തേടുന്നതിന്നും ഉതകുന്ന രീതിയിലല്ല സംഘടിപ്പിച്ചിട്ടുള്ളത്. നമ്മുടെ സെനറ്റും അക്കാദമിക് കൗൺസിലും സിൻഡിക്കേറ്റും പുതിയ കാലഘട്ടത്തിന്നു യോജിച്ച രീതിയിലുള്ളവയല്ല. വർഷങ്ങളോളം സെനറ്റില്ലെങ്കിലും പ്രവർത്തനം നടക്കുന്നു. അത്തന്നെ അതിന്റെ പ്രസക്തിയില്ലായ്മയ്ക്കു തെളിവാണു. ഉണ്ടായാൽ തന്നെ കാര്യമായ ചർച്ചകളൊന്നും നടക്കുന്നില്ല. ഇതൊക്കെ മാറേണ്ടിയിരിക്കുന്നു. അഫിലിയേറ്റിംഗ് സമ്പ്രദായവും നമ്മുടെ രാജ്യത്തെ പ്രത്യേകതയാണു. അത് തികഞ്ഞ പരാജയമാണു. കോളേജുകൾ വെറും കോച്ചിംഗ് സ്ഥാപനങ്ങളാണു. യാഥാർത്ഥ്യം കോച്ചിംഗും നടക്കുന്നില്ല എന്നതാണു. ഇങ്ങിനെയൊരവസ്ഥ പുറം രാജ്യങ്ങളിലെവിടെയെങ്കിലും ഉണ്ടെന്നു തോന്നുന്നില്ല.

5. രാഷ്ട്രീയപാർട്ടികളുടെ കീഴ്ഘടങ്ങളായി വിദ്യാർത്ഥികൾ കോളേജുകളിൽ സംഘടനാപ്രവർത്തനം നടത്തുന്നത് അങ്ങേയറ്റം ഹാനികരമാണ്. വോട്ടവകാശമുള്ളതുകൊണ്ടു ഇതൊക്കെ ആവശ്യമാണെന്ന വാദം പൊള്ളയാണു. വോട്ടവകാശമുള്ള യു.കെ.യിലും, യു.എസ്സിലും, ഫ്രാൻസിലും ജർമ്മനിയിലും ജപ്പാനിലും ഇങ്ങനെയൊന്നും ആരും കരുതുന്നില്ല, പ്രവർത്തിക്കുന്നുമില്ല. നിർഭാഗ്യവശാൽ കേരളത്തിൽ, ഇത് രൂഢമൂലമായിരിക്കയാണു. പ്രധാനപ്പെട്ട രാഷ്ട്രീയപാർട്ടികൾ അവരുടെ നിലപാടുമാറ്റിയാൽ മാത്രമേ ഇതിനു പരിഹാരം കാണാൻ കഴിയുകയുള്ളൂ. വിദ്യാർത്ഥികളിൽ രാഷ്ട്രീയപ്രബുദ്ധതവേണമെന്നത് വേറെ കാര്യമാണു. വേണ്ടിവന്നാൽ വിദ്യാർത്ഥികൾ ദേശീയ പ്രശ്നങ്ങളിൽ ഇടപെടുകയും വേണം. പക്ഷേ ഒരു പാർട്ടിയുടെ പിണിയാളുകളായിട്ടല്ല അത്.

6. നിലവിലുള്ള പരീക്ഷാസമ്പ്രദായം ഓർമ്മശക്തിയെ മാത്രമേ അളക്കുന്നുള്ളൂ. അത് മോശമായ കാര്യമല്ല. പക്ഷേ അപൂർണ്ണമാണു.

അധ്യാപകൻതന്നെ പാഠ്യപദ്ധതി ആവിഷ്കരിക്കുകയും, വിദ്യാർത്ഥിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്യലാണു ഉത്തമമായ മാർഗ്ഗം. പക്ഷേ ഇന്നത്തെ വ്യവസ്ഥിതിയിൽ അത് പ്രായോഗികമാക്കാൻ പ്രയാസമാണു. പൂർണ്ണമായിട്ടല്ലെങ്കിലും ഭാഗികമായിട്ടെങ്കിലും ഇന്റേണൽ അസെസ്സ്മെന്റ് ഏർപ്പെടുത്തുകയാണു ഒരു മാർഗ്ഗം. തുടക്കത്തിൽ 25% വും ക്രമേണ 50% മായും അത് പരീക്ഷിക്കാവുന്നതാണ്. ഇതിൽ അപാകതകളും അനീതിയും വന്നു ചേരാതിരിക്കാൻ വേണ്ട മുൻകരുതലുകൾ ഏർപ്പെടുത്തണം. നടപടികൾ സുതാര്യമാവുകയും വേണം. ഇതിനൊക്കെ ആവശ്യമായ നിർദ്ദേശങ്ങൾ സുവിദിതമാണു.

7. ഉന്നത വിദ്യാഭ്യാസം തൊഴിലിന്നു പ്രാധാന്യം കല്പിക്കണം. അതിന്റെ നല്ലൊരു വിഭാഗം ഇപ്പോൾത്തന്നെ പ്രൊഫഷണൽ മേഖലയ്ക്കുവേണ്ടിയുള്ളതാണു – നിയമം, വൈദ്യം, എൻജിനീയറിംഗ്, മാനേജുമെന്റ് എന്നിങ്ങനെ ശാസ്ത്രാഭ്യാസനം ക്ലാസിക്കൽരീതിയിൽ നിന്നുമാറ്റി പ്രശ്നാധിഷ്ഠിതവും പ്രവർത്തിയുന്മുഖവുമായി മാറ്റിയെടുക്കണം. മാനവികവിഷയങ്ങൾക്കും അങ്ങിനെയൊരു പുതിയ മാനം കണ്ടെത്താവുന്നതാണു. ജീവിതവുമായി ബന്ധപ്പെടുത്തിയല്ലാതെയുള്ള ഒരുവിദ്യാഭ്യാസരീതിയും നിലനിൽക്കുന്നതല്ല. അധ്യാപനവും ഗവേഷണവും തൊഴിൽതന്നെയാണല്ലോ. എല്ലാപാഠ്യപദ്ധതിയും അവസാനം തൊഴിലിൽ എത്തിപ്പെടണം.

8. മാനവികവിഷയങ്ങൾക്ക് പ്രസക്തി നഷ്ടപ്പെട്ടു എന്ന ധാരണ ശരിയല്ല. എന്നാൽ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും മാനവികവിഷയങ്ങൾ പഠിക്കാൻ ഒരുങ്ങുന്നത് ശരിയല്ല. വാസ്തവത്തിൽ ഒരുങ്ങുന്നതല്ല, വേറെ മാർഗ്ഗമില്ലാത്തതുകൊണ്ട് അവിടെ എത്തിപ്പെടുന്നതാണു.

9. അധ്യയനരീതികൾ മാറ്റമില്ലാതെ തുടരാൻ കഴിയുകയില്ല. പ്രഭാഷണം മുഖ്യ ഇനമായി ഇനിയുള്ള കാലം നിലനിറുത്താൻ കഴിയുകയില്ല. അത്തെറ്റുമാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ കടന്നുകയറ്റത്തോടെ പഴയരീതികൾ കാലഹരണപ്പെടുകയാണു. പുതിയ സാങ്കേതിക ഉപകരണങ്ങളും മറ്റും വ്യാപകമായി വിനിയോഗിക്കുകയാണ് വേണ്ടത്. അത് എങ്ങനെയെന്നുള്ളതാണ് ഇന്നു നാം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനമായ വിദ്യാഭ്യാസ പ്രശ്നം. പഴയതിൽനിന്നും പുതിയതിലേക്കു എങ്ങിനെയാണു പരിവർത്തനം ചെയ്യേണ്ടത് എന്ന് ചിന്തിക്കുകയാണാവശ്യം.

10. ഉന്നതവിദ്യാഭ്യാസം ലോകത്തെമ്പാടും പ്രതിസന്ധിനേരിടുന്നുണ്ട്. ഏറ്റവും പ്രധാനമായതു സാമ്പത്തികംതന്നെ. ആവശ്യം വർദ്ധിക്കുകയും സാമ്പത്തികനിക്ഷേപം കുറയുകയുമാണു ചെയ്യുന്നത്. ഇന്ത്യയിൽ സാമ്പത്തികപ്രതിസന്ധി രൂക്ഷമായി വരികയാണു. കേന്ദ്ര സർക്കാർ ഒരുഭാഗത്ത് വിദ്യാഭ്യാസത്തിന്നു മൊത്തത്തിൽ കൂടുതൽ തുക വകയിരുത്തുമെന്നു പ്രസ്താവിക്കാറുണ്ടെങ്കിലും അത് കാര്യമായി വർദ്ധിപ്പിച്ചിട്ടില്ല. ഉന്നത വിദ്യാഭ്യാസത്തിന്നു തുക വെട്ടിക്കുറക്കുകയുമാണു ചെയ്യുന്നത്. 1992-ൽ തുടങ്ങിയ ഈ പ്രതിസന്ധി തുടരുകയാണു. സർവ്വകലാശാലകൾ കൂടുതൽ തുക ഫീസായി ഈടാക്കണമെന്നതാണു ഒരു പരിഹാരമാർഗ്ഗം. ഇത് സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. സ്വകാര്യമേഖലയ്ക്ക് തലവരി പിരിക്കാനും ഒരു നിയന്ത്രണവുമില്ലാതെ ഫീസു വർദ്ധിപ്പിക്കുവാനും അവസരം നൽകുകയും ചെയ്തു. സുപ്രീംകോടതി ഇടപെട്ടെങ്കിൽപോലും ഫലത്തിൽ വിദ്യാഭ്യാസം കൊള്ളയടിയുടെ മേഖലയായി മാറിയിരിക്കുകയാണു. രണ്ടാമത്തെ പ്രതിസന്ധി പ്രസക്തിയുടേതാണു. അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ ഭാവിക്കുപറ്റിയ പാഠ്യപദ്ധതി തയ്യാറാക്കുക ദുഷ്കരമാണു. ഈ പ്രശ്നം സാർവ്വത്രികമാണെങ്കിൽ ഇന്ത്യയിൽ അതിരൂക്ഷമാണു. ഇവിടെ മാറ്റം വളരെ പതുക്കെയാണു. എപ്പോഴും പടിഞ്ഞാറിനു പത്ത്കാതം പിന്നിലാണു. മൂന്നാമത്തെ പ്രതിസന്ധി സാർവ്വത്രിക ആവശ്യമായിട്ടുള്ള പുനർവിദ്യാഭ്യാസത്തിന്റെയും തുടർവിദ്യാഭ്യാസത്തിന്റെയും അഭാവമാണു. എല്ലാ വിജ്ഞാനശാഖകളിലും പ്രൊഫഷണലുകളിലും മാറ്റത്തിന്റെ കൊടുങ്കാറ്റുവീശിക്കൊണ്ടിരിക്കയാണു. അതിനുതകുന്നതായ തുടർവിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്താൻ നമുക്കു കഴിയുന്നില്ല. നാലാമത്തെ പ്രതിസന്ധി നാം ശീലിച്ചുപോന്ന അധ്യയന രീതികൾ കൈവെടിഞ്ഞ് കാലികപ്രസക്തിയുള്ള രീതികൾ അവലംബിക്കാനുള്ള വ്യവസ്ഥിതിയുടെയും വ്യക്തികളുടെയും കഴിവുകേടാണു. വിവരസാങ്കേതികവിദ്യ (Information Technology) യുടെ കുതിച്ചുചാട്ടം എങ്ങിനെ വിനിയോഗിക്കണമെന്നു നാം ഗൗരവമായി ചിന്തിച്ചിട്ടില്ല.

## 4 എം.പി. പരമേശ്വരൻ

1. *പ്രീഡിഗ്രി*

"പ്രീഡിഗ്രി"യെ കോളേജിൽനിന്ന് വേർപെടുത്തുക എന്ന നിലയ്ക്കല്ല കാണേണ്ടത്. പ്രീഡിഗ്രി എന്ന ധാരണയിൽതന്നെ മാറ്റം വരുത്തിയിരിക്കുകയാണ്. സാമാന്യവിദ്യാഭ്യാസത്തിന്റെ പൂർത്തീകരണ ഘട്ടമായാണ് ഇപ്പോൾ അതിനെ കാണുന്നത്. അത് ശരിയാണുതാനും. പ്രി പ്രൈമറി മുതൽ ഹയർസെക്കണ്ടറി വരെയുള്ള 14 വർഷത്തെ ഔപചാരിക വിദ്യാഭ്യാസം മുഴുവൻ ഒരു നിലയ്ക്ക് ജീവിതത്തിനുള്ള തയ്യാറെടുപ്പും മറ്റൊരുനിലയ്ക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള തയ്യാറെടുപ്പും രണ്ടും ആണ്. അവസാന രണ്ടുകൊല്ലത്തെ "പ്രീഡിഗ്രി" എന്നു പറയുന്നത് അശാസ്ത്രീയമാണ്. -2 മുതൽ +2 വരെയുള്ള വിദ്യാഭ്യാസത്തിന് ഒരു സമ്പൂർണ്ണ സമഗ്രത ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞാൽ ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരം ഉയരും; അതിന് ഒരു അർത്ഥമുണ്ടായിവരും.

2. *ഗവേഷണം*

സർവകലാശാലാ ഗവേഷണങ്ങൾ ഇന്ന് സമൂഹത്തിന്റെ പുരോഗതിയ്ക്ക് കഴിയുന്നതും കഴിയേണ്ടതുമായ രീതിയിൽ ഉപയോഗിക്കാൻ പറ്റുന്നില്ല. ഇതിന് രണ്ടുകാരണങ്ങളുണ്ട്. ഒന്നാമതായി നമ്മുടെ സർവകലാശാലകളിൽ നടക്കുന്ന ഗവേഷണങ്ങളിൽ നല്ലൊരുപങ്കിനും സമൂഹത്തിന്റെ ആവശ്യവുമായി ഒരു പൊരുത്തവുമില്ല. ഉപയോഗമുള്ള ഗവേഷണഫലങ്ങൾ ജനങ്ങളിൽ എത്തുന്നുമില്ല. കാരണം അതിനൊരു സംവിധാനവുമില്ല. ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നവരും നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളും സാധാരണജനങ്ങളും ഒക്കെ വെവ്വേറെ തട്ടുകളിലാണ് നിലകൊള്ളുന്നത്. ഇന്ന് അവർക്കെല്ലാവർക്കും ഒന്നിക്കാനുള്ള വേദിയുണ്ട്. ജനകീയാസൂത്രണം. ആ വേദി ബോധപൂർവ്വം ഉപയോഗിച്ചാൽ ഗവേഷണം കൂടുതൽ അർത്ഥവത്തായിത്തീരും.

3. *സ്വകാര്യപങ്കാളിത്തം*

താത്വികമായി സ്വകാര്യപങ്കാളിത്തം ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെയും മൂല്യത്തെയും പ്രതികൂലമായി ബാധിക്കേണ്ടതില്ല. എന്നാൽ കേരളത്തിൽ സ്വകാര്യപങ്കാളിത്തമെന്നു പറയുന്നത് തനിക്കൊള്ളയാണ്. തല്ലുകൊള്ളാൻ ചെണ്ട, പണം മേടിക്കാൻ മാരാര് എന്നാണ് ഇവിടത്തെ അവസ്ഥ. അധ്യാപകരുടെ ശമ്പളവും പെൻഷനും നൽകുന്നത് സർക്കാർ, അവരെ നിയമിക്കുമ്പോൾ ലക്ഷങ്ങൾ

ഫൈക്കൂലി വാങ്ങുന്നത് മാനേജ്മെന്റ് എന്ന സ്ഥിതി നിലനിൽക്കുമ്പോൾ, വിദ്യാഭ്യാസവുമായോ, സമൂഹത്തിന്റെ ആവശ്യങ്ങളായോ ബന്ധപ്പെടുത്തിയല്ല കോഴ്സുകളും കോളേജുകളും അനുവദിക്കുന്നത്. ഇത് ദോഷമേ ചെയ്യു. പൂർണ്ണമായും സ്വതന്ത്രമായ, ഗവണ്മെന്റിൽ നിന്ന് ഒരു സഹായധനവും സ്വീകരിക്കാത്ത സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങളുടെയത്ര ദോഷം ചെയ്യുന്നരല്ല. കേരളത്തിൽ ആദ്യമായി ഇല്ലാതാക്കേണ്ടത് ഗവണ്മെന്റ് കോളേജുകളും, ഗ്രാന്റ് ഇൻ എയ്ഡ് മാനേജുമെന്റ് സ്ഥാപനങ്ങളും തമ്മിലുള്ള വ്യത്യാസമാണ്. രണ്ടാമത് പറഞ്ഞവ പൂർണ്ണമായും ഗവണ്മെന്റു സ്ഥാപനങ്ങളായി തീരണം. അല്ലെങ്കിൽ അവ ഒരുതരത്തിലുള്ള ധനസഹായത്തിനും അർഹരാകരുത്. സെൽഫ് ഫൈനാൻസിങ്ങ് സ്ഥാപനങ്ങളായി മാറട്ടെ. അതിൽ അപകടമൊന്നുമില്ല.

4. *താരതമ്യം*

കേരളത്തിലെയും ഇതരസംസ്ഥാനങ്ങളിലെയും ഇതര രാജ്യങ്ങളിലെയും ഉന്നതവിദ്യാഭ്യാസരംഗത്തെ താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന് അഭിമാനിക്കാൻ ഒന്നുമില്ല. ശരാശരി നിലവാരം മറ്റു സംസ്ഥാനങ്ങളിലേതിനേക്കാൾ ഏറെ മോശമല്ലെങ്കിലും സാർവ്വദേശീയ നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളോ ഡിപ്പാർട്ടുമെന്റുകളോ കേരളത്തിൽ ഇല്ല. വികസിതരാജ്യങ്ങളെന്നല്ല പല വികസ്വരരാജ്യങ്ങൾ പോലും ഉന്നതവിദ്യാഭ്യാസരംഗത്തിൽ കേരളത്തേക്കാൾ ഉയർന്ന നിലവാരം പുലർത്തുന്നു. ഏതെങ്കിലും ഒരു പ്രത്യേക വിഷയത്തിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേതിനേക്കാൾ ഉയർന്ന നിലവാരം പുലർത്തുന്ന ഒരു സ്ഥാപനം കേരളത്തിലുണ്ട്, അതിൽ താല്പര്യമുള്ളവർ കേരളത്തിലേക്കു വരുന്നു – ഇങ്ങനെയൊരവസ്ഥ ഇപ്പോൾ സ്വപ്നം കാണാൻ പോലും പറ്റുന്നില്ല. അക്കാദമിക മേന്മയെന്നത് കേരളത്തിലെ ഉപരിവിദ്യാഭ്യാസത്തിന്റെ അജണ്ടയിലില്ലെന്നു തോന്നുന്നു.

5. *രാഷ്ട്രീയം*

രാഷ്ട്രീയാടിസ്ഥാനത്തിലുള്ള സംഘടനാ പ്രവർത്തനം അധ്യയന രംഗത്തെ ഇന്ന് ദോഷകരമായിത്തന്നെയാണ് ബാധിക്കുന്നത് – എന്നാൽ സാധാരണ വ്യവഹരിക്കുന്ന അർത്ഥത്തിലല്ല. വിദ്യാർത്ഥികൾക്ക് രാഷ്ട്രീയബോധം ഉണ്ടാകും. അതിൽ തെറ്റൊന്നുമില്ല. ശരിയുണ്ടുതാനും. എന്നാൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ രീതി കർഷകത്തൊഴിലാളികളുടേതിൽ നിന്നും വ്യവസായത്തൊഴിലാളികളുടേതിൽ നിന്നും വ്യത്യസ്തമായിരിക്കണം. അധ്യാപകരോ സർവ്വകലാശാലയോ വിദ്യാർഥികളുടെ വർഗശത്രുക്കളല്ല. ഒന്നും പഠിക്കാതിരിക്കുക എന്നതാണ് എല്ലാവിദ്യാർത്ഥിസംഘടനകളും നൽകുന്ന സന്ദേശം. പഠനനിഷേധത്തെ രാഷ്ട്രീയത്തിന്റെ മുഖമുദ്രയാക്കിയാൽ അത് അധ്യയന രംഗത്തെ പ്രതികൂലമായി ബാധിക്കുമല്ലോ.

6. *പരീക്ഷാസമ്പ്രദായം*

നിലവിലുള്ള പരീക്ഷാസമ്പ്രദായം സാമൂഹ്യഅരിപ്പമാത്രമാണ്. ചില തരത്തിലുള്ള കഴിവുകളിൽമാത്രം ഊന്നൽ നൽകിമറ്റുള്ളവരെ തോല്പിക്കുന്നു! വൈജ്ഞാനിക തലത്തെ മാത്രമേ അത് പരിശോധിക്കുന്നുള്ളു; അതും ഓർമശക്തിയെ മാത്രം. കരവിരുതുതലത്തെയോ, ലോകവീക്ഷണത്തെയോ സമൂഹവീക്ഷണത്തെയോ അത് പരിശോധിക്കുന്നില്ല. സമൂഹത്തിന് ആവശ്യമുള്ള പലകഴിവുകളും പരിശോധിക്കപ്പെടുന്നേയില്ല. അതു കൊണ്ടുതന്നെ അവ വളർത്തുവാൻ അധ്യാപകരും ശ്രമിക്കുന്നില്ല. സമൂഹത്തെക്കുറിച്ചുള്ള ഒരു ദർശനം, ഒരു പ്രത്യയശാസ്ത്രം, കൂടാതെ അർത്ഥവത്തായ ഒരു കരിക്കുലം ഉണ്ടാക്കാൻ കഴിയില്ല. കരിക്കുലത്തിന്റെ ഒരു ഭാഗമാണ് മൂല്യനിർണയം- പരീക്ഷ. ഇന്നത്തെ വിദ്യാഭ്യാസത്തിൽ സ്പഷ്ടമായ കരിക്കുലമില്ല; ഗുപ്തമായ കരിക്കുലമേ ഉള്ളു. അതാകട്ടെ സമൂഹത്തിലെ ഒരു ന്യൂനപക്ഷത്തിന്റെ ഉന്നമനത്തെ ലക്ഷ്യമാക്കിയിട്ടുള്ളതാണുതാനും. അവരുടെ പ്രതിസന്ധികളാണ് അക്കാദമിക സമിതികളിൽ മേധാവിത്വം പുലർത്തുന്നത്.

7. *തൊഴിലധിഷ്ഠിതവിദ്യാഭ്യാസം*

ഉന്നതവിദ്യാഭ്യാസത്തെ പൂർണ്ണമായും പ്രൊഫഷണൽ ആക്കിമാറ്റണമെന്നാണ് എന്റെ അഭിപ്രായം. ഹയർസെക്കണ്ടറിയോടുകൂടി പൊതുവിദ്യാഭ്യാസം അവസാനിപ്പിക്കണം. ഉയർന്ന പ്രൊഫഷണൽ ജ്ഞാനം ആവശ്യമില്ലാത്ത മിക്ക തൊഴിലുകളിലും ഏർപ്പെടാനുള്ള കഴിവ് അതിനുള്ളിൽ അവർ ആർജ്ജിച്ചിരിക്കും. സർവകലാശാലാവിദ്യാഭ്യാസം പ്രൊഫഷണൽ തൊഴിലിനുള്ളതാണ്. അധ്യാപനം, ഭരണം (മാനേജ്മെന്റ്), ഉല്പാദനം, സേവനം, ഗവേഷണം എന്നിങ്ങനെ വിവിധതരം പ്രൊഫഷണൽ മേഖലകളുണ്ട്. ഒരാൾ ഭൗതികമോ രസതന്ത്രമോ പഠിക്കുന്നത് ഒന്നുകിൽ അത് പഠിപ്പിക്കുന്ന അധ്യാപകനാകാനാകണം അല്ലെങ്കിൽ അതിൽ ഗവേഷണം ചെയ്യാനാകണം അതുമല്ലെങ്കിൽ അതുപയോഗിച്ച് ഉല്പാദനപ്രവർത്തനം നടത്താനാകണം. ഓരോന്നിനും പഠിക്കുന്ന ഭൗതികവും രസതന്ത്രവും വ്യത്യസ്തമായിരിക്കും. എല്ലാ സർവ്വകലാശാലാകോഴ്സുകളും എൻജിനീയറിംഗ് മെഡിസിൻ, കൃഷി, നിയമം. . എന്നിവയെപ്പോലെ നാലുകൊല്ലം ചിലപ്പോൾ അഞ്ചുകൊല്ലവും നീണ്ടുനിൽക്കുന്നതായിരിക്കണം. മൂന്നുകൊല്ലത്തെ BA-BSc കോഴ്സുകൾ ഒടിക്കാനും തൊലിക്കാനും പറ്റാത്തതാണ്. അർഥമില്ലാത്തതുമാണ് BA, BSc, BEd, BCom. . . തുടങ്ങിയവ അടക്കം എല്ലാ ഡിഗ്രികോഴ്സുകളും 4/5 കൊല്ലത്തെ ഇന്റഗ്രേറ്റഡ് MSc/MA കോഴ്സുകളാകണം.

8. *മാനവിക വിഷയങ്ങൾ*

പാഠ്യവിഷയങ്ങളെ മാനവികം (humanities) ശാസ്ത്രീയം (Science) സാങ്കേതികം (technical) എന്നിങ്ങനെ വേർതിരിക്കുന്നതുതന്നെ വിദ്യാഭ്യാസത്തിന്റെ ജീർണതയെയാണ് കുറിക്കുന്നത്. മാനവികതയിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ട ശാസ്ത്രവും സാങ്കേതികവിദ്യയും സമൂഹത്തിന് ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നു. ഭാഷ, സംഗീതം, കല മുതലായ മാനവികവിഷയങ്ങൾ (ചിലപ്പോൾ ചരിത്രം, നിയമം, രാഷ്ട്രമീമാംസ തുടങ്ങിയവയേയും ഇക്കൂട്ടത്തിൽപ്പെടുത്തുന്നു. (arts and humanities) ഗണിതം, രസതന്ത്രം, ഭൗതികം, ജീവശാസ്ത്രം മുതലായ ശാസ്ത്രവിഷയങ്ങൾ. എൻജിനീയറിംഗ്, മെഡിസിൻ മുതലായ പ്രൊഫഷണൽ വിഷയങ്ങൾ. . .) ഇങ്ങനെ വേർതിരിച്ചുകാണുന്നതാണ് തെറ്റ്. ഒരു എൻജിനീയറിംഗ് വിദ്യാർത്ഥി കുറച്ച് ഭാഷയും കുറച്ചുചരിത്രവും 'ഓരോ വിഷയം' എന്ന നിലക്ക് പഠിച്ചതുകൊണ്ട് ഒരു ഗുണവുമില്ല. ഓരോ വിഷയത്തിലും മാനവികത അടങ്ങിയിരിക്കണം. ഭാഷയും കലയും പഠിക്കുമ്പോഴും അവ ഒരു വിഷയമായി പഠിച്ചാൽപോര, അവയിലെ മാനവികതയും ഉൾക്കൊള്ളണം. മാനവികതയെ വിജ്ഞാനത്തിൽ വേർപെടുത്തിയതാണ് ആധുനികകാലഘട്ടത്തിന്റെ ഏറ്റവും വലിയതെറ്റ്. സമൂഹത്തിന് ആവശ്യംവേണ്ട വിവേകം അത് നഷ്ടപ്പെടുത്തിക്കളഞ്ഞു.

9. *അധ്യയനരീതി*

സർവകലാശാലകളിൽ കേരളത്തിലും ഇന്ത്യയിലും ഇന്ന് സ്വീകരിക്കുന്ന അധ്യയനരീതി തെറ്റും, എന്നോ കാലഹരണപ്പെട്ടതുമാണ്. ഉപരിവിദ്യാഭ്യാസത്തിനുവരുന്നത് കൊച്ചുകുട്ടികളല്ല. വികസി

# IMF WORLD BANK PRESCRIPTIONS A PARADOX

JOY JOB KULAVELIL

"Education has suffered badly under IMF, WB imposed Structural Adjustment prorgramme (SAP). This has been the experience of almost all countries, which have implemented these programmes. And India is no exception to it. The irony is that the package in which Liberalisation is recommended by IMF, WB to the developing countries is nowhere practised in the Western countries."

*Muchkund Dube*
*Former Foreign Secretary, GOI*

The higher education sector is in crisis throughout the world. Adverse macro economic conditions and increased competition for scarce public funds have reduced many governments' capacity to support higher education. The two trends taken together represent a sharp decline in real per student expenditure. The crisis is most acute in developing economies, because fiscal adjustments have been harsher and because it has been more difficult to contain pressures for enrolment expansion. In these countries, higher education institutions operate under adverse conditions, overcrowding, deteriorating physical facilities, lack of resources for plan programs, Lab requirements, Lib facilities maintenance etc. It is in this context of such a deep crisis that WB and IMF came out with certian prescriptions to treat the ailing higher education sector. These prescriptions were welcomed, practised and advocated by a section of economists, educationists and intellectuals. These prescriptions include

(a)Reduce the state expenditure or subsidies on higher education.
(b) Increase fees in higher education substantially.
(c) Introduce efficient scholarship programmes.
(d) Introduce student loan schemes.
(e) Reduce the demand for higher education .
(f) Concentrate all efforts on basic education, until it is universalised.

All these prescriptions cannot be examined intensively and extensively here. Therefore the first prescription will be

---

തലോകത്ത് ഒരിടത്തും ഇവിടത്തെ പ്രഭാഷണരീതിയിലുള്ള അധ്യയനം നടക്കുന്നില്ല. അവിടങ്ങളിൽ അധ്യാപനപ്രക്രിയയിൽ കൂടി വിദ്യാർത്ഥികളുടെ പങ്കാളിത്തമുണ്ട്. ലക്ച്ചർക്ലാസ്സുകൾ, ലൈബ്രറി, ലബോറട്ടറി, അസൈൻമെന്റ്, സെമിനാർ, പ്രോജക്ട്. . ഇങ്ങനെ നിരവധി ഘടകങ്ങൾ ചേർന്ന ഒരു അധ്യയന രീതി ആയിരിക്കും കൂടുതൽ ഫലപ്രദം എന്ന് അനുഭവം തെളിയിക്കുന്നു.

10. *പ്രതിസന്ധി*

ലക്ഷ്യമില്ലായ്മയാണ് ഉന്നതവിദ്യാഭ്യാസത്തെ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി സമൂഹത്തിന്റെ ആസന്ന-ദീർഘകാല മാനുഷികവിഭവ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് ഉന്നതവിദ്യാഭ്യാസം ആസൂത്രണം ചെയ്യേണ്ടത്. ഡിഗ്രികച്ചവടത്തിനുള്ള കടകളാകരുത് സർവകലാശാലകൾ. ഒരു തൊഴിലിനും തയ്യാറാക്കപ്പെടാത്ത ശാരീരികവും ബുദ്ധിപരവും ആയ അധ്വാനത്തോട് വെറുപ്പുതന്നെയുള്ള, ലക്ഷക്കണക്കിന് യുവതീയുവാക്കളെ പടച്ചുവിടുന്നു എന്നതാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി. ഇത് പരിഹരിക്കാൻ ചുളുക്കു വിദ്യകളോ എളുപ്പവഴികളോ ഇല്ല. ഭാവിയെക്കുറിച്ചുള്ള ഒരു കാഴ്ചപ്പാടില്ലാത്ത സമൂഹത്തിന് അതിന്റെ വിദ്യാഭ്യാസം എന്തായിരിക്കണം എങ്ങനെ ആയിരിക്കണം എന്ന് എങ്ങനെ ആലോചിക്കാൻ കഴിയും? വരുന്ന രണ്ടുമൂന്നു പതിറ്റാണ്ടിൽ കേരളം എങ്ങനെയിരിക്കും എന്തായിരിക്കും ഇന്ത്യൻ സമൂഹം. ലോകസമൂഹത്തോട് അത് എങ്ങനെ ബന്ധപ്പെട്ടിരിക്കും? കേരളത്തിന്റെ സമ്പദ്വ്യവസ്ഥ എന്തായിരിക്കും? കൃഷി പൂർണമായും ഇല്ലാതാകുമോ? പ്രത്യേകിച്ചും നെൽക്കൃഷി? 90 ശതമാനം പേർക്കും തൃതീയ മേഖലയിലായിരിക്കുമോ തൊഴിൽ? അതോ അമ്പതു ശതമാനവും കേരളത്തിനു വെളിയിൽ തൊഴിൽ ചെയ്യുന്ന അവസ്ഥ ആയിരിക്കുമോ? കേരളത്തിന്റെ പ്രധാനകയറ്റുമതി "ബുദ്ധിത്തൊഴിലാളികൾ" ആയിരിക്കുമോ? ഈ ചോദ്യങ്ങൾ ചോദിക്കാൻ അറച്ചുനിന്നാൽ പ്രതിസന്ധിക്കുപരിഹാരം കാണാൻ കഴിയില്ല. അതോ കാറ്റുള്ളപ്പോൾ തൂറ്റുക" എന്ന പ്രമാണ പ്രകാരം കൈക്കൂലിയായോ, ശമ്പളമായോ ഇന്ന് കിട്ടാവുന്നത്ര പണം വാരിക്കൂട്ടുക, നാളത്തെ കാര്യം നാളെ- എന്ന കാഴ്ചപ്പാടിൽ ഉറച്ചു നിൽക്കുകയാണോ? ഒരു കാര്യം ഉറപ്പാണ്: കേരളത്തിലെ പ്രധാന രാഷ്ട്രീയ കക്ഷികൾ വിദ്യാഭ്യാസത്തെ തങ്ങൾക്ക് അനുയോജ്യമല്ലാത്ത മൂന്നാംതരം വകുപ്പായി കണക്കാക്കവേ (കഴിഞ്ഞ നാലുപതിറ്റാണ്ടായി അവരാരും വിദ്യാഭ്യാസം കൈകാര്യം ചെയ്തിട്ടില്ല.) ന്യൂനപക്ഷാവകാശങ്ങളുടെ പേരിൽ സ്വകാര്യവ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സമൂഹത്തിന്റെ സമ്പത്ത് കൊള്ളയടിക്കാൻ മൗലികാവകാശമുണ്ടെന്ന് സുപ്രീം കോടതിയുടെ വിധിനിലനിൽക്കവേ പഠിക്കുന്നതും പഠിപ്പിക്കുന്നതും, വിഡ്ഢിത്തമാണെന്നും വിപ്ലവവിരുദ്ധപ്രവർത്തനമാണെന്നും സംഘടിത അധ്യാപകവർഗം വിശ്വസിക്കവേ, (അങ്ങനെ വിശ്വസിക്കുന്നില്ലെങ്കിൽ പോലും അത്തരത്തിൽ പെരുമാറവേ), സമൂഹത്തിലെ അംഗങ്ങൾ, പൗരന്മാർ, പൊതുവിദ്യാഭ്യാസത്തിൽ താല്പര്യമെടുക്കാതെ തങ്ങളുടെ കുട്ടികളെ എങ്ങനെയെങ്കിലും രക്ഷപ്പെടുത്താമെന്ന വ്യാമോഹത്തിന് അടിമപ്പെട്ടിരിക്കവേ, കേരളത്തിലെ വിദ്യാഭ്യാസ പ്രതിസന്ധി പരിഹരിക്കപ്പെടില്ല. ഇരുപതാം നൂറ്റാണ്ടിലെ സോഷ്യലിസമെന്നപോലെ കേരളവികസനമാതൃകയും ചരിത്രത്തിലെ ഒരു വിഭ്രാന്തിയായി മാറും. പക്ഷെ ഏറെക്കാലം നീണ്ടുനിൽക്കുന്ന ഒരു ചരിത്രമായിരിക്കില്ല, അത്. ലോകസമൂഹം ഇന്നത്തെ പാതയിലൂടെതന്നെയാണ് ഇനിയും പോകുന്നതെങ്കിൽ മാനവജാതികളുടെ ചരിത്രം ഇന്നേ എഴുതിവക്കുന്നതായിരിക്കും നല്ലത്. കാരണം എഴുതിവയ്ക്കാൻ ആരും അവശേഷിക്കാത്തവിധത്തിൽ ആയിരിക്കും അതിന്റെ അന്ത്യം!

examined in a detailed manner. Governments around the
world are not in a position to subsidise higher education. The
WB and IMF maintain that higher education is a non-merit
good. This is advocated in the background of a paradigm
change from welfare to market economy. This calls for greater
involvement of private capital and privatisation and at the
same time it has led to the withdrawal of the government
from funding higher education. Among the specialists of WB,
who started the criticism of higher education, was G.
Psacharopolous who in several articles stated that
resources devoted to higher educatioln were not used,
efficiently and therefore investment must prioritise
primary eduction, where the social rate of return is higher. As
a consequence the policy on higher education must be
focussed on cost recovery by means of suppression of
gratuity on the establishment of education credit and by
geater support to private higher education. So privatisation
was advocated by the WB and IMF to tide over the situation
of inadequate and declining resources, inefficient use of
existing resources, poor quality of instruction, low market value
to the degrees awarded, inability to meet the demand for
increased access to higher education.

Inefficient use of resources in higher education cannot be solved by mere withdrawal of funding higher education. On the other hand, the sensible procedure is to find out the reasons for inefficiency and suggest remedial measures. On the pretext of inefficiency, suggestions for withdrawal from funding higher education makes one suspect the real intentions behind such policy. This fact is proved all the more clearly by the inner contradictions that appear in the report of the WB and IMF.

So higher education according to the WB and IMF falls under nonmerit or purely private good and the only sector of education with merit good label is elementary education. In higher education, the benefits of subsidies accrue primarily to the recipients. One the other hand the benefits of elementary education spread well beyond the immediate recipients.

But it is highly paradoxical since the very WB document states that "higher education is of paramount importance for economic and social development. Institutions of higher education have the main responsibility of equipping in dividuals with the advanced knowledge and skills required for positions of responsibility in government, business, and professions. These institutions produce new knowledge through research, serve as conduits for transfer, adaptation and dissemination of knowledge generated elsewhere in the world and support government and business with advice and consultancy. In most countries, higher education institutions also play an important social role by forging national identity of the country and offering a forum for pluralistic debate"

More contradictions about the stand of the WB on higher education can be had from "The lessons of Experience," 1994, a WB publication. It states that 'higher education investments are important for economic growth. They increase individual's income and productivity as indicated by rate of return analysis and they also produce significant external benefit, not captured by such analysis such as long term return to basic research and to technology development and transfer. Economic growth is a critical pre requisite for sustained poverty reduction in developing countries abut is the overarching objective of the World Bank".

Again the WB accepts the fact that higher education is crucial in the emerging global situation which is knowledge based. The generation of knowledge therefore is the key word to progress and higher education, world over becomes more importat than the other sectors of education.

The real experience in developed and developing economies in funding higher education is to be examined. In most developed countries the experience of funding higher education is the opposite of what the WB and IMF prescribe. Further in most cases, the government is the important financier. The tables show the global experience in this regard. Even in market economies, governments meet the cost of education in public institutions and sometimes the cost of private institutions too. As Jennie Brookman writes in the recent issue of the Times Higher Education Supplement Oct. 1994, "Germany's only private university has been rescued from financial crisis, by the state eduction system after facing two million pound deficit for 1994-95". The University received a license in 1983 on the grounds that it would not receive state funding.

**SHARE OF STATE FINANCES IN THE INCOME OF THE HIGHER EDUCATION INSTITUTIONS IN OECD COUNTRIES**

| Country | Type of institution | Year | Share |
|---|---|---|---|
| AUSTRALIA | Public Institution | 1987 | 87.96 |
| FINLAND | Public Institution | 1987 | 85.00 |
| FRANCE | All Institutions | 1975 | 93.00 |
| | | 1984 | 89.50 |
| GERMANY | All higher education | 1986 | 68.50 |
| JAPAN | Public Institution | 1970 | 83.10 |
| | | 1987 | 63.10 |
| NETHERLANDS | Public Institution | 1985 | 80.00 |
| NORWAY | Public Institution | 1975 | 95.00 |
| | | 1987 | 90.00 |
| SPAIN | Universities | mid 1980s | 80.00 |
| UK | Universities | 1986-87 | 55.00 |
| | Polytechnics | 1986-87 | 72.40 |
| USA | Public Institution | 1984-85 | 59.30 |

*Source: Tilak 1995*

A substantial part of higher education investment in developed countries is public investment. Private higher education institutions are mostly state supported. Self-financing private institutions are few compared to public institutions. Private institutions are publicly funded (partly) and privately

managed. Therefore developing nations have every reason to believe that they are misled by market economies and international agencies as far as the funding pattern of higher education is concerned.

Prof. Muchkund Dube, the former foreign secretary GOI in aconvocation address to students of University of North Bengal said "Eduction has suffered badly under WB, IMF imposed structural adjustment programme (SAP). This has been the experience of almost all countries, which have implemented these programmes. And India is no exception to it. The irony is that the package in which liberalisation is recommended by WB, IMF to the developing countries is no where practised in the western countries".

**HIGHER EDUCATION FEES AS A PERCENTAGE OF UNIT OPERATING EXPENDITURE**

| Country | Percent | Year |
|---|---|---|
| **Central & South America** | | |
| Argentina | No fees | 1990 |
| Barbados | 15 | 1991 |
| Bolivia | 3 | 1991 |
| Brazil | No fees | 1991 |
| Chile | 26 | 1991 |
| Colombia | 4 | 1988 |
| Costa Rica | 16 | 1991 |
| Ecuador | 2 | 1980 |
| Guatemala | 2 | 1991 |
| Honduras | 3 | 1991 |
| Jamaica | 25 | 1991 |
| Mexico | No fees | 1991 |
| Peru | No fees | 1991 |
| Venezuela | No fees | 1991 |
| **Asia** | | |
| Bangladesh | No fees | Mid 1990s |
| China | 9 | 1991 |
| India | 5 | Mid 1980s |
| Indonesia | 25 | 1989 |
| Malaysia | 6 | Mid 1980s |
| Nepal | 10 | Mid 1980s |
| Pakistan | 4 | 1990 |
| Papua New Guinea | No fees | Mid 1980s |
| Philippines | 15 | Mid 1980s |
| South Korea | 23 | Mid 1980s |
| Sri Lanka | 3 | Mid 1980s |
| Thailand | 5 | Mid 1980s |
| Vietnam | 23 | 1991 |
| **Middle East, North Africa** | | |
| Algeria | No fees | 1990 |
| Egypt | 4 | 1990 |
| Guinea | No fees | 1990 |
| Israel | 20 | 1991 |
| Morocco | No fees | 1990 |
| Senegal | No fees | 1990 |
| Sudan | No fees | 1987 |
| **Sub Saharan Africa** | | |
| Benin | No fees | 1991 |
| Ghana | No fees | 1991 |
| Kenya | 12 | 1991 |
| Madagascar | No fees | 1990 |
| Malawi | No fees | 1990 |
| Niger | No fees | 1990 |
| Nigeria | No fees | 1990 |
| Uganda | No fees | 1991 |
| **Industrial Countries** | | |
| France | 1 | 1990 |
| Hungary | 2 | 1990 |
| Japan | 9 | 1991 |
| Spain | 20 | 1988 |
| UK | No fees | 1990 |
| USA | 15 | 1985 |

*Source: Ziderman and Albrecht 1995*

**PERCENTAGE - WISE SOURCES OF INCOME OF HIGHER EDUCATION INSTITUTIONS**

| | YEAR | GENERAL PUBLIC FUNDS | FEES | OTHER INCOME |
|---|---|---|---|---|
| France | 1975 | 93.00 | 2.90 | 4.20 |

| | | | | |
|---|---|---|---|---|
| All institutions | 1984 | 89.50 | 4.70 | 5.80 |
| Germany | | | | |
| All higher education | 1986 | 68.50 | 0.00 | 31.50 |
| Japan | | | | |
| Private 4yr institutions | 1971 | 9.00 | 75.80 | 15.10 |
| | 1985 | 15.00 | 65.80 | 19.10 |
| Public institutions | 1970 | 83.10 | 2.00 | 14.90 |
| | 1987 | 63.10 | 8.80 | 28.00 |
| All institutions | 1971 | 53.06 | 31.69 | 15.20 |
| | 1985 | 41.99 | 35.78 | 22.20 |
| Netherlands | | | | |
| All institutions | 1985 | 80.00 | 12.00 | 8.00 |
| Norway | 1975 | 95.00 | n.a | 5.00 |
| Public institutions | 1987 | 90.00 | | 10.00 |
| Spain | | | | |
| Universities | mid 1980s | 80.00 | 20.00 | n.a |
| United Kingdom | 1970-71 | 71.20 | 6.30 | 22.40 |
| Universities | 1986-87 | 55.00 | 13.70 | 31.30 |
| Polytechnics | | | | |
| (England only) | 1986-87 | 72.40 | 16.20 | 11.40 |
| United states | | | | |
| Private institutions | 1969-70 | 20.70 | 38.60 | 40.60 |
| | 1984-85 | 18.40 | 38.70 | 42.90 |
| Public institutions | 1969-70 | 61.10 | 15.10 | 23.70 |
| | 1984-85 | 59.30 | 14.50 | 26.30 |
| All institutions | 1969-70 | 46.50 | 20.50 | 29.90 |
| | 1986 | 44.80 | 22.40 | 32.80 |

**Notes:**

France: Expenditure of National Ministry of Education

Japan: 73 percent of other income is revenue of hospitals attached to universities

Norway: Figures for fees not available but very small

United Kingdom: Almost all the fees of undergraduate students are paid out of the public funds. This amounts to about half the fee income of universities and probably a greater proportion of the fee income of polytechnics.

United States: Figures include all government expenditure at all levels. Loans and grants to students amounted to about 80 percent of fees in 1969- 70 and 95 percent in 1984-85.

*Source: Financing Higher Education. Current pattern, OECD*

P.R. Panchamukhi, Director, centre for multidisciplinary studies Dharwar, in his article compressing higher Education Budgets - Some Reflections says that 'Subsidy to higher education is not a charity but a legitimate responsibility of the state and non-negotiable right of higher education"

It is no secret that in almost all developed countries competition is not allowed to come to certain sections of higher education market place. Their social service and social security are regarded as the hallmark of the western civilisation. There is nothing even remotely comparable to it in any of the developing countries. The question may be asked with greater thrust: Why,in spite of all these, do they put pressure on developing countries to liberalise higher education indiscriminately?

According to Dr. K. Punnaya, there is a popular impression that in many developed countries the Higher Education sector is self- sufficient, that is, it does not have to depend on either the state support or support from outside agencies. This, however, is not borne out by actual situations as prevailaing in various parts of the world today. Also Dr. Punnaya goes on to say "All over the world the state makes substantial funding for Higher Education". Another major observation of Punnaya is also very relevant at this point. Equity and Social Justice demand that the newly emerging beneficiaries from Secondary education sector who increasingly represent vulnerable groups, are able to afford access to Higher Education.

Social support is highly needed for education and health according to Amartya Sen, "It is quite right in terms of philosophy of self reliance that a person should help himslef or herself. But in order to do that certain social facilities are required and education is one of them. If you raise a child without providing education, and then say that it should look after its own welfare, it is extremely unjust from a social point of view.

The remaining part of this article will evaluate the Indian reponse to the prescription of WB/IMF to reduce the state expenditure on higher education and compare it with the experience of a developed economy like UK.

The total expenditure on higher education in India has increased during the post independent era in current prices but the increase in real prices is not adequate. The expenditure per pupil is also low and in real prices, this too has declined. The state of GNP in Higher Education was 1% in 1980-'81. But it has declined nearly to 0.5% in early nineties and further reduced in mid 1990s.

**CRIPPLING CUTBACKS**



***Share of higher education as a percentage of the total education budget in various plans***

*Source: India Today, 1997 June*

V.J. Thappa (1997) in his articel "Crisis in Higher Education" (India Today) claims that the crisis in higher education has been called the invisible liquidation. There is no escaping the pestilence of a resource crunch that has continued to scourge the university system for close to seven years. Like a cancer, it works silently, destroying insidiously the very vitals of the system. Today the labyrinth of colleges in India is confronting a fiscal landscape more hostile than ever.

The UGC pitched for Rs.829 crore in the 9th plan buy theywere laughed out of the door according to Thappa. The grant now stands at Rs. 351 crores. "We keep lobbying for more but it does not come" according to Dr. Desai, chairperson of UGC. Higher education in India is on the verge of a total breakdown. Total chaos and confusion prevail here. According to V.C Mehta, V.C of Delhi University "shrinking grants make sure, we cannot keep pace with the world."

The structural adjustment policy introduced in 1991 to overcome the continued fiscal crisis, the slow growth of economies, rising unemployment, all led to some sort of control or cut back on social expenditure including education. The advocates of SAP envisaged capital inflow from MNCs bilateral and multilateral organisations, more private investment, disinvestment of PSUs etc... and this would in turn bring about higher rates of economic growth in India. This in turn would be of help in solving the crisis of higher education. The SAP 1991 has been narrated by Dr. C.T. Kurian as "big claims and little preparation" (Economic reforms and the people 1996). The opening up of economy to foreign capital has not succeeded in attracting a flow of capital in to the country. On the contrary the SAP sponsored by WB and IMF combine had derailed the system of higher eduction.

Even though seven years of liberalisation have brought tragic failures, the Indin Administrators have failed to realise that higher education cannot be supported by private sources. The Indian rulers and a section of academicians and intellectuals still prefer to look through "Bank Fund tinted glasses." The Nobel laureate Dr. Amartya Sen, Said India should base its economic priorities to make them "people oriented, rather than commodity related" as this alone would help the country meet the challenges of globalisation. To produce competitive products according to specifications, required education which he said was very important from the point of view of having a successful opportunity in a globalised world. The welfare economist advocates "domestic cure" for our problems like education.

The new pattern of funding higher education that has been formulated by the Labour Government headed by Prime Minister Tony Blair "Let the Buyer Pay" is an irony. This policy is seen by many as the beginning of a major change in the pattern of funding higher eduction in UK and Europe. In fact, P.G. Altbach, Professor of higher education, and Director, Centre for International Higher Education, USA, believes that this new policy signals a revolutionary change in UK and forms part of a world wide trend in funding higher education. According to him the cost of higher education is shifting from "Public purse, Public purpose to Private purse and purpose." Other nations in Europe are seriously debating on this policy and it is not far when the public universities will change their pattern of funding. The professor further says that this may be a forerunner of the changes that may overtake the world. He maintains that these have been advocated by the WB and IMF and are the result of influences of developed economies. These ideas are reflected world wide and have been advocated by the powerful in such diverse countries as USA and China. According to this the buyer (students) will have to pay more for higher education. Based on this, Tony Blair announced a major hike in fee for higher education signalling a major shift in paradigm of a Labour Government.

But within a couple of months the Labour Government changed its policy on funding education and health. "Labour hikes spending on education" was the title of the dailies, which brought out this major policy shift. The Labour MPs cheered as the chancellor of the Exchequer Mr. Gordon Brown, announced that public spending would rise by £57 billion over the next three years- with half going to hospitals and schools.

Labour MPs were delighted with the outcome of the review, described by Downing street as the most significant statement since the party came to power, according to Telegraph Group Ltd., London 1998. The Labour Government after introducing the policy of "Let the buyer pay", realised quickly that subsidy to Higher Education is not a charitable act but a legitimate responsibility of the state. This change of policy is in tune with the UNESCO document which points out "Access to Higher Education and the broad range of services it can render to society, is part and parcel of any sustainable development programme in which high level human expertise and professional skills are required." (UNESCO 1995)

But in spite of all these, the WB/IMF put pressure on developing countries like India to liberalise Higher Education indiscriminately. Why?!

*Discount Coupon*

Valid till 31st January 99 for student groups

For a comfortable and economical stay and Dine at Ootacamund

CASINO LODGE

*For advance booking:* Contact:

Mr. C.C. Koshy, Proprietor, Casino Lodge,
State Bank Lane,
Ootaccamund 643 001
Phone: 0423-41524, 42932.

# നേട്ടങ്ങളുടെയും വളർച്ചയുടെയും പടവുകൾ

കെ.പി. ദിവാകരൻനായർ

പ്രൈവറ്റ് കോളേജ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ സ്ഥാപിച്ചുകിട്ടുന്നതിനും അവയ്ക്ക് കാലോചിതമായ പരിഷ്കാരം നേടിയെടുക്കുന്നതിനും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും കഴിഞ്ഞ 41 വർഷങ്ങളായി എ കെ പി സി ടി എ നിരന്തരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കോളേജദ്ധ്യാപകരുടെ വളർച്ച സമൂഹത്തിന്റെ വളർച്ചയുടെ ഭാഗമാണെന്നും അതാതുകാലത്തെ സാമൂഹ്യ രാഷ്ട്രീയ സാഹചര്യത്തിൽ നിന്ന് നമുക്ക് വേറിട്ട് നില്ക്കാനാവില്ലെന്നുമുള്ള നമ്മുടെ തിരിച്ചറിവിന്റെ ഫലമായി പുരോഗമന ശക്തികളോടൊപ്പം അണിനിരന്ന് സമൂഹത്തിന്റെ സമഗ്രമായ വളർച്ചയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സംഘടന വിലപ്പെട്ട സംഭാവനകൾ നല്കുന്നുമുണ്ട്.

എ കെ പി സി ടി എയുടെ ആവിർഭാവകാലം തൊട്ട് രണ്ട് പതിറ്റാണ്ട് കാലത്തെ നിരന്തര പോരാട്ടങ്ങളിലൂടെയാണ് ഡയറക്ട് പേമെന്റും നിയമാധിഷ്ഠിത സേവന വേതന വ്യവസ്ഥകളും നേടിയെടുക്കാൻ നമുക്ക് കഴിഞ്ഞത്. എന്നാൽ അഖിലേന്ത്യാതലത്തിൽ കോളേജ് - യൂണിവേഴ്സിറ്റി അദ്ധ്യാപകർക്ക് ലഭ്യമായ യു.ജി.സി. ശമ്പള പദ്ധതി കേരളത്തിലെ അദ്ധ്യാപകർക്ക് ലഭ്യമായത് 1990-ൽ മാത്രമാണ്. 16 വർഷത്തെ നിരന്തരപോരാട്ടങ്ങളുടെ ഐതിഹാസികമായ വിജയമായിരുന്നു ഇത്.

ഡയറക്ട് പേമെന്റ് നടപ്പാക്കുന്നതിനു മുൻപ് 1966-ലുണ്ടായ യു.ജി.സി. ശമ്പള പരിഷ്കാരം 1967-ൽ നടപ്പിലാക്കികിട്ടുന്നതിനു അന്ന് എകെപിസിടിഎയ്ക്കു കഴിഞ്ഞുവെങ്കിലും ഗവണ്മെന്റ്ഗ്രാന്റ് വാങ്ങി മാനേജർമാർ ശമ്പളം നല്കുന്ന വ്യവസ്ഥയായിരുന്നതിനാൽ ശമ്പള പരിഷ്കരണത്തിന്റെ ഫലം അദ്ധ്യാപകർക്ക് പൂർണ്ണമായും ലഭ്യമായിരുന്നില്ല. 1970-ലെ സംസ്ഥാന ശമ്പള പരിഷ്കരണത്തോടെ ഇതിന്റെ പ്രസക്തി നഷ്ടപ്പെടുകയാണ് ഉണ്ടായത്. എന്നാൽ 1974-ൽ പ്രഖ്യാപിക്കപ്പെട്ട യു.ജി.സി. ശമ്പള പരിഷ്കരണം കേരളത്തിൽ നടപ്പിലാക്കണമെന്ന് അതേ വർഷം തന്നെ ചേർന്ന എകെപിസിടിഎയുടെ എട്ടാമത് കൺവൻഷൻ ആവശ്യപ്പെടുകയുണ്ടായി. 1974-ഒക്ടോബറിൽ ഐഫക്ടോയുടെ ആഹ്വാനമനുസരിച്ച് കേരളത്തിലും ആദ്യമായി യു.ജി.സി. ശമ്പളപരിഷ്കരണത്തിനായി ഒരുദിവസത്തെ സൂചനാ പണിമുടക്ക് നടത്തി. തുടർന്ന് 1975-ലും 1978-ലും പരീക്ഷാ ബഹിഷ്കരണ സമര പരിപാടികളും 1982-ൽ പണിമുടക്ക് സമരവും നടത്തിയെങ്കിലും കേരളത്തിൽ പ്രസ്തുത ശമ്പള പരിഷ്കാരം നടപ്പാക്കിയില്ല. ഒരുദിവസത്തെ പരീക്ഷ ബഹിഷ്കരിച്ചാൽ 60 ദിവസത്തെ ശമ്പളം നഷ്ടപ്പെടുമെന്നുള്ള കരിനിയമം യു.ജി.സി.സമരത്തെ അടിച്ചമർത്താനായി നടപ്പിലാക്കുകയുണ്ടായി. 1970-കളിലും 1980-കളിലും യു.ജി.സി. ശമ്പളപരിഷ്കാരം സംബന്ധിച്ചിടത്തോളം കേരളം ഒരു പ്രത്യേക തുരുത്തായി നില്ക്കേണ്ടിവന്നു.

1987-ൽ യു.ജി.സി. നാലാം ശമ്പളപരിഷ്കരണസ്കീമിന്റെ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. 1.1.1986 മുതല്ക്കാണ് ഈ പരിഷ്കരണത്തിന് പ്രാബല്യം നല്കിയിരുന്നത്. ഈ ഉത്തരവിലെ അദ്ധ്യാപക വിരുദ്ധ നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നും സ്കെയിലുകളിൽ മാറ്റം വേണമെന്നും ആവശ്യപ്പെട്ട് AIFUCTO-യുടെ നേതൃത്വത്തിൽ അഖിലേന്ത്യാതലത്തിൽ നടന്ന പണിമുടക്ക്സമരത്തിൽ കേരളത്തിലെ അദ്ധ്യാപകരും കോളേജദ്ധ്യാപകസംയുക്തസമരസമിതി (AKPCTA-AKGCT) യുടെ നേതൃത്വത്തിൽ പങ്കെടുക്കുകയുണ്ടായി. യു.ജി.സി. ശമ്പളപരിഷ്കാരം നടപ്പിലാക്കത്തിടത്ത് ഇങ്ങിനെയൊരു സമരത്തിന്റെ പ്രസക്തി സമരവിരോധികൾ ചോദ്യംചെയ്യുകയുണ്ടായി. എന്നാൽ 1990-ൽ ഈ ശമ്പളപദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രേരകശക്തിയും അന്നത്തെ ഗവണ്മെന്റിനുണ്ടായ കമ്മിറ്റ്മെന്റിനു കാരണവും പ്രസ്തുത സമരം ആയിരുന്നു. പിന്നീടുള്ള മൂന്നുവർഷകാലത്തെ കോളേജദ്ധ്യാപകസംയുക്തസമരസമിതിയുടെ പ്രവർത്തനങ്ങളുടെ ഫലമായി 1990-ൽ, അന്ന് സംസ്ഥാനത്ത് ഭരണത്തിലുണ്ടായിരുന്ന എൽ.ഡി.എഫ് ഗവണ്മെന്റ് നാലാം യു.ജി.സി. ശമ്പള പരിഷ്കരണം ഇവിടെ നടപ്പിലാക്കി. 1.1.1986 മുതൽ ഈ പരിഷ്കരണത്തിന് പ്രാബല്യം നല്കുകയുണ്ടായി. 16 വർഷത്തെ നിരന്തര പോരാട്ടങ്ങളുടെ ഈ മഹത്തായ പരിസമാപ്തി എകെപിസിടിഎയുടെ ചരിത്രത്തിലെ മറ്റൊരു നാഴിക്കല്ലാണ്. കേരളത്തിൽ പ്രീഡിഗ്രിവിദ്യാഭ്യാസം സർവ്വകലാശാലാവിദ്യാഭ്യാസത്തിന്റെ ഭാഗമായിരുന്നതിനാൽ യു.ജി.സി.പദ്ധതി നടപ്പാക്കിയപ്പോൾ ചില വൈഷമ്യങ്ങളും സാങ്കേതിക ബുദ്ധിമുട്ടുകളുമുണ്ടായി. ഈ സ്ഥിതിവിശേഷത്തെ ദുരുപയോഗപ്പെടുത്തി യു.ജി.സി.ശമ്പള പദ്ധതി വികലമായി നടപ്പാക്കാനുള്ള നിർദ്ദേശങ്ങളാണ്. ഉന്നത ഉദ്യോഗസ്ഥന്മാരുടെ ഭാഗത്ത് നിന്നുണ്ടായത്. ഇതിനെ എതിർത്തു പരാജയപ്പെടുത്തുന്നതിന് സംഘടനയ്ക്ക് പണിമുടക്ക് സമരം നടത്തേണ്ടിവന്നു. സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥയനുസരിച്ച് ഡിഗ്രി-പി.ജി. പോസ്റ്റുകളിലുള്ളവർക്ക് 1.1.86 മുതലും പ്രീ-ഡിഗ്രി വർക്ക്ലോഡ് അനുസരിച്ചുള്ള പോസ്റ്റുകളിൽ എട്ടുവർഷത്തിൽ കൂടുതൽ സർവ്വീസുള്ളവർക്ക് 1.4.90 മുതല്ക്കും മറ്റുള്ളവർക്ക് എട്ടുവർഷം തികയുന്ന മുറയ്ക്കും യു.ജി.സി പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമായി. പ്രീ-ഡിഗ്രി കോളേജുകളിൽ തുടരുന്ന മറ്റ് ഏത് സംസ്ഥാനങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയതിലും വളരെ മെച്ചപ്പെട്ട നിലയിലാണ് കേരളത്തിൽ നടപ്പിലാക്കിയത്.

യു.ജി.സി.ശമ്പളപദ്ധതി നടപ്പാക്കി അദ്ധ്യാപകരുടെ വേതനനിരക്ക് ഉയർത്തുന്നതോടൊപ്പം ഉന്നത വിദ്യാഭ്യാസരംഗത്ത് കാലോചിതമായി ഗുണപരമായ മാറ്റം ഉണ്ടാകണമെന്നുമുള്ള നിലപാടാണ് എകെപിസിടിഎ സ്വീകരിച്ചത്. ഈ ലക്ഷ്യം വച്ചുകൊണ്ട് സംഘടനയുടെ അക്കാദമിക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ചർച്ചകൾ, സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കുകയുണ്ടായി. പ്രീ-ഡിഗ്രിവിദ്യാഭ്യാസം കലാശാലാ വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലാതാക്കി പകരം സ്കൂളുകളിൽ +2 വിദ്യാഭ്യാസം പരിപുഷ്ടിപ്പെടുത്തണമെന്നുള്ള സുപ്രധാന നിർദ്ദേശമാണ് സംഘടന മുന്നോട്ടുവച്ചത്. ഇത് ഒരു അഞ്ചുവർഷ സമയബന്ധിത

പരിപാടിയായി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ് സംഘടന നിർദ്ദേശിച്ചത്. പ്രീഡിഗ്രി പടിപടിയായി കോളേജുകളിൽ കുറയുന്നതുകൊണ്ട് വർക്ക്‌ലോഡിലുള്ള കുറവു നികത്തുന്നതിന് പുതിയ ഡിഗ്രികോഴ്സുകൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള വിവിധ നിർദ്ദേശങ്ങളും സംഘടന മുന്നോട്ടുവച്ചു. നിലവിലുള്ള അദ്ധ്യാപകരെ മുഴുവൻ കോളേജുകളിൽ നിലനിർത്തണമെന്ന് സംഘടന ആവശ്യപ്പെട്ടു. 97-98 വർഷം ഈ പദ്ധതിയനുസരിച്ച് പ്രീഡിഗ്രിബാച്ചുകൾ കുറവുചെയ്തു തുടങ്ങി. പകരം +2 കോഴ്സുകൾ സ്കൂളുകളിൽ തുടങ്ങുകയും ചെയ്തു. ഡിഗ്രികോഴ്സുകളുടെ പുനഃസംഘാടനം ലക്ഷ്യമാക്കി പുതിയ കോഴ്സുകൾ ആവിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സംഘടനയുടെ അക്കാദമിക് കമ്മിറ്റി ഏറ്റെടുക്കുകയുണ്ടായി. തൽഫലമായി നിലവിലുള്ള ഏതാണ്ടെല്ലാ ഡിഗ്രികോഴ്സുകളുടേയും സിലബസ് കാലോചിതമായി പരിഷ്കരിച്ചുകൊണ്ടുള്ള ശുപാർശകൾ തയ്യാറാക്കുന്നതിനും 16 പുതിയ കോഴ്സുകൾ ആവിഷ്കരിച്ച് അവയുടെ സിലബസ് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ 1997-ൽ ഗവൺമെന്റിനും സർവ്വകലാശാലയ്ക്കും സമർപ്പിക്കുവാനും കഴിഞ്ഞു. വിദ്യാർത്ഥികൾക്ക് തൊഴിൽ പരിചയം ലഭ്യമാക്കാൻ ഉതകുന്ന തരത്തിലുള്ള കോഴ്സുകളാണ് ഇവയിൽ മിക്കതും എന്നത് ഇവയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. അതുപോലെ തന്നെ ഈ കോഴ്സുകൾ സെമസ്റ്റർ സമ്പ്രദായത്തിൽ ആവിഷ്കരിച്ചിട്ടുള്ളതും ഇവയുടെ പരീക്ഷയ്ക്ക് ഇന്റേണൽ അസെസ്സ്മെന്റ് ഉൾപ്പെടെയുള്ള രീതികളുമാണ് ശുപാർശ ചെയ്തത്. കേരളത്തിലെ യൂണിവേഴ്സിറ്റികൾ ഒട്ടുംതന്നെ ശ്രദ്ധിക്കാതിരുന്ന അക്കാദമിക് പുനഃസംഘാടനരംഗത്ത് ധീരമായ കാല്‌വയ്പാണ് സംഘടന നടത്തിയത്. 1998-99ൽ ഇതിനനുസൃതമായി കേരളത്തിലെ യൂണിവേഴ്സിറ്റികൾ കോളേജുകളിൽ ഇത്തരത്തിലുള്ള പരിഷ്കാരങ്ങൾ നടത്തുന്നതിന് തുടക്കം കുറിയ്ക്കുകയും പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് അനുമതി നല്കുകയും ചെയ്തു. കേരള, മഹാത്മഗാന്ധി യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള പ്രൈവറ്റ് കോളേജുകളിൽ കേരളത്തിലാദ്യമായി സെമസ്റ്റർ സമ്പ്രദായത്തിലുള്ള ഡിഗ്രികോഴ്സുകൾ 98-99 അക്കാദമിക് വർഷത്തിൽ തുടങ്ങിവയ്ക്കുകയുണ്ടായി. അഞ്ചുവർഷക്കാലത്തെ ഈ രംഗത്തുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്ക് ഫലം കണ്ടുതുടങ്ങിയെന്നതിൽ എകെപിസിടിഎക്ക് ചാരിതാർത്ഥ്യമുണ്ട്.

1990-ൽ യു.ജി.സി.ശമ്പള പദ്ധതി നടപ്പാക്കിയെങ്കിലും പിന്നീട് അധികാരത്തിൽ വന്ന ഗവൺമെന്റ് തുടർനടപടികൾ ശുഷ്കാന്തിയോടെ നടപ്പാക്കിയില്ല. പ്രീഡിഗ്രി കലാശാലാ വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലാതാക്കി മാറ്റുന്നതിനു നേതൃത്വം കൊടുക്കാനോ, ഉന്നത വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റം ഉണ്ടാക്കുന്നതിനോ യാതൊരു നീക്കങ്ങളും ഉണ്ടായില്ല. എന്നാൽ വിദ്യാഭ്യാസരംഗത്ത് അൺ എയ്ഡഡ്-സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതിനും തദ്വാര സ്വകാര്യവൽകരണത്തിന് വാതിൽ മലർക്കെ തുറന്നിടുന്നതിനുമാണ് ഗവൺമെന്റ് ഊന്നൽ നല്കിയത്. നിലവിലുള്ള കോളേജുകളുടെ നിലനില്പിനു തന്നെ ഭീഷണി ഉയർത്തുന്നതും ഉന്നത വിദ്യാഭ്യാസം വരേണ്യവർഗ്ഗത്തിനു മാത്രമായി പരിമിതപ്പെടുത്തുന്നതുമായ ഗവൺമെന്റ്നയത്തെ സംഘടനയ്ക്ക് അംഗീകരിക്കാനായില്ല. സമാനചിന്താഗതിക്കാരുമായി സഹകരിച്ച് 'വിദ്യാഭ്യാസ സംരക്ഷണസമിതി' രൂപീകരിക്കുകയും സമിതിയുടെ നേതൃത്വത്തിൽ ഗവൺമെന്റിന്റെ പിൻതിരിപ്പൻ വിദ്യാഭ്യാസനയത്തിനെതിരെ ശക്തമായ സമരപരിപാടികൾ ആവിഷ്കരിക്കുകയുമുണ്ടായി. 94-95, 95-96 അക്കാദമിക് വർഷങ്ങളിലാണ് ഈ സമരപരിപാടികൾ നടത്തിയത്. ഇതേ കാലയളവിൽ, യൂണിവേഴ്സിറ്റിനിയമങ്ങളിൽ വ്യവസ്ഥയില്ലാതെ അൺ എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നതിനെതിരെ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ഗവൺമെൻരിനെതിരെ എ.കെ.പി.സി.ടി.എ നിയമയുദ്ധവും നടത്തുകയുണ്ടായി. 1995 നവംബറിൽ സമരസമിതിയുടെ നേതൃത്വത്തിൽ തലസ്ഥാനത്തും ജില്ലാകേന്ദ്രങ്ങളിലും 24 ദിവസം നീണ്ടുനിന്ന നിരാഹാരസമരം നടത്തുകയുണ്ടായി. ഈ പ്രക്ഷോഭങ്ങളിലൂടെ വിദ്യാഭ്യാസസംരക്ഷണസമിതി ഉയർത്തിയ പ്രശ്നങ്ങൾ സംസ്ഥാനത്ത് സജീവമായ ചർച്ചയ്ക്ക് വിധേയമായി. ഗവൺമെന്റ്നയം തിരുത്തുന്നതിന് കഴിഞ്ഞില്ലെങ്കിലും അൺ എയ്ഡഡ്-സ്വാശ്രയ കോളേജുകൾ അനുവദിക്കുന്നത് തൽകാലത്തേക്ക് നിർത്തിവയ്ക്കുന്നതിന് ഈ സമരങ്ങൾ കൊണ്ടു കഴിഞ്ഞു.

## *സ്ഥലംമാറ്റ നിയമങ്ങൾ*

1988ൽ അന്തർ സർവ്വകലാശാലാ സ്ഥലംമാറ്റ നിരോധന നിയമം നടപ്പാക്കിയത് സംഘടനയുടെ ഉജ്ജ്വലമായ നേട്ടങ്ങളിൽ ഒന്നാണ്. കോർപ്പറേറ്റ് മാനേജ്മെന്റ് കോളേജുകളിലെ - പ്രത്യേകിച്ച് എസ്.എൻ, എൻ.എസ്.എസ്. - അദ്ധ്യാപകരെ സ്ഥലംമാറ്റത്തിന്റെ കെടുതികളിൽ നിന്നും ഒരു നല്ല പരിധിവരെ മോചിപ്പിക്കുന്നതിന് ഇതുകൊണ്ട് കഴിഞ്ഞു. എന്നാൽ എൻ.എസ്.എസ്., എസ്.എൻ. മാനേജ്മെന്റുകൾ അതാത് സർവ്വകലാശാലാ പരിധിക്കകത്ത് സ്ഥലംമാറ്റാനുള്ള അവരുടെ അവകാശം ഉപയോഗിച്ച് അദ്ധ്യാപകരെ സ്ഥലംമാറ്റി ഉപദ്രവിച്ചുകൊണ്ടിരുന്നു. ഇതിനും അറുതി വരുത്തുന്നതിന് സംഘടന പ്രതിജ്ഞാബദ്ധമായിരുന്നു. ഇൻട്രാ യൂണിവേഴ്സിറ്റി സ്ഥലംമാറ്റത്തിന് യൂണിവേഴ്സിറ്റി നിയമമുണ്ടാക്കുന്നതിനു വേണ്ട ശ്രമങ്ങൾ സംഘടനയുടെ ഭാഗത്തുനിന്നും ഉണ്ടായി. അതിന്റെ ഫലമായി 1990-ൽ ഇൻട്രാ യൂണിവേഴ്സിറ്റി സ്ഥലംമാറ്റത്തിനുള്ള നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്സ് ഗവൺമെന്റ് പാസ്സാക്കുകയുണ്ടായി. എന്നാൽ എൻ.എസ്.എസ്. മാനേജ്മെന്റ് ഇതിനെ ഹൈക്കോടതിയിൽ ചോദ്യംചെയ്തു. സംഘടന ഈ കേസിൽ കക്ഷിചേർന്നു. സിംഗിൾബെഞ്ചിൽ സ്റ്റാറ്റ്യൂട്സിന് അനുകൂലമായ വിധി ലഭിച്ചെങ്കിലും ഡിവിഷൻബെഞ്ചിലും സുപ്രീംകോടതിയിലും വിധി നമുക്കെതിരായിരുന്നു. ഗവൺമെന്റിന് ഇങ്ങനെയൊരു സ്റ്റാറ്റ്യൂട്സ് ഉത്തരവിറക്കാൻ അധികാരമില്ലെന്നും യൂണിവേഴ്സിറ്റികളാണ് ഇതു ചെയ്യേണ്ടതെന്നുമായിരുന്നു അവസാനം സുപ്രീംകോടതി വിധിച്ചത്. മൂന്ന് യൂണിവേഴ്സിറ്റികളിലും പ്രസ്തുത സ്റ്റാറ്റ്യൂട്സ് ഭേദഗതി വരുത്തുന്നതിനുള്ള തീവ്രശ്രമം എകെപിസിടിഎ നടത്തുകയുണ്ടായി. 1997-ൽ കേരള യൂണിവേഴ്സിറ്റി സെനറ്റും കോഴിക്കോട് യൂണിവേഴ്സിറ്റി സെനറ്റും 1998-ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി അക്കാദമിക് കൗൺസിലും പ്രസ്തുത സ്റ്റാറ്റ്യൂട്സ് ഭേഗതി അംഗീകരിക്കുകയുണ്ടായി.

ഇൻട്രാ യൂണിവേഴ്സിറ്റി സ്ഥലംമാറ്റ നിയമം കേരള യൂണിവേഴ്സിറ്റി പാസ്സാക്കിയതിനെതിരെയും എസ്.എൻ. മാനേജ്മെന്റും എൻ.എസ്.എസ്. മാനേജ്മെന്റും ചില കോടാലിക്കൈകളായ അദ്ധ്യാപകരും കോടതിയിൽ കേസ് കൊടുക്കുകയുണ്ടായി. ഈ കേസിലും സംഘടനയും എൻ.എസ്.എസ്.-എസ്.എൻ. കോ-ഓർഡിനേഷൻ കൗൺസിലുകളും കക്ഷിചേർന്നു എന്നാൽ നിയമം നടപ്പാക്കുന്നതിനെതിരെ കോടതി സ്റ്റേ നല്കുകയുണ്ടായില്ല. സ്റ്റേ ഉത്തരവ് ലഭിക്കാത്ത സാഹചര്യത്തിൽ നിയമം ഉടൻ നടപ്പിലാക്കണമെന്ന് കേരള യൂണിവേഴ്സിറ്റി മേഖലയിലുള്ള എല്ലാ കോർപ്പറേറ്റ് മാനേജ്മെന്റുകളോടുമാവശ്യപ്പെടുകയുണ്ടായി. ഇത്

നുസരിച്ചുള്ള സ്ഥലംമാറ്റങ്ങൾ എൻ.എസ്.എസ്., എസ്.എൻ. മാനേജ്മെന്റുകൾ 1998-ൽ കേരള യൂണിവേഴ്സിറ്റി മേഖലയിലുള്ള അവരവരുടെ കോളേജുകളിൽ നടത്താൻ നിർബന്ധിതരായി. മറ്റ് രണ്ട് യൂണിവേഴ്സിറ്റികളിലെയും സ്റ്റാറ്റ്യൂട്സ് ഭേദഗതി ഗവർണ്ണറുടെ അനുമതിക്കയച്ചിരിക്കയാണ്. ഉടൻതന്നെ പ്രസ്തുത മേഖലകളിലും ഈ നിയമം നടപ്പാകുന്നതാണ്. അദ്ധ്യാപകരാവശ്യപ്പെടുന്ന സ്ഥലത്ത് സ്ഥലംമാറ്റം ലഭിക്കുന്നതിനുള്ള നിയമമുണ്ടാകുന്നതിന് 30 കൊല്ലത്തിലേറെ എകെപിസിടിഎയ്ക്ക് നിരവധി രൂപങ്ങളിലുള്ള സമരമാർഗ്ഗങ്ങൾ അവലംബിക്കേണ്ടി വന്നു. ഈ കാലത്ത് എൻ.എസ്.എസ്., എസ്.എൻ. കോളെജുകളിലെ നിരവധി സംഘടനാ പ്രവർത്തകർക്ക് സ്ഥലംമാറ്റത്തിന്റെ കെടുതികൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഇവരിൽ നല്ലൊരുപങ്ക് അദ്ധ്യാപകരും സർവ്വീസിൽ നിന്ന് വിരമിച്ചു. ഇവരുടെ ധീരോദാത്തവും ത്യാഗപൂർണവുമായ പ്രവർത്തനങ്ങളെ കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതുണ്ട്. ഇന്റർ യൂണിവേഴ്സിറ്റി സ്ഥലംമാറ്റനിയമവും ഇൻട്രാ യൂണിവേഴ്സിറ്റി സ്ഥലംമാറ്റനിയമവും നടപ്പിലായത് ഇടതുപക്ഷസർക്കാരുകൾ അധികാരത്തിലുള്ളപ്പോഴായിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

## *സംഘടനയ്ക്ക് സ്വന്തമായി ആസ്ഥാനം*

എകെപിസിടിഎക്ക് സ്വന്തമായൊരു ഓഫീസ് കെട്ടിടമെന്ന ചിരകാലാഭിലാഷം 1996-ൽ സഫലീകൃതമായി. മഹാനായ സ: ഇ.എം.എസ്. 96 മാർച്ച് 15-ന് നമ്മുടെ ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. വളരെ മുൻപുതന്നെ ഓഫീസ് കെട്ടിടത്തിന്റെ ആവശ്യം ബോധ്യപ്പെട്ടിരുന്നെങ്കിലും 1990ലാണ് ഇതിലേയ്ക്കുള്ള ഫണ്ട് സമാഹരണത്തിന് ഗൗരവതരമായൊരു തുടക്കം കുറിച്ചത്. സംഘടനയുടെ സുപ്രധാനഘട്ടമായി ഇതിനെ കണക്കാക്കാം. ഓരോ എകെപിസിടിഎ പ്രവർത്തകനും ഇതിൽ അഭിമാനിക്കാം.

## *5-ാം യു.ജി.സി. ശമ്പള പരിഷ്കരണം*

1.1.96 മുതൽ നടപ്പാക്കേണ്ട യു.ജി.സി.യുടെ 5-ാം ശമ്പള പരിഷ്കരണത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് 1994-ൽ റസ്തോഗി കമ്മറ്റിയെ കേന്ദ്രഗവണ്മെന്റ് നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് 1997-ലാണ് നല്കിയത്. ശമ്പളസ്കെയിലുകൾ, ഫിക്സേഷൻ ഫോർമുല, ഗ്രേഡ് പ്രൊമോഷൻ, കേന്ദ്രസാമ്പത്തികസഹായം തുടങ്ങിയ കാര്യങ്ങളിൽ ഈ റിപ്പോർട്ടിലെ ശുപാർശകൾ അദ്ധ്യാപകർക്ക് അംഗീകരിക്കാൻ കഴിയാത്തവയായിരുന്നു. കോളേജ്-യൂണിവേഴ്സിറ്റി അദ്ധ്യാപകരുടെ അഖിലേന്ത്യാ സംഘടനയായ ഐഫക്ടോ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് 35 ഇന അവകാശപത്രിക ഗവണ്മെന്റിന് നല്കുകയുണ്ടായി. എന്നാൽ രണ്ടു വർഷക്കാലം ഇതു സംബന്ധിച്ച് തീരുമാനമെടുക്കാതെ റിപ്പോർട്ട് നടപ്പാക്കൽ ഗവണ്മെന്റ് നീട്ടികൊണ്ടു പോകുകയാണുണ്ടായത്. നിരവധി പ്രക്ഷോഭങ്ങൾ നടത്തിയിട്ടും നിവേദനങ്ങൾ നല്കിയിട്ടും ഗവണ്മെന്റ് റിപ്പോർട്ട് നടപ്പാക്കാൻ കൂട്ടാക്കാത്ത സാഹചര്യത്തിൽ 98 ആഗസ്റ്റ് 11 മുതൽ കോളേജ്-യൂണിവേഴ്സിറ്റി അദ്ധ്യാപകർ ഐഫക്ടോയുടെ നേതൃത്വത്തിൽ അഖിലേന്ത്യാവ്യാപകമായി പണിമുടക്ക് നടത്തി. ഉന്നത വിദ്യാഭ്യാസരംഗത്ത് അഖിലേന്ത്യാതലത്തിൽ മുൻപൊരിക്കലും നടക്കാത്ത തരത്തിലുള്ള പണിമുടക്ക് സമരമാണ് നടന്നത്. കേരളത്തിൽ എകെപിസിടിഎയുടെയും എകെജിസിടിയുടെയും നേതൃത്വത്തിലാണ് പണിമുടക്ക് സമരം നടന്നത്. 26 ദിവസം നീണ്ടുനിന്ന പണിമുടക്ക് സെപ്റ്റംബർ 5ന് പിൻവലിക്കുകയാണുണ്ടായത്. റസ്തോഗി കമ്മിറ്റി റിപ്പോർട്ടും അതിന്മേൽ യു.ജി.സി. നടത്തിയ ശുപാർശകളും അവഗണിച്ചുകൊണ്ട് കേന്ദ്രഗവണ്മെന്റ് ഏകപക്ഷീയമായി നടത്തിയ പ്രഖ്യാപനങ്ങൾ പിൻവലിപ്പിക്കുന്നതിനും അദ്ധ്യാപകർക്ക് വളരെയേറെ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കുന്നതിനും പണിമുടക്ക് സമരം കൊണ്ടു കഴിഞ്ഞു. ശമ്പളപരിഷ്കരണ പദ്ധതിയുടെ സമഗ്രമായ ഉത്തരവ് 98 ഡിസംബർ 24-ന് യു.ജി.സി. പുറപ്പെടുവിക്കുകയുണ്ടായി. കേരളത്തിൽ ഇത് നടപ്പാക്കിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

ഇക്കഴിഞ്ഞ പത്തുവർഷകാലത്തിനുള്ളിൽ ഗുണപരവും ഗണപരവുമായ വളർച്ച സംഘടനയ്ക്ക് ഉണ്ടായിട്ടുണ്ട്. അംഗസംഖ്യയിൽ വളരെ വർദ്ധനവ് ഉണ്ടായെങ്കിലും റിട്ടയർചെയ്യുന്ന അദ്ധ്യാപകരുടെ എണ്ണം വളരെ കൂടുതലായതിനാൽ പ്രസ്തുത വർദ്ധനവ് നാമമാത്രമായി മാത്രമെ പ്രതിഫലിക്കുന്നുള്ളൂ. പകുതിയോളം പ്രൈവറ്റ് കോളേജദ്ധ്യാപകർ ഇന്ന് സംഘടനയ്ക്ക് വെളിയിലാണ്. എല്ലാ അദ്ധ്യാപകരേയും സംഘടനാംഗങ്ങളാക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

സ്വർണ്ണം
വെള്ളി, രത്നം
ഒരു കുടക്കീഴിൽ

മന്നാടിയാർ ജ്വല്ലറി ☎ 533125

MANNADIAR'S Silver & Gems ☎: 532718

*Market Road, Palakkad*

# എകെപിസിടിഎ
# ചരിത്രമുഹൂർത്തങ്ങൾ

- 1952 മാർച്ച് 16-ന് 'തിരുവിതാംകൂർ യൂണിവേഴ്സിറ്റി പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് യൂണിയൻ' രൂപമെടുത്തു. ആദ്യത്തെ പ്രസിഡന്റ് കൊല്ലം എസ് എൻ. കോളേജ് പ്രിൻസിപ്പലായ ശ്രീ. രാമയ്യരായിരുന്നു.
- 1956 സംഘടനയുടെ പേര് ട്രാവൻകൂർ യൂണിവേഴ്സിറ്റി പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ എന്നാക്കി മാറ്റി.
- 1957 ഈ സംഘടന 'കേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (KPCTA) എന്ന പേര് സ്വീകരിച്ചു.
- 1957 കൊച്ചി-മലബാർ പ്രദേശത്ത് മലബാർ-കൊച്ചി പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻ (MCPCTA) എന്നൊരു സംഘടന നിലവിൽ വന്നു.



MCPCTA സ്ഥാപക നേതാവ്
പ്രൊഫ. നാരായണസ്വാമി

1958 KPCTAയും MCPCTAയും സംയോജിച്ച് ആൾകേരള പ്രൈവറ്റ് കോളേജ് ടീച്ചേഴ്സ് അസോസ്സിയേഷൻ (AKPCTA) ജന്മമെടുത്തു. ഡിസംബർ 21-ന് എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ വച്ചാണ് സംഘടനരൂപീകരിച്ചത്. പ്രസിഡന്റ് : പി.സി. ജോസഫ് (സെന്റ് തോമസ് കോളേജ്, പാല), ജനറൽസെക്രട്ടറി : വി.ആർ. സുബ്രഹ്മണ്യം (സെന്റ് തോമസ് കോളേജ്, തൃശ്ശൂർ)



പി.സി. ജോസഫ്



വി.ആർ. സുബ്രഹ്മണ്യം

- 1961 തുല്യജോലിക്ക് തുല്യവേതനം (parity) ആവശ്യപ്പെട്ട് ഫെബ്രുവരിയിൽ കോളേജ് അധ്യാപകർ കോൺവൊക്കേഷൻ വേഷത്തിൽ തിരുവനന്തപുരത്ത് ആദ്യപ്രകടനം നടത്തി. മുദ്രാവാക്യം വിളിക്കാതെ മൂകമായിട്ടായിരുന്നു പ്രകടനം.





1964-ലെ കോട്ടയം കൺവൻഷനിൽ പ്രൊഫ. മുണ്ടശ്ശേരി

- 1962 മെച്ചപ്പെട്ട സേവനവ്യവസ്ഥകൾക്കും, റിട്ടയർമെന്റാനുകൂല്യങ്ങൾക്കും, പാരിറ്റിക്കുംവേണ്ടി പ്രത്യക്ഷസമരപരിപാടികൾ ആരംഭിക്കാൻ തീരുമാനിച്ചു.
- 1962 ഡിസംബർ 31-ന് കേരളസർക്കാർ ഗ്രാന്റ് ഇൻ എയ്ഡ് കോഡ് നടപ്പിലാക്കി. മാനേജ്മെന്റിനുണ്ടാകുന്ന കമ്മിയുടെ 60% ഗ്രാന്റായി സർക്കാർ നല്കുമെന്ന പ്രഖ്യാപനമുണ്ടായി.
- 1964 ആദ്യമായി യൂണിവേഴ്സിറ്റി ഭരണസമിതികളിൽ അസോസിയേഷൻ സ്ഥാനാർത്ഥികൾ മത്സരിച്ചുജയിച്ചു. എ.കെ.പി.സി.ടി.എ പ്രസിഡന്റ് പ്രൊഫ. വി.ആർ. സുബ്രഹ്മണ്യം സിന്റിക്കേറ്റിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടു.
- 1965 ഫെബ്രുവരി ഒന്നുമുതൽ പണിമുടക്കുവാൻ തീരുമാനിച്ചു. 1.10.65 മുതൽ പുതിയ ശമ്പളസ്കെയിലും വർദ്ധിച്ചക്ഷാമബത്തയും അനുവദിച്ചു. സമരം ഒഴിവായി.
- 1966 കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ് പ്രിൻസിപ്പൽ ശ്രീ മാധവൻ നമ്പ്യാരെ അകാരണമായി പിരിച്ചുവിട്ടതിനെതിരേ സമരം. പ്രൊഫ. ഐ.ജി. ഭാസ്ക്കരപ്പണിക്കരുടെ നേതൃത്വ

ത്തിൽ നിരാഹാരസമരം നടന്നു. ഈ ഗ്രസ്റ്റം ഉന്നയിച്ച് സെക്ര ട്ടേറിയറ്റ് നടയിലും നിരാഹാരസമരം നടന്നു. 1969-ലെ കേര ളയൂണിവേഴ്സിറ്റി നിയമത്തിൽ കോളേജധ്യാപകരുടെ സേവ നവ്യവസ്ഥയെപ്പറ്റി എഴുതിച്ചേർക്കാൻ പ്രേരകമായത് ഈ ഗ്രസ്റ്റ സമരമാണ്.

1967 ഫെബ്രുവരിയിൽ, 1-4-66 മുതൽ മുൻകാലപ്രാബല്യത്തോടെ, സംസ്ഥാന സർക്കാർ പുതിയ യു.ജി.സി. സ്കെയിലുകൾ നട പ്പിലാക്കി. ഗവ. കോളേജധ്യാപകരുമായി യഥാർത്ഥപാരിറ്റി നട പ്പിൽ വരുന്നത് ഈ ഘട്ടത്തിലാണ്.

1968 ഫെബ്രുവരി 12 മുതൽ എഴുദിവസം നീണ്ടുനിന്ന പണിമു ടക്ക്— സേവന വ്യവസ്ഥകൾക്കുവേണ്ടി. നിയമാധിഷ്ഠിത സേവ നഭദ്രതയും മെച്ചപ്പെട്ട സേവനവ്യവസ്ഥകളും യൂണിവേഴ്സിറ്റി നിയമത്തിൽ ഉൾപ്പെടുത്തുമെന്ന് സർക്കാർ ഉറപ്പുനൽകി. യൂണി വേഴ്സിറ്റി നിയമത്തിൽ ഇതിനായി പ്രത്യേകമായൊരധ്യായം (8-ാം അധ്യായം) നിലവിൽ വന്നു. സംഘടനാചരിത്രത്തിലെ ആദ്യത്തെ സമരം അങ്ങിനെ പൂർണ്ണവിജയമായി.

1968 എസ്.എൻ. കോളേജിൽ നിന്നും പിരിച്ചുവിടപ്പെട്ട പ്രോബേഷ നറി അധ്യാപകരെ തിരിച്ചെടുപ്പിക്കാൻ 60 ദിവസം നീണ്ടുനിന്ന സമരത്തിലൂടെ സാധിച്ചു.

1969 പിരിച്ചുവിടലിനെതിരേ കൊല്ലം ഫാത്തിമാ കോളേജിനുമുന്നിൽ 74 ദിവസം നീണ്ടുനിന്ന സമരം. ഒത്തുതീർപ്പനുസരിച്ച് അധ്യാ പകരെ തിരിച്ചെടുത്തു.

1971 ഡയറക്ട് പേമെന്റിനുവേണ്ടി സെപ്റ്റംബർ 15 മുതൽ പണിമു ടക്ക്.





യു.ജി.സി. നിരക്കിലുള്ള ശമ്പളം നേടിയെടുക്കുവാൻ സെക്രട്ടേറിയറ്റ്നടയിൽ 1974-ൽ നടത്തിയ സത്യാഗ്രഹം തിരുവനന്തപുരം മേയർ സ. എം.പി. പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു

1972 ഗവണ്മെന്റ് ഫീസ് ഏകീകരണം ഏർപ്പെടുത്തി. ഇത് ഡയറക്ട് പേമെന്റിന്റെ പ്രസക്തി വർദ്ധിപ്പിച്ചു.

1972 സെപ്റ്റംബർ 1 മുതൽ ഡയറക്ട് പേമെന്റ് നടപ്പിലായി.

1974 യു.ജി.സി. ശമ്പളപരിഷ്കരണം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് ഒക്ടോബർ 8-ന് ഐഫക്ടോയുടെ ആഹ്വാനമനുസരിച്ച് സൂചനാപണിമുടക്ക്.

1976 റിട്ടയർമെന്റാനുകൂല്യങ്ങൾ ഏപ്രിൽ 1 മുതൽ നടപ്പിലാക്കി.

1977 എകെപിസിടി വെൽഫെയർ ട്രസ്റ്റ് ജനുവരി 8-ന് രൂപീകരിച്ചു.

1979 കേരളത്തിലെ സംസ്ഥാന ജീവനക്കാരുടെ വിപുലമായ ഐക്യവേദിയിൽ എകെപിസിടിഎയും അംഗമാകുന്നു.

1979 പേ കമ്മീഷൻ റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഡിസംബർ 5-ന് ഐക്യവേദിയുടെ നേതൃത്വത്തിൽ സൂചനാപണിമുടക്ക്.



വെൽഫെയർ ട്രസ്റ്റിൽ നിന്നുള്ള ധനസഹായം കേരളാ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. എ.വി. വർഗീസ് ബ്രാഞ്ച്സെക്രട്ടറിയെ ഏൽപിക്കുന്നു

1985 ശമ്പളപരിഷ്കരണം ആവശ്യപ്പെട്ട് ആഗസ്റ്റ് 7-ന് ഐക്യസമര സമിതിയുടെ നേതൃത്വത്തിൽ അനിശ്ചിതകാലപണിമുടക്ക് ആരംഭിച്ചു.

1986 മേയ് 31 ന് പ്രീഡിഗ്രി ബോർഡിനെതിരെ ഉപവാസ സത്യാഗ്രഹം നടത്തി.



1986 ജൂൺ 11 മുതൽ പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരം



1987 തിരുവനന്തപുരത്ത് സംസ്ഥാനകമ്മിറ്റി ഓഫീസ് പ്രൊഫ. ആർ.ആർ.സി. ഉദ്ഘാടനം ചെയ്തു

- 1987 നാലാം യു.ജി.സി. ശമ്പളപരിഷ്കരണ ഉത്തരവ് ഇന്ത്യാഗവൺമെന്റ് പുറപ്പെടുവിച്ചു.
- 1987 യുജിസി ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് ആഗസ്റ്റ് 4 മുതൽ സെപ്തംബർ 5 വരെ അഖിലേന്ത്യാപണിമുടക്ക്.
- 1988 അന്തർസർവ്വകലാശാലാസ്ഥലം മാറ്റങ്ങൾ നിരോധിച്ചുകൊണ്ടുള്ള യൂണിവേഴ്സിറ്റി നിയമത്തിലെ 64, 68 വകുപ്പുകൾ നടപ്പിലായി.
- 1990 മാർച്ച് 13-ന് യു.ജി.സി. ശമ്പളപരിഷ്കാരം നടപ്പിലാക്കിക്കൊണ്ട് കേരളസർക്കാർ ഉത്തരവിറക്കി.
- 1991 വിലക്കയറ്റം തടയണമെന്നാവശ്യപ്പെട്ട് നവംബർ 29-ന് അഖിലേന്ത്യാപണിമുടക്ക്
- 1991 ഏകികൃത സർവ്വകലാശാലാ നിയമത്തിനെതിരെ സെപ്റ്റംബർ 24-ന് അസംബ്ലിമാർച്ചും ധർണയും
- 1993 ഏകികൃത സർവ്വകലാശാലാ നിയമത്തിനെതിരേ ജൂലൈ 28-ന് പണിമുടക്ക്
- 1993 അഖിലേന്ത്യാപണിമുടക്കും ഭാരതബന്ദും.
- 94-95, 95-96 അൺ എയ്ഡഡ് - സ്വാശ്രയ കോളേജുകൾക്കും സ്കൂളുകൾക്കും എതിരേ സമരം.








അൺഎയ്ഡഡ്-സ്വാശ്രയ കോളേജുകൾക്കെതിരേയുള്ള ഉപവാസസമരം സ. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു







സിൽവർജൂബിലി ഉദ്ഘാടനം-എകെപിസിടിഎ ജന. സെക്രട്ടറി
പ്രൊഫ. കെ.പി. ദിവാകരൻനായർ സദസ്സിനെ അഭിസംബോധന ചെയ്യുന്നു

- 1996 മാർച്ച് 15-ന് എകെപിസിടിഎ ഓഫീസ്മന്ദിരം സ. ഇ.എം.എസ് ഉദ്ഘാടനംചെയ്തു
- 97-98 ഇൻട്രായൂണിവേഴ്സിറ്റി ട്രാൻസ്ഫർനോംസ്സ്റ്റാറ്റ്യൂട്ട്സ് (കേരള യൂണിവേഴ്സിറ്റി) നടപ്പിലായി.
- 1998 അഞ്ചാം യുജിസി ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ഐഫക്ടോയുടെ നേതൃത്വത്തിൽ അഖിലേന്ത്യാ വ്യാപകമായി പണിമുടക്കി. 26 ദിവസം നീണ്ടുനിന്ന സമരത്തെ തുടർന്ന് കേന്ദ്രസർക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ സെപ്റ്റംബർ 4-ന് പണിമുടക്ക് പിൻവലിച്ചു.



98 സെപ്റ്റം. 4-ന് ഐഫക്ടോയുടെ നേതൃത്വത്തിൽ പാർലമെന്റ് മാർച്ച്



യുജിസി ശമ്പളപരിഷ്കരണം നടപ്പാക്കണമെന്നാവശ്യപ്പെട്ട് പണിമുടക്കിയ കോളേജ് അധ്യാപകർ 1998 ഓഗസ്റ്റ് 11-ന് സെക്രട്ടേറിയേറ്റിനു മുൻപിൽ നടത്തിയ ധർണ ഐഫക്ടോ സെക്രട്ടറി പ്രൊഫ. കെ.പി. ദിവാകരൻനായർ ഉദ്ഘാടനംചെയ്യുന്നു

# "കോളേജ് ടീച്ചർ" വളർന്നുവന്ന വഴികൾ

വി.എൻ. മുരളി

പത്രത്തെ വിശേഷിപ്പിക്കാറുള്ളത് - സംഘാടകൻ, സുഹൃത്ത്, പ്രചാരപകൻ എന്നാണ്. സംഘടനയുടെ മുഖപത്രത്തിന് നാലാമതൊരു വിശേഷണം കൂടി ചേരും - സംരക്ഷകൻ. വിരുദ്ധാശയങ്ങൾ ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്ന സമൂഹത്തിൽ ജനങ്ങളെ ശരിയായ വഴിയിൽ സംഘടിപ്പിക്കുക ഏറെ പ്രയാസമുള്ളതാണ്. ജനങ്ങളോടൊപ്പം നിന്ന് അവരുടെ സുഹൃത്തായി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാൻ പത്രത്തിനു കഴിയും. സർവ്വീസ് സംഘടനകൾക്ക് പലതരം വെല്ലുവിളികളെ ഒരേസമയം നേരിടേണ്ടിവരും. അപ്പോഴൊക്കെ വാളും പരിചയും പോലെ വെട്ടാനും തടുക്കാനും അതുവഴി സംഘടനയെ സംരക്ഷിച്ചു നിലനിർത്താനും മുഖപത്രത്തിനു കഴിയണം. ഏറെ പ്രയാസമുള്ള ഈ ചുമതല അതീവ ശ്രദ്ധയോടെ നിർവ്വഹിക്കേണ്ടതുണ്ട്.

എകെപിസിടിഎ മുഖപത്രമായ 'കേരള പ്രൈവറ്റ് കോളേജ് ടീച്ചർ' ഭൂരിഭാഗം കോളേജധ്യാപകരും വായിക്കുന്ന പ്രസിദ്ധീകരണമാണ്. നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന പത്രാധിപസമിതിയും മാനേജ്മെന്റ് സംവിധാനവും ഉണ്ട്. ഈ വളർച്ചയെല്ലാം ഒരുദിവസം കൊണ്ടുണ്ടായതല്ല. പ്രൈവറ്റ് കോളേജധ്യാപകരുടെ ഏറ്റവും വലിയ സംഘടിത പ്രസ്ഥാനമായ എകെപിസിടിഎയുടെ കരുത്തുകൊണ്ടാണ് ഈ വളർച്ചയുണ്ടായത്. ഇന്നിപ്പോൾ 150 ലക്കം പൂർത്തിയാക്കാനും ആ സന്ദർഭത്തിൽ ഒരു വിശേഷാൽപ്പതിപ്പ് പ്രസിദ്ധീകരിക്കാനും കഴിയുന്നുവെന്നത് അഭിമാനത്തിനു വകനല്കുന്നു.

## *തുടക്കം 'ക്വാർട്ടർലി' യിൽ*

എകെപിസിടിഎ രൂപംകൊള്ളുന്നത് 1958-ൽ ആണ്. പിന്നെയും പത്തുവർഷം കഴിഞ്ഞ് 1968 ഒക്ടോബറിലാണ് സംഘടനയ്ക്ക് ഒരു മുഖപത്രമുണ്ടാകുന്നത്. പേര് - 'എകെപിസിടിഎ ക്വാർട്ടർലി'. പനമ്പള്ളി ഗോവിന്ദമേനോൻ, പി.ടി. ഭാസ്കരപ്പണിക്കർ, എൻ.വി. കൃഷ്ണവാര്യർ, കെ.എം. ചെറിയാൻ, ജോസഫ് മുണ്ടശ്ശേരി എന്നിവരടങ്ങുന്ന 'എഡിറ്റോറിയൽ അഡ്വൈസറികമ്മിറ്റി' ക്വാർട്ടർലിക്കുണ്ടായിരുന്നു. സംഘടനയുടെ സ്ഥാപക നേതാക്കന്മാരിൽ പ്രമുഖനായ പ്രൊഫ. വി.ആർ. സുബ്രഹ്മണ്യമായിരുന്നു മാനേജിംഗ് കമ്മിറ്റി ചെയർമാൻ. അംഗങ്ങൾ സി.ഇസഡ്. സ്കറിയ, സി.എ. ഷെപ്പേർഡ്, ആർ.ആർ.സി. നായർ, സി.കെ. ശിവരാമപിള്ള, ഐ.ജി. ഭാസ്കരപ്പണിക്കർ, കെ.പി. സെബാസ്റ്റ്യൻ, സി.പി. നാരായണൻ, എൻ. രാജശേഖരൻനായർ എന്നിവരായിരുന്നു. തൃശൂരിൽ നിന്നായിരുന്നു പ്രസിദ്ധീകരണം. ഇന്ത്യൻ പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, മുഖ്യമന്ത്രി, വിദ്യാഭ്യാസമന്ത്രി എന്നിവരുടെ ആശംസാസന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ആദ്യലക്കം പുറത്തിറങ്ങിയത്. ഒരു കോപ്പിയുടെ വില അമ്പതുപൈസ. അധ്യാപകരുടെ സേവനസ്ഥിരതയ്ക്കു മുഖ്യംനല്കുന്ന കേരള യൂണിവേഴ്സിറ്റി നിയമത്തിന്റെ സവിശേഷതകളായിരുന്നു ആദ്യലക്കത്തിലെ പ്രധാന ഉള്ളടക്കം. (അന്നിത് ബില്ലായി നിയമസഭാ സെലക്ട് കമ്മിറ്റി അംഗീകരിച്ച സന്ദർഭമായിരുന്നു). ഒന്നാംലക്കത്തിലെ എഡിറ്റോറിയൽ അന്നത്തേയും ഇന്നത്തേയും സാഹചര്യങ്ങൾ മനസ്സിലാക്കാൻ സഹായകമാകും.

**EDITORIAL**

The All Kerala Private College Teachers' Association was born on Dec. 21 1958 at the St. Alberts' College, Ernakulam, when the two regional associations, the Kerala Private College Teachers Association and the Malabar Cochin Private College Teachers Association were merged into one. During the ten years of its existence the Association has fought valiantly for the cause of Private College Teachers. In its initial days it was naturally concerned with bread and butter, with ameliorating the conditions of teachers in the State. Due to its efforts salary scales have been thrice revised, first in 1958 and again in 1965 and 1966. The Lecturer who had an initial start of Rs. 125 + 70 in 195/- now draws an initial salary of Rs. 300 + D.A. of 140. The following table will show the progress that has been achieved in this direction:

| *Year* | *Lecturer* | *2nd Grade Prof: Ist* | *Ist Grade Prof.* | *Principal* |
|---|---|---|---|---|
| 1957 | 125—5—150 10—250 | 250—15—400 | 250—15—400 | 400—600 |
| 1968 | 300—600 + Govt. D. A. | 400—800 + Govt. D. A. | 700—1000 + Govt. D. A. | 800—1100 + D. A. |

Thus we have almost achieved practical parity in scales with our compeers in Government Colleges.

In the field of Security of Service also we have some notable achievements to our credit. Our Service conditions have been revised thrice, once in 1964 and again in 1967 and the Bill which is on the anvil of the Kerala Legislature contains a chapter on private colleges – Chapter 8. This chapter seeks to guarantee for us fair and equitable Service conditions making our rights justiciable with the power for Government to implement them. On our unity and strength will depend whether the Bill is to be passed and implemented immediately.

The Syndicate of the Kerala University has formulated a retirement benefit scheme for Private College Teachers. It is a triple benefit scheme modelled on the Madras one, consisting of contributary Provident Fund and Gratuity cum-pension. We call upon the Government to amend the Grant-in-Aid Code suitably incorporating these retirement benefits.

There are 60 First Grade, 50 Second Grade and 14 Training Colleges in the State in the Private Sector. In them 4,000 teachers are working. We demand they be given the facilities to work with dignity, free from material cares. It is in the interests of the State that the teacher should be contented and able to discharge his task in a peaceful atmosphere. The more money is spent on schools and colleges the less need be spent on jails and courts. We are now spending only 11% of our national income on education of which the lion's share goes to school education.

There are many problems facing us in the field of education the First is that of the medium of instruction. Next is how to correlate education to life so as to make it productive. The teacher can contribute his share to the solution of these national problems only in an atmosphere of freedom and security. It is the belief of the teachers in private colleges that the necessary provisions will be made in the Kerala University Bill whereby their existing grievances will be redressed and long-cherished dreams realised.




ക്വാർട്ടർലിയുടെ ആദ്യത്തെ 'ചീഫ് എഡിറ്റർ' പ്രസിദ്ധ നാടകകൃത്തായിരുന്ന പ്രൊഫ. ജി. ശങ്കരപ്പിള്ളയാണ്. ശാസ്താംകോട്ട ദേവസ്വംബോർഡ് കോളേജ് അധ്യാപകനായിരുന്ന ശങ്കരപ്പിള്ളസാർ ക്വാർട്ടർലിയുടെ രൂപഭാവങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തിയാണ് പ്രസിദ്ധീകരിച്ചിരുന്നത്. പ്രസിദ്ധീകരണസ്ഥലം ശാസ്താംകോട്ടയായി

ന്നു. സംഘടനാപ്രശ്നങ്ങളും വിദ്യാഭ്യാസകാര്യങ്ങളും മാത്രമല്ല സാംസ്കാരികരണവും ക്വാർട്ടർലിയിൽ സജീവ ചർച്ചാവിഷയമായിരുന്നു. ഇതെല്ലാം സൂചിപ്പിച്ചുകൊണ്ട് ശങ്കരപ്പിള്ളസാർ അന്നെഴുതിയ എഡിറ്റോറിയൽ ശ്രദ്ധേയമാണ്:

> ഏ. കെ. പി. സി. റ്റി. എ. എന്തിനുവേണ്ടി നിലകൊള്ളുന്നു എന്നു പറയുവാനോ അദ്ധ്യാപകരുടെ സംഘടിതശക്തിയുടെ അജയ്യതയെ കുറിച്ചു പ്രസംഗിക്കാനോ ഉദ്ദേശിച്ചിട്ടുള്ളതല്ല ഈ കുറിപ്പ്. അഖിലേന്ത്യാടിസ്ഥാനത്തിൽ സ്വകാര്യകോളേജ് അദ്ധ്യാപകർ സംഘടിച്ചുതുടങ്ങിയിട്ട് എന്നതിന് ഒരു ദശകകാലമായുള്ള നമ്മുടെ സാംസ്കാരിക ചരിത്രം ഉത്തരം നൽകിക്കൊള്ളും. അവരുടെ സംഘടിതശക്തി അടിമകളിൽ ധൈര്യത്തിന്റെ മേൽവീര്യം പകർന്നുകൊണ്ട്, നീതിരാഹിത്യത്തിന്റെ മാളങ്ങളിൽ ഭയപാരവശ്യം ജനിപ്പിച്ചുകൊണ്ട്, ഭാഗധേയജനകമായ അനേകം അഗ്നിപരീക്ഷണങ്ങളിലൂടെ പുരോഗമിക്കുന്നു. ആ കഥയും കണ്ണുള്ളവൻ കണ്ടറിഞ്ഞ കഥയാണ്. പിന്നെന്തിന് ഈ കുറിപ്പ്?
>
> നമ്മുടെ ആവശ്യങ്ങൾ സ്പഷ്ടമായ ലക്ഷ്യബോധത്തോടെ ക്രോഡീകരിക്കുവാനും, സംഘടനയുടെ ഉദ്ദേശ്യങ്ങൾ ക്രിയാത്മകമായ ചർച്ചകളിലൂടെ സമാഹരിക്കുവാനും ഒരു ജിഹ്വ ആവശ്യമാണ്. അതിനാണ് ഏ. കെ. പി. സി. റ്റി. എ. ഇത്തരം ഒരു പ്രസിദ്ധീകരണം ആരംഭിച്ചത്. കെട്ടിലും മട്ടിലും കൂടുതൽ ഭംഗിയാക്കണമെന്ന അഭിലാഷവുമായി ഇതാ അതിന്റെ പുതിയ ലക്കം പ്രസിദ്ധീകരിക്കുന്നു.
>
> കഴിവുള്ളിടത്തോളം യഥാസമയംതന്നെ മറ്റു ലക്കങ്ങളും പ്രസിദ്ധീകരിക്കണമെന്നാഗ്രഹമുണ്ട്. അദ്ധ്യാപകന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും, നമ്മുടെ അടിയന്തിരാവശ്യങ്ങൾ ഉന്നയിക്കുകയും, വാർത്തകൾ കൈമാറുകയും ചെയ്യാൻ ഇതു പ്രയോജനപ്പെടണമെന്നാണ് മോഹം. അതിനുപുറമെ ഈ നാട്ടിലെ സാംസ്കാരികജീവിതത്തിന്റെ സർഗ്ഗശക്തമായ എല്ലാ മുഖങ്ങളും ഈ കൊച്ചു ദർപ്പണത്തിൽ പ്രതിഫലിപ്പിച്ചാൽക്കൊള്ളാമെന്നാഗ്രഹമുണ്ട്. അദ്ധ്യാപകൻ ബുദ്ധിപരമായ വ്യാപാരങ്ങളിൽ കൂടുതലിടപെട്ട് നമ്മുടെ മേധാസംസ്കാരത്തെ ഇന്ന് പുഷ്ടിപ്പെടുത്തുന്നില്ലെന്നുള്ള ആക്ഷേപക്കാരുടെ മുഖവാദത്തെ ദൂരീകരിക്കണമെന്ന അഭിലാഷവുമുണ്ട്. ഇതിനെല്ലാം പോന്ന ലേഖനങ്ങൾ അടുത്ത ലക്കങ്ങളിൽ ഉൾപ്പെടുത്തുവാൻ ഞങ്ങൾ അതിയായി അഭിലഷിക്കുന്നു.
>
> ലേഖനങ്ങൾ യഥാവസരം ലഭിച്ചാൽമാത്രമേ ഇതു സഫലമാകൂ. സംഘടനയുടെ ഓരോ ശാഖയും ഇത്തരം ഒരു പ്രസിദ്ധീകരണത്തിന്റെ ആവശ്യം കണ്ടറിഞ്ഞ് സഹായിച്ചാൽമാത്രമേ ഇതു നടക്കൂ. കൂടുതൽ ഉപയുക്തമായ, വിഭവസമ്പന്നമായ, ഒരു ത്രൈമാസികമായി ഇതിനെ പരിവർത്തനപ്പെടുത്തുവാൻ അംഗങ്ങളുടെ നിർല്ലോഭമായ സഹായസഹകരണങ്ങൾ വേണം. അതിന്നായി ഏ. കെ. പി. സി. റ്റി. എ.യിലെ ഓരോ ശാഖയോടും, ഓരോ അംഗത്തോടും അപേക്ഷിക്കുന്നു.
>
> ഈ ലക്കത്തിനു വേണ്ടി ലേഖനങ്ങൾ നൽകി സഹായിച്ച സുഹൃത്തുക്കളോട് നിസ്സീമമായ നന്ദി ഞങ്ങൾക്കുണ്ട്.
>
> **ജീ. ശങ്കരപ്പിള്ള**
>
> (പത്രാധിപസമിതിക്കുവേണ്ടി)

## ബുള്ളറ്റിനുകളുടെ കാലം

തുടങ്ങിയും മുടങ്ങിയും വീണ്ടും ആരംഭിച്ചും മുന്നോട്ടുപോകുന്ന മുഖപത്രത്തിന്റെ അടുത്തഘട്ടം ബുള്ളറ്റിനുകളുടേതാണ്.

'എകെപിസിടിഎ ബുള്ളറ്റിൻ' എന്ന പേരിൽ 1974 ജനുവരിയിൽ ആദ്യലക്കം ഇറങ്ങി. പ്രൊഫ. എം.ആർ. ചന്ദ്രശേഖരനായിരുന്നു ബുള്ളറ്റിന്റെ പത്രാധിപർ. ഇതും മുടക്കം

> # AKPCTA Bulletin
>
> Number One. [For Private Circulation Only] January 1974
>
> ## FOREWORD
>
> The function of this Bulletin is threefold.
>
> - to voice the grievances and demands of the teaching community of the higher levels of our educational set up;
> - to give a true picture of the struggles waged by that community; and
> - to stimulate purposeful thinking and meaningful discussion on problems of educational reconstruction and cultural revolution.
>
> Our tasks, then, are immense. But we are not quite sure whether we have commensurate resources. We rely solely and entirely on your help and cooperation.
>
> Of late, some amongst our ranks have slided into a state of smugness, persuaded by the belief that the system of direct payment has driven way all the evils that beset us. But we would remind them that the end of our efforts is not yet in sight.
>
> We are striving for complete economic security and unqualified academic privileges. Then, we are also deeply interested in evolving a new system of education fully in harmony with the interests, ideals and aspirations of our great nation marching towards the goal of socialism.
>
> A few peripheral concessions and high sounding promises that emanate from the powers that be and their acolytes should neither delude us nor divert us from our path of vigorous and united action. We have miles and miles to go.
>
> Teachers all over the country are dissatisfied. They are dissatisfied with the educational organisation which is out of tune with the democratic impulses of this age. They are dissatisfied with the present educational system which is but a continuation of the colonial system imposed upon us by our British "masters". They are also dissatisfied with the meagre rewards they get for their onerous work.
>
> Teachers of Universities and Colleges throughout the length and breadth of the country are making valiant efforts to protect their real wages in these days of spiralling inflation as well as to better their working conditions. They are also endeavouring to reform our educational system in a radical fashion. Our ultimate security is in our total identification with this fighting fraternity of teachers.
>
> This Bulletin will try its best to clarify the issues before us, to highlight our demands and to give a filip to the militant activities of the teachers of this state as well as to reflect the inspiring struggles outside.

കൂടാതെ മുന്നോട്ടു പോയില്ല. '74 ജനുവരിയിൽ ആദ്യലക്കം പ്രസിദ്ധീകരിച്ചശേഷം പിന്നെ രണ്ടാംലക്കം ജൂണിലാണ് പുറത്തിറക്കിയത്. മൂന്നാംലക്കം സെപ്റ്റംബറിൽ - ഇതായിരുന്നു അന്നത്തെ സ്ഥിതി. സംഘടനയിലൂടെ ജേർണലും ജേർണലിലൂടെ സംഘടനയും കരുത്താർജിച്ച് വളർച്ചനേടാൻ തുടങ്ങുന്നതിന്റെ ആദ്യചിത്രമാണ് ഇവിടെ കാണുന്നത്.

1974-ൽ തിരുവനന്തപുരത്തു ചേർന്ന എകെപിസിടിഎ എട്ടാം കൺവെൻഷൻ പാസ്സാക്കിയ അവകാശപത്രിക ബുള്ളറ്റിനിൽ ചേർത്തിരുന്നു. അത് ഇന്നു വായിക്കുന്നത് പല ഓർമ്മകളും നമ്മളിലുണർത്തും. ശമ്പളപ്രശ്നം, സേവനവ്യവസ്ഥകൾ, നിയമസംരക്ഷണം എന്നിങ്ങനെ മൂന്നായി തിരിക്കാവുന്നതായിരുന്നു അന്നത്തെ അവകാശപത്രിക.

മുടങ്ങിപ്പോയ ബുള്ളറ്റിൻ വീണ്ടും ആരംഭിക്കുന്നത് 1977-ലാണ്. ബുള്ളറ്റിന്റെ ശരിക്കുള്ള തുടക്കം അന്നാണെന്നു പറയാം. ഒന്ന്, രണ്ട് എന്ന് തുടർച്ചയായി നമ്പരിട്ട് പ്രസിദ്ധീകരിക്കാൻ തുടങ്ങിയത് അന്നുമുതല്ക്കാണ്. ആഗസ്റ്റ്-സെപ്റ്റംബർ ലക്കങ്ങൾ ഒരുമിച്ചു പ്രസിദ്ധീകരിച്ചുകൊണ്ടായിരുന്നു (1, 2) തുടക്കം. അവിടെ നിന്നാണ് ഇപ്പോഴത്തെ 150-ാം ലക്കത്തിലെത്തിയത്. അതിനുമുമ്പ് നമ്പരിടാതെ ഇറങ്ങിയ ലക്കങ്ങൾ കണക്കിൽപെടുത്തിയിട്ടില്ല. അന്നത്തെ പത്രാധിപസമിതിയിൽ പി. നരേന്ദ്രൻ (ചീഫ് എഡിറ്റർ), ടി. ഗോപാലകൃഷ്ണൻ (മാനേജിംഗ് എഡിറ്റർ), ആർ.ആർ.സി. നായർ,



സ്വകാര്യകോളേജധ്യാപകരുടെ അവകാശപത്രിക

AKPCTA

2

ആദ്യത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചതും 1974-ൽ തിരുവനന്തപുരത്തു ചേർന്ന എകെപിസിടിഎ 8-ാം കൺവൻഷൻ പാസ്സാക്കിയതുമായ അവകാശപത്രിക

ടി.പി. മുഹമ്മദ്കുഞ്ഞി, പി. രവീന്ദ്രനാഥ്, ടി.എം. ജോസഫ്, ജോർജ് ഓണക്കൂർ എന്നിവരായിരുന്നു ഉണ്ടായിരുന്നത്. ഹരിപ്പാട് നിന്നായിരുന്നു പ്രസിദ്ധീകരണം. ഒമ്പതു ലക്കങ്ങൾ ഈ പത്രാധിപസമിതിയുടെ നേതൃത്വത്തിൽ പുറത്തിറങ്ങി.

## 'ബുള്ളറ്റിൻ' മാറുന്നു പകരം 'ജേർണൽ'

'എകെപിസിടിഎ ജേർണൽ' എന്ന പേര് സ്വീകരിച്ച് 1979 മുതൽ തിരുവനന്തപുരത്തു നിന്നും പ്രസിദ്ധീകരണം ആരംഭിക്കുന്നതാണ് വളർച്ചയുടെ അടുത്തഘട്ടം. പുതിയ പത്രാധിപസമിതിയുടെ നേതൃത്വത്തിൽ ബുള്ളറ്റിന്റെ പത്താംലക്കം '79 ഫെബ്രുവരിയിൽ ജേർണൽ എന്നപേരിൽ പുറത്തിറങ്ങി. വി.എൻ. മുരളി (ചീഫ് എഡിറ്റർ), ആർ.ആർ.സി. നായർ, വി. നാരായണൻകുട്ടി, ടി. ഗോപാലകൃഷ്ണൻ, ജി. മാധവൻനായർ, എൻ.ജെ. ജേക്കബ്, ജോർജ് ഓണക്കൂർ എന്നിവരടങ്ങുന്നതായിരുന്നു പത്രാധിപസമിതി. ഉള്ളടക്കത്തിലും രൂപത്തിലും ജേർണൽ മെച്ചപ്പെടുത്താനുള്ള പ്രവർത്തകസമിതി തീരുമാനമനുസരിച്ച് ചില മാറ്റങ്ങളോടെയാണ് പത്താംലക്കം പുറത്തിറങ്ങിയത്. പ്രക്ഷോഭസമരങ്ങളെക്കുറിച്ചുള്ള വാർത്തകളോടൊപ്പം വിദ്യാഭ്യാസ പ്രശ്നങ്ങളുടെ ചർച്ചക്കും പ്രത്യേകം പ്രാധാന്യം നല്കി.



'വിദ്യാഭ്യാസമാധ്യമം' എന്തായിരിക്കണം എന്ന വിഷയം പത്താംലക്കത്തിൽ ചർച്ചചെയ്തിരുന്നു. തായാട്ട് ശങ്കരന്റെ മുഖ്യലേഖനം, ഗാന്ധിജിയുടെ അഭിപ്രായങ്ങൾ, കോത്താരിക്കമ്മീഷൻ റിപ്പോർട്ടിലെ നിഗമനങ്ങൾ - ഇതെല്ലാം ആ ലക്കത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. ഒപ്പം സമരവാർത്തകളും, സംഘനാ റിപ്പോർട്ടുകളും, ഗവണ്മെന്റുത്തരവുകളുമെല്ലാം, ചേർത്ത് ജേർണൽ സജീവമാക്കാനും ശ്രദ്ധിച്ചു. 'ബുള്ളറ്റി'നിൽ നിന്നും 'ജേർണലി'ലേയ്ക്കുള്ള മാറ്റം നമ്മുടെ മുഖപത്രം നേടിയ വളർച്ചയായിരുന്നു. അന്ന് എകെപിസിടിഎ പ്രസിഡന്റ് പ്രൊഫ. ആർ.ആർ.സി. നായരും ജനറൽസെക്രട്ടറി പ്രൊഫ. വി. നാരായണൻകുട്ടിയുമായിരുന്നു.

## കേരള പ്രൈവറ്റ് കോളേജ് ടീച്ചർ





ബുള്ളറ്റിൻ, ജേർണൽ എന്നിങ്ങനെ സൗകര്യത്തിനനുസരിച്ച് പേരിട്ടു പ്രസിദ്ധീകരിച്ചിരുന്ന എകെപിസിടിഎ മുഖപത്രം 'കേരള പ്രൈവറ്റ് കോളേജ് ടീച്ചർ' എന്ന പേരു സ്വീകരിക്കുന്നത് 1979 ആഗസ്റ്റിൽ പ്രസിദ്ധീകരിച്ച പന്ത്രണ്ടാം ലക്കത്തോടെയാണ്. സംഘടനാ പ്രവർത്തനത്തിന്റെ നേർക്കു പിടിച്ച കണ്ണാടിയായിരുന്നു ഓരോ ലക്കവും. ഉന്നത വിദ്യാഭ്യാസ രംഗത്തെ ഓരോ ചെറിയ ചലനം പോലും അധ്യാപകരിൽ എത്തിക്കാനും സംഘടനാപ്രവർത്തനം അവരുടെ ഇടയിൽ ശക്തമാക്കാനും ജേർണൽ സഹായകമായി. പ്രൊഫ. കെ. സുകുമാരൻനായർ ചീഫ്എഡിറ്ററും പ്രൊഫ. കെ.പി. ദിവാകരൻനായർ മാനേജിംഗ് എഡിറ്ററുമായി പുതിയ പത്രാധിപസമിതി കരുത്താർജിച്ചു.



'കേരളാ പ്രൈവറ്റ് കോളേജ് ടീച്ചറി'ന്റെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകൃതമായ ലക്കം

## വിശേഷാൽ പതിപ്പുകൾ

ഇന്നത്തെപ്പോലെ ഓരോവർഷവും സംസ്ഥാന സമ്മേളനം നടത്തുന്ന രീതി മുമ്പുണ്ടായിരുന്നില്ല. മുമ്മൂന്ന് വർഷം കൂടുമ്പോഴുള്ള കൺവൻഷനുകളായിരുന്നു അന്നത്തെ പതിവ്. ഈ കൺവൻഷനുകളുടെ ഭാഗമായി സുവനീറുകൾ സംഘടന പ്രസിദ്ധീകരിച്ചിരുന്നു. ജേർണൽ തുടങ്ങിയതിനുശേഷം സമ്മേളനത്തിന്റെ ഭാഗമായി വിശേഷാൽപതിപ്പുകൾ പുറത്തിറക്കി. 1983-ൽ കൊല്ലത്തു നടന്ന കൺവൻഷനിലാണ് 'കേരള പ്രൈവറ്റ് കോളേജ് ടീച്ചറി'ന്റെ ആദ്യത്തെ സ്പെഷ്യൽ പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. സംഘടനയുടെ ഒരു സമഗ്ര ചരിത്രരേഖയായിരുന്നു അത്. ഈ സ്പെഷ്യലിലേയ്ക്ക് ഒന്നേകാൽ ലക്ഷത്തിൽപ്പരം രൂപയുടെ പരസ്യങ്ങൾ ശേഖരിക്കാനും അന്നു കഴിഞ്ഞു. അച്ചടിച്ചെലവുകൾ കഴിഞ്ഞ് ഒരുലക്ഷം രൂപ സംഘടനയുടെ 'അധ്യാപക ക്ഷേമനിധി'യിലേക്കു നല്കിയത് എടുത്തുപറയേണ്ടതുണ്ട്. സർവ്വീസിലിരിക്കെ അന്തരിക്കുന്ന അധ്യാപകരുടെ ആശ്രിതർക്ക് കാലതാമസം കൂടാതെ ധനസഹായം നല്കാൻ ഇത്തരത്തിൽ



സമാഹരിക്കുന്ന തുക പ്രയോജനപ്പെട്ടു. കൺവൻഷൻ രീതി മാറി ഓരോ വർഷവും സംസ്ഥാന സമ്മേളനം നടത്താൻ തുടങ്ങിയപ്പോഴും വിശേഷാൽ പതിപ്പുകൾ ജേർണലിന്റെ ഭാഗമായി പ്രസിദ്ധീകരിച്ചുപോന്നു. '1984' എകെപിസിടിഎയുടെ രജതജൂബിലി വർഷമായിരുന്നു. അന്നും ജേർണലിന്റെ വിശേഷാൽ പതിപ്പുണ്ടായി. മുപ്പത്തിയേഴാം സംസ്ഥാനസമ്മേളന സമയത്താണ് ജേർണൽ 125 ലക്കം പൂർത്തിയാക്കിയത്. അതോടനുബന്ധിച്ചും സ്പെഷ്യൽപതിപ്പിറക്കുകയുണ്ടായി.




പ്രഗത്ഭരായ എഴുത്തുകാരുടെ രചനകൾ ഉൾപ്പെടുത്തിയായിരുന്നു ഈ വിശേഷാൽ പതിപ്പുകളെല്ലാം പ്രസിദ്ധീകരിച്ചിരുന്നത്. അധ്യാപകർക്കിടയിൽ മാത്രമല്ല പൊതുജനങ്ങളിലും എകെപിസിടിഎ സന്ദേശമെത്തിക്കാൻ ഈ വിശേഷാൽപതിപ്പുകൾക്കു കഴിഞ്ഞു. മാനേജ്മെന്റുകളുടെ ക്രൂരതകൾ ചിത്രീകരിക്കുന്ന ലേഖനങ്ങൾ മാത്രമല്ല, ചെറുകഥകളും കവിതകളുമൊക്കെ ഇവയിൽ ഉൾപ്പെടുത്തിയിരുന്നു. എഴുത്തും ഒരു സമരായുധമായി മാറ്റാൻ ഈ പ്രസിദ്ധീകരണങ്ങൾ സഹായകമായി.







## പിളർക്കാൻ വന്നവർ പിളർന്നു

1985-ൽ സ്ഥാനമോഹം മൂത്ത ചിലർ എകെപിസിടിഎ പിളർത്താനൊരു ശ്രമം നടത്തി. ചില അധ്യാപകർ കോട്ടയത്തു യോഗംചേർന്ന് അവരാണ് 'ഒറിജനൽ' എകെപിസിടിഎ എന്നു പ്രഖ്യാപിക്കുന്നു. ഒരു ജേർണലും തുടങ്ങുന്നു. പേര് 'എകെപിസിടിഎ മന്തിലി ജേർണൽ'. മുതലാളിത്ത പത്രങ്ങൾക്ക് ഈ പ്രശ്നം കുറച്ചുകാലത്തേക്ക് എരിവുള്ള വാർത്തയായിരുന്നു. എല്ലാവരേയും എല്ലാക്കാലത്തേയ്ക്കും പറ്റിക്കാനാവില്ലെന്ന് പിളർപ്പന്മാർക്ക് ബോധ്യമായപ്പോൾ 'എകെപിസിടിഎ' എന്ന പേരും 'ജേർണലും' വഴിയിലുപേക്ഷിച്ച് അവർ പമ്പകടന്നു. ഈ കാലഘട്ടത്തിൽ പ്രൈവറ്റ് കോളേജധ്യാപകരെ എകെപിസിടിഎ കൊടിക്കീഴിൽ ഒരുമിപ്പിച്ചു നിർത്തുന്നതിൽ 'കേരള പ്രൈവറ്റ് കോളേജ് ടീച്ചർ' വഹിച്ച പങ്ക് വലുതാണ്. പിളർപ്പന്മാർ വർഗീയ സംഘടനകളിലേക്ക് വീണ്ടും പിളർന്നുമാറുന്നതാണ് ഒടുവിൽ നാം കാണുന്നത്.

## ഇനിയും മുന്നോട്ട്

പ്രസിദ്ധീകരണങ്ങൾക്കു പഞ്ഞമില്ലാത്ത കേരളത്തിൽ ഇത്തരത്തിലൊരു പ്രസിദ്ധീകരണത്തിനു പ്രവർത്തിക്കാനുള്ള ഇടം ചെറുതാണെന്നു തോന്നാം. എന്നാൽ പ്രൈവറ്റ് കോളേജധ്യാപകരെ കൂട്ടിയോജിപ്പിക്കുന്ന ഒരു കണ്ണി മാത്രമല്ല ജേർണൽ. ഉന്നത വിദ്യാഭ്യാസരംഗത്തെ എല്ലാ ചലനങ്ങളും പ്രതിഫലിപ്പിക്കാൻ അതിനു കഴിയുന്നുണ്ട്. ഉള്ളടക്കം വൈവിധ്യവല്കരിച്ചുകൊണ്ട് ഇനിയും മുന്നേറാനുള്ള സാധ്യതകൾ വളരെ വലുതാണ്. അധ്യാപകരുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള കഠിനമായ പോരാട്ടത്തിന്റെ വക്താവായിരിക്കുന്നതോടൊപ്പം ഉന്നത വിദ്യാഭ്യാസരംഗത്തെ മാറ്റങ്ങൾക്ക് വഴിതെളിക്കാനും ജേർണലിനു കഴിയണം. കേരളത്തിലെ കോളേജുകൾ ഘടനാപരമായ മാറ്റത്തിനു വിധേയമാകുന്ന ഈ സന്ദർഭത്തിൽ ഉത്തരവാദിത്വം ഏറുകയാണ്. പുതിയ കോഴ്സുകൾ, സിലബസ്, പരീക്ഷ - ഇതിനെല്ലാം വേണ്ടി ചർച്ചകളും സംവാദങ്ങളും നടക്കേണ്ടതുണ്ട്. അധ്യാപകർക്കിടയിൽ വൻതോതിൽ ആശയപ്രചാരണം നടക്കണം. ജേർണലിന് ഈ രംഗത്ത് വലിയൊരു പങ്കുണ്ട്. അതുപോലെ നമ്മുടെ ക്യാമ്പസ്സുകളുടെ അവസ്ഥ എന്താണ്? സ്വാർത്ഥതയും മതതീവ്രവാദവും വിദ്യാർത്ഥികളിലും അധ്യാപകരിലും വളർന്നുവരുന്നില്ലേ? ഇതിനെതിരേ പൊരുതേണ്ടതും ജേർണലിന്റെ കടമയാണ്. സംഘടിതരുടെ ശബ്ദം മാത്രമല്ല, അസംഘടിതരായ ജനങ്ങളുടെ പ്രശ്നങ്ങളും നമ്മുടെ പ്രശ്നമായി കാണാൻ കഴിയണം. മനുഷ്യസ്നേഹത്തിന്റെ ദർശനം നാൾതോറും നഷ്ടപ്പെട്ടുവരികയാണ്. മതജാതി ചിന്തകൾക്കതീതമായ ഒരു സ്നേഹദർശനത്തിൽ എല്ലാപേരേയും ഒരുമിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ എങ്ങിനെയൊക്കെ സംഘടിപ്പിക്കാമെന്ന് നോക്കേണ്ടതുണ്ട്. തുടക്കത്തിൽ സൂചിപ്പിച്ചത് പോലെ എകെപിസിടിഎ മുഖപത്രം സംഘാടകനാണ്, പ്രചാരകനാണ്, സുഹൃത്താണ്, ഒപ്പം സഖാക്കളെയും

ആശംസകൾ!

**പയ്യന്നൂർ കോഓപ്പറേറ്റീവ് റൂറൽ ബേങ്ക് ലിമിറ്റഡ്**
നമ്പർ. എഫ്. 1234 ഹെഡ്ഢാഫീസ്- പയ്യന്നൂർ. ☎ : 503004, 502662
കണ്ണൂർ ജില്ലയിലെ പ്രമുഖ ക്ലാസ്സ് I സ്പെഷ്യൽ ഗ്രേഡ് ബാങ്ക്.
**പ്രവർത്തന മൂലധനം 25 കോടി രൂപ**

ബ്രാഞ്ചുകൾ

| | | | | | |
|---|---|---|---|---|---|
| 1 പയ്യന്നൂർ | ഫോൺ- | 503004 | 6. കവ്വായി | " | 503135 |
| 2 കരിവെള്ളൂർ | " | 560224 | 7. അന്നൂർ | " | 505229 |
| 3. കാങ്കോൽ | " | 580238 | 8. സായാഹ്നശാഖ | " | 503004 |
| 4. പെരുമ്പ | " | 502801 | 9. റെയിൽവേ ഗേറ്റ്, പയ്യന്നൂർ | | |
| 5. രാമന്തളി | " | 522115 | | | |

നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിന് ബേങ്ക് ആസ്തികൾ ഇൻഷൂർ ചെയ്തിരിക്കുന്നു
കൂടുതൽ വിവരങ്ങൾക്ക് ഹെഡ്ഡാഫീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക

ജി.ഡി. നായർ
പ്രസിഡന്റ്

വി.പി. കൃഷ്ണൻ
സെക്രട്ടറി

*With best Compliments from:*

**THE KILIMANOOR CO-OPERATIVE AGRICULTURAL AND RURAL DEVELOPMENT BANK LTD., No. T. 316**

KILIMANOOR - 695 601

| | |
|---|---|
| H.O. Kilimanoor | Phone No. 672341 |
| Sub Office Varkala | " 602113 |
| Attingal | " 620741 |

*Advancing Long Term Loans for*
*Agricultural Development and allied activities*

**B.P. MURALI**
President

**J. SUKUMARAN**
Secretary

**തലയോലപ്പറമ്പ് ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 278**

H.O. തലയോലപ്പറമ്പ്
ഫോൺ- 636126

സ്ഥാപിതം 1921
ബ്രാഞ്ച്- പൊതി
ഫോൺ- 657626

കോട്ടയം ജില്ലയിലെ ഒരു ഒന്നാംകിട ഫാർമേഴ്സ് സർവ്വീസ് സഹകരണബാങ്ക്!!!

| | | | |
|---|---|---|---|
| അംഗങ്ങൾ | 10700 | വായ്പകൾ | 400 ലക്ഷം |
| ഓഹരിമൂലധനം | 45 ലക്ഷം | പ്രവർത്തന മൂലധനം | 650 ലക്ഷം |
| നിക്ഷേപങ്ങൾ | 450 ലക്ഷം | | |

ചെറുകിട വ്യാവസായിക വായ്പകൾ ഉൾപ്പെടെ കുറഞ്ഞ പലിശ നിരക്കിൽ വിവിധയിനം വായ്പകൾ വിതരണം ചെയ്യുന്നു.
ആകർഷകമായ പലിശ നിരക്കിൽ വിവിധയിനം നിക്ഷേപങ്ങൾ സ്വീകരിക്കുന്നു. എല്ലാവിധ ബാങ്കിംഗ് ഇടപാടുകൾക്കും പുറമെ ചിട്ടികൾ, വളം ഡിപ്പോ, റേഷൻഡിപ്പോകൾ, കൺസ്യൂമർ എന്നിവയും നടത്തിവരുന്നു. സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു.

K.A. അപ്പച്ചൻ
പ്രസിഡന്റ്

ബേബി വരങ്ങോലി
മാനേജിംഗ് ഡയറക്ടർ

**അയിരൂർ വില്ലേജ് സഹകരണബാങ്ക്**

ക്ലിപ്തം നമ്പർ 4267
കെടാകുളം, ഇലകമൺ P.O. ഫോൺ : 667670

- ഉയർന്ന പലിശ ലഭിക്കുന്ന വിവിധ നിക്ഷേപ പദ്ധതികൾ
- നിക്ഷേപങ്ങൾക്കു ഇൻഷ്വറൻസ് സംരക്ഷണം
- വിവിധയിനം വായ്പകൾ
- സ്വർണ്ണപ്പണയം എല്ലാ പ്രവൃത്തിദിവസങ്ങളിലും
- ചിട്ടികൾ, നീതിസ്റ്റോർ
- സേഫ് ഡെപ്പോസിറ്റ്, ലോക്കർ സൗകര്യം

'സേവന രംഗത്ത് മുൻ നിരയിൽ'

എസ് രാജീവ്
പ്രസിഡന്റ്

കെ. രാജൻ
സെക്രട്ടറി

# +2

## എസ്.വി. വേണുഗോപൻനായർ

1995

വില്ലേജാഫീസർ ഒതേനക്കുറുപ്പിന്റെ മകൻ കേശവൻ ബിഎസ്‌സി പാസ്സായി. വിഷയം കണക്ക്. സാമാന്യം നല്ല മാർക്കുമുണ്ട്.

ഏക പുത്രന്റെ വിജയത്തിൽ കുറുപ്പ് അതീവ സന്തുഷ്ടനായി. അച്ഛനെന്ന നിലയിൽ ഒരു നിർദ്ദേശം വച്ചു: "ഇനി എം.എസ്.സിക്കു ചേരുക."

"വേണ്ട. എല്ലാവരും ബി.എഡിനാണ് ചേര്ണ്. A.D രണ്ടായിരം തികയു മ്പോഴേയ്ക്കും ഇപ്പൊ സർവ്വീസിലുള്ള മാഷ്മ്മാര് മുക്കാലേമുണ്ടാണിയും പെൻഷൻ പറ്റും. ആവശ്യത്തിന് അദ്ധ്യാപകരെ കിട്ടാതെ സർക്കാർ നെട്ടോട്ട മോടുന്ന കാലം വരും. എം.എസ്.സി.യൊക്കെവേണംച്ചാൽ പിന്നീടാകാം."- മകൻ പറഞ്ഞു.

"അഡ്മിഷൻ കിട്ട്വോ?"

"അതിന് ഇപ്പൊ പല വകുപ്പുണ്ട്. സർക്കാർ ശമ്പളം പറ്റുന്നവർ പഠിപ്പി ക്കുന്ന പഴയ ബി.എഡ്. പണം സ്വയം നയിച്ചുണ്ടാക്കി നടത്തുന്ന മറ്റൊരി നം. ഇതു രണ്ടും പോരെങ്കിൽ യൂണിവേഴ്സിറ്റികൾ തന്നെ കാലംതെറ്റി നടത്തുന്ന ഒരു മൂന്നാം വകയും. പിന്നെ, തമിഴ്നാട്ടിലും മറ്റും യൂണിവേ ഴ്സിറ്റികൾ തപാൽ മാർഗ്ഗവും ട്രയിനിംഗ് നടത്തുന്നുണ്ട്.

"തപാൽമാർഗ്ഗം അദ്ധ്യാപകട്രെയിനിംഗോ?"

വില്ലേജ് അധികാരി അത്ഭുതംകൂറി.

"ഇഞ്ചിനിയറിംഗും, ലൈബ്രറിസയൻസും, മെഡിസിനും വരെ പോസ്റ്റലായി പഠിച്ച് ഡിഗ്രി എടുക്കാൻ ഇപ്പോ പറ്റും. ഇത് പഴയകാലമൊന്നുമല്ല."

ശരിയാണ്. നോക്കിനില്‌ക്കേ വിദ്യാഭ്യാസം വച്ചടികയറുകയല്ലേ. എന്ന് കുറുപ്പ് സാന്ത്വനിച്ചു.

എന്തായാലും കേശവന് ചിരപുരാതനമായ ട്രയിനിംഗ് കോളേജിൽതന്നെ പരിശീലനം നേടാൻ കഴിഞ്ഞു. അതുകൊണ്ട് ചിലവും നന്നേ ചുരുങ്ങി.

1996

റിസൾട്ടുവന്ന സുദിനം മുതൽ അവൻ ഉദ്യോഗത്തിനു ഉത്സാഹംതുടങ്ങി. പ്രതിമാസം 500 രൂപവരെ അദ്ധ്യാപകർക്കു ശമ്പളം നല്കുന്ന പലതരം സ്കൂളുകൾ ഇന്നാട്ടിൽ പുലരുന്നുണ്ടെന്ന അറിവും അപ്പോഴാണ് ഒതേന ക്കുറുപ്പിനു കിട്ടിയത്.

ഒരുനാൾ കേശവൻ ഒരു പോസ്റ്റുകാർഡു നീട്ടി സസന്തോഷം അച്ഛനോടു പറഞ്ഞു- ഒരു സ്കൂളിൽ ഇന്റർവ്യൂന് വിളിച്ചിരിക്കുന്നു.

കുറുപ്പ് കാർഡുവാങ്ങി നോക്കി. സ്ഥലവും നേരവും കാണിച്ചിട്ടില്ല. ഒരേ യൊരു വാചകം "ഉടൻ നേരിൽകാണുക."

അച്ഛൻ ഒന്നും മിണ്ടാതെ കാർഡു തിരികെ നല്കിയപ്പോൾ കേശവൻ ചോദിച്ചു:- "ഈ സ്കൂൾ മാനേജരെ അച്ഛനറിയില്ലേ?"

അന്നേരമാണ് ഒതേനക്കുറുപ്പിന്റെ പ്രജ്ഞയിൽ പഴയൊരു സുഹൃത്തിന്റെ മുഖശ്രീ മിന്നിയത്. സഹപാഠിയായിരുന്നുവല്ലോ!

"ശരിയാ. പക്ഷെ അറിഞ്ഞിപ്പോ. എന്നെ ഓർക്കുന്നുണ്ടാവുമോ?"

"നമുക്കൊന്നു പരീക്ഷിച്ചു നോക്കാം."

"ആയ്ക്കോട്ടെ"

മകനെ പിൻനടത്തി കുറുപ്പ് ചെന്നുകയറുമ്പോൾ മാനേജർ ഉമ്മറത്ത് ഉലാ ത്തുകയായിരുന്നു. വില്ലേജ് ഓഫീസറെ കണ്ട് അദ്ദേഹം നിന്നു. ഒരു നോട്ടം. അടുത്ത നിമിഷം പാഞ്ഞെത്തി കരംഗ്രഹിച്ചു. സെറ്റിയിൽ പറ്റി ച്ചേർന്നിരുന്ന് ഒത്തിരി വർത്തമാനം പറഞ്ഞു. ഭാര്യയെ വിളിച്ചുവരുത്തി പരിചയപ്പെടുത്തുകയും ചായകൊണ്ടുവരാൻ കല്പിക്കുകയും ചെയ്തു.

ഒതേനക്കുറുപ്പ് ആനന്ദലബ്ധിക്ക് ഇനിയെന്തുവേണം എന്നു മലച്ചിരുന്നു പോയി.

വളരെ വൈകിയാണ് സംഭാഷണം കേശവനിൽ കേന്ദ്രീകരിച്ചത്.

"നൂറോളം അപേക്ഷകരുണ്ട്. ഒതേനക്കുറുപ്പിന്റെ പേര് അപേക്ഷയിൽ കണ്ടതുകൊണ്ടാണ് കേശവനെ മാത്രം ഇങ്ങു വിളിച്ചത്. കൃത്യമായിപ്പറ ഞ്ഞാൽ ഇപ്പൊ ഒഴിവൊന്നും ഇല്ല. ഒരു കണക്കുടീച്ചറെ കഴിഞ്ഞമാസം ഒരു ഗൾഫുകാരൻ കല്യാണം കഴിച്ചു. അവന് അവിടെ എന്തോ വല്യ ഉദ്യോഗമാത്രെ. നിന്ന നിലയില് അവളങ്ങു പറന്നാൽ കുട്ടികള്ക്ക് കഷ്ടത്തി ലാവില്ലേ. അതാ ഒരു മുൻകരുതലായി പരസ്യം കൊടുത്തത്. അവൾ പോയില്ലെങ്കിലും സാരമില്ല. ഈ സ്കൂളില് കണക്കുടീച്ചേഴ്സ് മൊത്തം ആറുണ്ട്. അതിൽ തലമുതിർന്നയാൾ മൂന്നുകൊല്ലം കഴിയുമ്പോ റിട്ടയർ ചെയ്യും. അന്നു നിയമനം തീർച്ച. പഷ്ടനു ഭാഗ്യം ഉണ്ടെങ്കിൽ അതിനു മുമ്പേ ആറിൽ ഒരെണ്ണം തട്ടിപ്പോകാനും മതി. മനുഷ്യരുടെ കാര്യമല്ലേ!

പ്രതീക്ഷയുടെ നാനാഗോളങ്ങൾ കേശവനു മുന്നിൽ വിടർന്നുവട്ടംതിരി ഞ്ഞു. മൂന്നുകൊല്ലം കഴിയുമ്പോൾ മകൻ ഒരു കരപറ്റും എന്ന ആശ്വാസ ത്തിന്റെ കുളിരണിഞ്ഞു കുറുപ്പ്.

മാനേജർ കേശവനോടും നാലു ലോഹ്യം പറഞ്ഞു. പിന്നെ കുറുപ്പിനെ നേരെ തിരിഞ്ഞു ആത്മാർത്ഥതയുടെ ആർദ്രതയിൽ മൊഴിഞ്ഞു "ഇവൻ എനിക്ക് അന്യനാണോ. വേണേൽ നാളെ മുതൽ സ്കൂളിൽ വന്നോട്ടെ."

വീട്ടിൽ ചുരുണ്ടുകിടക്കുന്നതിനേക്കാൾ നല്ലത് ആ നിഷ്കാമകർമ്മമാണെ ന്ന് അധികാരിക്കും തോന്നി.

"ആയ്ക്കോട്ടെ"

മാനേജരുടെ വിലയേറിയ സമയം ഇനിയും പാഴാക്കുന്നത് ശരിയല്ലെന്നോ ർത്ത് കുറുപ്പ് എണീറ്റു. നിറഞ്ഞുപോയ മനസ്സിൽ നിന്ന് ഒരു യാത്രാവ ചനം തപ്പിയെടുക്കാൻ പാടുപെടുമ്പോൾ മാനേജർ ചെറുപുഞ്ചിരിയോടെ പറഞ്ഞു.

"നിയമന ഉത്തരവ് ഇത്തിരി അങ്ങോട്ടോ ഇങ്ങോട്ടോ നീങ്ങിയെന്നുവരും. റേറ്റ് അറിയാമല്ലോ. അത് ഉടനെതരണം."

ഒന്നും തിരിയാത്തവനെപ്പോലെ കുറുപ്പ് മിഴിക്കുന്നതുകണ്ട് മാനേജർ കാര്യം മധുരമായി തന്നെ വ്യക്തമാക്കി.

"ജൂണാണ് ഇറങ്ങേണ്ട റേറ്റ്. ഒതേനന്റെ മോന്റെ കാര്യത്തിൽ ഒരു ഇളവു തരണം കുറച്ചൊന്നു. നമ്മള് ഒരു ബെഞ്ചിലിരുന്ന് . . ."

കുറുപ്പ് വിഷമം നടിക്കുന്നതിനിടെ മാനേജർ അടുത്തുവന്ന് ഏതോ സ്വകാര്യമായി പറഞ്ഞു. "രണ്ടേമുക്കാലൊന്നും ഇപ്പോ ഒരു തുകയല്ല. ലൈബ്രറിയിൽ ഇതിൽ കൂടുതൽ വാങ്ങുന്ന മാനേജരന്മാരുണ്ട്"

"പിന്നീടു കാണാം" എന്നു ചിരിയൊപ്പിച്ച് കുറുപ്പ് പടിയിറങ്ങി.

ഒതേനക്കുറുപ്പ് തല എരിച്ച് ആലോചിച്ചിട്ടും ആ തുകയ്ക്ക് വഴിയൊന്നും കണ്ടില്ല. രണ്ടുകൊല്ലം കഴിഞ്ഞാൽ പെൻഷനാകും. അപ്പോഴാണെങ്കിൽ. .

എന്നാൽ കേശവന്റെ ബുദ്ധി പറഞ്ഞത് മറ്റൊരു വഴിക്കാണ്. മൂന്നുകൊല്ലത്തിനകം പ്രീഡിഗ്രി കോളേജിൽ നിന്ന് പിഴുതുമാറ്റുമെന്ന് സർക്കാർ പറയുന്നു. അപ്പോൾ നാടാകെ ഹയർസെക്കണ്ടറികൾ. തകര മുളച്ചുപൊന്തും പോലെ പോസ്റ്റുകൾ. പോസ്റ്റുഗ്രാഡ്വേഷനുള്ള ബി.എഡ്.കാർക്ക് വല്യ ഡിമാന്റുണ്ടാകും.

അതൊരു സാദ്ധ്യതയാണെന്നു കുറുപ്പിനും തോന്നി. അദ്ദേഹം മാനേജർ സുഹൃത്തിനെഴുതി.

"മകൻ എം.എസ്.സിക്കു ചേരുന്നു അതുകഴിഞ്ഞു ഞങ്ങൾ തീർച്ചയായും വരും. താങ്കളുടെ വലിയ മനസ്സിന് നന്ദി"

1998

കൊല്ലം രണ്ടുകഴിഞ്ഞു. ഒതേനക്കുറുപ്പ് പെൻഷൻ പറ്റി. ആ വകയിൽ കിട്ടിയ പണമെല്ലാം ബാങ്കിലിട്ടു. കേശവൻ എം.എസ്.സിയും ജയിച്ചു. ഇത്തിരി ഭൂമിയും വിറ്റു;

എല്ലാ കാക്കയ്ക്കും തന്നു പറമ്പും വീണ്ടു എന്നു പറഞ്ഞപോലെ സ്വന്തമായ മാനേജരുടെ സ്കൂൾ ഹയർസെക്കണ്ടറിയുമായി

ഒതേനക്കുറുപ്പ് മകനുമൊത്ത് വീണ്ടും ആ ഉമ്മറത്തെത്തി.

മുൻവർഷത്തിലെ നടപടി ക്രമങ്ങളെല്ലാം ആവർത്തിച്ചുകഴിഞ്ഞപ്പോൾ മാനേജർ പറഞ്ഞു. "എന്തായാലും പയ്യൻ എം.എസ്.സിക്കു ചേരട്ടെ. നമ്മള് സർക്കാരിന്റെ കടലാസുകിട്ടിയാലുടൻ നിയമന ഉത്തരവുതരാം."

"എല്ലാം ഭഗവാന്റെ കാരുണ്യം" കുറുപ്പ് ആകാശം നോക്കി കൈകൂപ്പി.

"സർക്കാർ പുതിയ കോഴ്സ് തന്നു എന്നൊക്കെ പറയുന്നതൊരു ശമ്പ. പകരം എന്തൊരു ചെലവ്! ചുരുക്കം വഹിക്കുകയല്ലേ. അപ്പോ പെൻ റെഡിയാണല്ലോ"

"ആ പെൻഷൻ പറ്റിയപ്പോ കിട്ടിയതൊക്കെ ബാങ്കിലുണ്ട്. അന്നു പറഞ്ഞ തുക തരാം."

'എത്ര' എന്ന് മാനേജർ നെറ്റി ചുളിച്ചു നോട്ടമയച്ചു.

"രണ്ടേമുക്കാല്. നാളെ വേണമെങ്കിലും . . ."

മാനേജർ ഒരു വിചിത്രജീവിയെ എന്നോണം കുറുപ്പിനെ നോക്കി പൊട്ടിച്ചിരിച്ചു.

"രണ്ടേമുക്കാലോ? പഞ്ചാതി പത്രം വായനയൊക്കെ നിറുത്തിയോ? സർക്കാർ അനുവദിച്ചുതന്ന സാധനം ഏതാ? പ്ലസ്ടുവല്ലേ? അപ്പോ രണ്ടേമുക്കാലല്ല, നാലേമുക്കാല്. കണക്ക് എം.എസ്.സി പാസ്സായ പയ്യനും ഈ സിമ്പിൾ കണക്കറിയില്ലേ?

**പറവൂർ സഹകരണബാങ്ക് ക്ലിപ്തം നമ്പർ: 1759**

**എൻ. പറവൂർ ഫോൺ: 442242, 442557 (Br.)**

| | |
|---|---|
| രജിസ്റ്റർ ചെയ്ത തീയതി | 04-09-1103 (M.E) |
| പ്രവർത്തനം ആരംഭിച്ച തീയതി | 20-10-1103 (M.E) |
| അധികൃത മൂലധനം | 200 ലക്ഷം രൂപ |
| നിക്ഷിപ്ത മൂലധനം | 108 ലക്ഷം രൂപ |
| പ്രവർത്തന മൂലധനം | 12 കോടി രൂപ |
| അംഗങ്ങൾ | 17000 |

- ആകർഷകമായ പലിശനിരക്കുകളിൽ വിവിധതരം നിക്ഷേപപദ്ധതികൾ
- ലളിതമായ വ്യവസ്ഥകളിൽ വിവിധതരം വായ്പാ പദ്ധതികൾ
- മിതമായ പലിശ നിരക്കിൽ Rs. 50,000/- വരെ സ്വർണ്ണപണയ വായ്പ
- സേഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യമുള്ള പറവൂരിലെ ഏക സഹകരണ സ്ഥാപനം

ഇടപാടുകാരുടെ സൗകര്യാർത്ഥം ഈ ബാങ്കിന്റെ കെടാമംഗലം ശാഖ 18-4-1998 മുതൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

**വളർച്ചയിൽ എന്നും നിങ്ങളോടൊപ്പം !!**

കെ. സുധാകരൻപിള്ള
പ്രസിഡന്റ്

പി.കൃഷ്ണകുമാർ
സെക്രട്ടറി

**AL-SAJ**

**DRIVE IN RESTAURANT**

Kazhakuttom
Thiruvananthapuram
Kerala

**S.A.PILLAI**

Phone: Off: 418420, 416720
Res: 416520

*State award winner for cleanliness*

# തിയേറ്റർ
## മാറ്റത്തിന്റെ ചാലകശക്തി

എൻ.ആർ. ഗ്രാമപ്രകാശ്



"I need no gravestone, but if you need one for me, I would like it to bear these words: He made suggestions. He carried them out. Such an inscription would honour us all" - BERTOLT BRECHT (1898-1956)

(നാടകപ്രവർത്തനത്തെ ഒരു രാഷ്ട്രീയപ്രയോഗമായി വികസിപ്പിച്ച ബെർതോൾട് ബ്രെഹ്തിന്റെ 1898-1956) ജന്മശതാബ്ദി അനുസ്മരണം)

"No one seriously concerned with the theatre can by-pass Brecht. Brecht is the key figure of our time, and all theatre work today at some point starts or returns to his statements and achievements"

Peter Brook - "The Exmpty Space"

വില്യം ഷേക്സ്പിയറിനുശേഷം ലോകനാടകവേദിയെ ഏറ്റവും സ്വാധീനിച്ച നാടകപ്രതിഭയാണ് ബെർതോൾഡ് ബ്രെഹ്ത്. നാടകകൃത്ത്, സംവിധായകൻ, കവി, തിരക്കഥാകൃത്ത്, സംഗീതജ്ഞൻ, സൈദ്ധാന്തികൻ എന്നിങ്ങനെ വിവിധ രംഗങ്ങളിൽ തനതായ മുദ്രപതിപ്പിച്ച ബ്രെഹ്ത് ജീവിതാവസാനം വരെ മാർക്സിസ്റ്റു വീക്ഷണത്തിന്റെ അനുയായി ആയിരുന്നു. അമ്മ (Mother Courage and her Children) ഗലീലിയോവിന്റെ ജീവിതം (The Life of Galileo) കൊക്കേഷ്യൻ ചോക്കുവൃത്തം (The Caucacian Chalk Circle) ചട്ടവും അപവാദവും (The Exception and the Rule) പഴക്കങ്ങൾ നിഷേധങ്ങൾ (Yes-says No-soyer) സെത്സ്വാനിലെ നല്ല സ്ത്രീ (The Good Women of Setzwan) ലൂക്കലസിന്റെ വിചാരണ (The Trial of Lucklas) മനുഷ്യൻ മനുഷ്യനാണ്. (Man is man), മഹാഗണിയുടെ ഉയർച്ചയും പതനവും (The Rise and Fall of city of Mahagony) എന്നിങ്ങനെ നിരവധി നാടകങ്ങൾ ബ്രഹത് രചിച്ചു. ഇവയിൽ ഒട്ടുമിക്കതും കേരളത്തിൽ പലവേദികളിൽ അരങ്ങേറിയിട്ടുണ്ട്.

### ബ്രെഹ്തിന്റെ നാടകസങ്കല്പം

തിയേറ്റർ മനുഷ്യവിമോചനത്തിന്റെ ആയുധപുരയാണെന്ന് ബ്രെഹ്ത് വിശ്വസിച്ചു. സ്ഥിതിവ്യവസ്ഥയെ മാറ്റിമറിക്കാൻ, മനുഷ്യരെ പഠിപ്പിക്കുകയാണ് തിയേറ്ററിന്റെ കർമ്മം. ലോകം മാറ്റത്തിനു വിധേയമാണ്. മനുഷ്യന്റെ സാഹചര്യങ്ങളും മാറും. അതിനായവർ ബോധപൂർവ്വം ഇടപെടണം സാംസ്കാരികമായ ഇടപെടലിന്റെ മാധ്യമമാണ് തിയേറ്റർ. നിലവിലുള്ള നാടകസങ്കേതങ്ങൾ ഇതിന് അപര്യാപ്തമാണെന്നു ബോധ്യപ്പെട്ട ബ്രെഹ്ത് പുതിയകാലത്തിനു യോജിച്ച നാടകവേദിക്ക് രൂപം നൽകി. ഇതിനെ എപിക് തിയേറ്റർ എന്നു പൊതുവെ അറിയപ്പെടുന്നു. നൂറ്റാണ്ടുകളുടെ പാരമ്പര്യം ഉൾക്കൊണ്ട് ഉറച്ചുപോയ അരിസ്റ്റോട്ടിലിന്റെ നാടകസിദ്ധാന്തപ്രയോഗങ്ങളെ അട്ടിമറിച്ച ഒന്നാണ് എപിക്തിയേറ്റർ സങ്കല്പം. ബ്രെഹ്തിനുശേഷം ലോകത്തെവിടെയും വികസിച്ചുവന്ന ബദൽ നാടകപ്രസ്ഥാനങ്ങൾക്കു കരുത്തേകിയത് എപിക്സങ്കേതങ്ങളാണ്. അരിസ്റ്റോട്ടിൽ സിദ്ധാന്തവത്ക്കരിച്ച നാടകീയ നാടകവേദിയും (Dramatic Theatre) തന്റെ എപിക് നാടകവേദിയും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് ബ്രെഹത് വ്യക്തമാക്കുന്നുണ്ട്. മഹാത്മഗാന്ധിയുടെ ഉയർച്ചയും പതനവും (1930) എന്നതിന് എഴുതിയ കുറിപ്പുകളിൽ നമുക്കിതു വായിക്കാം.

### 1. *നാടകീയനാടകവേദി*

പ്രേക്ഷകനെ രംഗസംഭവങ്ങളിൽ ആമഗ്നനാക്കി അവന്റെ കർമ്മശേഷി മരവിപ്പിക്കുന്നു. വൈകാരികമായി ഇളക്കി മറിക്കുന്നു. കഥാപാത്രങ്ങളോടു താദാത്മ്യപ്പെട്ട്, അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. മനുഷ്യൻ പൂർണ്ണതയിലെത്തിയെന്നും അവൻ സ്ഥിരപ്രകൃതിയാണെന്നും ധരിക്കുന്നു. നിശ്ചിതമായ പരിണാമത്തിൽ എത്തുകയും ചെയ്യുന്നു. മനുഷ്യൻ ഒരു നിശ്ചിത വസ്തു അവന്റെ ചിന്ത അസ്തിത്വത്തെ നിർണ്ണയിക്കുന്നു. ഭാവപ്രധാനമാണ് നാടകം.

### 2. *എപിക് നാടകവേദി*

പ്രേക്ഷകനെ നിരീക്ഷകനാക്കി നിർത്തി അവന്റെ കർമ്മശേഷി ഉണർത്തുന്നു. തീരുമാനങ്ങൾ എടുക്കാൻ പ്രേരിപ്പിക്കുന്നു. അയാൾ നാടകത്തെ അഭിമുഖീകരിക്കുന്നു. വാദപ്രതിവാദത്തിനു സന്നദ്ധനാകുന്നു. പ്രേക്ഷകൻ താൻ കാണുന്നതുമായി ഏറ്റുമുട്ടുകയും അത് അപ്രഗ്രഥിക്കുകയും

ചെയ്യുന്നു. മനുഷ്യനെ അന്വേഷണവസ്തുവാക്കുന്നു. മനുഷ്യപ്രകൃതി മാറും മാറുന്നതിന് സാധ്യമാണ്. ഓരോ രംഗവും അതാതിനുവേണ്ടി നിലകൊള്ളുന്ന തരംഗാകൃതിയിൽ ആണു ചലനം. മനുഷ്യന്റെ സാമൂഹ്യമായ അസ്തിത്വമാണ് അവന്റെ ചിന്തയെ നിർണ്ണയിക്കുന്നത്. യുക്തിപ്രധാനമാണ് നാടകം.

എപിക് നാടകസങ്കേതത്തിന്റെ വളർച്ചയ്ക്ക് വളരെ പ്രസക്തമാണ് മേലെ കൊടുത്ത വർഗീകരണം. അരിസ്റ്റോട്ടിലിന്റെ നാടകസമ്പ്രദായം മനുഷ്യപ്രകൃതിയെ മാറ്റമില്ലാത്തതായി കാണുന്നു. അവനെ വികാരത്തിൽ മുക്തി കർമ്മശേഷി നശിപ്പിക്കുന്നു. യുക്തിചിന്ത ഇല്ലാതാക്കുന്നു. ഇതുകൊണ്ടാണ് നിലവിലുള്ള ബൂർഷ്വാവ്യവസ്ഥ നാടകീയ നാടകവേദിയെ ആഘോഷിക്കുന്നത്. മറിച്ച് വ്യവസ്ഥക്കെതിരായ പോരാട്ടമാണ് തന്റെ നാടകങ്ങൾ നടത്തുന്നത്. വിമോചനത്തിന്റെ ആഹ്വാനമാണത്. മാറ്റത്തിനുവേണ്ടി പ്രവർത്തിക്കാൻ അതു പ്രേക്ഷകരെ പ്രേരിപ്പിക്കുന്നു. പുതിയകാലത്തിന് പുതിയ രൂപം വേണമെന്ന നിർബന്ധമാണ്. എപിക് സങ്കേതത്തിന്റെ കണ്ടെടുക്കലിലേക്ക് ബ്രെഹ്തിനെ നയിച്ചത്. എപിക് തിയേറ്ററിന്റെ ഏറ്റവും കാതലായ നാലുഘടകങ്ങൾ ഇവയാണ്. 1. Gest (Gestus) 2. Verfremdung 3. Not But acting style 4. Hiostoricity

എപിക്/ഡയലക്റ്റിക്കൽ തിയേറ്റർ

മലയാളത്തിൽ ബ്രെഹ്തിന്റെ തിയേറ്ററിനെ എല്ലായ്പ്പോഴും എപിക് എന്നു വിശേഷിപ്പിച്ചു പോരുന്നു. ഇതു ഇന്നു സ്വീകാര്യമല്ല. കാരണം അവസാനകാലത്ത് ബ്രഹ്ത് എഴുതിയ കുറിപ്പുകളിൽ വ്യക്തമാക്കിയത്, തന്റെ നാടകസങ്കേതത്തെ വൈരുദ്ധ്യാത്മകനാടകവേദി (Dialetical Theatre) എന്നു വിളിക്കണമെന്നാണ് അതുനേടുന്നതിനുള്ള ഒരു മുന്നുപാധി എന്ന നിലയിലെ എപിക് സങ്കല്പത്തെ കാണാവൂ എന്നദ്ദേഹം ആഗ്രഹിച്ചു. ഈ ന്യായത്തിനു മറ്റു ചില കാരണങ്ങൾ കൂടി കാണാവുന്നതാണ്.

ഒന്നാമത്, എപിക് ഘടനയുടെ ഉപജ്ഞാതാവ് ബ്രെഹ്തല്ല എന്നതാണ്. അദ്ദേഹത്തിന്റെ പൂർവ്വഗാമിയും കർമ്മനിയിലെ തൊഴിലാളിവർഗ്ഗ



"The Caucacian Chalk Circle"
Arena Stage, Washington-1972

നാടകവേദിയുടെ നേതാവുമായിരുന്ന ഇർവിൻ പിസ്കേറ്റർ ആണ്. എപിക് സങ്കേതം തിയേറ്ററിൽ ഉപയോഗിച്ചത്. നാടകപാഠത്തിന്റെ യാഥാർത്ഥ്യത്തെ വിശദമാക്കുന്ന ഉപാധികളെന്ന നിലയിൽ പ്രോജക്ടർ, ചലച്ചിത്രം, ചാർട്ടുകൾ തുടങ്ങിയവ പിസ്കേറ്റർ പരീക്ഷിച്ചു. സാർത്രിന്റെ ദി ഫ്ലൈയ്സ്, അരങ്ങേറിയപ്പോൾ, നാടകത്തിനുമുൻപ് യുദ്ധചിത്രത്തിന്റെ എക്സിബിഷൻ, മർദ്ദനത്തിന്റെ മുഖം, മുതലാളിത്തവ്യവസ്ഥയിലെ തിന്മകൾ എന്നിവയടങ്ങിയ ചിത്രങ്ങളുടെ പ്രദർശനം നടത്താൻ പിസ്കേറ്റർ നിർദ്ദേശിച്ചു. ഒരു ഗ്രീക്കുപുരാവൃത്തത്തെ ആസ്പദിച്ചതാണ് നാടകമെങ്കിലും രംഗപാഠത്തിന്റെ പശ്ചാത്തലം നാസിജർമ്മനിയാണെന്നു സൂചിപ്പിക്കലായിരുന്നു ലക്ഷ്യം. ഇത്തരം രംഗസങ്കേതങ്ങളെ വിപുലീകരിച്ചു സമഗ്രതയിൽ ഉപയോഗിക്കുകയാണ് ബ്രെഹ്ത് ചെയ്തത്. പിസ്കേറ്റർ പ്രേക്ഷകരുടെ involvement ആവശ്യപ്പെട്ടു. ബ്രെഹ്ത് ആകട്ടെ V-effectഉം.

എപിക് കവിതയും ട്രാജഡിയും തമ്മിലുള്ള വ്യത്യാസം നിർവചിക്കുന്നിടത്ത്, എപിക്കറിത ആഖ്യാനപര (narrative)വും ട്രാജഡി നാടകീയ (dramatic) വുമാണെന്ന് അരിസ്റ്റോട്ടിൽ സിദ്ധാന്തിച്ചു. ആദ്യത്തേത് മുൻസംഭവങ്ങളെ ഓർമ്മിപ്പിക്കുന്നതുകൊണ്ട് അതിന് വായനക്കാരൻ ഒരു അകലം സൂക്ഷിക്കേണ്ടതുണ്ട്. ട്രാജഡിയാകട്ടെ അപ്പോൾ സംഭവിക്കുന്നതാണ്. അതുകൊണ്ട് പ്രേക്ഷകൻ അതിനോടു താദാത്മ്യപ്പെട്ടിരിക്കണം. നാടകീയവും താദാത്മ്യപ്പെടലും ആണ് പ്രേക്ഷകനെ നിസ്സഹായനും വിധേയനുമാക്കുന്നത് എന്നു തിരിച്ചറിഞ്ഞ ബ്രെഹത് എപികിന്റെ ആഖ്യാനപരത എന്ന അംശം സ്വീകരിച്ചു. എപിസോഡിക് ഘടന എന്നതും ഇങ്ങനെയാണ് ആ നാടകങ്ങളിലേക്ക് കടന്നുവരുന്നത്.

മേൽസ്വാധീനങ്ങളിൽ എപിക്തിയേറ്റർ എന്നുപയോഗിച്ചു പോന്ന ബ്രെഹ്ത് മാർക്സിയൻ ആശയത്തിലേക്ക് അടുത്തതോടെയാണ് തന്റെ നാടകങ്ങൾക്ക് കൂടുതൽ ഇണങ്ങുക വൈരുദ്ധ്യാത്മക നാടകവേദിയാണ് എന്നു കണ്ടെത്തുന്നത്. കാരണം, മാറ്റത്തിന്റെ നിയമങ്ങളെ ഉൾക്കൊള്ളാനുള്ള കരുത്ത് എപിക് പദത്തിനില്ല. സാംസ്കാരികമായ ഒരു ഇടപെടലാണ് ബ്രെഹ്തിന്റെ നാടകങ്ങൾ. അവ വൈരുദ്ധ്യങ്ങളെ തുറന്നു കാണിച്ച് പഠിപ്പിക്കുന്നു. (ഉദാ: സെത്സ്വാനിലെ നല്ലസ്ത്രീ) സമൂഹത്തിന്റെ ചലനനിയമങ്ങളെ വെളിപ്പെടുത്തുന്ന വൈരുദ്ധ്യാത്മക ഭൗതിക വാദമാണ് അവയുടെ ആശയപരമായ അടിത്തറ. ബ്രെഹത് ഇങ്ങനെ എഴുതി:-

"This technique allows the theatre to make use unity respresentatives of the new social scientific method known as dialectical materialism. In order to unearth soceity's laws of motion this method treats social situations as processes and traces out all inconsisitances. It regards nothing as existing except in so far as it changes. In other words it is in disharmony with itself."

വെരുദ്ധ്യങ്ങളെ തുറന്നു കാണിക്കുകയും വിമർശിക്കുകയും മാറ്റത്തിനു വിധേയമാക്കുകയും ചെയ്യുക. അതാണു ലക്ഷ്യം. അതേസമയം, ബൂർഷ്വാ നടാകവേദി വൈരുദ്ധ്യങ്ങളെ മൃദുലമാക്കുകയും മൂടിവയ്ക്കുകയും കൃത്രിമമായ ലയം പ്രദർശിപ്പിക്കുകയും ചെയ്യുന്നു. സ്ഥിതവ്യവസ്ഥയ്ക്ക് ഇളക്കമില്ലാതെ നിൽക്കണം എന്നാണവയുടെ ആഗ്രഹം. മിഥ്യാബോധത്തിന്റെ അരങ്ങ് എന്നിവയെ ബ്രെഹത് വിശേഷിപ്പിച്ചു.

ബൂർഷ്വാലോകത്തിന്റെ കാപട്യങ്ങളെ തുറന്നുകാണിക്കുന്നതിനു ബ്രെഹത് സ്വീകരിച്ച പ്രപഞ്ചവീക്ഷണം വൈരുദ്ധ്യാത്മകഭൗതികവാദം ആയിരുന്നു. അതുകൊണ്ട്, ബ്രെഹ്ത് തന്നെ ആവശ്യപ്പെട്ടപോലെ, അദ്ദേഹത്തിന്റെ നാടകസമ്പ്രദായത്തെ വൈരുദ്ധ്യാത്മക നാടകവേദി (Dialectical Theatre) എന്നു തന്നെ വിളിക്കണം.

# Solomon

SREEVARAHOM BALAKRISHNAN

As sunshine began to dim they started downhill. Behind them, the wrinkled tower of the withered chapel stuck out like a shepherd's wand, its frail shadow falling on them like a feeble blow.

They did not dare to flutter the enveloping quiet even with a syllable.

As they reached the valley, he broke the silence.

"Look Daisy, isn't it good to stop when the tone is good?"

She turned and just eyed him with no obvious change of hue on her face.

"Therefore," he added after a pause: "Let's part now and here". He paused again to see whether she was shocked. But she walked on rather nonchalantly.

Her footprints fell along the wet warm sand. She stopped a moment and stretched her eyes towards the riverbank.

Beyond the smooth expanse of silvery sand and the dark skeleton of the jutty, lay the stream. The fading glow of twilight was aglitter on its ripples.

She remembered the evening when she first alighted from the boat a few months back. The old tree was then all in bloom by the stream.

Now, it stood in gloom, its leaves tanned and drooping.

'Don't reminisce anything,' she reminded her mind.

Holding the sodden rails, he stepped on to the jutty. The wooden planks rattled beneath him.

Her eyes strayed toward the dusky glow above the treetops. Night will fall within seconds, she thought. As darkness spreads over the stream like a pall, the old boat will wade slowly and come to a halt at the jutty. Catching it she can reach her shore before nine. she may cross the bank unnoticed and steal into her house. Covered in a blanket, her father might be lying in the canvass chair on the verandah, in a slumber or battling with memories.

Even now she could not curse the moment when she came out of her home defying him and the church.

"Shall I escort you, Daisy?" His querry roused her. Struggling to restrain herself, she quipped. "No, thanks. It was all alone I came. Alone will I go." "I asked you since it's night," he said haltingly. She turned and stared at him. How eyes glared through the thickening gloom.

The boat flowed in jerking and came to a jolt. The waves it stirred up shook the jutty creaking its ribs.

There was none to get down. She heaved a sigh of relief. Drawing herself, she stepped in.

I could have taken my bag with all those books tucked in, she thought for a moment. But no, it's futile to brood over such trifles.

As the bell rang, the boat moved to midstream jerking and jolting. She entered the Ladies' Cabin and took her seat. Without turning back she could imagine him watchig her with fixed eyes.

She then raised her eyes and turned on an impulse. The sorry shadowy figure receded from her sight and vanished suddenly into the night.

She wondered why she was not bursting out in woe. The next moment she began to chuckle, pondering over the fallacy in having christened him 'Solomon'.

ആശംസകൾ!

പവൻമാറ്റ്
സ്വർണ്ണാഭരണങ്ങളുടെ
കമനീയ ശേഖരം

പി.ആർ.ഡി

ജ്യുവലറി A/C

പുല്ലാട്-പത്തനംതിട്ട ജില്ല

# മിസ് ലാലി എസ് പുന്നൂസിന്റെ സുവിശേഷം

ഏഴാച്ചേരി രാമചന്ദ്രൻ

ജന്മപാപങ്ങളൊഴിക്കുവാനോ
കർമ്മകാണ്ഡങ്ങൾ മിനുക്കുവാനോ
എന്തൊന്നു തോന്നെളുപ്പിച്ചുകൂട്ടാൻ
എന്നൊടുനേരുപറഞ്ഞുകൂടെ?
നേരും പതിരും തിരിയ്ക്കുവാൻ നീ
കാലന്റെയടുത്തു കണക്കെഴുത്തോ?
ഒട്ടും സമാധാനമില്ല കണ്ണാ
ഒരുപാടുകന്നത്തമാണു കയ്യിൽ
ഒള്ളതിലോഹരി പങ്കുവെച്ചാൽ
ചളെല്ലാം പോക്കിയകം വെളുക്കും
എല്ലാമൊതുക്കി ഞെരുക്കിവെച്ചാൽ
വല്ലാണ്ടൊരിയ്ക്കലീ കൂടുപൊട്ടും
അതുതാനെ ഞായമെന്നീയുള്ളോരും
അയ്യെടി പൊന്നേയെന്നകമുറിവും
അമ്മിവിഴുങ്ങിയാൽ ചുക്കുവെള്ളം
അല്ലാണ്ടു പിന്നെന്താ മായക്കാരാ?
കുന്നായ്മ കുന്നായ്ക്കുമിഞ്ഞുകൂടി
തയ്യൽക്കാരെല്ലാരും കയ്യൊഴിഞ്ഞു
കുന്നത്തെക്കൊന്നയിൽ പൊന്നുപൂത്തു
പൂവെല്ലാം തേരട്ടക്കായ്കളായീ
ഇടവകപ്പള്ളിയിൽ ചെന്നാകിലോ
കരൾകടുകെണ്ണയിൽ വീണഗൗളി
കുമ്പസാരിച്ചിട്ടിതേഴുമാസം
അമ്പെഴുന്നെള്ളിച്ചതോർമ്മമാത്രം.
കരിനീല മുടിയും നിറഞ്ഞമുക്കും
പുതിയവികാരി വികാരധന്യൻ
എങ്ങനെ പാപങ്ങളേറ്റുചൊല്ലും

തമ്പുരാൻ കർത്താവിതെന്തൊറക്കം!
പാവം തവളയെ വേട്ടയാടി-
പ്പാവപ്പെരുഞ്ചേരനെഞ്ചകത്തിൽ
നെയ്മീൻ പൊതിഞ്ഞപോളിത്തീൻകവർ
നേരുള്ള പൂച്ചവടിച്ചുനക്കി
പുത്തനർത്ഥാപത്തി കേട്ടവാറേ
സിസ്റ്റർ സെലീന ചിരിച്ചതെന്തേ?
ഹാർട്ടിതേമെട്ടിൽ വിക്കാവുകയോ
ടീച്ചർ കുറച്ചുനാൾ ലീവെടുക്ക്
എക്സാമെടുക്കുമ്പോൾ വന്നുവിണ്ടും
ഒപ്പിട്ടു നാട്ടിൽ തിരിച്ചുപോകാം
മേഘങ്ങൾ മൂളും മണിപ്രവാളം
പൂഴിമണ്ണിൽപ്പുതുവർഷമായി
കുന്നത്തെച്ചെമ്പകം കള്ളക്കണ്ണാൽ
കുന്തിപ്പുഴയ്ക്കൊരു കത്തയച്ചു.
അടിപൊളിക്കത്തിന്റെയുള്ളടക്കം
അങ്ങാടിപ്പാട്ടിനു പല്ലവിയായ്
പിറ്റേന്നു ഹോംസയൻസിന്റെ ക്ലാസിൽ
കുട്ടികൾക്കെല്ലാം നിറച്ചുഫ്രൂട്ടി
ധന്യമാം ഡിപ്പാർട്ടുമെന്റിലാകെ
മാന്യമാം ചൈനീസ് മസാലഗന്ധം
ഒന്നും വേണ്ടായിരുന്നെന്നുചൊല്ലി
ഇന്നാളൊരിക്കൽ കരഞ്ഞകള്ളി
ദൈവം റോമാന്റിക്കാണെന്ന വേദം
സമ്മതിച്ചാൽ നിനക്കെന്തുചേതം?
ആധുനികോത്തരനല്ല ദൈവം
ആയതെനിയ്ക്കും തിരിഞ്ഞുപൊന്നോ.

*With Best Compliments from:*

**The Co-Operative College**
Attingal. ☎: 622797
*Classes:* PDC, DC, M.A., M.Com, M.Sc.,

**The Co-Operative ITC**
Pandakasala, Chirayinkil

**The Co-Operative Eng: Wing**
Attingal

*Board of Directors*
Chirayinkil Taluk Educational Co-operative Society T 808., Attingal

# ഒരു സൂപ്പർകഥ

ചന്ദ്രമതി

മതിലിനുമുകളിലും മരക്കൊമ്പുകളിലുമായി ജനക്കൂട്ടം ഭൂസ്പർശം നിഷേധിയ്ക്കപ്പെട്ട് തപസ്സിരുന്നു. കൂറ്റൻ മതിൽക്കെട്ടിനുള്ളിൽ വൻ ക്യാമറകളും ട്രോളികളും ലൈറ്റുകളും. അവയ്ക്കിടയിലൂടെ അധികാരപൂർവ്വം എന്തൊക്കെയോ വിളിച്ചുപറഞ്ഞുകൊണ്ട് ആൾക്കാരും പരിചിച്ചുകൊണ്ടിരുന്നു. ജനക്കൂട്ടത്തിന് അതിശയമാണ്. തറവാടിയും ധനികനുമായ വീട്ടുടമ, ഒരുറുമ്പിനെപ്പോലും ഗേറ്റിനുള്ളിൽ കടക്കാൻ അനുവദിക്കാത്തവൻ, എങ്ങനെ സ്വന്തംവീട് ഒരു കച്ചവടസിനിമയ്ക്ക് വിട്ടുകൊടുത്തു? ഏറെനേരത്തെ കൂലങ്കഷമായ ചർച്ചകൾക്കു ശേഷം ഒരു പഴയചൊല്ല് (പണത്തിനുമേലേ പരുന്തും പറക്കില്ല) അടിവരയിട്ടുറപ്പിച്ചതിനുശേഷമാണ് അവർ മതിലിനുമുകളിലും മരക്കൊമ്പുകളിലും പറ്റിപ്പിടിച്ച് പേക്ഷയെമർന്നത്. അവർക്കുമുന്നിൽ സെറ്റുകളൊരുങ്ങുകയും താരങ്ങൾ പ്രത്യക്ഷപ്പെടുകയും പിന്നണിക്കാർ ഉരുവിടുന്ന വാക്കുകളേറ്റു പറഞ്ഞ് അഭിനയിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവരുടെ ചുരികചലനവും നോട്ടവും കൾവെയ്പുകളുമൊക്കെ ജനക്കൂട്ടത്തിന് ഹരം പകർന്നു.

ക്യാമറകളും ലൈറ്റുകളും ഉള്ളിലെ ഏതോ മുറിയിലേക്ക് പിൻവലിഞ്ഞപ്പോൾ ജനക്കൂട്ടം ഒന്നയഞ്ഞു. ഇനി അല്പസമയം കൊച്ചുവർത്തമാനത്തിനു നേരമുണ്ടെന്നവർ വിചാരിച്ചു. വീട്ടിനുള്ളിൽ നടക്കുന്ന ഷൂട്ടിംഗ് കാണാൻ ദൈവംതമ്പുരാനെപ്പോലും കാരണവർ അനുവദിക്കുകയില്ലല്ലോ.

അപ്പോഴതാ അവരുടെ വിശ്രമം തെറ്റിച്ചുകൊണ്ട് ഒരാൾ ഒരു കൂറ്റൻ കസേരയും ചുമന്ന് മാവിൻതണലിലേക്കു വരുന്നു. കസേര കണ്ടപ്പോഴേ ജനക്കൂട്ടത്തിനു മനസ്സിലായി, സൂപ്പർതാരം പുറത്തേയ്ക്കു വരുന്നുണ്ട്. ഏറ്റവുമധികം ലക്ഷങ്ങൾ പ്രതിഫലം വാങ്ങുന്ന പ്രിയങ്കരനായ താരം. ജനമാകെ ഇളകി. കസേരയുടെ വലതുവശത്തായി ഫൈബർഗ്ലാസിന്റെ സ്റ്റൂളും സ്റ്റൂളിനുമേൽ ഒരു വലിയ ഗ്ലാസിൽ അടച്ചുവച്ച പച്ചനിറത്തിലുള്ള വെള്ളവും കസേരയ്ക്കു പിന്നിൽ ചന്ദന വിശറിയുമായി ഒരു പരിചാരകനും ചേർന്ന് നിർമ്മിച്ച താത്ക്കാലിക സെറ്റിലേക്ക് സൂപ്പർതാരം സാവധാനം നടന്നുവന്നു.

മതിലിലും മരത്തിലും പറ്റിപ്പിടിച്ചിരുന്ന് ആർത്തുവിളിക്കുന്ന ജനക്കൂട്ടത്തെ താൻ കാണുകയോ കേൾക്കുകയോ ചെയ്യുന്നില്ലെന്ന മട്ടിൽ സൂപ്പർതാരം കസേരയിൽ ആസനസ്ഥനായി. പരിചാരകന്റെ കയ്യിൽ വിശറി ചലിക്കാൻ തുടങ്ങി. മറ്റൊരു പരിചാരകൻ ആദരപൂർവ്വം സമർപ്പിച്ച പുസ്തകം നിവർത്തി വായിച്ചുകൊണ്ട്, ഗ്ലാസിലെ പച്ചനിറമുള്ള പാനീയം ഇടയ്ക്കിടെ നുകർന്നുകൊണ്ട് താരം ഒരു ദർശനത്തിന്റെ പരിപൂർണ്ണതയിൽ വിശ്രമിച്ചു. അയാൾ വായിക്കുന്ന പുസ്തകത്തിന്റെ പേര് ചാഞ്ഞും ചരിഞ്ഞും കണ്ടുപിടിച്ച ഒരു കോളേജ് വിദ്യാർത്ഥി വിളിച്ചുകൂവി- സൽമാൻ റുഷ്ദി!

റുഷ്ദി ആരെന്നും ഫത്വാ എന്തെന്നുമൊക്കെ അയാൾ മറ്റുള്ളവർക്കു വിശദീകരിച്ചുകൊടുത്തു.

മുന്തിയതരം ഇംഗ്ലീഷാ. ഇതൊക്കെ വായിക്കാനുള്ള വിവരം ഇയാൾക്കു ശരിയ്ക്കും ണ്ടോ ആവോ!

ജാടയാണേ! ശരിയ്ക്കു വായിക്കാനെങ്കിൽ ഇയാൾക്കു എന്തെങ്കിലും മുറിയിലിരുന്നുകൂടേ? ഇതു നമ്മളെ കാണാനുള്ള അഭിനയം.

താരത്തിന് ഇംഗ്ലീഷൊക്കെയറിയാം. പ്രണയരംഗങ്ങളിൽ കടുകുവറുക്കുംനേരമാ ഇംഗ്ലീഷ് തട്ടിവിടൽ. കണ്ടിട്ടില്ലേ സിനിമകളും?

സാറേ, സാറെന്താ പഠിച്ചു?

ഒന്നും കേട്ടില്ലെന്ന മട്ടിൽ താരം പേജുകൾ മറിച്ചു.

ഓന്റൊരു ജാട! ഇതെന്താ നമ്മള് കണ്ടിരിക്കണു!

അല്ല, അയാളെന്താ ആ കുടിയ്ക്കണേ. . പച്ചനിറത്തിൽ.

. .

അറിയില്ലേ? പച്ചവെള്ളം!

ആൾക്കൂട്ടം ചിരിക്കുകയും സൂപ്പർതാരം അഭിനയിച്ച പടങ്ങളിലെ ഡയലോഗുകൾ വിളിച്ചുപറഞ്ഞ് ആത്മസംതൃപ്തിയടയുകയും ചെയ്തുകൊണ്ടിരുന്നു.

അപ്പോൾ കറുത്തചില്ലുകൾകൊണ്ട് ഉള്ളുകാണുവാൻ വയ്യാതെ മറച്ച വെളുത്ത മാരുതിസെൻ ഒഴുകിവന്നു. സംഗീതസാന്ദ്രമായ ഹോൺ കേട്ടയുടനെ സെക്യൂരിറ്റിക്കാർ ഗേറ്റു തുറന്നു. ഏതോ പെൺതാരമാവണമെന്ന ആകാംക്ഷയോടെ ജനക്കൂട്ടം വീർപ്പടക്കി കാത്തു. പിന്നിലെ ഡോർതുറന്നു പുറത്തിറങ്ങിയ പെൺകുട്ടിയെ കണ്ടപ്പോൾ പക്ഷെ അവർക്കു നിരാശതയായി. അത് വീട്ടുടമയുടെ മകൾ മാത്രമായിരുന്നു.

അഭിനയിക്കാൻ വന്നതാണോ മോളേ? ആരോ വിളിച്ചു ചോദിച്ചു.

എത്രയാ റേറ്റ്?

വീണ്ടും ചിരിവന്ന കമന്റുകളോടുള്ള ദേഷ്യം മുഖത്തു പ്രകടമാക്കിക്കൊണ്ട് അവൾ മടമ്പിടിച്ച് വീട്ടിനുള്ളിലേക്കു പോയി. ജനക്കൂട്ടം ആർത്തുചിരിച്ചു.

അപ്പോഴാണ് ജനക്കൂട്ടം സൂപ്പർതാരത്തെ ശ്രദ്ധിച്ചത്. ഇടിമിന്നലേറ്റ അവസ്ഥയിലായിരുന്നു താരം. കയ്യിലെ പുസ്തകം താഴെവീണതറിയാതെ, മറുകൈയ്യിലെ ഗ്ലാസിൽനിന്ന് പാനീയം തുളുമ്പിവീഴുന്നതറിയാതെ അയാൾ പെൺകുട്ടി പോയവഴിയേ നോക്കുകയായിരുന്നു— വിടർന്ന കണ്ണുകളോടെ, അല്പം പിളർന്ന വായോടെ.

എങ്ങനെ ഇതിനുള്ളിൽ കടന്നു? പെൺകുട്ടി ഈർഷ്യയോടെ ചോദിച്ചു. അപരിചിതർ എന്റെ മുറിയിൽ പ്രവേശിക്കുന്നതെനിക്കിഷ്ടമില്ല.

ഞാൻ അപരിചിതനോ? സൂപ്പർതാരം തന്റെ പ്രശസ്തമായ രീതിയിൽ ചിരിച്ചു. കുട്ടി എന്റെ സിനിമകൾ കണ്ടിട്ടില്ലേ? എന്നിട്ടും ഞാൻ അപരിചിതനെന്നു തോന്നുന്നുവോ?

അതുചോദിക്കുമ്പോൾ സൂപ്പർതാരം തന്റെ ഏറ്റവും ആകർഷകമായ പ്രണയഭാവം സ്വീകരിച്ചു. കാരണം അയാൾ ശരിക്കും പ്രണയത്തിൽ വീണുകഴിഞ്ഞിരുന്നു. കഴുകിയാൽ പോകുന്ന സൗന്ദര്യം കണ്ടുമടുത്ത ആ കണ്ണുകൾ സ്വാഭാവികതംഗിയ്ക്കു മുന്നിൽ ആരാധനയോടെ നിന്നു.

പെൺകുട്ടി പറഞ്ഞു- ക്ഷമിക്കണം, ഞാൻ മലയാളസിനി

മകൾ അങ്ങനെകാണാറില്ല.

സൂപ്പർതാരം സൂപ്പറായി പരുങ്ങി. എന്നിട്ടും ആകർഷണീയമായ സൗജന്യഭാവത്തോടെ ചോദിച്ചു. ഹിന്ദി/ഇംഗ്ലീഷ് സിനിമകളായിരിക്കും ഇഷ്ടം. അല്ലേ?

അല്ല. ജാപ്പനീസ്.

അവൾ തന്നെ കളിയാക്കുകയാണോ എന്നയാൾ സംശയിച്ചു. ആ സംശയത്തോടെ അവളെ സൂക്ഷിച്ചുനോക്കിയപ്പോൾ ഐലൈനറോ മസ്കാരയോ തൊട്ടശുദ്ധമാക്കാത്ത വിടർന്ന മിഴികളുടെ കാന്തശക്തി അയാളെ അസ്വസ്ഥനാക്കി. താഴെ അപ്രത്യക്ഷനായ സൂപ്പർതാരത്തെ അന്വേഷിക്കുന്ന ശബ്ദങ്ങളുയരുന്നുണ്ടായിരുന്നു. പെട്ടെന്ന് ഏതൊക്കെയോ സിനിമകളിലെ ഡയലോഗുകൾ കോർത്തിണക്കിക്കൊണ്ട് അയാൾ പറഞ്ഞു—

എനിക്കിഷ്ടമായി. ജീവിതത്തിലൊരിക്കലും ഈ മുഖം എനിയ്ക്കു മറക്കാനാവില്ല. എത്ര ജന്മം ജനിച്ചാലും നിന്റെയീ കണ്ണുകൾ എന്നെ വേട്ടയാടിക്കൊണ്ടിരിക്കും. ഇത്രയും നേരിട്ടു പറയണമെന്നു തോന്നി.

സിനിമാസ്റ്റൈലിൽ ചുമലുകൾ വെട്ടിച്ചുകൊണ്ടയാൾ മുറിവിട്ടുപോയി.

സൂപ്പർതാരം വളരെ അസ്വസ്ഥനായിരുന്നു. കൃത്യം ഏഴരയ്ക്കു അയാൾക്കായി ടെലഫോൺ മണിയടിക്കും. അപ്പുറത്ത് അവളുടെ ശബ്ദമായിരിക്കും. അവൾ എന്താവും പറയുക— യെസ് എന്നോ നോ എന്നോ? നോ എന്നായിരിക്കില്ല. തന്റെ ഇദയക്കനിയാകാൻ കൊതിയ്ക്കാത്ത ഏതു പെണ്ണുണ്ടീ ഭൂമി മലയാളത്തിൽ? സിനിമാക്കാരന് പെണ്ണുകൊടുക്കാൻ മടിച്ച കാരണവരെപ്പോലും അനുനയിപ്പിച്ചെടുക്കുവാൻ തനിയ്ക്കു കഴിഞ്ഞു. എല്ലായിടത്തും പച്ചക്കൊടികളുയർന്നു കഴിഞ്ഞിട്ടും അവളെന്താണ് ആലോചിക്കുവാൻ സമയം ചോദിച്ചത്? സൂപ്പർതാരത്തിന്റെ ഹൃദയം കവർന്ന അഹംഭാവമാവും. സാരമില്ല, അല്പസ്വല്പം അതും വേണം.

അതീവരഹസ്യമായൊരു വിവാഹമാണ് സൂപ്പർതാരം പ്ലാൻ ചെയ്തിരിക്കുന്നത്. വിവാഹം കഴിയുന്ന അന്നു രാത്രിയിലെ വിമാനത്തിൽ അവർ ഇന്ത്യ വിടും. എന്നിട്ടേ വാർത്ത പുറത്തുവരുകയുള്ളൂ. ആംസ്റ്റർഡാമാണ് മധുവിധുവിനയാൾ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം. മഞ്ഞുറഞ്ഞ മലനിരകളും നീലത്തടാകങ്ങളും തണുത്തുവിറപ്പിക്കുന്ന ഹിമക്കാറ്റും പരസ്പരം പകരുന്ന ചൂടും. . . കൂടെ നാട്ടിൽ നടക്കുന്ന ശബ്ദകോലാഹലങ്ങളും പെണ്ണുങ്ങളുടെ കൂട്ട ആത്മഹത്യയും. . . ആകെ രസമുള്ളൊരു മധുവിധു!

പെട്ടെന്ന് അയാളുടെ മടിയിൽ വിശ്രമിച്ചിരുന്ന കോർഡ്‌ലെസ്സ് ഫോൺ ശബ്ദിച്ചു. മധുരമായ ശബ്ദത്തിൽ അവൾ പറഞ്ഞു

നിങ്ങളുടെ പ്രപ്പോസലിന്റെ എല്ലാവശങ്ങളെക്കുറിച്ചും നല്ലവണ്ണം ആലോചിച്ച് ഞാനൊരു തീരുമാനമെടുത്തുകഴിഞ്ഞു.

നോബൽസമ്മാനം പ്രതീക്ഷിക്കുന്നയാൾ വാർത്തയ്ക്കു മുന്നിലെന്നപോലെ ക്രമംതെറ്റിമിടിയ്ക്കുന്ന ഹൃദയവുമായി സൂപ്പർതാരം മറുപടിക്കു കാത്തു.

വിവാഹത്തിനെനിക്കു സമ്മതമാണ്.

ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന പടത്തിലെ നായകനെപ്പോലെ സൂപ്പർതാരം ഹിയ്യാ എന്നലറിക്കൊണ്ട് കോർഡ്‌ലസ്സ് ഫോണുമായി ഭൂമിയിൽനിന്നുയർന്നു. അവൾ തുടർന്നു-

പക്ഷെ ഒരുകാര്യത്തിനു നിങ്ങൾ സമ്മതിക്കണം.

സൂപ്പർതാരം മെല്ലെ കറങ്ങി ഭൂമിയിൽ ലാന്റു ചെയ്തു.

തീർച്ചയായും പറയൂ. എന്തുവേണമെങ്കിലും പറയൂ. നിനക്കുവേണ്ടി ഞാനെന്തുചെയ്യാനും ഒരുക്കമാണ്. ചന്ദ്രനെ സ്വർണ്ണത്തളികയിൽ പറിച്ചുവയ്ക്കണോ? സപ്തസാഗരങ്ങൾ നീന്തിക്കടക്കണോ? സൂര്യനെ ഊതിക്കെടുത്തണോ?. . .

പെട്ടെന്നയാൾ സ്വയം പിടിച്ചുനിർത്തി. കാരണം അത് താഴ്‌വാരത്തിലെ കുഞ്ഞിക്കൂഗി എന്ന പടത്തിലെ ഡയലോഗായിരുന്നു.

ഏയ്, ഇത് അതിലൊക്കെ സിംപിളാണ്. അവൾ പറഞ്ഞു. മറ്റൊന്നുമല്ല. നിങ്ങൾ ഇനിമേൽ സിനിമയിലഭിനയിക്കുവാൻ പാടില്ല.

സൂപ്പർതാരം ഭയങ്കരമായി ഞെട്ടി. ശ്രീരാമപട്ടാഭിഷേകം എന്ന തമിഴ് പടത്തിൽ സീത ഭൂമിപിളർന്ന് അന്തർധാനംചെയ്യുന്നത് കണ്ടു നിൽക്കുന്ന ശ്രീരാമനായിരുന്നു അയാൾ. എന്നാൽ ഇപ്പോൾ അയാൾ സീതയായി. ■


MELAM

**MVJ FOODS (INDIA) PRIVATE LTD**

HB NO. 7 PANAMPILLY NAGAR AVENUE,
COCHIN-682 036
TEL: 317784, 311858, 311859
FAX: 0484-312370 RES: 630123

**Factory Office:**
U.C. College P.O., Aluva-2
Tel: 625280, 629915, 620965
Fax: 0484-629280

# നിളപോലെ

ദേശമംഗലം രാമകൃഷ്ണൻ

കൈതന്നതു പിരിയുവാനല്ല
കാലങ്ങൾ പലനിറങ്ങളിൽ
തെരച്ചുടുക്കണം
ചവിട്ടിത്തീർക്കണം
ആകാശം ചുണ്ടിലിറ്റിച്ചുകൊ-
ണ്ടേതോ വെളിമ്പുറങ്ങളിൽ
മയങ്ങണ-
മുണരണം
വഴിച്ചാലുകൾകീറണം.
എന്തിനെന്നല്ലേ
അതിപ്പോളോർക്കേണ്ട
കൈയും കെട്ടി
കനച്ച നിഴലാകേണ്ട.
ട്രഷറിക്കോലായയിൽ
കുത്തിത്തുളയ്ക്കാൻവരും
പെൻഷനിരുട്ടുകളോടു
ഗർവിക്കേണ്ട
സാന്ത്വനപ്പെടുത്തിയൊഴിയുക.
നിനക്കുണ്ടല്ലോ
പുതുപാറകൾ പൊട്ടിക്കുവാൻ.
അക്കരെയ്ക്കെത്താൻ വിചാരിച്ചുവന്നവർ
കൂർക്കം വലിക്കുന്ന കടവുകൾക്കപ്പുറം
തൂവലും തൊലിയും പെരുകും വരമ്പുകൾപ്പുറം
നിന്റെ കോഴിയെ കൂവിയുണർത്തുക.
പുസ്തകക്കാടിന്നു വെളിയിൽ
പൊട്ടൻതെയ്യം വെളിച്ചപ്പെടുമ്പോൾ
മേടുകളാറുകൾ
മുഖച്ഛായവറ്റിയൊരാളുകൾ
ദേശങ്ങൾ, കൂടെവരുന്നു.
ഞെട്ടിയുണരുന്നഹല്യ,
നീ തൊട്ടുപോകുമ്പോൾ.
നിഴലുണ്ട് പിന്നിലൊരു
കിളിയുണ്ട് മുന്നിലൊരു
കുരുതിത്തറയു-
ണ്ടതോർത്തു നീ പോവുക.
പോക്കിനർത്ഥം വരവുമത്രെ
വരുന്നതു 'നോട്ട'ല്ല
കയ്ക്കും മുഖസ്തുതികളാകാം.
നിന്റെ പോക്കറ്റിൽ കിലുങ്ങു-
ന്നശോകൻ പഴശ്ശി
സാമൂതിരി ചന്ദ്രഗുപ്തൻ.
നേടിയതെന്ത്
ഒരു കെട്ടോലയോ
പെയ്യാത്തിരുവാതിര-
ഞാറ്റുവേലയോ.
അറിയുന്നു തമ്മിൽ നാം
ഗുരുവിൻ ചിദംബരപ്പടിയിലോ
പാളങ്ങൾ കൂടിപ്പിണങ്ങി-
ത്തിളങ്ങിച്ചിരിക്കും വഴിയിലോ
പിന്നെയൊരന്തിയിൽ
വരളുന്ന നിളയുടെ
കവിത മൂളുമ്പൊഴോ.
അറിയുന്നു നമ്മളീനിളപോലെ.
അതു വീർത്തുപൊട്ടിക്കരയാം
ചിലപ്പോൾ ചിരിക്കാം
അഴിമുഖത്തലറിപ്പതിക്കാം
പിന്നെ നാം ബാക്കിയി-
ച്ചെളിനീറ്റിലങ്ങിങ്ങു
മുങ്ങുവാനാഴവും തേടി നടക്കാം
ഒടുവിലൊരുതുള്ളി
മിഴിനീരുമില്ലാതെ
ഗ്രീഷ്മങ്ങൾ താണ്ടുമ്പൊ-
ളുച്ചിയിൽ സൂര്യൻ കടിച്ചുപൊളിക്കും.
കരയിൽ കമിഴ്ന്നൊരു
തോണിയിൽചാരി
വരുമേതു മേഘമെന്നുറ്റുനോക്കും
അറിയുന്നു നമ്മ, ളീനിളപോലെയോർമ്മകൾ

# ALL IS NOT LOST

DR.K.RADHAKUMARI

It was an unusuallyfierce summer afternoon. The few leaves on the drooping trees of the hamlet cowed before the scorching heat. It would be presumptuous to call it a hamlet; it was rather the shadow of a hamlet; for life did not stir there. What greeted the vagrant's eyes was a nerve racking picture that would follow him to his grave. The few cottages that made up the hamlet were reduced to rubble; parts of the human anatomy were strewn all over-the left overs of the vulture's feast!

From the vantage point of a hillock the vagrant saw the outline of a creature that at first seemed like an extra terrestrial being. When it came within his ken he realized, with a shudder, that it was a man Nay! he didn't deserve that epithet; the term a "beast in human form" would aptly describe him. This monster was diabolically dancing his way through the scene of human slaughter without the faintest sign of any feeling.

The feeble mewl of an infant among the human debris arrested his wicked dance. He stood still, for a moment, with mouth agape and his face contorted with fear and pain. The vagrant resumed his wandering with the consoling canviction that all is not lost. There is still hope for mankind.

# ACTOR the final word in THEATRE

DR.H.SADASIVAN PILLAI

The Trinity in theatre is the playwright, the actor and the audience. In these three components it is the actor who is the be all and end all of the real magic, the pivot of this 'celestial' art. In the final analysis, all other factors are complementary to the essential genius of the actor. Only by honouring this truth that a dramatic presentation can rise to the aesthetic level of a well accomplished play. The magnificence and splendour often associated with our great traditional perfoming arts like Theyyam, Mudiyettu, Padayani etc. usually entice the spectators through their external devices of unusual, gigantic and colourful costumes and 'Thauryathrika' (Geetham- Nritham and Vadyam - Song, dance and accompaniments of music. But the real power of their magical realism is the performer or the actor in them, who is the product of long, laborious and strenuous training. The real source of his immense potential as a performer is derived from the long years of agonising training, physical and spiritual, he has undergone. This is the secret behind his becoming the incarnation of theatreart. It is this message that should make the art of modern theatre an enlivening and enticing aesthetic media.



*ADUKKALAYIL NINNU ARANGATHEKKU*
**DRAMA AS A TOOL FOR SOCIAL REFORMATION**

## Actor: the soul of theatre

It is the actor, and nothing else which is the soul of real theatre. The theatre experiments going on world-wide today are pointers to this eternal truth. Antonin Artaud, the French dramatist, director and actor who is regarded as the pioneer of the modern experiments in theatre identifed the fact that without the 'upliftment' of the actor in the theatre there cannot be real power in the medium. The hieroglyphic appearance of the performer in the Balinese theatre with his colourful and gigantic costumes; peculiar gestures and movements enchanted Artaud, and recognising its real aesthetic power he theorised that it is these powerful elements that should be absorbed in to modern theatre. Then, the great Russian theatre man, Stanislavsky devoted a whole life time in experimenting with the actor for the creation and presentation of a play. The derivations of the his experiments in theatre have become the grammar of the director as well as the actor in theatre today.

Grotowsky, the other celebrated Russian director through his long and laborious theatrical experiments concluded in his famous book 'The Poor Theare' that 'the holy actor' is the final word in the theatre. The baton of his legacy has been handled, in differemt ways by other young theatre workers like Mayorhold, Eugino Barba, Peter Brook etc... who have been experimenting with the actor and his role in theatre.

## Indian theatre:

In the second half of this century this is what happened in Indian theatre as well. With the end of the colonial rule, an awareness to revive the traditional elements of our ancient theatre engulfed the Indian theatre-men,as happened in other spheres of life. For this a deep analytical study of our traditional performing arts became essential. They also identified the fact that the real power in them is the performer who should become the model and message to the modern actor and also the culture that warped them. But it is a sad commentary that some ' quacks' in the field are attracted only towards their external aspects, colourful costumes and the spell of music and movements without imbibing the real power and inner spirit in them viz. the actor.

## Modern Malayalam theatre:

There is only disillusion and disappointment if we evaluate the modern malayalam theatre today in this background. There are two distinct divisions, Professional or Commercial and amateur or academic in our theatre today. It is said that there are more than threehundred professional troupes in Kerala producing as many plays every year. These plays are often hi-tech commercial poducts with an aim to hit at the



NEDUMUDI VENU, BHARATH GOPI AND RUGMINI IN "AVANAVAN KATAMPA" THIRUVARANG, TRIVANDRUM (1976)
**IN SEARCH OF AN INDIGENOUS MODE OF EXPRESSION**



"OORUBHANGAM"
SCHOOL OF DRAMA, TRICHUR (1980)
**EXPERIMENTATIONS GALORE**

cultural market with out much aesthetic or theatrical values in them. Then how can they contribute to the growth of the theatre? It is in amateur field that some meaningful experiments are going on. But here too a danger is lurking the vital element in the theatre. the actor is being pushed out and the director has weilding his power as a dictator. He has become the undisputed leader of the whole empire of the theatre. This is the sad experience the writer has undergone on witnessing the productions of some of the known amateur drama troupes of Kerala last year. Here the actors have become mere toys which move, act and speak like robots at the strict commands of the director who complacently introduces certain 'crafts' which have nothing to do with the inner soul of the play. The actor becomes rawmaterial unable to express his inborn genius, ability of improvisation and enterprising talents. He is reduced to a mere object to move only at somebody's will and pleasure. No doubt, this does a devastating harm to the spirit of the theatre.

### *The actor shuold be liberated.*

This leads us to the puzzle on what aspect of our theatre the actual experiment is going on today ! It is to express or rather exhibit his intellectual calibre (often outside the purview of real theatre) that the so called director converts the sanetified theater circle in to an experimenting chess board. Such experiments of ten make amockery of real theatre. The so called celebrities are doing nothing else! This was witnessed in the National theatre Festivals held last years at Calcicut, Thiruvananthapuram and Tripunithura. (Of course, there were some exceptions.) After the colonial rule, In his pilgrimage to discover the real powers source of the theatre, the director has come across the actor, but what he did afterwards was to exploit him for his self aggrandizement. There is little difficulty in prophesying what meaningful contributions are going to be made by these people to the healthy growth of our theatre! There is the inevitable need to convert theatre into an animate, artistic entity providing it with life and soul instead of making it an artificial and inanimate toy play. For this it is inevitable to elevate the actor in to a free and powerful soul and to re-install him at the centre of the theatre. The emergence of a strong theatre is possible only in this way.


കെ.കെ.ആർ മിൽസ്
നിറപറ ബ്രാന്റ്



പാർ - ബോയിലിംഗ് ഓട്ടോമാറ്റിക്ക്
മോഡേൺ റൈസ്മിൽ
ഒക്കൽ, കാലടി- 683 550

ഫോൺ: 0484-462422, 463308, 464111

## കടയ്ക്കൽ സർവ്വീസ്സഹകരണബാങ്ക്

H.O : കടയ്ക്കൽ
422035

BR : കുമ്മിൾ
447073

## 'ഗൃഹലക്ഷ്മി'

ആധുനിക ഇലക്ട്രോണിക്സ് ഗൃഹോപകരണങ്ങളുടെ ഒരു കലവറ

ബസ്സ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്-കടയ്ക്കൽ

സെക്രട്ടറി

പ്രസിഡന്റ്

## കൈപ്പട്ടൂർ സർവ്വീസ് സഹകരണബാങ്ക്

ക്ലിപ്തം നമ്പർ: 115

H.O. കൈപ്പട്ടൂർ
Phone : 350242

BR. നരിയാപുരം
Phone : 351242

*"6 കോടിരൂപാ പ്രവർത്തനമൂലധനവും
80 വർഷത്തെ സേവനപാരമ്പര്യവുമുള്ള
പത്തനംതിട്ട ജില്ലയിലെ ഒരു പ്രമുഖബാങ്ക്"*

രാജു നെടുവംപുറം
*പ്രസിഡന്റ്*

കെ.കെ. മീനാക്ഷിയമ്മ
*സെക്രട്ടറി*

## ചങ്ങനാശ്ശേരി കോഓപ്പറേറ്റീവ് അർബൻ ബാങ്ക്

ലിമിറ്റഡ് നമ്പർ- 3195
ചങ്ങനാശ്ശേരി

| | | | |
|---|---|---|---|
| ബ്രാഞ്ചുകൾ: | ചങ്ങനാശ്ശേരി | ഫോൺ നമ്പർ: | 420119 |
| | മാമ്മൂട് | | 472119 |
| | | പ്രസിഡന്റ്: | 423746 |

സ്ഥിര നിക്ഷേപങ്ങൾക്ക് 7½% മുതൽ 15½% വരെ പലിശ നിരക്കു നൽകുന്നു.

*പ്രസിഡന്റ്*
അഡ്വ: K.P. ദാസ്

*ജനറൽ മാനേജർ*
ശ്രീ. പി.എ. വർഗീസ്



DESIGN & INSTALLATION OF FIRE PROTECTION SYSTEMS, WETRAISER, FIRE ALARM, P.A. SYSTEM FIRE DETECTION, SPRINKLER SYSTEM Etc.. as per N.B.C, T.A.C., KERALA FIRE FORCE STANDARDS.



**FATHIMA ENTERPRISES**
FIRE FIGHTING SYSTEMS & EQUIPMENTS
Ground Floor, Emerald Appartments, New Nanthavanam Road, Palayam,
Thiruvananthapuram - 695 033. Phone : Office - 332161, 479254 Fax - 332721

# നാഴികക്കല്ലുകൾ

ഭൂതകാലത്തിലേക്കുള്ള തിരിഞ്ഞുനോട്ടം ഏതൊരു പ്രസ്ഥാനത്തിനും നവോന്മേഷം പകരുന്നതാണ്. വളർച്ചയിൽ അനുഭവിക്കേണ്ടിവന്ന തിക്താനുഭവങ്ങളുടെ പട്ടിക പ്രതിസന്ധികളിൽ തളരാതെ മുന്നേറാൻ അണികളെ പ്രാപ്തരാക്കും. പ്രവർത്തനങ്ങളിൽ സംശയാലുക്കളും അലസരുമായ ചുരുക്കം അംഗങ്ങളുടെ മാനസികാവസ്ഥ നീക്കിയെടുക്കാനും അവരെ കർമ്മനിരതരാക്കാനും ഇത്തരം ചരിത്രപാഠങ്ങൾ അനിവാര്യമാണ്. നമ്മുടെ സംഘടനയും അനവധി പ്രതിസന്ധികൾ അഭിമുഖീകരിച്ചിട്ടുണ്ട്. ഇത് ഏതെങ്കിലും ഒരു ചരിത്രകാരന്റെ വാക്കുകളിൽക്കൂടെ കേൾക്കുന്നതിനേക്കാൾ ഈ സംഭവങ്ങൾക്ക് സാക്ഷികളായവരുടെ അനുഭവക്കുറിപ്പുകളിലൂടെ മനസ്സിലാക്കുന്നത് കൂടുതൽ നന്നായിരിക്കും. 'നാഴികക്കല്ലുകൾ' അത്തരം അനുഭവം വായനക്കാരുമായി പങ്കുവയ്ക്കുന്നു.

## സംഘടനയുടെ സമരമുഖം

പി. രവീന്ദ്രനാഥ്

എ.കെ.പി.സി.ടി.എയുടെ ചരിത്രം സ്വകാര്യകോളജധ്യാപകരുടെ നീണ്ടകാലത്തെ ധീരോദാത്തവും ത്യാഗപൂർണ്ണവുമായ സമരങ്ങളുടെ ചരിത്രമാണ്. 1960-കളിലും 1970-കളിലും കോളേജധ്യാപകസമരങ്ങളുടെ ഒരു വലിയ വേലിയേറ്റം തന്നെയുണ്ടായി. സേവന-വേതന വ്യവസ്ഥകളൊന്നും നിലവിലില്ലാതിരുന്ന ഒരു കാലഘട്ടം. മാനേജ്മെന്റിന്റെ ക്രൂരമായ ചൂഷണത്തിനു വിധേയരായിരുന്ന പ്രൈവറ്റ് കോളേജധ്യാപകർക്ക് സമരമല്ലാതെ മറ്റൊരു പോംവഴിയുമുണ്ടായിരുന്നില്ല. മാനേജുമെന്റിനെതിരെ ശബ്ദിച്ചുപോയാൽ പിരിച്ചുവിടൽ നടപടിക്കു വിധേയരാവണം. അവിവാഹിതിയായ കോളേജദ്ധ്യാപിക വിവാഹം കഴിച്ചാൽ ജോലി നഷ്ടപ്പെടുന്നകാലം. അദ്ധ്യാപകർക്ക് അന്ന് ശമ്പളം നൽകുന്നത് മാനേജ്മെന്റ്. കൃത്യമായ ശമ്പളമില്ല. ശമ്പളത്തിന്റെ ഒരു ഭാഗം മാനേജുമെന്റ് പിടിച്ചെടുക്കും. ഒപ്പിട്ടുകൊടുക്കുന്ന തുക കയ്യിൽ കിട്ടില്ലെന്നർത്ഥം. മാടമ്പികളായ നാട്ടുപ്രഭുക്കന്മാരുടെ ക്രൂരതയും ധാർഷ്ട്യവുമായിരുന്നു അന്നത്തെ കോളേജ് മാനേജ്മെന്റിനും ഉണ്ടായിരുന്നത്.

ഉന്നത വിദ്യാഭ്യാസരംഗത്ത് ഇത്തരം ദയനീയമായ സ്ഥിതിവിശേഷം നിലവിലിരുന്ന കാലത്താണ് ഞാൻ കോളേജധ്യാപകനായത്, 1966-ൽ ന്യൂഡൽഹിയിലെ ഒരു ഗവേഷണസ്ഥാപനത്തിലെ റിസർച്ച് അസിസ്റ്റന്റ് ജോലി വേണ്ടെന്നു വെച്ചിട്ടാണ് പന്തളം എൻ.എസ്.എസ്. കോളേജിൽ ഇക്കണോമിക്സ് ലക്ചററായി ജോലിയിൽ പ്രവേശിച്ചത്. കോളേജ്‌വിദ്യാർത്ഥിയായിരുന്ന കാലംതൊട്ട് മനസ്സിൽ താലോലിച്ചിരുന്ന ഒരു സ്വപ്നമായിരുന്നു കോളേജധ്യാപകജോലി, പക്ഷേ തുടക്കത്തിൽ തന്നെ വലിയ വീർപ്പുമുട്ടലനുഭവപ്പെട്ടു. എൻ.എസ്.എസ്. മാനേജ്മെന്റിന്റെ അദ്ധ്യാപകദ്രോഹനടപടികളെ എതിർക്കുന്നതിനുവേണ്ടി ആദ്യവർഷംതന്നെ ഞാൻ എ.കെ.പി.സി.ടി.എയിൽ അംഗമായി ചേർന്നു. എ.കെ.പി.സി.ടി.എയിൽ അംഗമായി ചേരുന്ന പ്രൊബേഷണർമാരായ അദ്ധ്യാപകരെ പിരിച്ചുവിടുന്ന കാലമാണതെന്നോർക്കണം

എൻ.എസ്.എസിന്റെ സ്ഥാപനനേതാവായ മന്നത്തു പത്മനാഭന്റെ അദ്ധ്യാപകസംഘടനാവിരോധം കുപ്രസിദ്ധമായിരുന്നു. കോളേജുകൾസ്ഥാപിക്കുന്നതിന് ത്യാഗപൂർവ്വം പ്രവർത്തിച്ചനേതാവായിരുന്നെങ്കിലും സ്ഥാപകനായി ഭരണം ആരംഭിച്ചപ്പോൾ മുതൽ അദ്ധ്യാപകരെ അദ്ദേഹം ശത്രുക്കളെപ്പോലെയാണ് കണ്ടിരുന്നത്. ഉദ്യോഗനിയമനത്തിന് കോഴവാങ്ങുന്ന സമ്പ്രദായം എൻ.എസ്.എസ് മാനേജുമെന്റ് ആരംഭിച്ചത് 1967-68ൽ ആണ്. 1966-67ൽ നിയമിതരായ അദ്ധ്യാപകരിൽ നിന്നും മുൻകാലപ്രാബല്യത്തോടെ കോഴ പിരിക്കാനും അന്ന് അവർ തീരുമാനിക്കുകയുണ്ടായി. അതിനുകാരണമായി പറഞ്ഞത് 1966-ൽതന്നെ R. ശങ്കറിന്റെ നേതൃത്വത്തിലുള്ള എസ്.എൻ. മാനേജുമെന്റ് കോഴവാങ്ങിയ കാര്യമായിരുന്നു. അങ്ങിനെ കോഴപിരിക്കുന്നതിലും 'മന്നം-ശങ്കര വീരന്മാരുടെ' യോജിപ്പും സഹകരണവും അന്നു ഞങ്ങൾക്കു കാണാൻ കഴിഞ്ഞു.

മുൻകാലപ്രാബല്യത്തോടെ കോഴപിരിക്കുന്ന നടപടിയെ ശക്തമായി എതിർക്കാനായിരുന്നു എ.കെ.പി.സി.ടി.എയുടെ തീരുമാനം. അത്തരമൊരു തീരുമാനത്തിലേക്ക് നയിച്ച ചർച്ചയിൽ ഞാൻ വളരെസജീവമായി പങ്കെടുത്തു. 1966-ൽ നിയമിക്കപ്പെട്ട അദ്ധ്യാപകരെ എ.കെ.പി.സി.ടി.എയുടെ കൊടിക്കീഴിൽ അണിനിരത്തുന്നതിന് ആവശ്യമായ പ്രവർത്തനം നടത്താൻ സംഘടന എന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. മാനേജുമെന്റിന്റെ ശിക്ഷാനടപടികൾ ഭയന്ന് നല്ല ഒരു വിഭാഗം അദ്ധ്യാപകർ അന്ന് സംഘടനയുമായി ബന്ധപ്പെടുന്നതിന് തയ്യാറായില്ല.

മന്നത്തുപത്മനാഭന്റെ നേതൃത്വത്തിലുള്ള എൻ.എസ്.എസ് മാനേജുമെന്റിന്റെ അധ്യാപകദ്രോഹനടപടികൾക്കെതിരായി

ഒരു മെമ്മോറാണ്ടം തയ്യാറാക്കി അദ്ധ്യാപകരുടെ ഒപ്പുകൾ ശേഖരിച്ച് അതു ബഹുമാനപ്പെട്ട രാഷ്ട്രപതിക്കു അയച്ചു കൊടുക്കാൻ സംഘടന തീരുമാനിച്ചു. ഞങ്ങൾ ആ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നപ്പോൾ തന്നെ ഒറ്റുകാരിൽ നിന്ന് മാനേജ്മെന്റ് ആ വിവരം അറിയുകയും സംഘടനയുടെ മെമ്മോറാണ്ടത്തിനെതിരായി അവർ ഒരു പ്രസ്താവന തയ്യാറാക്കി അതിൽ അദ്ധ്യാപകരെക്കൊണ്ട് ഒപ്പിടീക്കുകയും ചെയ്തു. രാഷ്ട്രപതിക്ക് എ.കെ.പി.സിടി.എ മെമ്മോറാണ്ടം അയച്ചിന് തൊട്ടുപിറകെ മാനേജ്മെന്റ് അവരുടെ കള്ളപ്രസ്താവന അടങ്ങിയ നിവേദനവും രാഷ്ട്രപതിക്ക് അയക്കുകയുണ്ടായി. അദ്ധ്യാപകരെ ഭീഷണിപ്പെടുത്തിയാണ് മാനേജ്മെന്റ് അവരുടെ പ്രസ്താവനയിൽ ഒപ്പിടീച്ചതെന്ന് കാണിച്ചുകൊണ്ട് ഞങ്ങൾ വീണ്ടും മെമ്മോറാണ്ടം തയ്യാറാക്കി അയച്ചു. അതിനുശേഷം രണ്ടു ദശാബ്ദകാലത്തോളം എൻ.എസ്.എസിന്റെ അദ്ധ്യാപകദ്രോഹനടപടികൾക്കെതിരേ അദ്ധ്യാപകർ നിരവധി സമരങ്ങൾ നടത്തിയിട്ടുണ്ട്. അധ്യാപകരുടെ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തമായ മാനദണ്ഡങ്ങളുണ്ടാക്കുക എന്ന ആവശ്യമുന്നയിച്ച് എ.കെ.പി.സി.ടി.എയുടെ നേതൃത്വത്തിൽ നിരവധി സമരങ്ങൾ നടത്തുകയുണ്ടായി. 1981-ൽ ഞാൻ എ.കെ.പി.സി.ടി.എ യുടെ പ്രസിഡന്റായി പ്രവർത്തിച്ച കാലത്ത് എൻ.എസ്.എസ്. ഹെഡ് ഓഫീസ് പടിക്കൽ നടത്തിയ സമരത്തെ മാനേജുമെന്റ് ഗുണ്ടകളെ ഉപയോഗിച്ച് നീചമായി അടിച്ചൊതുക്കാൻ ഒരുമ്പെട്ടകാര്യം ഒരിക്കലും മറക്കാൻകഴിയില്ല.

സർവ്വീസിൽ കയറിയ കാലം മുതൽ സർവ്വീസിൽ നിന്നു പിരിയുന്നതുവരെ എ.കെ.പി.സി.ടി.എ. നടത്തിയ എല്ലാ സമരങ്ങളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. ചില സമരങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കാൻ കഴിഞ്ഞ കാര്യവും അഭിമാനത്തോടെ ഓർക്കുന്നു. സമരരംഗങ്ങളിൽ ആവേശത്തോടെ മുദ്രാവാക്യം വിളിച്ചുകൊടുക്കുമ്പോഴുണ്ടായ രസകരമായ ചില അനുഭവങ്ങൾ ഇന്നും ഓർമ്മയിൽ പച്ചപിടിച്ചു നില്ക്കുന്നു. 1968-69ൽ നടന്ന കൊല്ലം ഫാത്തിമാ കോളേജ് സമരം സംഘടനയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്.

ഫാത്തിമാ കോളേജിൽനിന്ന് നാലഞ്ച് അദ്ധ്യാപകർ പിരിച്ചുവിടപ്പെട്ടു. സംഘട്നാ പ്രവർത്തനം നടത്തിയതിന്റെ ശിക്ഷയായിട്ടാണ് മാനേജുമെന്റ് അവരെ പിരിച്ചുവിട്ടത്. അദ്ധ്യാപകരെ തിരിയെ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എ.കെ.പി.സിടി.എ ശക്തമായ സമരം നടത്തി. ആ സമരം മാസങ്ങളോളം നീണ്ടുനിന്നു. ഫാത്തിമാ കോളേജിനു മുമ്പിൽ ഒരു പന്തലു കെട്ടി സമരവേദി ഒരുക്കി അവിടെയിരുന്ന് സത്യാഗ്രഹസമരം നടത്തുമ്പോൾ കരിങ്കാലികളായ അദ്ധ്യാപകർ ഞങ്ങളുടെ മുന്നിലൂടെ ജോലിചെയ്യാൻ പോവുന്ന കാഴ്ച ദുസ്സഹമായിരുന്നു. ഞങ്ങൾ തൊണ്ടപൊട്ടുന്നവിധത്തിൽ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.പെട്ടെന്ന് ശക്തമായ ഒരു മുദ്രാവാക്യം എന്റെ ബുദ്ധിയിലുദിച്ചു.

"പരമ്പരാഗത കരിങ്കാലികളെ ഒറ്റപ്പെടുത്തുക"

പന്തലിൽ തിങ്ങിനിറഞ്ഞിരുന്ന അദ്ധ്യാപകർ അതേറ്റുവിളിച്ചതോടെ കരിങ്കാലികൾ നാണിച്ച് തലതാഴ്ത്തി ഓടിമറഞ്ഞ കാഴ്ച ഇന്നും ഞാൻ ഓർക്കുന്നു. സത്യഗ്രഹപന്തലിലുണ്ടായിരുന്ന സമരഭടന്മാർക്ക് ആ മുദ്രാവാക്യം വലിയ ആവേശവും വീറും പകർന്നുകൊടുത്തു. അതുപോലെ ആ സത്യഗ്രഹപന്തലിൽ വെച്ചാണ് കോളേജദ്ധ്യാപകർ ആദ്യമായി 'ഇങ്കിലാബ് സിന്ദാബാദ്' എന്ന മുദ്രാവാക്യം മുഴക്കുന്നത്. അതുവരെ ഇങ്കിലാബ് വിളിക്കാൻ ധൈര്യപ്പെടാതിരുന്ന അദ്ധ്യാപകരെ കൊണ്ട് ആ മുദ്രാവാക്യം വിളിപ്പിച്ചു കഴിഞ്ഞപ്പോൾ എ.കെ.പി.സി.ടി.എ യുടെ അന്നത്തെ ഒരു നേതാവായിരുന്ന സി.ഇസഡ്. സ്കറിയാ എന്നെ വിളിച്ചു മാറ്റിനിർത്തി പറഞ്ഞു.

"എന്റെ കൊച്ചേ സത്യക്രിസ്ത്യാനിയായ എന്നെക്കൊണ്ട് നീ ഇങ്കിലാബ് വിളിപ്പിച്ചല്ലോ."

കോളേജധ്യാപകൻ ഇങ്കിലാബ് വിളിക്കുകയോ? ഛായ്! ലജ്ജാവഹം! ആ മനോഭാവം മാറ്റിയെടുക്കുന്നതിനും ഒരു എളിയ പങ്കുവഹിച്ചതിൽ എനിക്ക് വലിയ അഭിമാനമുണ്ട്. ഫാത്തിമാകോളേജ് സമരം ചൂടുപിടിച്ചുവന്നതോടെ മാനേജുമെന്റ് ചില പുതിയ അടവുകൾ പ്രയോഗിച്ചു. അദ്ധ്യാപകരും തൊഴിലാളികളും ചേർന്ന് കോളേജ് ആക്രമിച്ച് നശിപ്പിക്കുന്നുവെന്ന കള്ളപ്രചരണം നടത്തി കടലോരത്തുനിന്ന് മത്സ്യത്തൊഴിലാളികളായ കുഞ്ഞാടുകളെ സംഘടിപ്പിച്ച് സത്യാഗ്രഹം നടത്തുന്ന അദ്ധ്യാപകരെ ആക്രമിക്കാൻ ഒരു പദ്ധതി ഫാത്തിമാകോളേജ് മാനേജ്മെന്റ് തയ്യാറാക്കി. കടലോരത്ത്നിന്ന് മാനേജ്മെന്റിന്റെ ഗുണ്ടകളുടെ പ്രകടനം ആരംഭിച്ചതോടെ എന്തും നേരിടാൻ തയ്യാറായി സമരഭടന്മാർ കാത്തിരുന്നു. എന്നാൽ അന്നത്തെ ആഭ്യന്തരവകുപ്പിന്റെ ചുമതലയുണ്ടായിരുന്ന മന്ത്രി സ. എം.കെ. കൃഷ്ണന്റെ നിർദ്ദേശാനുസരണം റൗഡികളുടെ പ്രകടനം പോലീസ് തടയുകയും ഒരു വലിയ ദുരന്തം ഒഴിവാക്കുകയും ചെയ്തു. സ. ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള അന്നത്തെ സർക്കാർ നൽകിയ സഹായങ്ങൾ അദ്ധ്യാപകപ്രസ്ഥാനം എന്നും നന്ദിയോടെ ഓർക്കും. ഫാത്തിമാ സമരകാലത്ത് എന്റെ മുദ്രാവാക്യം വിളി കേട്ടുകൊണ്ടിരുന്ന ഒരു പോലീസുകാരൻ അയാളുടെ സഹപ്രവർത്തകനോട് ഇങ്ങനെ പറഞ്ഞുവത്രെ.

"ആ മുദ്രാവാക്യം വിളിക്കുന്നവൻ അദ്ധ്യാപകനല്ല. സമരക്കാര് കണ്ണൂരിൽ നിന്നോമറ്റോ ഇറക്കുമതി ചെയ്ത ബീഡി തൊഴിലാളിയാണവൻ."

എന്റെ സമരപ്രവർത്തനങ്ങളെ സംബന്ധച്ച് ഒരു നല്ല സർട്ടിഫിക്കറ്റായി ആ പോലീസുകാരന്റെ അഭിപ്രായത്തെ ഞാൻ കണക്കാക്കുന്നു.

കോളേജധ്യാപക സമരങ്ങളുടെ ഫലമായി പ്രൈവറ്റ് കോളേജധ്യാപക സമൂഹത്തിന് കുറെ നേട്ടങ്ങളുണ്ടായിട്ടുണ്ട്. സേവന-വേതന വ്യവസ്ഥകളുണ്ടായി; ഗവണ്മെന്റിൽ നിന്ന് നേരിട്ട് ശമ്പളം ലഭിക്കുന്ന ഏർപ്പെടുനിലവിൽവന്നു; പെൻഷൻ അനുവദിച്ചുകിട്ടി; യു.ജി.സി. സ്കെയിൽ നടപ്പിലായി; സ്ഥലംമാറ്റങ്ങൾക്ക് മാനദണ്ഡമുണ്ടായി. . . ഇങ്ങനെ നിരവധി കാര്യങ്ങൾ നേടിയെടുക്കൻ കഴിഞ്ഞു. എന്നാൽ ഈ നേട്ടങ്ങളെല്ലാം ഉറപ്പിക്കാൻ നമുക്കു കഴിഞ്ഞോ? നാം ഒരു പുനരാലോചനയും സ്വയം വിമർശനം നടത്തേണ്ട ആവശ്യമില്ലേ? എസ്.എൻ. കോളേജിൽ നിന്ന് പ്രൊഫ. സുധീഷിനെ പിരിച്ചുവിട്ട നടപടി അതാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. വർഷങ്ങൾക്കുമുമ്പ് അവസാനിച്ചെന്നു നാം വിശ്വസിച്ച ആ ക്രൂരമായ നടപടി ഇന്നും തുടരുകയാണ്. ആ കാട്ടുനീതി അവസാനിപ്പിക്കാൻ ശക്തമായ പ്രക്ഷോഭസമരങ്ങളുയർത്തി മുന്നേറുകതന്നെ വേണം.

# സംസ്ഥാന കൗൺസിൽ അനുഭവം

## ജി. മാധവൻ നായർ

1972-73 അക്കാദമികവർഷം. സുദീർഘമായ Direct payment സമരം കഴിഞ്ഞ് സംഘടനയാകെ സജീവമായി ഉണർന്നിരിക്കുന്നുകാലം. കൃത്യമായി ശമ്പളം കിട്ടാതെ പ്രൈവറ്റ് കോളേജ് അദ്ധ്യാപകർ ഏറെക്കാലമായി കഷ്ടപ്പെടുകയായിരുന്നു. പല മാനേജരന്മാരും മൂന്നുനാലുമാസം കൂടുമ്പോഴാണ് ഒരു നിശ്ചിതതുക അദ്ധ്യാപകർക്ക് കൊടുത്തിരുന്നത്. 1965-ലും 66-ലും ഉള്ള ശമ്പളവർദ്ധനവനുസരിച്ച് ശമ്പളം നല്കാൻ കഴിയില്ലെന്നായിരുന്നു മാനേജരുടെ നിലപാട്. അല്ലെങ്കിൽ ശമ്പളവർദ്ധനവിന് കല്പനപുറപ്പെടുവിച്ച ഗവണ്മെന്റ് മാനേജർക്കുള്ള ഗ്രാന്റും വിർദ്ധിപ്പിക്കണം. ഇതിനിടിയിലാണ് ഗവണ്മെന്റ് കോളേജിലേയും പ്രൈവറ്റു കോളേജിലേയും ഫീസ് ഏകീകരിക്കണമെന്ന് വിദ്യാർത്ഥിസംഘടനകൾ ആവശ്യപ്പെട്ടത്. അങ്ങിനെ വിദ്യാർത്ഥികളും അദ്ധ്യാപകരും മാനേജുമെന്റും സജീവമായി രംഗത്തുവന്ന സാഹചര്യത്തിലാണ് Direct payment സമരം നടന്നത്. കേരളമാകെ ഇളക്കിമറിച്ച ആ സമരം ലക്ഷ്യപ്രാപ്തിയുടെ കാര്യത്തിൽ പരാജയമടഞ്ഞു (ഒരു സമരവും ആത്യന്തികമായി പരാജയപ്പെടുന്നില്ലെന്നുള്ളത് വേറൊരു കാര്യം. 72 Sept. ഒന്നുമുതൽ പ്രൈവറ്റുകോളേജദ്ധ്യാപകർക്ക് Direct Payment നല്കാൻ സർക്കാർ ഉത്തരവായി)

ഈ പശ്ചാത്തലത്തിലാണ് എ.കെ.പി.സി.ടി.എയുടെ സംസ്ഥാന കൗൺസിൽ എറണാകുളത്ത് കൂടുന്നത്. ഭാരവാഹികളുടെ തെരഞ്ഞെടുപ്പും അതോടൊപ്പം നടക്കേണ്ടതാണ്. ഞങ്ങളൊക്കെ സംസ്ഥാനകൗൺസിൽ അംഗങ്ങളായി എറണാകുളത്ത് ഹോട്ടൽ എംബസ്സിയിലെത്തിയിട്ടുണ്ട്. രാവിലെ 10 മണിക്കാരംഭിക്കേണ്ടിയിരുന്ന കൗൺസിൽ യോഗം 11 മണിയായിട്ടും ആരംഭിക്കാതെ വന്നപ്പോൾ അംഗങ്ങൾ അസ്വസ്ഥരായി. സംസ്ഥാന നേതാക്കളെല്ലാം തന്നെ തലേദിവസമേ പ്രവർത്തകസമിതിയിൽ പങ്കെടുക്കാൻ ഹോട്ടലിലെത്തിയിട്ടുണ്ട്. പിന്നെന്താണ് യോഗം തുടങ്ങാൻ താമസിക്കുന്നതെന്ന് അന്വേഷണമായി. തലേ ദിവസം തുടങ്ങിയ പ്രവർത്തകസമിതി തീരുമാനമെടുക്കാനാകാതെ പിറ്റേന്നും തുടരുകയാണത്രേ! എന്തൊക്കെയോ തർക്കങ്ങൾ നടക്കുന്നു. അടുത്തകൊല്ലത്തെ ഭാരവാഹികളെ നിശ്ചയിക്കുന്ന കാര്യത്തിലായിരുന്നു തർക്കമെന്ന് പിന്നീടു ഞങ്ങൾക്കു മനസ്സിലായി. അവസാനം പ്രവർത്തകസമിതി ഒരു ധാരണയിലെത്തി. കൗൺസിൽ യോഗം ആരംഭിച്ചപ്പോൾ സമയം ഉച്ചയായിക്കഴിഞ്ഞിരുന്നു.

തെരഞ്ഞെടുപ്പിന്റെ അജണ്ടപരിഗണനയ്ക്കുവന്നപ്പോൾ നേതൃത്വം പാനലവതരിപ്പിച്ചു. ആര് ഭാരവാഹികളായിവന്നാലും അത് തെരഞ്ഞെടുപ്പിലൂടെ മതി എന്ന് ഞങ്ങൾ കുറേപ്പേർക്ക്തോന്നി. പി. രവിന്ദ്രനാഥ്, പി. നരേന്ദ്രൻ, ഈ ലേഖകൻ തുടങ്ങി അനവധി അദ്ധ്യാപകർ ഈ ആവശ്യമുന്നയിച്ച് യോഗത്തിൽ ശക്തമായി സംസാരിച്ചു. വാസ്തവത്തിൽ യാതൊരു മുൻ ആലോചനയുമില്ലാതെ നടന്ന ഒരു പ്രതികരണമായിരുന്നു അത്. തലമുതിർന്ന നേതാക്കൾ ഉൾപ്പെട്ട പ്രവർത്തകസമിതി അംഗങ്ങളോടു ഞങ്ങൾക്കെല്ലാം സ്നേഹവും ബഹുമാനവുമായിരുന്നു. എങ്കിലും കൗൺസിൽ യോഗത്തിൽ പങ്കെടുത്തവരിൽ ബഹുഭൂരിപക്ഷം അംഗങ്ങളും ഞങ്ങളുടെ അഭിപ്രായത്തോടുയോജിക്കുകയാണുണ്ടായത്.

തെരഞ്ഞെടുപ്പുനടത്താൻ, പക്ഷേ, നേതൃത്വം തയ്യാറായിട്ടല്ല എത്തിയിരുന്നത്. കൗൺസിൽ അംഗങ്ങളുടെ പട്ടികപോലും അവരുടെ കൈവശമുണ്ടായിരുന്നില്ല. ഈ വസ്തുത ഞങ്ങളെ ചൊടിപ്പിച്ചു. എത്ര താമസിച്ചാലും തെരഞ്ഞെടുപ്പിലൂടെ മതി അടുത്തവർഷത്തെ ഭാരവാഹികളെ നിശ്ചയിക്കുന്നതെന്ന തീരുമാനത്തോടെയാണ് യോഗം പിരിഞ്ഞത്. എ.കെ.പി.സി.ടി.എയിൽ ജനാധിപത്യപരമായ തെരഞ്ഞെടുപ്പ് നടക്കുന്നത് അന്നുമുതൽക്കാണ്. തെരഞ്ഞെടുപ്പുകളിൽ പരാജയപ്പെട്ടവർ രാഷ്ട്രീയം പറഞ്ഞ് സംഘടനവിട്ടുപോയത് പിന്നീടുണ്ടായ സംഭവവികാസമാണ്. സംഘടനയ്ക്കുജനാധിപത്യപരമായ അടിത്തറപാകുന്നതിനും പിൽക്കാലത്തുണ്ടായ ധ്രുവീകരണത്തിനും അന്നത്തെ സംഭവം തുടക്കം കുറിച്ചു.

# അദ്ധ്യാപകരുടെ അത്താണി

## ടി. ജോർജ്ജ് സെബാസ്റ്റ്യൻ

ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റിയാറ് മാർച്ച് പതിനഞ്ചിന് എ.കെ.പി.സി.ടി.എ സംസ്ഥാനകമ്മറ്റി ആഫീസ് അനശ്വരനായ സഖാവ് ഇ.എം.എസ്. ഉദ്ഘാടനം ചെയ്യുന്നു. റിട്ടയർമെന്റോടെ സംഘടനയുടെ ആരുമല്ലാതായിക്കഴിഞ്ഞിരുന്ന ഞാൻ ആ ചടങ്ങുകളിലെല്ലാം ആദ്യവസാനം പങ്കുകൊണ്ടു. ഒരുപ്രൈവറ്റ് കോളേജ് അധ്യാപകൻ എന്ന നിലയിൽ സംഘടനാപരമായി പതിറ്റാണ്ടുകളുടെ ചരിത്രവും പ്രവർത്തനവും എടുത്തു പറയാനാവുന്ന എനിക്ക് ആ തരത്തിൽ ഏറ്റം അഭിമാനം തോന്നിയ സന്ദർഭമായിരുന്നു അത്. സ്വന്തമായി വീടില്ലാതിരുന്നവനു വീടുണ്ടാകുന്ന അനുഭവം.

1991-ൽ ഞാൻ പ്രസിഡന്റും പ്രൊഫ. രാമൻപിള്ള ജനറൽ സെക്രട്ടറിയുമായിരിക്കുമ്പോഴാണ് സംസ്ഥാനകമ്മറ്റി ആഫീസിനുവേണ്ടി സ്ഥലം വാങ്ങിയത്. എന്റെ സെക്രട്ടറി എന്നു രാമൻപിള്ളയെക്കുറിച്ചു ഞാനും എന്റെ പ്രസിഡന്റ് എന്ന് എന്നെക്കുറിച്ചും അദ്ദേഹവും പറയുമായിരുന്നു. വ്യക്തിപരമായ സൗഹൃദങ്ങളുടെയും സ്നേഹോഷ്മളഭാവങ്ങളുടെയും ഇഴയടുപ്പം ഏറെ സങ്കീർണ്ണങ്ങളായ നിരവധി സന്ദർഭങ്ങളിലൂടെ കടന്നുപോകാനുള്ള കരുത്തുനില്കിയിട്ടുണ്ട് എന്ന കാര്യം ഞാൻ നന്ദിയോടെ അനുസ്മരിക്കുകയാണ്. 1993-ലാണു കെട്ടിടം പണി ആരംഭിക്കുന്നത്. ഉദ്ദേശിച്ചിരുന്ന വിധത്തിൽ അതുമുഴുവൻ പൂർത്തീകരിക്കാനാവാതെ കിടക്കുന്നത് എത്രയോ സങ്കടകരമാണ്.

സെനറ്റിലും, ബോർഡ് ഓഫ് സ്റ്റഡീസിലും, ഫാക്കൽട്ടിയിലും പല വർഷങ്ങൾ പ്രവർത്തിക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. അതെല്ലാം സംഘടന ഏല്പിച്ച ജോലികളായി കരുതാൻ മാത്രമേ ഞാൻ ശ്രമിച്ചിട്ടുള്ളൂ. യൂണിറ്റ് ഭാരവാഹിത്വം, ജില്ലാ പ്രസിഡന്റ് സെക്രട്ടറിസ്ഥാനങ്ങൾ മേഖലാ സെക്രട്ടറി എന്നിവയിലൂടെയെല്ലാം ഒട്ടേറെ അധ്യാപകസുഹൃത്തുക്കളുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങളുടെ പരിഹാരത്തിനുവേണ്ടി ശ്രമിക്കാനും സാധിച്ചു.

ഏറ്റം വിഷമം അനുഭവിച്ച ഒട്ടേറെ സന്ദർഭങ്ങൾ മറക്കാൻ പറ്റാത്തതായി മനസ്സിൽ കിടക്കുന്നുണ്ട്. യു.ജി.സി. പദ്ധതി ഇവിടെ നടപ്പാക്കിയപ്പോൾ ഉണ്ടായ അനുഭവങ്ങളെപ്പറ്റിയാണു പറയുന്നത്. യു.ജി.സി സ്കെയിൽ നടപ്പിലാക്കിയപ്പോൾ സ്കിം സ്കെയിൽ എന്നു കടലാസിൽമാത്രം നിലനില്ക്കുന്ന ഒരു വിഭജനമുണ്ടായി. ജില്ലതോറും യൂണിറ്റുതോറും കൺവെൻഷനുകൾ നടത്തി അഭിപ്രായം ചോദിച്ചിട്ടാണ് അവസാനതിരുമാനമെടുത്തത്. സമരം ചെയ്ത അദ്ധ്യാപകരുടെ സംഖ്യാബലം കൊണ്ടുമാത്രമല്ല യു.ജി.സി. സ്കെയിൽ ഇവിടെ നടപ്പായതെന്ന സത്യവും വിസ്മരിക്കരുത്. സർവ്വീസിലുള്ള എല്ലാ അധ്യാപകർക്കും യു.ജി.സി. ശമ്പളം ലഭിക്കുന്നതിനുവേണ്ടി നടത്തിയ ദീർഘകാല സമരത്തിന്റെ അവസാനം ഒരിക്കലുമൊടുങ്ങാത്ത ഭള്ളും പരാതിയും നിറഞ്ഞതായിത്തീർന്നു. സംഘടനാ നിലപാടുകൾ വിശദീകരിക്കുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി ഞാനും രാമൻപിള്ളയുംകേരളത്തിലെ മിക്ക കോളേജുകളിലും പോയി.

ആയിരത്തിത്തൊള്ളായിരത്തി എൺപത്തൊന്നു ഫെബ്രുവരി മാസത്തിലാണ് യു.ജി.സി. സ്കെയിൽ സംബന്ധമായി ഒരു പണി മുടക്കുണ്ടാകുന്നത്. 25 ദിവസം നീണ്ടുനിന്ന പ്രസ്തുത സമരത്തെ തുടർന്ന് ഗവണ്മെന്റ് നമ്മുടെ ആവശ്യം തത്വത്തിൽ അംഗീകരിക്കുന്നു എന്ന നിലപാടെടുത്തു. "കാശൊന്നും കിട്ടിയില്ല വെറുതെ ആരോ ചന്തയ്ക്കുപോയപോലെയായി സമരം" എന്നൊക്കെ പറഞ്ഞു പി.സി.ടി.എക്കാർ ആക്ഷേപം ചൊരിഞ്ഞുകൊണ്ടിരുന്നു. നോൺ കേഡർ ഫസ്റ്റ് ഗ്രേഡ് പ്രോഫസർ തസ്തിക അങ്ങനെയാണു നിലവിൽവരുന്നത്. ഇന്നത് നിലവിലില്ലായിരിക്കാം. പക്ഷേ ഗ്രേഡ് പ്രമോഷൻ എന്ന തത്വം പ്രാബല്യത്തിലാവുകയായിരുന്നു എന്നത് എത്രപേർ ഓർമ്മിക്കുന്നുണ്ടാവും. സീനിയർ ഗ്രേഡും സെലക്ഷൻ ഗ്രേഡും ഒക്കെ വാങ്ങുന്ന പുതിയ തലമുറയിൽപ്പെട്ട അധ്യാപകർ സംഘടനയുടെ ചരിത്രം അല്പമൊക്കെ അറിയണം.

ഇന്നാട്ടിലെ വിദ്യാഭ്യാസപരമായ കാര്യങ്ങളുടെയെല്ലാം പ്രബലഅതോറിറ്റി പ്രൈവറ്റ് കോളേജ് മാനേജ്മെന്റുകളാണ്. അതാകട്ടെ ഏറിയപങ്കും (മുഴുവൻ തന്നെ എന്നു പറഞ്ഞാലും തെറ്റില്ല) മതസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലും ന്യൂനപക്ഷ മതസ്ഥാപനങ്ങൾ അവരുടേതായ ഒരു സാമ്രാജ്യംതന്നെ സ്ഥാപിച്ചെടുത്തിരിക്കുകയാണ്. സ്വന്തം നിയമം, നിയമനാധികാരങ്ങൾ അധികാരഘടനകൾ. ചോദ്യം ചെയ്യാനാവാത്ത തൻപ്രമാണിത്തത്തിന്റെ മുഷ്ക്കുകൾ. വ്യക്തിത്വവും ആത്മാഭിമാവുമുള്ളവർ അതിരുകടക്കുന്ന അധികാരപ്രവർത്തനങ്ങളെ എതിർക്കും. അവകാശങ്ങൾക്കുവേണ്ടി ഉറച്ച നിലപാടുകളെടുക്കും. എ.കെ.പി.സി.ടി.എ പഠിപ്പിക്കുന്ന സംഘടനാപാരമ്പര്യമിതാണ്.

രണ്ടാം ലോകയുദ്ധത്തിൽ പങ്കെടുത്ത ബ്രിട്ടൻ യുദ്ധസാഹചര്യം മുൻനിർത്തി അവിടെ ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറിച്ചു. അതുകൊണ്ട് ക്രിസ്ത്യൻ മാനേജ്മെന്റ് ഇവിടെയും ശമ്പളം കുറയ്ക്കുന്നു. എന്തൊരു ന്യായം. ഈ നടപടിക്കെതിരെയാണ് മഹാനായ പ്രൊഫസർ എം.പി. പോൾ കോടതികയറുന്നതും ഒറ്റയാൾ സമരമാരംഭിക്കുന്നതും. തൃശ്ശൂർ സെന്റ് തോമസ് കോളേജിൽ നിന്നാരംഭിക്കുന്ന ത്യാഗോജ്ജ്വലമായ പോരാട്ടങ്ങളുടെ ചരിത്രമാണു നമ്മുടേത്. 58-ൽ സെന്റ് ആൽബർട്സിലാണ് സംഘടന രൂപംകൊള്ളുന്നത്.

1963-ൽ തിരുവല്ല മാർത്തോമ്മാ കോളേജിൽ അധ്യാപകനായിചേർന്ന ഞാൻ തൊട്ടടുത്തവർഷം നാട്ടിലെങ്ങും ജൂനിയർ കോളേജുകളുണ്ടായപ്പോൾ മാന്നാനം കെ.ഇ. കോളേജിലേക്കു മാറിപ്പോവുകയും ചെയ്തു. കോളേജ് അധ്യാപകനായ നാൾമുതൽ എ.കെ.പി.സി.ടി. എയിൽ പ്രവർത്തിച്ചു. 1969-ലാണു യൂണിവേഴ്സിറ്റി ആക്ട് നിലവിൽവരുന്നത്. അതിലെ എട്ടാം അധ്യായം അധ്യാപകന്റെ മാഗ്നാകാർട്ടയാണ്. ഇടതു ഗവണ്മെന്റിന്റെ യൂണിവേഴ്സിറ്റി ആക്ടിനെതിരെ സ്വകാര്യ വിദ്യാഭ്യാസ പ്രഭുക്കൾ കോടതികയറി. അവർ ചിലതു നേടുകയും ചെയ്തു. നമുക്കു parity ഉണ്ടായിരുന്നില്ല. ഗവ. കോളേജ് അധ്യാപകരുമായി തുല്യത വേണമെന്നു പറഞ്ഞു സമരമുണ്ടായി. 1970 ഏപ്രിൽ ഒന്നിന് അതുലഭിക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നവർക്കൊക്കെയുള്ള ധാരണ അവർ ഏതോ ഒരു Upper class ആണെന്നാണ്. അധ്യാപകൻ കൂലിക്കാരെക്കാൾ താഴെയുള്ള ഏതോ അടിമയും. അടിസ്ഥാനപരമായി നിലനിന്നിരുന്ന, നിലനില്ക്കുന്ന ഈ തൻപ്രമാണിത്തത്തിനെതിരെയായിരുന്നു എന്റെ പ്രസ്ഥാനം പ്രവർത്തിച്ചത് എന്നോർക്കുമ്പോൾ അഭിമാനം തോന്നുകയാണു.

1972-ലെ ഡയറക്ട് പേയ്മെന്റ് സമരം. സ്വകാര്യഉടമസ്ഥന്മാർ സംഘടിച്ചു. ഞാൻ ജോലിചെയ്തിരുന്ന സ്ഥാപനത്തിലും മറ്റെവിടെയുമെന്നതുപോലെ അധികാരികൾ ജീവനക്കാരെ വിളിച്ചുകൂട്ടി ഡയറക്ട് പേയ്മെന്റ് എന്ന ദുർഭൂതത്തിനെതിരെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതിന്റെ അനിവാര്യത പ്രഘോഷിച്ചു. പ്രഗത്ഭരായ പല നല്ല കുഞ്ഞാടുകളും 'അഹമഹമികയാ' എന്ന ക്രമത്തിൽ മാനേജ്മെന്റ് താത്പര്യത്തിനനുകൂലമായി ആഞ്ഞാഞ്ഞു ശബ്ദിച്ചു. അവസാന ഊഴക്കാരനായി ഞാൻ എഴുന്നേറ്റു. ഇതുവരെ പറഞ്ഞതിൽ നിന്നും വിഭിന്നമായ ഒട്ടുവളരെ കാര്യങ്ങൾ അവതരിപ്പിച്ചു. എന്നൊടൊപ്പം, ഇന്ന് കോട്ടയം ജില്ലാ പ്രസിഡണ്ടായ പ്രൊഫ. വറുഗീസ് തോമസ്മുക്കാടനും സംസാരിച്ചു. ഞങ്ങൾക്ക് ആ ചർച്ചയുടെ ഗതിതിരിച്ചുവിടാൻ കഴിഞ്ഞു. ഡയറക്ട് പേയ്മെന്റ് വേണ്ട എന്നു തീരുമാനിപ്പിക്കാൻ വിളിച്ചു ചേർത്തയോഗം അതിനു വിപരീതമായ നിലപാടിൽ പിരിഞ്ഞുപോയി.

സ്വകാര്യമാനേജുമെന്റുകൾ വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്തുന്നതിന്റെ ഉദ്ദേശ്യമെന്താണ്. തുടക്കത്തിൽ അവ സാമൂഹികമായ ഒരാവശ്യം നിറവേറ്റുന്നതിനുവേണ്ടി ജനപങ്കാളിത്തത്തോടെ മനഃസാക്ഷിക്കനുസരിച്ചു പ്രവർത്തിച്ചിരുന്നു. ഇന്നോ, നൂറുശതമാനവും ബിസിനസ് സ്ഥാപനങ്ങളായിമാറിയിരിക്കുന്നു. ക്രിസ്ത്യൻ മാനേജ്മെന്റുകൾ മതത്തിന്റെ ശക്തികൂടി അടിച്ചമർത്തലിനുപയോഗിക്കുന്നു. ആർട്ടിക്കിൾ 30 (1)ന്റെ മറവിൽ എന്തു തോന്ന്യാസവും കാണിക്കാമെന്നായിരിക്കുന്നു. രാജ്യാധികാരത്തിന്റെ കുത്തകവ്യാപാരം പുരോഹിതർ ഏറ്റെടുത്തിരിക്കുന്നു. മനുഷ്യരാജ്യവും ദൈവരാജ്യവും അവർക്കവകാശപ്പെട്ടതാണ്. ഞാൻ ജോലിചെയ്തിരുന്ന സി.എം.ഐ.മാനേജ്മെന്റ് എത്ര ദുഷിച്ചിരിക്കുന്നു എന്നതാലോചിക്കുമ്പോൾ മഹത്തായ സങ്കല്പങ്ങൾക്കുവന്നുഭവിച്ചിരിക്കുന്ന അപചയം എത്ര ഭീകരമെന്നു ബോധ്യപ്പെടും. അധ്യാപകനിയമനത്തിനു ലക്ഷങ്ങൾ (പത്തിൽ കുറഞ്ഞ ലക്ഷം ലക്ഷ്യമല്ല) വിദ്യാർത്ഥികളിൽ നിന്നു പതിനായിരങ്ങൾ എല്ലാം ദൈവത്തിന്റെയും മതത്തിന്റെയും പേരിൽ അന്യായങ്ങൾക്കെതിരെ ശബ്ദിക്കുന്നവരുടെ മേൽ പ്രയോഗിക്കുന്ന ആയുധങ്ങളിൽ

മതാധികാരത്തിന്റെ വിഷം പുരണ്ടിരിക്കും. ഒറ്റപ്പെടുത്തൽ, കുറ്റപ്പെടുത്തൽ, ആക്ഷേപം, പരിഹാസം എന്നിങ്ങനെ എന്തെല്ലാം ആയുധങ്ങൾ. ഒട്ടേറെ എനിക്കുകിട്ടിയിട്ടുണ്ട്. ലോകായുക്ത് ബിൽ വരുമ്പോൾ ഈ കാപട്യക്കാരുടെ മേൽ ചെറു നിയന്ത്രണത്തിനെങ്കിലും അവസരമുണ്ടാകുമോ? പ്രതീക്ഷിച്ചിട്ടുകാര്യമുണ്ടെന്നു തോന്നുന്നില്ല. തോല്പിക്കാനാവാത്ത രക്തരക്ഷസായി ഭീകരരൂപിയായ വേതാളമായി മതപൗരോഹിത്യം മാറിക്കൊണ്ടിരിക്കുന്നു. ന്യൂനപക്ഷവകാശം ആർക്കുകിട്ടുന്നു. ന്യൂനപക്ഷത്തിനുള്ളിലെ ന്യൂനപക്ഷമായ വൈദികർക്കു കിട്ടുന്നു. മിനിമം യോഗ്യതപോലുമില്ലാത്തവരെ ഉന്നത സ്ഥാനങ്ങളിൽ (പ്രിൻസിപ്പൽ പോസ്റ്റ്) പ്രതിഷ്ഠിക്കുന്നു. നിരവധി വർഷങ്ങളിലെ അധ്യാപനപരിചയവും യോഗ്യതകളും ഇവരുടെ മുമ്പിൽ വിലയില്ലാത്തതായിത്തീരുന്നു. കുട്ടിദൈവങ്ങൾ തിമിർത്താടുകയാണ്.

ഏതു വിദ്യാഭ്യാസപരിഷ്കാരവും സ്വകാര്യന്മാരുടെ കീശ വീർപ്പിക്കലിനുപാധിയാക്കിയെടുക്കുന്ന ആ സാമർത്ഥ്യമുണ്ടല്ലോ. അത് അപാരമാണ് ഡയറക്ട് പേയ്മെന്റിനെ എതിർത്തവർ അതിന്റെ മറവിൽ ലക്ഷങ്ങൾകൊയ്തെടുക്കാൻ വഴികണ്ടെത്തിയിരിക്കുന്നു.

റിട്ടയർമെന്റ് ആനുകൂല്യങ്ങൾ, പെൻഷൻ, ബോണസ്, ഉത്സവബത്ത എന്നിവയെല്ലാം അനുഭവിക്കുന്നതിന് അധ്യാപകർക്കും ഇന്ന് അവസരമുണ്ടായിരിക്കുന്നു. ഈ പ്രസ്ഥാനമാണതു നേടിത്തന്നത് എന്ന കാര്യം മറക്കരുത്.

ഐ.ജി.ബി നേതൃത്വം നല്കിയ ഗുരുവായൂരപ്പൻകോളേജ് സമരം, ഫാത്തിമാകോളേജ് സമരം യു.ജി.സി ശമ്പളത്തിനുവേണ്ടിയുള്ള സമരങ്ങൾ തുടങ്ങി ഒട്ടുവളരെ കാര്യങ്ങൾ ഞാൻ അനുസ്മരിക്കുകയാണ് എന്റെ പ്രസ്ഥാനം എന്നു പറഞ്ഞതിൽ ധാരണപ്പിശകുതോന്നരുത്. സ്വന്തംവീടുപോലെ വിലപ്പെട്ടതായി കരുതുന്ന ആത്മാവിന്റെതന്നെ അംശമായ ഒരു കാര്യത്തെക്കുറിച്ചാണു പറഞ്ഞുവന്നത്. ആർ.ആർ.സിയും, എം.ആർ.സിയും (ഇദ്ദേഹം പില്ക്കാലത്തു സംഘടനവിട്ടു) നാരായണൻ കുട്ടിമാഷും, പി. നരേന്ദ്രനും, ടി ഗോപാലകൃഷ്ണനും നേതൃത്വം നൽകിയ അധ്യാപകരുടെ പ്രസ്ഥാനമാണ് എ.കെ.പി..സി.ടി.എ. ഉയർന്ന വ്യോമങ്ങളിൽ പാറിപ്പറക്കട്ടെ നമ്മുടെ ശുഭ്രപതാക. എന്റെ പ്രസ്ഥാനത്തിന്റെ യശസ്സ് കൂടുതൽ കൂടുതൽ വ്യാപകമായിത്തീരട്ടെ.

## സംഘടനാപ്രവർത്തനങ്ങൾ

### എൻ.എം. ജോസഫ്

കോളേജ് അധ്യാപകനായിചേർന്ന ആഴ്ചയിൽത്തന്നെ ഞാൻ എ.കെ.പി.സി.ടി.എയിൽ ചേർന്നു. സേവന-വേതനവ്യവസ്ഥകൾ കൃത്യമായി നിർവചിക്കപ്പെടാത്ത ആ കാലത്ത് ബ്രാഞ്ചു നേതൃത്വം എന്നെ നിരുത്സാഹപ്പെടുത്തുകയാണ് വാസ്തവത്തിൽ ചെയ്തത്. 1969 മുതൽ സംസ്ഥാന കൗൺസിൽ അംഗമായി പ്രവർത്തിക്കുവാൻ കഴിഞ്ഞു. ചിലർ അകാരണമായി 1974-ൽ സംഘടനയെ പിളർത്തിയപ്പോൾ കൂടുതൽ അംഗങ്ങളെ നിലനിർത്തുവാനും കൂടുതൽ ബ്രാഞ്ചുകൾ തുടങ്ങുവാനും എന്റെ എളിയ കഴിവുകൾ ഉപയോഗിക്കുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട് അതുപോലെ 1984-ൽ പിളർന്നപ്പോഴും ചില അഭിപ്രായവ്യത്യാസങ്ങൾ അന്നത്തെ നേതൃത്വത്തിൽ ചിലരുടെ പ്രവർത്തനരീതിയോടുണ്ടായിട്ടും, സംഘടനയിൽ ഉറച്ചുനിൽക്കുവാനും, പലരേയും നിർത്തുവാനും കഴിഞ്ഞതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്.

അധ്യാപകനായിരുന്ന എല്ലാ കാലഘട്ടങ്ങളിലും സംഘടന ആഹ്വാനംചെയ്ത എല്ലാ സമരങ്ങളിലും പ്രചരണപരിപാടികളിലും സജീവമായി പങ്കെടുത്തിട്ടുണ്ട്. അതുപോലെ യൂണിറ്റ് സെക്രട്ടറിമുതൽ സംസ്ഥാന ജനറൽസെക്രട്ടറി സ്ഥാനംവരെ സംഘടന ഏൽപ്പിച്ച എല്ലാ ജോലികളും ആത്മാർത്ഥതയോടെ എന്റെ എളിയ കഴിവുകൾ പൂർണ്ണമായും ഉപയോഗിച്ച് ചെയ്തു എന്നാണ് എന്റെ വിശ്വാസം. സർക്കാർ സ്വകാര്യ കോളേജധ്യാപകർക്ക് നേരിട്ടു ശമ്പളം കൊടുത്തു തുടങ്ങിയതിനുശേഷം സംഘടന നടത്തിയ ഏറ്റവും ദീർഘമായ സമരങ്ങളിലൊന്ന് 1981-ൽ നടത്തിയ സമരമാണല്ലോ? പ്രസ്തുത സമരമുൾപ്പെടെ എല്ലാ സമരപ്രചാരണപരിപാടികളിലും മറ്റു സംഘടനാപരമായ ചുമതകലൾ നിർവ്വഹിക്കുന്നതിനുവേണ്ടി കേരളത്തിൽ അന്നുണ്ടായിരുന്ന എല്ലാ സ്വകാര്യകോളേജുകളിലും ഞാൻ പോകുകയുണ്ടായി. സജീവരാഷ്ട്രീയ പ്രവർത്തനവും സംഘടനാ പ്രവർത്തനവും തമ്മിൽ ഇടകലരാതിരിക്കുവാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്.

യു.ജി.സി. സ്കെയിൽ നടപ്പാക്കുവാൻ സർക്കാർ എടുത്ത നിർണ്ണായകതീരുമാനത്തിൽ പങ്കാളിയാകുവാനും തിരിച്ചു കോളേജിൽ ചേർന്നതുമുതൽ സർവ്വീസിൽ നിന്നു പിരിയുന്നതു വരെ ബ്രാഞ്ചു പ്രസിഡന്റായി പ്രവർത്തിക്കുവാൻ കഴിഞ്ഞതും ഇപ്പോൾ ഓർമ്മിക്കുമ്പോൾ സന്തോഷകരമായി തോന്നുന്നു. അതുപോലെ നമ്മുടെ അംഗങ്ങളിൽ ചിലരെങ്കിലും സംഘടനയുടെ താത്പര്യങ്ങൾക്ക് അതീതമായി സ്വന്തം താത്പര്യങ്ങൾ സംരക്ഷിച്ചത് എന്നിൽ ഇന്നും അസ്വസ്ഥത ഉളവാക്കുന്നു. ഏതൊരു സംഘടയിലും ഇത്തരം പ്രശ്നങ്ങൾ സ്വഭാവികമാണല്ലോ.

ഇന്നത്തെ കോളേജധ്യാപകർക്ക് അത്രമേൽ ഭയമൊന്നും കൂടാതെ സർവ്വീസിൽ കഴിയാൻ സാധിക്കുന്നു. പതിറ്റാണ്ടുകളിലെ ശ്രമഫലമായി അനുഭവിക്കാറായ നേട്ടമാണിതെന്ന് എത്രപേർ ഓർക്കും. മാനേജരുടെ യുക്തംപോലെ കാര്യപരിപാടിയിൽ മാറ്റം വരുത്താം എന്നു പഴയ നോട്ടീസുകളിൽ അച്ചടിച്ചുകണ്ടിട്ടില്ലേ. അതുപോലെയായിരുന്നു സ്വകാര്യകോളേജധ്യാപകന്റെ അവസ്ഥ. തിരുവായ്ക്കെതിർവാ ഉണ്ടാവില്ല. ഗവണ്മെന്റ് കോളേജധ്യാപകനു ലഭിച്ചിരുന്ന ശമ്പളത്തിനു തുല്യമായ ഒരു വേതന വ്യവസ്ഥപോലും ഉണ്ടായതെന്നാണ്. കാലം മാറുമ്പോൾ വരുന്ന മാറ്റങ്ങൾ. പലതും അനിവാര്യമായും സംഭവിക്കേണ്ടവയാണ്. ചിലപ്പോൾ താമസം നേരിടാം-മനുഷ്യൻ ബോധപൂർവ്വം പ്രയോഗിക്കുന്ന ഇച്ഛാശക്തിയാണു മാറ്റങ്ങൾക്കെല്ലാം നിദാനം.

അങ്ങനെ ചിന്തിക്കുമ്പോഴാണ് കോളേജധ്യാപകരിൽ എത്രപേർ ഏതെങ്കിലും സംഘടനയിൽ പ്രവർത്തിക്കുന്നവരായുണ്ട് എന്ന ചോദ്യം ഉയരുന്നത്. പകുതിപോലും കാണുകയില്ല എന്നാണെന്റെ ധാരണ. സമൂഹത്തിൽ നമ്മുടെ സംഖ്യ എത്രയോ ചെറുതാണ്. നമ്മുടെ പ്രശ്നങ്ങളാകട്ടെ വളരെ വലുതാണുതാനും. പണിമുടക്കിലൂടെ മാത്രമല്ല കോളേജധ്യാപക പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുള്ളത് എന്ന കാര്യവും ഇവിടെ

എടുത്തുപറയേണ്ടതുണ്ട്. നമുക്ക് ഒരുമിച്ച് നില്ക്കാൻ കഴി ഞ്ഞിരുന്നെങ്കിൽ എന്നു ചിലപ്പോഴെങ്കിലും ഞാൻ ആശിച്ചു പോകുന്നു.

ഇപ്പോൾ പ്രീഡിഗ്രികോളേജുകളിൽ നിന്നകന്നു പോയ്ക്കൊ ണ്ടിരിക്കുന്ന സാഹചര്യമാണല്ലോ. ഡിഗ്രി മാത്രമാകുമ്പോൾ കോളേജന്തരീക്ഷത്തിനു കാതലായ വ്യത്യാസമുണ്ടാകുമെന്നതു തർക്കമറ്റകാര്യമാണ്. കോളേജുകളിലെ നിലവാരം ഗുണപര മായി പരിവർത്തിപ്പെടുത്താൻ നമുക്കു കഴിയണം. സമർത്ഥരായ കുട്ടികൾ റഗുലർ കോളേജുകളിൽ നിന്നു പഠിച്ചിറങ്ങുന്ന അവസര. പഴയതുപോലെ എന്താനായില്ലെ ങ്കിലും സാർത്ഥകമായ ഒരന്തരീക്ഷം സൃഷ്ടിക്കപ്പെടട്ടെ എന്നാ ശംസിക്കുന്നു.

അധ്യാപക സംഘടനാ പ്രവർത്തനവും അതുമായി ബന്ധ പ്പെട്ട പരിചയങ്ങളും അനുഭവങ്ങളും സഹകരണമേഖലയി ലും ഭരണമേഖലയിലും ഗുണകരമായ പ്രവർത്തനത്തിന് എന്നെ സഹായിച്ചിട്ടുണ്ടെന്ന് എന്നതുകൂടി സന്തോഷപൂർവ്വം രേഖപ്പെടുത്തട്ടെ.

# സേവനഭദ്രതയ്ക്കായുള്ള പോരാട്ടം

## പി. നരേന്ദ്രൻ

മെച്ചപ്പെട്ടവേതനം, നിയമാധിഷ്ഠിതസേവനഭദ്രത, സംശുദ്ധ മായ കലാലയന്തരീക്ഷം, സർവ്വോപരി സംതൃപ്തമായ ഒരു അദ്ധ്യാപകസമൂഹം ഇവയായിരുന്നു 1975-ൽ തൃശൂരിൽ വച്ച് നടന്ന എ.കെ.പി.സി.ടി.എയുടെ കൺവൻഷൻ അംഗീകരിച്ച അവകാശപത്രികയിലെ മുഖ്യ മുദ്രാവാക്യങ്ങൾ. ഈ അവ കാശങ്ങൾ ഏതാണ്ട് പൂർണ്ണമായിത്തന്നെ കേരളത്തിലെ സ്വകാര്യകോളേജ് അദ്ധ്യാപകർ കൈവരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിലുമുപരി ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിലെ സ്വകാ ര്യകോളേജ് അദ്ധ്യാപകർക്ക് കേരളം മാർഗ്ഗദർശകമായി ഇന്നും നിലനിൽക്കുന്നു എന്നുള്ളത് സ്വകാര്യകോളേജ് അദ്ധ്യാപക രുടെ കരുത്തുറ്റ സംഘടനയായ എ.കെ.പി.സി.ടി.എക്ക് ഏറ്റ വും അഭിമാനാർഹവുമാണ്.

ഭാരതത്തിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളിലും നടപ്പാ ക്കിയ 1973-ലെ 3-ാം യു.ജി.സി. ശമ്പളസ്കെയിലുകൾ നമുക്ക് ലഭ്യമായില്ല എന്ന വസ്തുത വിസ്മരിക്കുന്നില്ല. എന്നാൽ ആ ശമ്പളപരിഷ്കാരം നേടുന്നതിനുവേണ്ടി – എ.കെ.പി.സി .ടി.എയുടെ കൊടിക്കീഴിൽ നാം നടത്തിയ സുദീർഘമായ – ധീരോദാത്തമായ സമരപരമ്പരകൾ വ്യർത്ഥമായിരുന്നില്ല. അടി യന്തിരാവസ്ഥയുടെ കറുത്ത നാളുകൾ. ലോകചരിത്രത്തിൽ കേട്ടുകേൾവിപോലുമില്ലാത്ത – ഫറോവയുടെ കിരാതഭരണം പോലും ലജ്ജിച്ചുപോകുന്ന കരിനിയമം. ഒരു ദിവസമെങ്കി ലും സമരം ചെയ്താൽ രണ്ടുമാസത്തെ ശമ്പളം നഷ്ടപ്പെടുമെ ന്നുള്ള – മറ്റു ശിക്ഷണനടപടികൾക്കു പുറമേ – ആന്റണി സർക്കാർ പുറപ്പെടുവിച്ച ഓർഡിനൻസ്. ഇവ കാരണം മൂന്നാം യു.ജി.സി. ശമ്പളസ്കെയിലുകൾ നേടിയെടുക്കാൻ നമുക്കു കഴിയാതെപോയി. പക്ഷേ വർദ്ധിതവീര്യത്തോടെ, കേരള ത്തിലെ മുഴുവൻ പുരോഗമന പ്രസ്ഥാനങ്ങളുടെയും പിന്തു ണയോടെ നാം നടത്തിയ സമരത്തിന്റെ പരിണിതഫലമായി 1980-ൽ നിലവിൽവന്ന ഇടതുപക്ഷജനാധിപത്യമുന്നണി സർക്കാരിനെക്കൊണ്ട് യു.ജി.സി. നിരക്കുകൾ തത്വത്തിൽ അംഗീകരിപ്പിക്കാൻ കഴിഞ്ഞു എന്നുള്ളത് ആ സമരപരമ്പര കളുടെ വിജയത്തെയാണ് സൂചിപ്പിക്കുന്നത്. ഇതാണ് നാ ലാം യു.ജി.സി. ശമ്പളപരിഷ്കാരം ഇന്ത്യയിൽ മറ്റേതൊരു സംസ്ഥാനത്തും നടപ്പാക്കിയതിനേക്കാൾ മെച്ചമായി- മുഴു വൻ കോളേജധ്യാപകർക്കും സ്കിം-സ്കെയിൽ വ്യത്യാസമി ല്ലാതെ നടപ്പാക്കികിട്ടുവാൻ നമ്മെ സഹായിച്ചത്. ഇന്ന് വേത നരംഗത്ത് കേരളസംസ്ഥാനത്തെ സ്വകാര്യകോളേജ് അദ്ധ്യാ പകർ രണ്ടാംതരം പൗരന്മാരല്ല. മൂന്നാം യു.ജി.സി. ശമ്പളപ രിഷ്കാരത്തിന്റെ കാര്യത്തിൽ കേരളസംസ്ഥാനം ഒരു ദ്വീപാ യി മാറിനിന്നിരുന്ന അവസ്ഥ ഇന്ന് പൂർണ്ണമായും മാറിക്കഴി ഞ്ഞിരിക്കുന്നു. അഖിലേന്ത്യാതലത്തിലുള്ള ശമ്പളപരിഷ്കാരം നിശ്ചിതമായിക്കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ മെച്ചപ്പെട്ട വേതനം എന്ന മുദ്രാവാക്യം ഇന്ന് പ്രസക്തമല്ലാതായി തീർന്നു കഴിഞ്ഞിരിക്കുകയാണ്.

ആമുഖമായി ഇത്രയും പറഞ്ഞത്, കേരളത്തിലെ സ്വകാ ര്യകോളേജധ്യാപകരുടെ ഉന്നമനത്തിന് വേണ്ടി എ.കെ.പി. സി.ടി.എ കഴിഞ്ഞ നാലുപതിറ്റാണ്ടുകളിൽ നടത്തിയ സമര പരമ്പരകളും അവയിലൂടെ നമുക്ക് അനുഭവവേദ്യമാക്കിത്തന്ന നേട്ടങ്ങളും ഗണ്യമായിരുന്നു എന്ന് സൂചിപ്പിക്കുന്നതിന് വേണ്ടി യാണ്. അടിമത്തത്തിൽ ആണ്ടുനിന്ന ഒരു സമൂഹത്തെ, അവ കാശബോധമുള്ള ഒരു സമൂഹമാക്കി വളർത്തിയെടുക്കുന്ന തിൽ മഹത്തായ ഈ സംഘടനവഹിച്ച പങ്ക് നിസ്തുലമാണ്. കേരളത്തിലെ സ്വകാര്യകോളേജധ്യാപകർ ഇന്ന് ആരുടെ മുമ്പിലും ഓച്ഛാനിച്ച് നിൽക്കേണ്ട ഗതികേടിലല്ല. നിശ്ചയ ദാർഢ്യത്തോടുകൂടി തങ്ങൾക്കവകാശപ്പെട്ടതെല്ലാം തലയു യർത്തിനിന്ന് ചോദിച്ച് വാങ്ങാൻ കഴിവുള്ള ഒരു സമൂഹ മാണ് ഇന്ന് സ്വകാര്യകോളേജധ്യാപകർ. എന്നാൽ 1970- കൾക്ക് മുമ്പ് സ്ഥിതി തികച്ചും വ്യത്യസ്തമായിരുന്നു. എ.കെ.പി.സി.ടി.എ വേദികളിൽ നിരന്തരം കേട്ടുപോന്നിരുന്ന ചിലശൈലികൾ കരുമാന്റെ പറമ്പിലെ മുയലിന്റെ അവസ്ഥ Permanently temporary – ആണ് നിലനിന്നിരുന്ന സാഹചര്യ ങ്ങളെ വ്യക്തമായി സൂചിപ്പിക്കുന്നു. തന്റെ ജോലി ഏതുനി മിഷവും നഷ്ടപ്പെടാമെന്ന ആശങ്കയിലും അതിൽ നിന്ന് ഉറ വെടുത്ത നിസ്സഹായതാബോധത്തിലും, അടിമത്ത മനോഭാ വത്തിലും കഴിഞ്ഞിരുന്ന അവസ്ഥയായിരുന്നു സ്വകാര്യകോ ളേജ് അദ്ധ്യാപകന്റേത്. ഒപ്പിടുന്ന ശമ്പളത്തുക അന്ന് പൂർണ്ണ മായും ലഭിച്ചിരുന്നില്ല. വെക്കേഷൻ ശമ്പളം പല മാനേജു മെന്റുകളിലും അന്ന് കോളേജധ്യാപകന് ഒരു സ്വപ്നം മാത്ര മായിരുന്നു. ഈ അനീതിയെ ചോദ്യം ചെയ്യാൻ തൊഴിൽ തന്നെ നഷ്ടപ്പെട്ടുപോകുമോ എന്ന ഭയംകാരണം ആരും തയ്യാറായിരുന്നില്ല. പുതിയ തലമുറയ്ക്ക് ഇതെല്ലാം ഒരു കട ങ്കഥയായി തോന്നിയേക്കാം. എന്തിന്, ഇതരമേഖലകളിലെ ജീവനക്കാർ ഈ കാലഘട്ടത്തിൽ നേടിയെടുത്ത അവകാ ശങ്ങൾസ്വകാര്യകോളേജധ്യാപകരിൽ ഒരു പ്രതികരണവും സൃഷ്ടിച്ചില്ല എന്നതായിരുന്നു സത്യം.

നിയമാധിഷ്ഠിത സേവനഭദ്രത സ്വകാര്യകോളേജധ്യാപകരുടെ ഒരു സ്വപ്നമായി ഉദിച്ചതുതന്നെ 1960-കളുടെ മദ്ധ്യത്തോടെ മാത്രമാണ്. 1958-ലായിരുന്നു കേരളത്തിലെ സ്വകാര്യകോളേ ജദ്ധ്യാപകർക്ക് ഒരു സംസ്ഥാനതല സംഘടന നിലവിൽവ ന്നത്. 1958-ലെ സ. ഇ.എം.എസ്സിന്റെ നേതൃത്വത്തിൽ അധി കാരമേറ്റ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ നിന്നും ചിലതെല്ലാം ലഭിച്ചേക്കാം – പ്രധാനമായും സാമ്പത്തികാനുകൂല്യങ്ങൾ എന്ന ആഗ്രഹമായിരുന്നു അന്ന് സംഘടനക്ക് രൂപം കൊടു ക്കുവാൻ ഉണ്ടായ പ്രചോദനം. സ്വകാര്യസ്കൂൾ അദ്ധ്യാപ കർക്ക് ആ സർക്കാരിൽനിന്നും അന്ന് ഗണ്യമായ ആനുകൂ

ല്യങ്ങൾ ലഭിച്ചിരുന്നു. അന്ന് വിദ്യാഭ്യാസമന്ത്രിയായിരുന്ന മുണ്ടശ്ശേരി മാസ്റ്റർ കോളേജദ്ധ്യാപകർക്ക് ഡി.എ നൽകുവാൻ സംസ്ഥാന ബഡ്ജറ്റിൽ ആദ്യമായി ഒരു സംഖ്യ വകകൊള്ളിക്കുകയുണ്ടായി. ഗ്രാന്റ്-ഇൻ-എയ്ഡ് കോഡിന്റെ തുടക്കം അതിലുമുപരി സ്വകാര്യകോളേജ് അദ്ധ്യാപകന്റെ കാര്യത്തിൽ സംസ്ഥാനസർക്കാരിന്റെ ഇടപെടലിന്റെ തുടക്കം കുറിക്കൽ. ചുരുക്കത്തിൽ നിവേദനങ്ങളിലൂടെ വല്ലപ്പോഴും വീണുകിട്ടിയിരുന്ന ചില്ലറനേട്ടങ്ങൾ തന്നെ വലിയതെന്തോ ലഭിച്ചെന്ന തോന്നലാണ് സ്വകാര്യകോളേജദ്ധ്യാപരിൽ സൃഷ്ടിച്ചത്. രണ്ടാംലോകമഹായുദ്ധകാലത്ത് ഇതര മേഖലകളിലെ ജീവനക്കാർക്ക് അനുവദിച്ചുകിട്ടിയ ക്ഷാമബത്ത തങ്ങൾക്കുകൂടി തരണമെന്ന് അഭ്യർത്ഥിച്ചതിനെതുടർന്നാണ് പ്രഗത്ഭമതിയായ എം.പി. പോൾസാർ തൃശ്ശൂർ സെന്റ്തോമസ് കോളേജിൽ നിന്ന് നിഷ്കാസിതനായത്. പോൾസാറിനെ പിരിച്ചുവിട്ടതിനെതിരെ സ്വകാര്യകോളേജദ്ധ്യാപകർക്ക് പ്രതിഷേധമുണ്ടായിരുന്നു. പക്ഷേ അത് പ്രകടിപ്പിക്കുവാനുള്ള തന്റേടം അന്ന് അവർക്കുണ്ടായിരുന്നില്ല. അന്നത്തെ സ്വകാര്യകോളേജദ്ധ്യപകസമൂഹത്തെ അടച്ച് ഭീരുക്കൾ എന്ന് ആക്ഷേപിക്കുകയാണെന്ന് തെറ്റിദ്ധരിക്കരുത്. അന്നു നിലനിന്നിരുന്ന ഭൗതികസാഹചര്യത്തിൽ അവർക്ക് കൂടുതലൊന്നും ചെയ്യുവാൻ കഴിയുമായിരുന്നില്ല. പോൾസാറിനെ പിരിച്ചുവിട്ടതുപോലെ തന്നെ വളരെയധികം അദ്ധ്യാപകരെ സ്വകാര്യകോളേജ് മാനേജ്മെന്റുകൾ പിരിച്ചുവിട്ടുകൊണ്ടിരുന്നു. മാനേജ്മെന്റുകളുടെ തോന്ന്യാസത്തിനും ധിക്കാരത്തിനും എതിരെയുള്ള പ്രതിഷേധം മൂർത്തവത് ഭാവം കൈവരിച്ചത് ഏതാണ്ട് 1960 കളോടെ മാത്രമാണ്. അപ്പോഴും സ്വകാര്യകോളേജദ്ധ്യാപകർ സുസംഘടിതരായി കഴിഞ്ഞിരുന്നില്ല. ശമ്പളവർദ്ധനവിനുവേണ്ടി മനുഷ്യരായി അംഗീകരിക്കപ്പെട്ടുകിട്ടുന്നതിനുവേണ്ടി കേരളത്തിലെ സ്വകാര്യ കോളേജ് അദ്ധ്യാപകർ കോൺവൊക്കേഷൻ വേഷത്തിൽ പ്രകടനം നടത്തിയതും- അതിൽ അദ്ധ്യാപികമാരടക്കം നിരവധിപേർ പങ്കെടുത്തതും എ.കെ.പി.സി.ടി.എയുടെ സമരചരിത്രത്തിൽ ഒരു നാഴികക്കല്ലായിതന്നെ കണക്കാക്കേണ്ടതുണ്ട്. സംസ്ഥാനത്തെ പ്രബലസമുദായിക ശക്തികളായ സ്വകാര്യമാനേജ്മെന്റുകളുടെ അധികാരകുത്തകയുടെയും ധാർഷ്ട്യത്തിന്റെയും അവസാനത്തിന്റെ തുടക്കം കുറിക്കലായിരുന്നു ആ പ്രകടനം.

തുടർന്നും ഒറ്റപ്പെട്ട പിരിച്ചുവിടലുകൾ ഉണ്ടായി. പിരിച്ചുവിടൽ ഭീഷണിയാകട്ടെ ഭീഷിതമായിത്തനെ തുടർന്നു. ഇതോടുകൂടി സംസ്ഥാനത്തെമ്പാടും കലാലയാന്തരീക്ഷം കലുഷിതമാകാൻ തുടങ്ങി. വിവാഹം കഴിച്ചു എന്ന ഒറ്റക്കാരണത്താൽ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ ഒരു അദ്ധ്യാപിക നിഷ്കാസിതയായി. ഇത്കേരളത്തിന്റെ സാമൂഹ്യമനസ്സാക്ഷിയെ ഞെട്ടിച്ച ഒരു സംഭവമായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സംസ്ഥാനപാർലമെന്ററി പാർട്ടി ഉപാദ്ധ്യക്ഷനായിരുന്ന ഡോക്ടർ ജോർജ്തോമസിന്റെ ഭാര്യയായിരുന്നു ആ ഹതഭാഗ്യ.

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തിലെ സ്വകാര്യകോളേജ് മാനേജ്മെന്റുകൾ പ്രബല സാമുദായിക ശക്തികളാണ്. സർക്കാരുകളെ മാറ്റിമറിക്കുവാനും, തങ്ങളുടെ ചൊൽപ്പടിയിൽ നിർത്തുവാനും കഴിവുണ്ടായിരുന്ന നിഗ്രഹാനുഗ്രഹശക്തിയുണ്ടായിരുന്ന ഫ്യൂഡൽ ശക്തികൾ. ഒരു ശക്തിക്കും, നിയമത്തിനും കീഴ്വഴങ്ങാൻ അവർ തയ്യാറുമായിരുന്നില്ല.

സ്ഥിതിഗതികൾ ഇതൊക്കെയായിരുന്നു എങ്കിലും സ്വകാര്യ കോളേജദ്ധ്യാപകരുടെ സമരവീര്യം ക്രമേണ വളർന്നുകൊണ്ടിരിന്നു. 60 കളുടെ മദ്ധ്യത്തോടുകൂടി സംസ്ഥാനത്തുടനീളം സമരങ്ങളുടെ ഒരു വേലിയേറ്റം തന്നെ ഉയർന്നുവന്നു. ഈ കലാഘട്ടത്തിലായിരുന്നു കോഴിക്കോട് ഗുരുവായൂരപ്പൻ കോളജിൽ പ്രിൻസിപ്പിലായിരുന്ന പ്രൊഫസർ മാധവൻനമ്പ്യാർ തികച്ചും നിസ്സാരകാരണങ്ങളുടെ പേരിൽ പിരിച്ചുവിടപ്പെട്ടത്. കോളേജ് വളപ്പിലെ നാളികേരത്തിന്റെ കണക്കിൽ കുറവുവന്നു എന്നോ മറ്റോ ആയിരുവു പിരിച്ചുവിടലിന്റെ കാരണം. ഇതിനെതിരെ ആരംഭിച്ച സമരം തുടക്കത്തിൽ ദുർബലമായിരുന്നു. ശക്തമായി പ്രതികരിക്കണമെന്ന വാദം എ.കെ.പി.സി.ടി.എ വേദികളിൽ ഉയർന്നുവെങ്കിലും അന്നത്തെ നേതൃത്വം അയഞ്ഞ സമീപനമാണ് സ്വീകരിച്ചത്. പ്രൊഫസർ മാധവൻനമ്പ്യാരെ തിരിച്ചെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗുരുവായൂരപ്പൻ കോളേജ്പടിക്കൽ നടത്തിയ സത്യാഗ്രഹസമരത്തിൽ ആ കോളേജിലെ കൈവിരലിൽ എണ്ണാവുന്ന അദ്ധ്യാപകർമാത്രമാണ് പങ്കെടുത്തത്. സമരം തുടക്കത്തിൽതണുപ്പനായിരുന്നു എങ്കിലും സമരജ്വാലാ അണഞ്ഞുപോകാതെ സൂക്ഷിക്കുവാൻ സംഘടനക്കുകഴിഞ്ഞു എന്നുള്ളത് വിസ്മരിക്കാനാവില്ല. നിരാശാബോധം ബാധിക്കാതെ സമരാവേശം നാൾക്കുനാൾ വളർത്തിക്കൊണ്ടുവരുന്നതിനും സംഘടനക്കുകഴിഞ്ഞു. ഇതിനോടകം പ്രൊഫസർ മാധവൻ നമ്പ്യാരെ തിരിച്ചെടുക്കുക എന്ന ആവശ്യം വളർന്ന് കേരളത്തിലെ സ്വകാര്യകോളേജദ്ധ്യാപകർക്ക് നിയമാധിഷ്ഠിത സേവനഭദ്രത അനുവദിക്കുക എന്നതായിതീർന്നു. ഈ ആവശ്യം അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി സെക്രട്ടറിയേറ്റ് പടിക്കൽ അഞ്ച് അദ്ധ്യാപകർ അനിശ്ചിതകാലനിരാഹാരസത്യാഗ്രഹം ആരംഭിച്ചു. അങ്ങിനെ ഗുരുവായൂരപ്പൻ കോളേജ് പടിക്കൽ തുടങ്ങിയ സമരം ഒരു അഖിലകേരള സമരമായി വളരുകയുണ്ടായി. ഈ സമരം കേരളത്തിലെ മുഴുവൻ കോളേജദ്ധ്യാപകരിലും ഒരു പുത്തൻ ഉണർവ്- ആവേശം പ്രദാനം ചെയ്തു. സത്യാഗ്രഹപന്തിലന് മുമ്പിൽ രാപകൽ നൂറുകണക്കിന് അദ്ധ്യാപകർ ഉണ്ടായിരുന്നു എന്നുള്ള വസ്തുത ഒരു പുത്തൻ ശക്തിയുടെ ഉയർത്തെഴുന്നേല്പിന്റെ പ്രതീകമാണ്. സംസ്ഥാനത്തുടനീളം അലയടിച്ചുയർന്ന സമരത്തിന് എല്ലാ പുരോഗമനപ്രസ്ഥാനങ്ങളുടേയും നിസ്സീമമായ സഹകരണം ലഭിച്ചിരുന്നു. സ: ഇ.എം.എസ്സിന്റെ നേതൃത്വത്തിൽ വീണ്ടും അധികാരത്തിൽ വന്ന സർക്കാർ സ്വകാര്യകോളേജദ്ധ്യാപകർക്ക് നിയമാധിഷ്ഠിത സേവന ഭദ്രത നൽകുന്നതിനുവേണ്ടി സർവ്വകലാശാലാ നിയമം ഭേദഗതി ചെയ്യും എന്ന ഉറപ്പു നൽകിയതിനെ തുടർന്നാണ് സത്യഗ്രഹസമരം പിൻവലിച്ചത്.

തുടർന്ന് സർക്കാർ പുറപ്പെടുവിച്ച കേരളസർവ്വകലാശാലാ ഭേദഗതി ബിൽ തികച്ചും നിരാശാജനകമായിരുന്നു. ബില്ലിൽ കാതലായ മാറ്റങ്ങൾ വരുത്തിക്കുന്നതിനുവേണ്ടി സെലക്ട് കമ്മിറ്റിമുമ്പാകെ എ.കെ.പി.സി.ടി.എ എല്ലാ കേന്ദ്രങ്ങളിൽവച്ചും തെളിവു കൊടുക്കുകയുണ്ടായി. സുദീർഘമായ റിലേ സത്യാഗ്രഹവും സെക്രട്ടേറിയേറ്റ് ഗേറ്റ് പിക്കറ്റ് ചെയ്ത് അറസ്റ്റുവരിക്കലും അതേതുടർന്ന് ഏതാണ്ട് രണ്ടുമാസക്കാലത്തോളം നീണ്ടുനിന്ന അനിശ്ചിതകാലസമരവും ഈ അവകാശം നേടിയെടുക്കുന്നതിനുവേണ്ടി നാം നടത്തിയ ഐതിഹാസിക സമരങ്ങളുടെ ഭാഗമായിരുന്നു. കേരളത്തിലെ സ്വകാര്യകോളേജ് അദ്ധ്യാപകർ ആദ്യമായി നടത്തിയ അനിശ്ചിതകാലസമരം ഇതോടനുബന്ധിച്ചുള്ളതായിരുന്നു. സുദീർഘമായ സമരങ്ങളുടേയും പുരോഗമനപ്രസ്ഥാനങ്ങളുടെ അകമഴിഞ്ഞ പിന്തുണയുടേയും ഫലമായി കേരളസർവ്വകലാശാലാ നിയ

മഭേദഗതി ബില്ലിൽ നാം എന്നും അദ്ധ്യാപകന്റെ മാഗ്നാകാർട്ട എന്നു വിശേഷിപ്പിക്കുന്ന 8-ാം അദ്ധ്യായം എഴുതി ചേർക്കുകയുണ്ടായി.

1969-ലെ കേരളസർവ്വകലാശാലാനിയമം കേരളത്തിലെ സ്വകാര്യകോളേജദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം സ്വകാര്യമാനേജ്മെന്റുകളുടെ നുകത്തിൻ കീഴിൽ നിന്ന് – അടിമത്തത്തിൽനിന്ന് ഒരു മോചനമായിരുന്നു. ഇന്ത്യയിലാദ്യമായി സ്വകാര്യകോളേജദ്ധ്യാപകർക്ക് നിയമാധിഷ്ഠിതസേവന ഭദ്രത ഉറപ്പുവരുത്തിയത് കേരളത്തിലാണ്. അതും നിയമത്തിന്റെ ഭാഗമായിത്തന്നെ.

1969-ലെ നിയമത്തിലെ പല സുപ്രധാനവകുപ്പുകളും ഭരണഘടനയിലെ 14-29-30 (1) എന്നീ ഖണ്ഡികകളുടെ ലംഘനമെന്ന പേരിൽ കോടതി വിധിമൂലം നഷ്ടമായി. ഇത് പരിഹരിക്കാനെന്ന പേരിൽ 1974-ൽ പാസ്സാക്കിയ നിയമം 69 ലെ നിയമത്തെ അപേക്ഷിച്ച് പിന്നോക്കം പോകലായിരുന്നു. പക്ഷേ സ്വകാര്യകോളേജദ്ധ്യാപകന് 8-ാം അദ്ധ്യായത്തിലൂടെ ലഭിച്ച നിയമപരിരക്ഷ അഭംഗുരമായി ഇന്നും തുടരുന്നു. മാനേജ്മെന്റുകൾ ഇന്ന് പല്ലുകൊഴിഞ്ഞ പാണ്ടൻ നായ്ക്കളായി മാറിക്കഴിഞ്ഞിരിക്കുന്നു. അടിമവ്യവസ്ഥയിലെ അടിമകളെക്കാളും ശോചനീയമായികഴിഞ്ഞിരുന്ന അഭ്യസ്തവിദ്യരായ ഒരു വിഭാഗത്തിന്റെ മോചനം – മാനേജ്മെന്റുകളുടെ ധാർഷ്ട്യത്തിന്റേയും അഹന്തയുടേയും കടപുഴകൽ. ഒരു കോളേജ് അദ്ധ്യാപകൻ എന്ന നിലയിൽ എന്റെ സംഘടനാപ്രവർത്തനകാലത്തെ ഏറ്റവും ധന്യമായ മുഹൂർത്തം അതായിരുന്നു.

## Some Stray Thoughts

**S. Viswanathan**

Walking down the memory lane I suddenly find myself standing on the threshold of the second half of the 1960s. To be very exact it was the year 1964, the year which witnessed the commencement of 10+2+3 pattern of education in Kerala, the year in which the first batch of Junior Colleges were started to impart instructions in the pre-degree classes, it was also the year in which I started my career as a teacher. The managements were very powerful then and the teachers were paid their meagre salary only once in a while. The teachers and employees did not have any conditions of service. The Government and the University ( at that time there was only the Kerala University having jurisdiction over the whole state) had very little say in matters of admission and appointment. The managements enjoyed unlimited authoritarian powers.

The teachers of those days had no organisation capable of fighting for their rights and privileges. They were idealistic in nature and felt it infradig to take a procession along the streets shouting slogans. But slowly and steady the teachers felt the need for forming a fighting organisation which would at least ensure the regular disbursement of their salary. The non-disbursal of salary on a fixed date had made the position of teachers quite unenviable in society. Only those who stood by the management got some favours. The case of the lady teachers was the worst. They were sent out of service if they chose to marry or in some cases if they gave birth to children.

It was under these circumstances that the AKPCTA emerged as a powerful fighting service organisation. It staged several struggles against the antiteacher policies and authoritarian attitude of some of the private college managements in the state. The struggles against the managements of Guruvayoorappan college, S.N College, FMN College, DB colleges and NSS colleges are only some of the landmarks in the history of the organisation. Though all these struggles were not instant successes, they helped to bring about some radical changes in the status and service conditions of the private college teachers. With the introduction of direct payment system the teachers' living conditions improved a lot.

As an affiliate of the AIFUCTO, the AKPCTA has done everything in its power to set UGC scales of pay implemented for the teachers of the state and now, we are also in the main stream of the teachers' national movement enjoying almost all the benefits our counterparts enjoy else where.

The long and short of it is that the society has taken upon itself the responsibility of ensuring better emoluments to the teaching community. Naturally the onerous task of dedication to our profession and commitment to our students devolves upon us. Society demands something in return. It expects us to play a lead role in taking India in its march ahead. It wants our services in toto. That also means the teachers should not take private tuition.

Significantly enough the year 1998 witnessed the dropping of pre degree classes from the colleges. Plus-two is now attached to the school system is replacing pre degree course. The universities have now to take care of higher education from degree level upwards only. Let us hope that this will strengthen the field of higher education; though it may leave some service problems for some time. Problems are bound to emerge during the transitional period. But they can be solved by concerted organisational efforts and only the AKPCTA at the state level in Kerala and the AIFUCTO at the national level can bring lasting solutions of these problems. Therefore the teachers should rally round the organisation and render them unstinted co-operation and support.

To conclude, the teachers cannot live in isolation. They have a primary responsibility to see what is going on around them, ie, the dangers against secularism and national unity. As an important section of the society endowed with the responsibility of moulding the character of students and equipping them with necessary skills and knowledge to face the challenges of life, the teachers should make them fully conscious of these dangers as well. The great values of democracy, secularism and national unity are to be inculcated in the students.

Teachers of the country, unite, for your have many things to lose including your job.

Long Live the AKPCTA

Long Live the AIFUCTO.

# ഇന്നത്തെ പകൽ

നീലമ്പേരൂർ മധുസൂദനൻനായർ

പഴയ ഹസ്തിനാ-
പുരിയിത്! വാഴ്വിന്റെ
പൊരുളറിഞ്ഞവർ; പോരിലെ
ചതികൾ കണ്ടവർ; ചൂതിനും
ദൂതിനും വരുതി മൂളി-
പ്പുകഞ്ഞവർ; ദുഷ്കാല-
വിധി നടത്തലിൽ
പൊള്ളിപ്പിടഞ്ഞവർ;
അലറി നിൽക്കുമഴിമതി-
ക്കടിയറവു പറഞ്ഞവർ;
സഭയിൽ നഗ്നമായ്
വീഴുന്ന നേരിന്റെ
നെറിയെ നേരിടാൻ
പേടിപ്പെടുന്നവർ;
അറിവിനെശ്ശാപ-
ഭാരമായ്പ്പേറിയി-
ന്നിവിടെയുണ്ട്, നാ-
വാട്ടം മറന്നവർ!
പുതിയ കോയ്മക-
ളങ്ങനെ! വന്ധ്യമാം
വിധിയിൽ വാക്കിന്റെ
യന്ത്യ കൂദാശകൾ!

2

അറവുമാടുക-
ളിപ്പുറം, കാലത്തി-
ന്നറുതി കാണാ-
പ്പുറങ്ങളിലക്ഷര-
വടിവു തീണ്ടാ-
ത്തടങ്ങളിൽ, കണ്ണിലെ
പകൽ വെളിച്ച-
ത്തുടിപ്പറിയാതെ പിൻ-
നട നിയോഗമാ-
യേറ്റു വാങ്ങിപ്പവർ;
വഴിയിടം വലം
തിരിയുവാനെപ്പോഴു-
മിടയശബ്ദങ്ങൾ
കേട്ടു ശീലിപ്പവർ,
മലിനഗംഗയിൽ
പാപം കഴുകി വിൺ-
നട കടക്കും
തിരക്കിൽ ചതയുവോർ;
ഉരുളയൊന്നെ-
ന്നുടുതുണിയൊന്നെ-
ന്നിടവുമൊന്നെ-
ന്നുതിരവുമൊന്നെ-
ന്നറിവു പൊട്ടാതെ
ഗോത്രപ്പകകളിൽ
കുരുതിയാടാ-
നൊരുക്കപ്പെടുന്നവർ!
പുതിയ ദാസ്യങ്ങ-
ളിങ്ങനെ! ജീവിത-
ക്കെടുതിയേയിവർ-
ക്കെന്നുമവിൽപ്പൊതി!

3

ഇടയിലുണ്ടു ഞാൻ
വാക്കുകൾക്കുള്ളിലെ
കനൽ തെറിപ്പിച്ചു
വിണ്ണുകണ്ണാക്കി, യീ
മണ്ണുമനസ്സാക്കി, ദി-
ക്കൊക്കെവെഴിയാക്കി
എരിയുമിപ്പകൽ കുടി-
ച്ചുയരുന്നവൻ, കവി!

■

# മരം

ലളിതാലെനിൻ

പടർന്ന്പന്തലിച്ച മരമിത്
ഇലകളും വേരുകളും
മത്സരിച്ചോടുന്നു
വായുവിലൂടെ
വെള്ളത്തിലൂടെ
മതിലിനപ്പുറത്തേക്ക്.
പരസ്പരം തിരിച്ചറിയാത്ത
അവയവങ്ങൾ
തലവെട്ടിച്ചും കൊഞ്ഞനംകുത്തിയും
അവഗണന നടിക്കുന്നു;
മണ്ണിനെയും വിണ്ണിനെയും
വെവ്വേറെ ചട്ടികളിലിട്ട്
വറുത്തുകൊറിക്കുന്നു.
കൊന്നുതിന്നുന്ന പക്ഷികൾ
മരം നിറയെ കൂടുവെച്ചു കഴിഞ്ഞു!
സൂചികുത്താനിടമില്ല!
ചിറകുകളുടെ പടപടപ്പ്
നിറങ്ങളുടെ പളപളപ്പ്
ഓരോ ചില്ലയിലും ഒരു കിളി
ഓരോ കവരത്തിലും ഒരു കഴുകൻ
നെഞ്ചിടിപ്പില്ലാത്ത കഴുകന്മാർ
മതിലുകളിൽ വിസർജ്ജിക്കുന്നു
സ്നേഹത്തിന്റെ പച്ചച്ചായമടിച്ച
മതിലുകളിൽ അതുണങ്ങിപ്പിടിച്ച്
നിറംകെട്ടു പോകുന്നു.
മതിലുകൾ ഇടിച്ചു നിരത്തുന്നവർ
വേരുകളിൽ ചവിട്ടിനിന്ന്
ശിഖരങ്ങൾ നോക്കാതെ
പണിതുകൊണ്ടിരിക്കുന്നു.
ഒരാൾ ചോദിച്ചു:
ഈ മരത്തിന്റെ പേരെന്ത്?
മറ്റൊരാൾ:
ഓ, പേരിലെന്തിരിക്കുന്നു?
മരത്തിന്റെ തോളിൽ പേരുണ്ട്
സംസ്കാരം!
അതാർക്കും വായിക്കാനാവുന്നില്ല

■

# മതേതരവിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ

ഡോ. ആർ.ബി. രാജലക്ഷ്മി

ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആധിപത്യം സ്ഥാപിക്കുന്നതിനുമുമ്പ് പ്രാദേശികാടിസ്ഥാനത്തിലുള്ള ബോധനരീതിയാണ് ഇവിടെ നിലനിന്നിരുന്നത്. കുടിപ്പള്ളിക്കൂടങ്ങളും എഴുത്തുപള്ളികളും കേന്ദ്രീകരിച്ചുള്ള പഠനരീതിക്ക് ഏറെ പ്രചാരവും സിദ്ധിച്ചിരുന്നു. എന്നാൽ കൊളോണിയൽ ആധിപത്യം സ്ഥാപിതമായതോടെ മിഷനറിമാതൃകയിലുള്ള വിദ്യാഭ്യാസത്തിനു പ്രാധാന്യം കൈവന്നു. മതപ്രചരണമായിരുന്നു മിഷനറിമാരുടെ മുഖ്യലക്ഷ്യമെങ്കിലും മതബോധനത്തോടൊപ്പം ശാസ്ത്രസാങ്കേതിക വിദ്യകളുടെ അഭ്യസനവുംകൂടി അവർ നടത്തിയിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം ഭാരതത്തിൽ സാർവ്വത്രികമാവുകയും തൽഫലമായി പ്രാദേശികാടിസ്ഥാനത്തിലുള്ള ബോധനസമ്പ്രദായങ്ങൾക്ക് മാറ്റങ്ങൾ സംഭവിക്കുകയും ചെയ്തു. അതോടെ കുടിപ്പള്ളിക്കൂടങ്ങളും എഴുത്തുപള്ളികളും ക്രമേണ അപ്രത്യക്ഷമാവുകയും ചെയ്തു. മിഷണറിമാർ മതബോധനം നടത്തിയെങ്കിലും ഇന്ത്യയുടെ മതേതരസ്വഭാവത്തെ ആക്രമിച്ചു കീഴടക്കാൻ ശ്രമിച്ചിരുന്നില്ല. എല്ലാ മതങ്ങളുടെയും സംഗമഭൂമിയായി ഇന്ത്യ അറിയപ്പെടുകയും ചെയ്തു.

സ്വാതന്ത്ര്യാനന്തരം ഇംഗ്ലീഷുവിദ്യാഭ്യാസത്തിനു പ്രചാരം കൂടുതൽ വർദ്ധിച്ചു. അതോടെ പാശ്ചാത്യഭാഷയും സംസ്കാരവും പടിപടിയായി ഇന്ത്യൻ സംസ്കാരത്തെ സ്വാധീനിച്ചുവെന്നു മാത്രമല്ല ഒരുതരം അടിമത്തത്തിലേയ്ക്ക് അതു പരിവർത്തനം ചെയ്യപ്പെടുകയും ചെയ്തു. ഭാരതീയ സംസ്കാരത്തിനുമേലുള്ള പാശ്ചാത്യസംസ്കാരത്തിന്റെ പ്രത്യക്ഷമായും പരോക്ഷമായും ഉള്ള കടന്നുകയറ്റത്തെ ഒരു ന്യൂനപക്ഷം എപ്പോഴും ചെറുത്തുകൊണ്ടുമിരുന്നു. അതേസമയം ശാസ്ത്രസാങ്കേതിക രംഗത്തെ ദ്രുതഗതിയിലുള്ള ഇന്ത്യയുടെ വളർച്ചയും തൽഫലമായി ഇന്ത്യയ്ക്കുണ്ടായ നേട്ടങ്ങളും പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ഫലമായുണ്ടായതാണെന്ന് വിവേകമതികൾ ഉൾക്കൊള്ളുകയും ന്യൂനപക്ഷത്തിന്റെ ചിന്തയെ പുച്ഛിച്ചുതള്ളുകയും ചെയ്തിരുന്നു. ഈ വിരുദ്ധ ചിന്താഗതികൾ തമ്മിൽ സംഘർഷവും ഉണ്ടായിക്കൊണ്ടിരുന്നു. അത് കാലക്രമേണ വളർന്നുവളർന്ന് ഇന്ന് ഒരു തരം സംഘർഷത്തിന്റെ തലത്തിലേക്ക് മാറിക്കഴിഞ്ഞിരിക്കയാണ്. ഈ പശ്ചാത്തലത്തിൽവേണം നമ്മുടെ മതേതരവിദ്യാഭ്യാസത്തിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് ചിന്തിക്കാൻ.

ഭാരതീയ സംസ്കൃതിയുടെ മഹത്തായ പാരമ്പര്യത്തെ കുഴിച്ചുമൂടിയത് ആംഗല വിദ്യാഭ്യാസമാണെന്ന് ഉറച്ചുവിശ്വസിച്ച കൂട്ടർ ആ പാരമ്പര്യത്തെ പുനരുജ്ജീവിപ്പിക്കാൻ ഒരു ഹിന്ദുരാഷ്ട്രസ്ഥാപനംകൊണ്ടു മാത്രമേ സാധ്യമാകൂ എന്നു കരുതുന്നു. മാത്രമല്ല തങ്ങളുടെ ഈ വിശ്വാസത്തെ അവർ ജനങ്ങളിൽ അടിച്ചേല്പിക്കാനുള്ള എല്ലാ ശ്രമങ്ങളും ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു. മതേതരത്വത്തിന്റെ ശക്തിദുർഗ്ഗങ്ങളായി ഇന്ത്യയിൽ നിലനില്ക്കുന്ന എല്ലാ ഘടകങ്ങളേയും തറപറ്റിച്ചാൽ മാത്രമേ ഹിന്ദുരാഷ്ട്രസ്ഥാപനം സാധ്യമാകൂ. അതിനു വിഘാതമായി നില്ക്കുന്നത് പ്രധാനമായി രണ്ടുഘടകങ്ങളാണെന്ന് വർഗ്ഗീയവാദികൾ വിശ്വസിച്ചു. ഒന്ന് ഇവിടത്തെ മതേതര വിദ്യാഭ്യാസം. രണ്ട്, മറ്റു മതങ്ങളുടെ കോട്ടകളായി നിലകൊള്ളുന്ന ആരാധനാലയങ്ങൾ. അതുകൊണ്ട് നൂറ്റാണ്ടുകൾ പഴക്കമുള്ള ആരാധനാലയങ്ങൾ തകർക്കുക, തൽസ്ഥാനത്ത് ഹിന്ദുക്ഷേത്രങ്ങൾ സ്ഥാപിക്കുക, നിലവിലുള്ള വിദ്യാഭ്യാസരീതി പാടെ പൊളിച്ചെഴുതി പകരം ഹിന്ദുത്വാശയങ്ങൾക്കു പ്രാമുഖ്യം നൽകു പുതിയ പാഠ്യപദ്ധതി നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഹിന്ദു വർഗ്ഗീയവാദികൾ തീരുമാനിച്ചു. അവ സാക്ഷാത്കരിക്കാനാരംഭം കുറിച്ചുവെന്നതിനുള്ള ആദ്യ തെളിവാണ് ബാബറിമസ്ജിതിന്റെ പതനം. ഇത് കേവലം ഒരു ആരാധനാലയത്തിന്റെ പതനമല്ല. മറിച്ച് ഇന്ത്യൻ മതേതരത്വത്തിന്റെ തകർച്ചയുടെ ആദ്യപടിയായി നാമതിനെ കാണണം.

ആഗോളവൽക്കരണവും വർഗ്ഗീയവൽക്കരണവും ഇന്ത്യൻ മതേതരത്വത്തിന് വൻ വിപത്തായിത്തീർന്നിരിക്കുന്ന ഈ അവസരം മുതലെടുത്തുകൊണ്ട് ഹിന്ദുത്വാശയങ്ങൾ വളരെ പെട്ടെന്ന് പ്രചരിപ്പിക്കാൻ വർഗ്ഗീയഫാസിസ്റ്റുശക്തികൾ തുനിഞ്ഞിറങ്ങിക്കഴിഞ്ഞു. തങ്ങളുടെ ഇരയായി അവർ ആദ്യം കണ്ടെത്തിയത് ബാലമനസ്സുകളെയാണ് - വിദ്യാഭ്യാസസ്ഥാപനങ്ങളെയാണ്, അഥവാ പാഠ്യപദ്ധതിയെതന്നെയാണ്. പ്രൈമറിതലം മുതൽ വർഗ്ഗീയാശയങ്ങൾ അടിച്ചേല്പിക്കുന്നതരത്തിൽ പാഠ്യപദ്ധതി അവർ നവീകരിച്ചുകൊണ്ടിരിക്കുകയാണ്. വളരെ പെട്ടെന്ന് നാടുമുഴുവൻ സ്ഥാപിക്കുന്ന ആർ.എസ്സ്.എസ്സിന്റെ വിദ്യാഭ്യാസസ്ഥാപനമായ വിദ്യാഭാരതികളുടെ പ്രവർത്തനം അതിനുത്തമോദാഹരണമാണ്. അവിടെ നിർബന്ധമാക്കിയിരിക്കുന്ന സരസ്വതീവന്ദനവും വന്ദേമാതരഗാനാലപവും ഹിന്ദുകുട്ടികൾക്കുമാത്രം പ്രവേശനം നൽകാനുള്ള രഹസ്യതിരുമാനങ്ങളും വർഗ്ഗീയവാദികളുടെ ഗൂഢോദ്ദേശത്തെയല്ലേ വെളിപ്പെടുത്തുന്നത്. അതുപോലെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത ത്യാഗോജ്വലരായ ദേശീയ നേതാക്കളെ നിസ്സാരന്മാരാക്കി തള്ളിയും ഗാന്ധിജിയെയും അദ്ദേഹത്തിന്റെ ത്യാഗത്തേയും തമസ്കരിച്ചും ഗോദ്സേയെപ്പോലുള്ളവരെ വീരപുരുഷന്മാരായി ഉയർത്തിക്കാട്ടിയും ചരിത്രത്തെയാകെ തകിടം മറിച്ച് വരുംതലമുറകളിൽ വികലവും ശുദ്ധ അസംബന്ധവുമായ ചരിത്രബോധം കുത്തിനിറച്ചുകൊണ്ടാണ് ഉത്തരേന്ത്യയിൽ പാഠ്യപദ്ധതി നവീകരിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ ഒരു ഹിന്ദുത്വസങ്കല്പത്തിലധിഷ്ഠിതമായ പാഠ്യക്രമത്തിലൂടെ ബാലമനസ്സുകളിൽ വർഗ്ഗീയതയുടെ വിഷം കലർത്തി തങ്ങളുടെ സാമ്രാജ്യസ്വപ്നത്തെ സാക്ഷാത്കരിക്കുവാൻ കിണഞ്ഞുശ്രമിച്ചുകൊണ്ടിരിക്കയാണ് ഹിന്ദുത്വവാദികൾ.

സവർണ്ണ അവർണ്ണഭേദമകറ്റി ഒരു മതേതരവിദ്യാഭ്യാസ സമ്പ്രദായം ഇവിടെ കെട്ടിപ്പടുക്കാൻ പൂർവ്വികർ എത്രമാത്രം പണിപ്പെട്ടുവോ ആ ശ്രമങ്ങളെയെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് ഒരു പ്രത്യേക വിഭാഗത്തിനു മാത്രം പ്രവേശനം നൽകുന്ന സ്കൂളുകളുണ്ടാക്കുക, വേദപുരാണങ്ങൾ പാഠ്യപദ്ധതിയിൽ നിർബ്ബന്ധവിഷയമാക്കുക, മൺമറഞ്ഞ അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പുന:പ്രതിഷ്ഠിക്കുന്ന വിധം പാഠ്യവിഷയങ്ങൾ തെരഞ്ഞെടുക്കുക, 3-ാം ക്ലാസ്സ് മുതൽ സംസ്കൃതഭാഷാപഠനം നിർബ്ബന്ധമാക്കുക, സ്ത്രീകൾ അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്ക് പ്രവേശിക്കാൻ ഭരണഘടനയിൽപ്പോലും മാറ്റം വരാനിരിക്കേ, പ്രൈമറിതലം കഴിഞ്ഞാൽ പെൺകുട്ടികൾക്ക് ഗൃഹഭരണത്തിൽ പ്രത്യേകപഠനം ഏർപ്പെടുത്തുക- ഇങ്ങനെ ഹിന്ദുത്വാശയങ്ങളടങ്ങുന്ന ഒട്ടേറെ കർമ്മപരിപാടികൾക്ക് അവർ രൂപം നൽകിക്കഴിഞ്ഞു. ഹൈന്ദവ പാരമ്പര്യവാദികൾ സ്വാതന്ത്ര്യാനന്തരകാലഘട്ടം മുതൽ ലക്ഷ്യമാക്കുന്ന ഹിന്ദുരാഷ്ട്രസങ്കല്പം. ഇന്ന് അധികാരം കൈയിലേന്തിയപ്പോൾ നിയമംവഴി തന്നെ സ്ഥാപിക്കാനുള്ള എല്ലാ നീക്കങ്ങളും നടന്നുവരികയാണ്. അതിന്റെ

# WOODPECKER

P.V. JAYARAJ

But why should he peck at the stoic stem
With the snorting rage of a man in haste
To blunt all the odds piked against him
Just to prove that he will never endure a dismal fate?

It was an unexpected spring from nowhere;
I had just looked up from my book
Half a minute ago to find that Silver Oak dismally bare.
Seconds have brought in that woodpecker from some nook
To cling in that rightangularity on to a blistered lair.

My pulse quickens as I watch the beak
Butting into the bark and working against time
To lend a photofinish end to the meek
Horde of worms that are jabbed in their prime.

Though the desensitized beak works without a grouse
Angry red circles beseiging the eyes twist into a question mark,
Sickled to scoop out life like mossy flesh from a Kernel
And leave the victim as dry as the flowers from which dewdrops
Have fled at the musty heat of the flushed sun.

The woodpecker need not preen his confidence now and then
With a periodically sharpened prow.
He forays life as it appears below
With the throbbing poise of an overwhelming lover
Roused enough to take a beloved to bed:
Not to be tasted, but to be mutated.

The woodpecker is the idol of the vacuous afternoon
When nature takes a catnap to purr away its weariness.
An idol is not to be broken at will
Even by an admirer who is shamelessly idle.
A hero is assembled - muscle by muscle, plume by plume -
perfect to be copied, never to be envied.

---

ഫലമായി നിലവിലുള്ള എല്ലാ വ്യവസ്ഥകളിലും അഴിച്ചുപണികൾ ദ്രുതഗതിയിൽ ചെയ്തുകൊണ്ടുമിരിക്കുന്നു. അതിന്റെ പ്രത്യക്ഷോദാഹരണമാണ് വിദ്യാഭ്യാസമന്ത്രിമാരുടെ '98 ഒക്ടോ 22, 23, 24 തീയതികളിൽ നടന്ന സമ്മേളനം. നിലവിലുള്ള രീതിക്കു വിരുദ്ധമായി അവിടെ നടത്തിയ സരസ്വതീവന്ദനവും വന്ദേമാതരഗാനാലാപവും ശക്തമായ പ്രതിഷേധത്തിനും വിമർശനത്തിനുംഅവഗണനയ്ക്കും പാത്രമായെങ്കിലും അതു നടന്നുവെന്നത് മതേതരത്വത്തിനു ഭീഷണിയാണെന്നതിൽ തർക്കമില്ല. അവിടെ വിതരണം ചെയ്ത വിദ്യാഭ്യാസ അജണ്ടയും അനുബന്ധക്കുറിപ്പുകളും ആർ.എസ്.എസ്സിന്റെ വർഗ്ഗീയബോംബായിരുന്നു. അതിനെ നിർവ്വീര്യമാക്കാൻ പങ്കെടുത്തവരിൽ കുറേപ്പേർ ശ്രമിച്ചുവെങ്കിലും മതതീവ്രവാദികൾ അതിൽനിന്നു പിന്മാറിയെന്നു കരുതേണ്ട. വരാനിരിക്കുന്ന വിപത്തുകളുടെ ഒരു സൂചനമാത്രമേ അതായുള്ളൂ. അവർപ്രചരിപ്പിച്ച വിദ്യാഭ്യാസ അജണ്ടയിലും അനുബന്ധകുറിപ്പുകളിലും അടങ്ങിയ കള്ളനാണയങ്ങൾ തിരിച്ചറിഞ്ഞ് അവ വെളിച്ചത്തുകൊണ്ടുവരുവാനും ഭൂരിപക്ഷജനസമൂഹത്തെ ബോധ്യപ്പെടുത്താനും ഉള്ള ശ്രമങ്ങൾ ഉടനെ ഉണ്ടാകേണ്ടിയിരിക്കുന്നു. എങ്കിൽമാത്രമേ ഇന്ത്യയുടെ മതേതരത്വം കാത്തുസൂക്ഷിക്കാനും അതുവഴി മതേതരവിദ്യാഭ്യാസത്തെ സംരക്ഷിക്കാനും നമുക്കു കഴിയൂ. അതിനുള്ള തികഞ്ഞ ഉത്തരവാദിത്വബോധമാണ് മതേതര വിശ്വാസികൾ ഏറ്റെടുക്കേണ്ടത്. താഴെ പറയുന്ന കാര്യങ്ങൾ അതിനുള്ള ചില ലക്ഷ്യങ്ങൾ മാത്രമാണ്.

1. വളരെപെട്ടെന്ന് പ്രചാരംസിദ്ധിച്ച ബാലസാഹിത്യ ശാഖയെയാണ് വർഗ്ഗീയവാദികൾ വർഗ്ഗീയവിഷം കടത്തിവിടാനുള്ള മാധ്യമമായികണ്ടെത്തിയിരിക്കുന്നത്. ആ കടന്നുകയറ്റത്തെ ശക്തിയായി ചെറുക്കുന്നതോടൊപ്പം തന്നെ ബാലമനസ്സുകളെ കീഴടക്കുന്നതും മതേതരാശയങ്ങൾ അവരിലേയ്ക്കു പകരുന്നതുമായ ഹൃദ്യമായൊരുവിഭവമായി അതിനെ പരിവർത്തനം ചെയ്യണം.

2. പാഠപുസ്തകങ്ങൾ പരിഷ്കരിക്കുമ്പോൾ മതേതരസ്വഭാവം കൈവെടിയുന്നുണ്ടോ, വർഗ്ഗീയാശയങ്ങൾ കടന്നുവരുന്നുണ്ടോ എന്നെല്ലാം ശ്രദ്ധിക്കണം. അതിനായി ശക്തമായ ഒരു മോണിറ്ററിംഗ് സമ്പ്രദായം പാഠപുസ്തകരചനയിൽ ഏർപ്പെടുത്തണം.

3. ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പാഠപുസ്തകത്തിലില്ലാത്തതും വർഗ്ഗീയാശയങ്ങൾ ഉൾക്കൊള്ളുന്നതുമായ വിഷയങ്ങൾ അവിടെ പഠിപ്പിക്കുന്നുണ്ടോ എന്നു പരിശോധിക്കുകയും ഉണ്ടെങ്കിൽ പൊതുജനപിന്തുണയോടെ ചെറുത്ത് തോല്പിക്കുകയും വേണം.

4. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതപഠനം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. വ്യക്തിയും സമൂഹവും തമ്മിലുള്ള സുദൃഢമായ ബന്ധത്തെ അടിസ്ഥാനമാക്കിയുള്ളതും അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽനിന്നും മുക്തമായതും, തികച്ചും ശാസ്ത്രീയമായ സത്യങ്ങളിൽ അധിഷ്ഠിതമായതുമായ ഒരു വിദ്യാഭ്യാസം കുട്ടികൾക്കു നൽകാനുള്ള എല്ല പ്രവർത്തനങ്ങളും നടക്കണം.

ചുരുക്കത്തിൽ മതേതര രാഷ്ട്രത്തിന്റെ അടിത്തായ്ക്ക് ഇളക്കം തട്ടാത്ത ഒരു വിദ്യാഭ്യാസനയം ഇവിടെ നിലനില്ക്കണം. അതിനുതകുന്ന പാഠ്യപദ്ധതിയും. അതുൾക്കൊള്ളുന്ന അധ്യാപകവൃന്ദവും ഉണ്ടായേ മതിയാവൂ. അതിനു മുൻകൈയെടുക്കേണ്ടത് അധ്യാപകവർഗ്ഗമാണെന്ന കാര്യത്തിൽ തർക്കമില്ല.

# ഭാഷയും സവർണ്ണാധിപത്യവും

സെബാസ്റ്റ്യൻ വട്ടമറ്റം

ഒരു സമുദായത്തെ സമുദായമാക്കുന്ന മുഖ്യ ഘടകമാണു ഭാഷ. സമുദായത്തിലെ അംഗം തന്നെത്തന്നെയും തന്റെ സമുദായത്തെയും ലോകത്തെയും തിരിച്ചറിയുന്നത് തന്റെ ഭാഷയിലൂടെയാണ്, ഭാഷയിലൂടെ പകർന്നുകിട്ടുന്ന മിത്തുകളും പുരാണങ്ങളും ഗതകാലസ്മരണകളുമെല്ലാം ഉൾക്കൊള്ളുന്ന ആഖ്യാനങ്ങളിലൂടെയാണ്. എല്ലാവരും നെഞ്ചിലേറ്റിനടക്കുന്ന ആഖ്യാനങ്ങളുടേതായ ഒരു ആന്തരഘടന ഏതൊരുസമുദായത്തിനുമുണ്ട്. ഈ ആഖ്യാനഘടനക്കുള്ളിലാണ് എല്ലാത്തരം നൈതിക-ലാവണ്യ-സദാചാര മൂല്യങ്ങളും ജനിക്കുകയും വളരുകയും ചെയ്യുന്നത്. പ്രാക്തനസമുദായങ്ങളെയെല്ലാം കെട്ടുറപ്പോടെ നിലനിറുത്തിയിരുന്നത് ഈ ആഖ്യാനഘടനയ അതിനുള്ളിൽ വസിച്ചിരുന്ന ദൈവങ്ങളും, ദൈവങ്ങളിലുള്ള വിശ്വാസവും അതിലൂന്നിയ മൂല്യബോധവും ആയിരുന്നു. ആഖ്യാനഘടന സമൂഹഘടനയെ എന്നവണ്ണം സമൂഹഘടന ആഖ്യാനങ്ങളെയും സ്വാധീനിക്കുന്നുണ്ട്. ആധിപത്യപരമായ സമൂഹഘടന ആധിപത്യത്തെ ന്യായീകരിക്കുന്ന ദൈവങ്ങളെയും ദൈവപുരാണങ്ങളും സൃഷ്ടിക്കുന്നു. അങ്ങനെയാണ് ബ്രാഹ്മണീയാഖ്യാനങ്ങളിൽ ബ്രാഹ്മണമന്ത്രങ്ങൾ ദൈവത്തെയും ദൈവത്തിലൂടെ പ്രപഞ്ചത്തെയും നിയന്ത്രിക്കുകയും അങ്ങനെ ബ്രാഹ്മണർ സ്വയം ദൈവമാകുകയും ചെയ്യുന്നത്. (ദൈവാധീനം ജഗത് സർവ്വം മന്ത്രാധീനന്തു ദൈവതം, തത്മന്ത്രം ബ്രാഹ്മണാധീനം ബ്രാഹ്മണോ മമ ദൈവതം.)

ഒരു ജനതയെ കീഴടക്കുന്നതിനുള്ള ഏറ്റവും എളുപ്പമാർഗ്ഗം അവരുടെ ആഖ്യാനഘടനയെ താറുമാറാക്കുകയാണ്, അവരുടെ ദൈവങ്ങളെ കീഴടക്കുകയാണ്. അധിനിവേശത്തിന്റെ അഞ്ചുനൂറ്റാണ്ടിലെ ചരിത്രത്തിൽ ഇതിനെത്രവേണമെങ്കിലും ഉദാഹരണങ്ങൾ കണ്ടെത്താനാവും. എന്നാൽ അതിനെക്കാൾ ഏറെ പഴക്കമുള്ള കീഴടക്കലിന്റെ ഇരകളാണ് ഇന്നാട്ടിലെ ദളിത് വിഭാഗങ്ങൾ. ദളിതർ എന്നാൽ തകർക്കപ്പെട്ടവർ എന്നാണല്ലോ അർത്ഥം. സാമ്പത്തികമായി അവരെങ്ങനെ തകർക്കപ്പെട്ടു, അധഃസ്ഥിതരാക്കപ്പെട്ടു എന്നത് പൂർണമായി വിശദീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ, അതിനു മുന്നോടിയും സമാന്തരവുമായി തകർക്കപ്പെട്ട അവരുടെ ആഖ്യാനഘടനകളെ നമ്മുടെ ഫോക്‌ലോർ പഠനങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അടുത്തകാലത്തിറങ്ങിയ *മാണിക്കം പെണ്ണ്*[1] എന്ന പുസ്തകത്തിൽനിന്ന് ഒരുദാഹരണമെടുക്കാം.

കൊട്ടയും മുറവും പരമ്പുമൊക്കെ ഉണ്ടാക്കിയും കൃഷിയിടങ്ങളിൽ പണിയെടുത്തും ജീവിച്ചിരുന്ന സാംബവ (പറയ) സമുദായം കലാസിദ്ധികളിലും മന്ത്ര-ചികിത്സാരീതികളിലും അദ്വിതീയരായിരുന്നു. ബൃഹത്തായൊരു ആഖ്യാനഘടനയും വായ്മൊഴിവഴക്കങ്ങളും അവർക്കുണ്ടായിരുന്നു. അതിന്റെ ചെറിയൊരു പരിച്ഛേദമാണ് *മാണിക്കം പെണ്ണിലുള്ളത്.* അതിലെ ഒരു കഥയാണ് കാമച്ചവേലന്റേത്.[2] പിറന്നുവീണപ്പോൾത്തന്നെ അപ്പനും അമ്മയും നഷ്ടപ്പെട്ട കാമച്ചൻകുഞ്ഞ് കാമച്ചവേലനെന്ന മഹാമാന്ത്രികനായി വളർന്നുവന്നു. വെട്ടിയകോഴിക്കും മുറിച്ചതേങ്ങക്കും കറ്റയ്ക്കും കളമ്പൊലിക്കും അവകാശമുള്ളവൻ. ഇതറിഞ്ഞിട്ട് അവന്റെ പേരമ്മത്തള്ളക്ക് പെരുത്ത അസൂയ. തന്റെ നാല് ആൺമക്കളിലാർക്കും സാധിക്കാത്തത് കാമച്ചവേലൻ നേടിയിരിക്കുന്നു. അതവർക്കു സഹിക്കാനായില്ല. അങ്ങനെയിരിക്കെ അടുത്തുള്ള പോറ്റിമാരുടെ ചെങ്കൊമ്പിപ്പശു ചത്തു. ഇത്തരം അനർത്ഥങ്ങൾ സംഭവിക്കുമ്പോൾ, അന്നൊക്കെ പറയരാണ് കാരണം കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിരുന്നത്. അവിടെയെത്തിയ പേരമ്മത്തള്ള ചത്ത പശുവിനെ പരിശോധിച്ചിട്ട് പറഞ്ഞു പശു ചത്തത് കാമച്ചവേലന്റെ പേയുടെ (കൂടോത്രത്തിന്റെ) ശക്തികൊണ്ടാണെന്ന്. അതിനിനി എന്തുവേണമെന്നായി പോറ്റിമാർ. വേലനെ ഉടനെ അവിടെ വരുത്തണം. അതിനുള്ള ഉപായവും പേരമ്മത്തള്ളതന്നെ പറഞ്ഞുകൊടുത്തു. തന്റെ നാല് ആൺമക്കളെയും പിടിച്ചുകൊണ്ടുവന്ന് കെട്ടിയിടുക. പോറ്റിമാർ അതുടനെ നടപ്പിലാക്കി. പേരമ്മത്തള്ള കാമച്ചവേലന്റെ അടുത്തേക്കോടി. തന്റെ ആൺമക്കളെ പോറ്റിമാർ കെട്ടിയിട്ടിരിക്കുന്നെന്നു കരഞ്ഞുവിളിച്ച് അറിയിച്ചു. മന്ത്രമണിയും മണിപ്പറയും തന്നത്താനൊച്ചവച്ച് അപകടസൂചനനൽകി. എന്നിട്ടും ഉറ്റവരെ രക്ഷിക്കാനുള്ള ആവേശത്താൽ വേലൻ പേരമ്മത്തള്ളയോടൊപ്പം ഇറങ്ങിത്തിരിച്ചു. പടിക്കലെത്തിയ വേലനെ പോറ്റിമാർ തല്ലിക്കൊന്നു. പേരമ്മത്തള്ളയുടെ മക്കൾ കാമച്ചവേലന്റെയും പശുവിന്റെയും ജഡവുമായി തിരിയെപോന്നു. കാമച്ചവേലനെ സംസ്കരിച്ചശേഷം പശുവിനോടൊപ്പം അവരുടെ അമ്മയെയും കുഴിയിൽതള്ളി മണ്ണിട്ടുമൂടി. അങ്ങനെ അമ്മയുടെ കൊടുംചതിക്കു മക്കൾതന്നെ പകരംവീട്ടി.

കഥ തീർന്നില്ല. സഹോദരങ്ങളെ രക്ഷിക്കാൻ സ്വന്തംജീവൻ ബലികഴിച്ച കാമച്ചവേലൻ ഉയിർത്തെഴുന്നേറ്റു. പോറ്റിമാരുടെ മച്ചിൻപുറത്തൊളിച്ചിരുന്ന് അയാൾ അവരിലോരുരുത്തരെ വകവരുത്താൻ തുടങ്ങി. പരിഭ്രാന്തരായ പോറ്റിമാർ വേലന്റെ ഭാര്യയെയും സഹോദരങ്ങളേയും സമീപിച്ചു. വേണ്ട പരിഹാരക്രിയകളെല്ലാം ചെയ്ത് കാമച്ചവേലനെ ഒരിടത്ത് കുടിയിരുത്തി. അതോടെ വേലന്റെ ശല്യവും തീർന്നു.

ഇതു വെറുമൊരു കഥയല്ല. ചരിത്രസംഭവമാണെന്നും അവകാശപ്പെടുന്നില്ല. എന്നാൽ, സാംബവസമുദായത്തിൽപ്പെട്ടവർ കാട്ടിലും നാട്ടിലും പാടത്തും പറമ്പിലും പാടിനടന്ന അനേകം വീരഗാഥകളിലൊന്നാണിത്. ഇത്തരം കഥകളിലൂടെ, ആഖ്യാനങ്ങളിലൂടെയാണ് അവിരലോരുത്തരുടെയും ഞാൻബോധവും ആത്മവിശ്വാസവും മൂല്യവിചാരങ്ങളും രൂപപ്പെട്ടിരുന്നത്. കാമച്ചവേടനെപ്പോലെ കൊല്ലപ്പട്ട പൂർവ്വികരെല്ലാം സദാനേരവും തങ്ങളോടൊപ്പമുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് ഏതുകാര്യത്തിനു പുറപ്പെടുമ്പോഴും എന്റപ്പൻകൊല, അറുകൊല മുടിയേരൽവസിക്ക[2] എന്നവർ മന്ത്രിച്ചിരുന്നത്. മറ്റുള്ളവരുമായുള്ള അവരുടെ ബന്ധങ്ങളെ അവർ നിർവ്വചിച്ചിരുന്നതും ഇത്തരം കഥകളുടെ വെളിച്ചത്തിലാണ്. ഇതൊക്കെ പാടിക്കേട്ടിരുന്ന ഇതര സമുദായങ്ങളിൽപ്പെട്ടവർക്കു സാംബവരെക്കുറിച്ചുള്ള ധാരണയെയും ഇത്തരം ആഖ്യാനങ്ങൾ നിർണയിച്ചിരിക്കും. അവയിലെ ദാത്തമായ മൂല്യസങ്കല്പങ്ങൾ അവരെയും സ്വാധീനിച്ചിരിക്കും. ഈ കഥകളൊക്കെ ഒരു സമുദായത്തിന്റെ സ്വത്വബോധത്തിന്റെ ഉറവയും തെളിനീരുമായിരുന്നപ്പോൾത്തന്നെ മലയാളികളുടെ മുഴുവൻ പൈതൃകവുമായിരുന്നു.

ഇന്നാട്ടിലെ കീഴാളസമുദായങ്ങളുടെ ഇത്തരം ആഖ്യാനഘടനകൾക്ക് പിൽക്കാലത്ത് എന്തുസംഭവിച്ചു? *മാണിക്കംപെണ്ണിൽ* കാണുന്ന ചെങ്ങന്നൂരാതിയും പാലുവംപെണ്ണും പഠങ്ങിച്ചിരുതയും പാണ്ടിമ

ലച്ചനും മറ്റും എങ്ങനെ നമ്മുടെ പുരാവൃത്തങ്ങളിൽ നിന്നു പുറത്താക്കപ്പെട്ടു. വരമൊഴിയുടെ കരവിരുതുമായി കടന്നുകയറിയ വൈദികമതത്തിന്റെ ആഖ്യാനങ്ങളാണ് നമ്മുടെ ദളിത് ആഖ്യാനങ്ങളെ ആദ്യമായി തമസ്കരിച്ചതും മ്ലേച്ഛമെന്നു ചാപ്പകുത്തി മാറ്റിനിറുത്തിയതും. ഈ തമസ്കരണത്തെ തുറന്നുകാണിക്കുന്നൊരു ചൂട്ടുവെളിച്ചമാണ് കവിയൂർ മുരളിയുടെ *ദലിത് ഭാഷ*.[3] പറഭാഷപോലുള്ള ദളിത് ഭാഷകളിൽനിന്നു മുളപൊട്ടിയതാണ് മലയാളഭാഷ. അതിനെ വളർത്തിയതാകട്ടെ ചെന്തമിഴും സംസ്കൃതമെന്ന സവർണ്ണഭാഷയുംചേർന്ന്. വാമൊഴിയായ ദളിത് ഭാഷകളെ പിൻതള്ളി ആദ്യം ചെന്തമിഴും പിന്നെ സംസ്കൃതവും കീഴാളരിലേക്കും അരിച്ചിറങ്ങി. അവർക്ക് മറ്റുള്ളവരുമായുള്ള വിനിമയോപാധിയായിമാറി മലയാളം. ദളിത് ഭാഷകൾ അവരുടെ രഹസ്യഭാഷയായി ചുരുങ്ങുകയും ചെയ്തു. അവരോടൊപ്പം അവരുടെ ഭാഷയും അധഃസ്ഥിതവും മ്ലേച്ഛവുമായി കരുതപ്പെടാൻ തുടങ്ങി. പിന്നീടങ്ങോട്ട് ദളിതരുടെ ആഖ്യാനഭാഷ മലയാളമാവുകയും അവരുടെ ആഖ്യാനങ്ങളിലേക്ക് സവർണ്ണദൈവങ്ങളും പുരാണങ്ങളും വൻതോതിൽ നുഴഞ്ഞുകയറുകയും ചെയ്തു. അവർക്കാത്മവിശ്വാസം നൽകിയിരുന്ന ചെങ്ങന്നൂരാതിയെയും കാമച്ചവേലനേയും പോലുള്ള വീരകഥാപാത്രങ്ങൾ അവരുടെ ആഖ്യാനഘടനയിൽ നിന്നു പുറത്താക്കപ്പെട്ടു.

ഇതുവരെ സമാഹരിക്കപ്പെട്ട നാടൻപാട്ടുകളിലെല്ലാംതന്നെ ഈ ആഖ്യാനവിഘടനത്തിന്റെ തെളിവുകൾ കാണാം. *മാണിക്കംപെണ്ണിലെ* പാട്ടുകളിൽ ബ്രാഹ്മണീയ ദൈവങ്ങളുടെ സാന്നിദ്ധ്യം ഒന്നുരണ്ടിടങ്ങളിൽ മാത്രമേയുള്ളൂ. എന്നാൽ ഇതല്ല മറ്റു ഫോക്‌ലോർ സമാഹാരങ്ങളിലെ സ്ഥിതി. കെ.കെ. കൊച്ചിന്റെ വാക്കുകളിൽ, "ബ്രാഹ്മണമൂല്യങ്ങൾ നാടോടിസാഹിത്യത്തിലും നാടൻപാട്ടുകളിലും ഗ്രാമീണകലാരൂപങ്ങളിലും സംക്രമിക്കുകവഴി ഏറ്റവും അടിത്തട്ടിലുള്ളവരും പ്രാകൃതത്വം വിട്ടുമാറാത്തവരുമായ ജനങ്ങൾപോലും യഥാർത്ഥ ജീവിതമല്ല? പുരാണകഥാപാത്രങ്ങളുടെ ജീവിതവ്യാപാരങ്ങളാണ് വാമൊഴികളിലൂടെയും വരമൊഴികളിലൂടെയും ആവിഷ്കരിച്ചത്."[4] ഈ പ്രാകൃതത്വമെന്നു പറയുന്നത് യഥാർത്ഥത്തിൽ അന്നൊക്കെ നിലനിന്നിരുന്ന മനുഷ്യപ്രകൃതിബന്ധമല്ലാതെ മറ്റൊന്നുമല്ല. ദളിതരുടെ തെയ്‌വങ്ങളായ ഉദിപ്പനും അത്തമനും മാവേലിയും തേവേലിയും മേലാകാശവും കിപ്പൂമിയുമൊന്നും (സ്തുതിപ്പ്-മാണിക്കംപെണ്ണ്) പ്രകൃതിയിൽനിന്നകന്നുനിന്ന അധീശശക്തികളായിരുന്നില്ല. മാടങ്ങളിലും പാടങ്ങളിലും മനുഷ്യർക്കു തുണയും തണലുമേകുന്നവരായിരുന്നു. സവർണ്ണസമുദായങ്ങൾക്ക് അവർണ്ണവരുടെമേൽ ആധിപത്യം സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞത് കടന്നാക്രമണങ്ങളെയും സവർണ്ണാധിപത്യത്തെയും ന്യായീകരിക്കുന്ന ബ്രാഹ്മണീയദൈവങ്ങളെ ദളിതരുടെ ആഖ്യാനഘടനകളിൽ നിവേശിപ്പിച്ചതിലൂടെയാണ്.

ദളിത് ആഖ്യാനങ്ങൾക്കുമേൽ വീണ മണ്ണടരുകളിൽ ആദ്യത്തേതു മാത്രമാണ് സവർണ്ണഖ്യാനങ്ങൾ. പിന്നീടങ്ങോട്ട് പാശ്ചാത്യ-ക്രൈസ്തവ-മുതലാളിത്ത-സോഷ്യലിസ്റ്റ് ആഖ്യാനങ്ങളുടെ മലവെള്ളപ്പാച്ചിലുകളുണ്ടായി. ഇവയോരോന്നും ദളിത് ആഖ്യാനങ്ങളെ അപരിഷ്കൃതമെന്നും അന്ധവിശ്വാസമെന്നും ഫ്യൂഡലെന്നും യുക്തിവിരുദ്ധമെന്നുമൊക്കെ മുദ്രകുത്തി. സവർണ്ണരിൽനിന്നും മോചനം കൊതിച്ചു സ്നാനപ്പെട്ട അവർണ്ണമനസ്സുകളിൽ ചെങ്ങന്നൂരാതിയും കാമച്ചവേലനും ഉയിർത്തെഴുന്നേറ്റില്ല. വെളുത്ത പുണ്ണ്യാളന്മാരും പുണ്ണ്യാളത്തികളും കറുത്ത ആത്മാവുകളിൽനിന്നു കരുത്തുറ്റ കറുത്ത തെയ്‌വങ്ങളെ കുടിയിറക്കി. നവോത്ഥാന-ജാതിവിരുദ്ധ പ്രസ്ഥാനങ്ങളും ദളിതരെ വെളുപ്പിച്ചെടുക്കാനാണ്, അവരുടെ സ്വത്വബോധം വീണ്ടെടുക്കാനല്ല ശ്രമിച്ചത്. തകർക്കപ്പെട്ട ദളിത് ആഖ്യാനങ്ങളുടെ ഫോസിലുകൾപോലും പുറത്തെടുക്കാൻ അധികമാരും മെനക്കെട്ടുമില്ല.

സാക്ഷരതനേടിയ മലയാളിയുടെ ചരിത്രബോധത്തെതാറുമാറാക്കിയ ഒരു പ്രധാന ഘടകം പാഠപുസ്തകങ്ങളും അവയിലെ ചരിത്രാഭാസങ്ങളുമാണ്. കേരളചരിത്രത്തിൽ ദളിതരുടെ പങ്ക് സവർണ്ണചരിത്രകാരന്മാർ എങ്ങനെ തമസ്കരിച്ച് എന്നന്വേഷിക്കുന്ന ചരിത്രപഠനങ്ങളും നടക്കുന്നുണ്ട്.[5] സുദീർഘമായ സമരങ്ങൾക്കുശേഷം 1910-ലാണ് തിരുവിതാംകൂറിൽ പുലയക്കുട്ടികൾക്ക് പാഠശാലകളിൽ പ്രവേശനം കിട്ടിയത്. അങ്ങനെ പഠിക്കാനെത്തിയ കുട്ടികൾക്കു പാഠപുസ്തകങ്ങൾ പകർന്നുകൊടുത്തത് അവർക്കുവേണ്ടി പോരാടിയ അയ്യങ്കാളിയുടെ ചരിത്രമല്ല, ചെറുമർ സവർണ്ണസന്തതികളോടൊപ്പം എഴുത്തിനിരിക്കുന്നതിനെതിരെ മുഖപ്രസംഗമെഴുതിയ സ്വദേശാഭിമാനിയെക്കുറിച്ചും മറ്റുമായിരുന്നു. സവർണ്ണന്റെ സ്വദേശാഭിമാനം പോലും സവർണ്ണാധിപത്യം നിലനിർത്താനുള്ള തന്ത്രമായിരുന്നെന്നു കാണാവുന്നതാണ്.

ദളിതരനുഭവിച്ച പീഡനങ്ങളുടെ കഥകളാവർത്തിക്കാനേ ദളിത് സംരക്ഷകരും ശ്രമിച്ചുള്ളൂ. തന്റെ ആകാരഭംഗികണ്ട് സവർണ്ണനെന്നു തെറ്റിദ്ധരിച്ച പാലൂവംകോയിയോട് താനൊരു പറക്കള്ളിപെറ്റ പറമകനാണെന്ന് അഭിമാനത്തോടെ പറഞ്ഞ, എങ്കിൽതലേക്കെട്ടഴിക്കാൻ കൽപ്പിച്ചപ്പോൾ വിസമ്മതിച്ച, അതിന്റെ പേരിൽ തല്ലാൻവന്നപ്പോൾ തിരിച്ചടിച്ച ചെങ്ങന്നൂരാതിയുടെ കഥ[6] അയാളുടെ പിൻമുറക്കാർ അറിയരുതെന്ന് ആർക്കെല്ലാമോ നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടാണിന്നും അവരെ പട്ടികകളിൽ കുടിയിരുത്തി (കാമച്ചവേലനെപ്പോലെ) ശല്യംതീർക്കാൻ സവർണ്ണ-ഭരണവർഗ്ഗങ്ങൾക്കു കഴിയുന്നത്. ഇവിടെ ഒരു എതിർവാദം ഉയരാനിടയുണ്ട്. ഇത്തരം മിത്തുകളിൽ കാണുന്നതൊന്നും നേരായിരിക്കില്ല എന്നും അന്ന് തങ്ങൾക്കില്ലാതിരുന്ന മഹത്വമൊക്കെ മിത്തുകളെന്ന ഗോത്രസ്വപ്നങ്ങളിൽ സാക്ഷാത്കരിക്കയാണെന്നും. ഈ സിദ്ധാന്തം ദളിതരുടെ മിത്തുകൾക്കു മാത്രമേ ബാധകമാവുകയുള്ളോ എന്നാണെന്റെ മറുചോദ്യം. അല്ലെങ്കിൽ സവർണ്ണസമുദായങ്ങളിലെ പാതിവ്രത്യരാഹിത്യമായിരിക്കണമല്ലോ. അഗ്നിപ്രവേശത്തിലൂടെ പാതിവ്രത്യം തെളിയിക്കുന്ന സീതയുടെ മിത്തിനു ജന്മം നൽകിയത്. ഇത്തരത്തിൽ നമ്മുടെ ആർഷഭാരതാഖ്യാനങ്ങളെ വ്യാഖ്യാനിച്ചാൽ നാം കൊട്ടിഘോഷിക്കുന്ന പാരമ്പര്യപ്പൊങ്ങച്ചമൊക്കെ എവിടെച്ചെന്നുനിൽക്കും?

സവർണ്ണഫണ്ടമെന്റലിസത്തിനു ബദലായി ഒരു അവർണ്ണ ഫണ്ടമെന്റലിസമല്ലേ ഇവിടെ അവതരിപ്പിക്കുന്നതെന്നു തോന്നിയേക്കാം. പഴമകളിലേക്കു തിരിയേണ്ടതിന്റെ ആവശ്യകതയാണ് നാം മനസ്സിലാക്കേണ്ടത്. അടിച്ചേൽപ്പിക്കപ്പെട്ടതോ നാം വാരിപ്പുണർന്നതോ ആയ ബൃഹത് ആഖ്യാനങ്ങൾ നമ്മെയിന്ന് എവിടെക്കൊണ്ടെത്തിച്ചിരിക്കുന്നു? മദ്ധ്യകാലയൂറോപ്പിന്റെ അവസ്ഥ ആഗോളതലത്തിൽ പുനരവതരിച്ചതുപോലുണ്ട്. സെമറ്റിക് ആഖ്യാനങ്ങളിൽനിന്ന് ക്രൈസ്തവദൈവശാസ്ത്രജ്ഞർ രൂപകൽപ്പനചെയ്ത ഒറ്റയാൻദൈവവും ആ ദൈവത്തിന്റെ ആൾരൂപമായ പോപ്പും ചേർന്ന് അന്ന് യൂറോപ്പിനെ അടക്കിഭരിച്ചിരുന്നു. ആ സംവിധാനത്തിന്റെ പ്രചാരകരാണ് തോക്കും ബൈബിളും ആയുധമാക്കി അടിമക്കച്ചവടവും കോളനിവാഴ്ചയുംകൊണ്ട് ലോകജനതകളുടെമേൽ ആധിപത്യമാഘോഷിച്ചത്. അഞ്ഞൂറുവർഷം നീണ്ടുനിന്ന ആ ജൈത്രഘോഷയാത്രയുടെ പരിണതഫലമാണ് ഇന്നത്തെ ലോകക്രമം. പഴയഒറ്റയാൻ ദൈവത്തിന്റെ സ്ഥാനത്ത് ഇന്ന് ലോകകമ്പോളവും പോപ്പിന്റെ സ്ഥാനത്ത് അമേരിക്കൻ ഭരണത്തലവനുമാണെന്നുമാത്രം. ഫാദർ കാപ്പന്റെ വാക്കുകളിൽ സഭയ്ക്കു പുറമേ രക്ഷയില്ല എന്ന പഴയ ആപ്തവാക്യം കമ്പോളത്തിനുപുറമേ രക്ഷയില്ല എന്ന പുതിയൊരെണ്ണത്തിനു വഴിമാറുന്നു.[7]

# envy

B.SALIM

It is in us all
That envy which uproots all
Without roots of its own
Wrecking peace and harmony
Wounding mind momentarily.
It sows the seeds
Of lasting losses.
It brings in cares
And fall cataclysmic.
It is as old as the garden
And new as the latest feud
Of love-lorn lovers.

It is no one's monopoly
Though some may say so.
It remains the same
Despite the passage of time.
It is wild and mild
As the thing of beauty
That adam's curse
That rocks the spirit
And crowns in delight.
It is transient
As a flash of lightning.
It cripples thinking

And blinds insight.
It wreaks vengeance
On the foe.
Conquer it at all costs
or you will sink
Into the depths of despair.
It maligns the soul
And spoils the whole.
Your self is your confidante.
Hold the heart to your self
And receive the reward.

---

ഈ സാഹചര്യം മുതലെടുത്തുകൊണ്ടു നമ്മുടെ രക്ഷകസ്ഥാനം കാംക്ഷിക്കുന്നതാകട്ടെ സവർണഫാസിസ്റ്റുകൾ. ആധിപത്യത്തെ ന്യായീകരിക്കുന്ന ഒരു ഏകദൈവത്തെ വാർത്തെടുക്കാനാണ് അവരും തത്രപ്പെടുന്നത്. ഞാനല്ലാതെ മറ്റൊരുദൈവം നിനക്കുണ്ടാകരുത് എന്നു കൽപ്പിച്ച യഹോവയെ ആണല്ലോ പാശ്ചാത്യർ തങ്ങളുടെ കടന്നുകയറ്റത്തിനു കരുവാക്കിയത്. യഹോവയുടെ വാക്കുകൾ രാമനെക്കൊണ്ട് പറയിക്കാൻ ശ്രമിക്കുന്നവരുടെ ഉന്നം സവർണ്ണാഖ്യാനങ്ങളുടെ പുനരുത്ഥാനം പോലുമല്ല. ഇന്ത്യയെ അവർ കമ്പോള സാമ്രാജ്യത്തിന്റെ ഒരു സാമന്തരാജ്യമാക്കാനാണ് ശ്രമിക്കുന്നതെന്ന് അനുദിനം വ്യക്തമായിക്കൊണ്ടിരിക്കുന്നു.

മോചനത്തിനുവേണ്ടി നാമിനി എങ്ങോട്ടുതിരിയണം? ഈ ചോദ്യമാണ്, ബദലുകൾക്കുവേണ്ടിയുള്ള അന്വേഷണമാണ് നമ്മെ നമ്മുടെ തന്നെ ഉറവിടങ്ങളിലേക്കു നയിക്കുന്നതും നയിക്കേണ്ടതും. കമ്പോളലോകക്രമത്തിൽ ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്നത് ദളിത്-ആദിവാസി ജനവിഭാഗങ്ങളും സ്ത്രീകളും പ്രകൃതിയുമാണ്. ഈ പീഡനങ്ങളെക്കുറിച്ചുള്ള തിരിച്ചറിവുപോലും അസാദ്ധ്യമാക്കുംവിധം കമ്പോള ദൈവത്തെ പ്രകീർത്തിക്കുന്ന പുതിയ ആഖ്യാനങ്ങൾ വൻതോതിൽ നിർമ്മിച്ച് മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. അവയിൽനിന്നുരുത്തിരിയുന്ന വിപൽക്കരമായ മൂല്യവ്യവസ്ഥയെ ചെറുക്കാതെ സാർത്ഥകമായ ഒരു പ്രതിരോധപ്രവർത്തനവും സാധ്യമല്ല. ഇതിനു കഴിയണമെങ്കിൽ നാം മണ്ണടിഞ്ഞുപോയ ആഖ്യാനങ്ങൾ കണ്ടെത്താൻ ശ്രമിക്കണം. കമ്പോള സ്വാധീനമേശാത്ത അവയിലെ ജീവിതവീക്ഷണവും മൂല്യബോധവും സ്വാംശീകരിക്കണം. ഇതു മോചനത്തിനുള്ള ഏകമാർഗ്ഗമാണെന്നല്ല ഏതൊരുമാർഗ്ഗത്തിനും അനിവാര്യമായ സാംസ്കാരികമുന്നുപാധി ആണെന്നു മാത്രമേ ഉദ്ദേശിക്കുന്നുള്ളു.

1. മറിയാമ്മ ജോൺ (ആവേദക)- മാണിക്കം പെണ്ണ്, മാനുഷം പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി-3

2. ടി. പുറം 46

3. കവിയൂർ മുരളി- ദലിത്ഭാഷ, കറന്റ് ബുക്സ്, കോട്ടയം.

4. കെ.കെ. കൊച്ച്: വാർത്താ സമീക്ഷ, ജൂലൈ 12-25,98

5. ടി.ടി. ശ്രീകുമാർ-ചരിത്രം: നിഷ്പക്ഷവും സർവ്വപക്ഷവും, വാർത്താസമീക്ഷ, മാർച്ച് 8-21,1998

6. മാണിക്കം പെണ്ണ്, പുറം 70

7. എസ്. കാപ്പൻ: ആത്മീയത-പുനരധിനിവേശത്തിന്റെ പുതുയുഗത്തിൽ, മാനുഷം പ്രസിദ്ധീകരണം, ചങ്ങനാശ്ശേരി-3, പുറം 4.

KJ
കോലത്ത്നാട്
ജ്വല്ലേഴ്സ്
പുതിയ ബസ്സ്റ്റാന്റ് തലശ്ശേരി
ഫോൺ 320383

# പാഞ്ചാലി കൊള്ളാം കവാഴി ചെത്തി

ഡോ. കവടിയാർ രാമചന്ദ്രൻ

ഇതെഴുതുന്നത് നവംബറിൽ;

കൃത്യമായിപ്പറഞ്ഞാൽ '98 നവംബർ ആദ്യവാരം;

കിറുകൃത്യമായുരച്ചെയ്കിൽ നവംബർ ഒന്നാം തിയതിയുടെ പുലരി; നാട്ടിലാകെ മലയാളവാരാഘോഷം പൊടിപൊടിക്കാൻ തുടങ്ങുന്ന കാലയളവിലാണ് ഈയുള്ളവൻ ഇതുരപ്പതെന്നു സാരം!

*കാന്തീചീയുടെ ഡിഗ്രി*

അതാ, അയലത്തെ അഞ്ചാംക്ലാസ്സുകാരൻ ഓടിവരികയാണ്. അവൻ എന്നെത്തന്നെയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വന്നപാടെ എന്നോടൊരു ചോദ്യം: 'അങ്കിൾ, അങ്കിൾ എനിക്കൊരു ഡൗട്ട്'

കൊഞ്ചികൊഞ്ചിയുള്ള വർത്താനം കേട്ട് ഞാൻ ചഞ്ചലനായി. വല്ല കീറാമുട്ടിയുമായിരിക്കും.

'ചോദിച്ചോളൂ, എന്തുവേണേലും ചോദിച്ചോളൂ'- ഞാൻ വിട്ടില്ല.

'അങ്കിൾ, ഈ കാന്തീചീയുടെ ഡിഗ്രി എന്താണ്?'

ഓ, ഗാന്ധിജിയുടെ ഡിഗ്രിയോ. . .? ഗാന്ധിജിയുടെ ഡിഗ്രി എഴുപത് ഡിഗ്രി!'

അരിശം പ്രകടമാക്കാതെ ഞാൻ ഉവാച.

'ആ ഡിഗ്രിയല്ല, ക്വാലിഫിക്കേഷൻ. കാന്തീചീയുടെ ക്വാലിഫിക്കേഷൻ.

അതെന്താണ് അങ്കിൾ? '-അവൻ തിരുത്തൽവാദിയായി.

'ഓഹോ- അതുശരി. ഗാന്ധിജിയുടെ ക്വാളിഫിക്കേഷനാണറിയേണ്ടത് അല്ലെ? അത് എം.എ.'

'എന്തെമ്മേ? (എന്ത് എം.എ.) - ബേട്ടായുടെ ചോദ്യം.

'മലയാളം എം.എ'- എന്റെ മറുപടി.

'മൈഗോഡ്! ദെൻ കാന്തീചീക്ക് മലയാലം അരിയുമോ?'

'അരിയും അരിയും നന്നായരിയും'

എല്ലാവരുംകൂടി മലയാലത്തെ വെണ്ടക്കായും വഴുതനങ്ങായും അരിഞ്ഞിടുംപോലെ അരിഞ്ഞരിഞ്ഞ് ഒരു പരുവമാക്കിയിട്ടിരിക്കയാണല്ലോ എന്ന് എന്റെ മനം മൊഴിഞ്ഞു. എങ്കിലും, രാഷ്ട്രപിതാവ് വല്ല ഇറ്റലിക്കാരനുമാണോ എന്നും, ഇറ്റലിക്കാരിയുടെ മാമാശ്രീയാണോ എന്നുമൊക്കെ ആ വഴുമ്പലു പരുവത്തിലുള്ള മലയാളിസായ്പുകുട്ടി ചോദിച്ചുകളയാത്തതിൽ മേരാ മനം തെളിയുകതന്നെ ചെയ്തു. അപ്പോഴതാ, ആകാശസാനുവിൽ നിന്ന് ഏതോ പ്രഭാഷകവാണി രാഷ്ട്രപിതാവിനെ ഉദ്ധരിക്കുന്നത് കേൾക്കുമാറാകുന്നു:

'എനിക്ക് സ്വേഛാധിപതിയുടെ അധികാരങ്ങളുണ്ടായിരുന്നെങ്കിൽ, ഒരു വിദേശഭാഷയിലൂടെ കുട്ടികളെ പഠിപ്പിക്കുന്നത് ഇന്നുതന്നെ നിർത്തലാക്കും. തങ്ങളുടേതല്ലാത്ത ഒരു ഭാഷയിൽ ബോധനം സ്വീകരിക്കുന്ന ഒരു രാജ്യത്തിലെ കുട്ടികൾ ആത്മഹത്യയാണ് ചെയ്യുന്നതെന്ന് എനിക്കുറപ്പുണ്ട്.' ('സമൂഹവും വിദ്യാഭ്യാസവും'- കേരളശാസ്ത്രസാഹിത്യ പരിഷത്ത്)

വരും തലമുറയിലെ ഒരു മലയാളിക്കുട്ടി, ഗാന്ധിജിയെ 'കാന്തീചീ' ആക്കിക്കളയുമെന്നും, രാഷ്ട്രപിതാവിന്റെ ഡിഗ്രി എന്താണെന്ന് ഗവേഷിച്ചു കളയുമെന്നും ക്രാന്തദർശിയായ ഗാന്ധിജിക്ക് അന്നേ ഉൾവിളി ഉണ്ടായിക്കാണുമോ ആവോ?

*പ്ലക്കിംഗ് ആന്റ് ഷേവിംഗ്*

മുൻരംഗത്തിൽ കണ്ട ആ കുട്ടിയുണ്ടല്ലോ. അവന്റെ ദില്ലിയിലെ കൊച്ചച്ചന് അവൻ ഇംഗ്ലീഷിൽ സന്ദേശമയക്കുമ്പോഴെല്ലാം പിണയുന്ന ഒരു പിശകുണ്ട്.

'മൈഡിയർ കൊച്ചച്ചൻ' എന്നെഴുതുമ്പോൾ

'കെച്ചച്ചൻ' എന്നായിപ്പോകും.

ഈ കെച്ചച്ചൻ പുഷ്കരൻ ഇന്ദ്രപ്രസ്ഥത്തിലെ ഒരുദ്യോഗസ്ഥനത്രെ.

കെച്ചച്ചനായ പുഷ്കുവിനും വല്ലാച്ചനും (വലിയച്ഛൻ) വിശിഷ്യ, കെട്ടിലമ്മമാർക്കുമെല്ലാം ഈ കിളുന്തുപിള്ളയുടെ മലയാളത്തെറ്റുകൾ എന്തിഷ്ടമാണെന്നോ!

'കൊച്ചൂട്ടിക്ക് മളയളം അരിയ്യ' എന്നാണ് കെട്ടിലമ്മമാരും കൊഞ്ചുന്നത്.

മേല്പറഞ്ഞ പുഷ്കു ഒരു പണിപറ്റിച്ചതുകൂടി ബഹുജനം അറിയണം. ദില്ലിയിൽ ഒരു മദാമ്മയുമായി ഇയാൾ അസ്ഥിസ്പർശപ്രണയത്തിലായി. നാടൻമദാമ്മയല്ല, സാക്ഷാൽ മദാമ്മ. ഒരു പ്രൊവിഷണൽ പ്രണയത്തിന് മദാമ്മയുമങ്ങ് നിന്നുകൊടുത്തു. ഒടുവിൽ മാര്യേജ് വേണമെന്നായി.

മദാമ്മയുടെ മമ്മിക്കും ഡാഡിക്കും പുഷ്കുവിന്റെ (പുഷ്കരനെ 'പുഷ്കു' ആക്കിയത് പ്രതിശ്രുതവധുവിന്റെ പിതാക്കന്മാരത്രെ!) നാട്ടിലും വീട്ടിലുമൊക്കെ വന്ന് കാണാനും കേൾക്കാനുമൊരു പൂതി.

പക്ഷേ, പുഷ്കുവിന് ആകെയൊരു വിമ്മിട്ടം.

ശടപടാന്ന് ഒരവധി പാസ്സാക്കി അയാൾ വീട്ടിലെത്തി.

ശേഷം ഭാഗം ഇപ്രകാരം.

ഒരു ഞായറാഴ്ച ദിവസമാണെന്നാണ് എന്റെ ഓർമ്മ

അയൽ വീട്ടിൽ നിന്നും ഒരപശബ്ദം!

ൽസ്. . . ൽസ്. . . ൽസ്. . .എന്ന ദീനസ്വരം

വേദനിക്കുമ്പോൾ കുറ്റിക്കിട്ടുണരുന്ന കുഞ്ഞുവിലാപം.

പത്രപാരായണം നിർത്തിവച്ച് ഞാൻ കുഞ്ഞുമതിലിലൂടെ അയൽവരാന്തയിലേക്കെത്തി നോക്കി.

അവിടെ ഒരു കസേരയിൽ നമ്മുടെ പുഷ്കുവിന്റെ പഴഞ്ചൻ പിതാവ് പുതഞ്ചനായി ചാരി ഇരിക്കുന്നു അദ്ദേഹമാണ് ദീനസ്വരത്തിന്റെ കർത്താവ്. ഞാനൊന്നു സൂക്ഷിച്ചുനോക്കി. പഴയ പയ്യന്റെ മുഖം മിനുമിനാമിനുങ്ങുന്നു. പഴയപട്ടാളത്തിന്റെ മൂക്കിനു താഴെയുണ്ടായിരുന്ന കപ്പടാമീശ കാണ്മാനില്ല

മേൽചുണ്ടും കീഴ്ചുണ്ടും വിറപ്പിച്ചുകൊണ്ടുള്ള മൂപ്പിലിന്റെ നീറ്റൽ നാദത്തിന് വിരാമമേയില്ല.

'എന്തുപറ്റി അമ്മാവാ'? ഞാൻ തിരക്കി

ഇനിയുള്ള ഭാഗം ചുരുക്കിപ്പറയാം:

പട്ടാളത്തിന്റെ ദ്വിതീയപുത്രൻ പുഷ്കു (കൊച്ചൂട്ടിയുടെ കെച്ച

ച്ചൻ) പറ്റിച്ച പണിയാണിത്. വരുംകാല അമ്മായിഅപ്പന്മാർ മലനാട്ടിലേക്ക് പറക്കാൻ തീരുമാനിച്ചതിന്റെ പിറ്റേന്ന് പുഷ്കു ലീവെടുത്ത് ഇന്ദ്രപ്രസ്ഥത്തിൽ നിന്നും പറന്നത് നാട്ടിലേക്കും വീട്ടിലേക്കുമാണ്.

അപരിഷ്കൃതനായ പിതാവിനെ പുത്രൻ ബ്യൂട്ടിപാർലറിലെത്തിച്ചു. പാർലറിലെ പരികർമ്മികൾ പഴയ പട്ടാളത്തിന്റെ മീശരോമങ്ങളോരോന്നായി പ്ലക്കിംഗും ത്രെഡിംഗും നടത്തി പിടുങ്ങിയെടുത്തു. ആയതിന്റെ സുഖമുള്ള നൊമ്പരമാണ് മൂപ്പിലാൻ ഇപ്പോൾ അനുഭവിച്ചുതീർക്കുന്നതെന്ന് പറഞ്ഞാൽ കഴിഞ്ഞല്ലൊ.

*അനുബന്ധ ചോദ്യം*

പഴഞ്ചൻ തന്തയെ പുതുഞ്ചനാക്കാൻ വേണ്ടി ബ്യൂട്ടിപാർലറിൽ കൊണ്ടുപോയി മിനുക്കിപ്പിടിപ്പിക്കാൻ മടിക്കാത്ത പുതുപ്പയ്യന്മാരും, മരുമകളായി മദാമ്മ കൊന്നികൊന്നിവരുന്നതിന്റെ മാധുര്യമാസ്വദിക്കാനായി ആർത്തനാദനാകാനൊരുങ്ങുന്ന പഴയ പയ്യന്മാരും മേളിക്കുന്നത് ഈ മലയാളരാജ്യത്താണെന്നത് അറിഞ്ഞു കഴിഞ്ഞാൽ, എം.ബി.ബി.എസ്സുകാരൻ സഹപാഠിയെ അരിഞ്ഞ് പോളിത്തീൻ ബാഗിലാക്കിയാൽ നാം ഞെട്ടുന്നതെന്തിന്?

ഓമന ഡാക്ക്ട്ടർ കാമുകനെ സർജറി ചെയ്തു തുണ്ടംതുണ്ടമാക്കി തോൽ സഞ്ചിയിലാക്കി സഞ്ചരിക്കുന്നതിൽ അത്ഭുതംകൂറുന്നതെന്തിന്? കുട്ടി ഡാക്ക്ട്ടറന്മാർ രോഗിയെ ചവിട്ടിയരച്ചാൽ നാം അരിശപ്പെടുന്നതെന്തിന്? അനുബന്ധം സമാപ്തം!

*എഴുത്തച്ഛന്റെ ചിത്രം*

മേല്പറഞ്ഞ പുഷ്കരന്റെ മറ്റൊരിതിഹാസംകൂടി സംക്ഷേപിക്കാം. ഇയാൾ കോളേജ് കുമാരനായി വിലസുന്ന കാലം.

പഴയപട്ടാളത്തിന് (ഡാഡി ഓഫ് പുഷ്കു) അമ്മ മലയാളത്തോടു കൂടിയുണ്ടായിരുന്ന കുറുകാരണമാകണം പുഷ്കരന്റെ സെക്കന്റ് ലാംഗ്വേജ് മാതൃഭാഷയാക്കി. എങ്കിലും പുഷ്കരൻ മലയാളം ക്ലാസ്സുകളിൽ നിന്നും കഴിയുന്നത്ര അകന്നുനിന്നു; വിശേഷിച്ചും നളചരിതം ക്ലാസുകളിൽ നിന്ന്.

സ്വന്തം നാമധേയത്തിൽ തോലനും വില്ലനുമായ ഒരു കഥാപാത്രം ആട്ടക്കഥയിലുള്ളത് ടിയാനെ ഏറെ അലോസരപ്പെടുത്തിയിരുന്നത്രേ.

ഏതായാലും പുഷ്കു ക്ലാസ്സിലുണ്ടായിരുന്ന ഒരു വേളയിലാണ് മലയാളം പ്രൊഫസർ ആരണ്യകാണ്ഡം പഠിപ്പിച്ചു തീർത്തത്.

സീറോ അവറിൽ ഗുരുനാഥൻ ചോദ്യോത്തരങ്ങളനുവദിച്ചു.

പിറകുബഞ്ചിലിരുന്ന പുഷ്കരൻ ചാടി എഴുന്നേറ്റ് ഒരു ചോദ്യം 'സാർ, എഴുത്തച്ഛന്റെ പടം വരച്ച് ഭാഗങ്ങളടയാളപ്പെടുത്താൻ ചോദിക്കുമോ സാർ?'

മിശ്രപാനമുറിയിൽ മലയാളസാറിനെ ഒന്നു കളിയാക്കി കേമനാകുകയായിരുന്നു പുഷ്കുവിന്റെ ഉന്നം.

പക്ഷേ, എന്തു ചെയ്യാം. ഉരുളയ്ക്കുപ്പേരിപോലെ ഉത്തരം നൽകാൻ കെല്പുള്ള പ്രൊഫ. എം.പി. രാഘവക്കുറുപ്പ് ഉടൻ മറുപടികൊടുത്തു.

'ചോദിക്കുമെടേയ് പക്ഷേ, അതിൽ എഴുത്തുണ്ടാവില്ല!'

പുഷ്കരനും ഏതാനും ട്യൂബ്ലൈറ്റുകളും ഒഴികെയുള്ളവർ ഇൻസ്റ്റാൾമെന്റായി ഉറക്കെയുറക്കെ ചിരിച്ചു.

സ്വന്തം സ്രഷ്ടാവിനെ ചൂരൽദണ്ഡാക്കിയാണ് മലയാളസാർ തന്റെ തലയ്ക്കിട്ട് ദണ്ഡിച്ചതെന്ന് പുഷ്കരൻ അറിഞ്ഞത് പിന്നീടാണ്. അതിൽപ്പിന്നെ ഒരിക്കലും അയാൾ മലയാളം ക്ലാസ്സിൽ കയറിയില്ല; വ്രീളയത്രേ കാരണം.

*കെ.പി.എ.സി എന്ന ഹസ്ബന്റ്*

പുഷ്കുവിനെ പോലെതന്നെ പാശ്ചാത്യസ്റ്റൈൽ സ്വപ്നംകാണുന്ന ഒരുസോദരിയുണ്ടിയാൾക്ക്.

കെ.പി.എ.സി ലളിതയുടെ മുന്നിലുള്ള നാലക്ഷരങ്ങൾ (കെ.പി.എ.സി) എന്തിനെക്കുറിക്കുന്നുവെന്ന ചോദ്യത്തിന്, 'അതവരുടെ ഹസ്ബന്റിന്റെ പേരാ'

എന്ന് സ്റ്റൈലായി മറുപടി പറഞ്ഞത് പുഷ്കു സോദരിയത്രെ. കേരളസർവ്വകലാശാലയിലെ സെനറ്റ്ഹാളിൽ നടന്ന കിസ്മത്സരത്തിനിടയിലാണ് മേല്പറഞ്ഞ ചോദ്യങ്ങളുണ്ടായത്. സൗന്ദര്യമത്സരത്തിൽ പങ്കെടുക്കാനെത്തിയ സുന്ദരിക്കോതകൾക്കായിരുന്നു സാംസ്കാരിക ചോദ്യങ്ങളെ നേരിടേണ്ടിവന്നത്.

കഥകളി വേഷങ്ങളെപ്പറ്റി പറഞ്ഞ കൂട്ടത്തിൽ പച്ച, താടി എന്നിവയ്ക്കുശേഷം

'കത്തിരി' എന്ന് ഉത്തരം വിളമ്പിയതും ഇതേ പുഷ്കുസോദരി തന്നെയാണ്!

*പാഞ്ചാലിയും കാഴിയും*

പുഷ്കു മാത്രമല്ല തോലമന്ദാദികളുടെ പേറ്റന്റ് നേടിയിട്ടുള്ളത് എന്നതിനാൽ നമുക്കിനി അയാളെ വിടാം.

ഇതാവരുന്നു മറ്റൊരു കഥാപാത്രം

ഭാസുരാംഗൻ!

ഈ സംഭവത്തിന് രണ്ട് ദശാബ്ദത്തിലധികം പഴക്കമുണ്ട്. നളചരിതാദ്ധ്യപനത്തിന്റെ പേറ്റന്റ് തട്ടിയെടുത്തിട്ടുള്ള ഈയുള്ളവൻ മുമ്പ് ക്ലാസ്സിൽ പാടിയിരുന്ന ഒരു പല്ലവിയുണ്ട്.

'നളചരിതം പഠിച്ചാൽ മാത്രം പോരാ, കാണണം'

ഇടയ്ക്കിടയ്ക്ക് ഉരുവിട്ടിരുന്ന ഈ പല്ലവി ഒരു ദിവസം ആവർത്തിച്ചപ്പോഴാണ് നമ്മുടെ കഥാപാത്രം ഉത്തിഷ്ഠനായത്. (ഇയാൾ ഒരു പുതുമുഖമാണ്. പുഷ്കുവിനെപ്പോലെ ഇയാളും മലയാളം ക്ലാസ്സുകൾ കട്ടുചെയ്യുന്ന 'സുശീല'നായിരുന്നു

സടകുടഞ്ഞെഴുന്നേറ്റ് ഭാസുരാംഗൻ ഇപ്രകാരം മൊഴിഞ്ഞു

'ഞാങ്കണ്ടു സാറേ. . . '

'എന്തു കണ്ടെടോ'- ഞാനന്വേഷിച്ചു

'കഥകളികള് കണ്ട് സാറേ. . .'

'ഓഹോ- എവിടെയാണ് കണ്ടത്?'

'അത്. . . നെയ്യാറ്റിങ്കര കോവില്കളില്. . .'

'ഏത് കഥയാണ് കണ്ടത്?'

'അതെന്തരോ എന്താരി. . (എന്തോന്നോ എന്തോ). നേരേ ചെവ്വേ കാണാനക്കൊണ്ട് ആളുകള് തമ്മസിക്കണ്ടെ സാറേ. . .? ഒരുപാട് ആളുകള് തൂരെനിന്നാണ് കണ്ടത്. 'നളയരിത'മാണെന്നാണ് തോന്നണത്. . . '

(നമ്മുടെ തെക്കൻ സ്റ്റൈൽ എങ്ങനെയുണ്ട്. ധനുവച്ചപുരം കലാലയത്തിലേക്കു പോന്നാൽ ഈ ഫാഷയും ഫാര്യയും ഫർത്താവുമൊക്കെ കണ്ടും കേട്ടും മനംകുളിരാം.)

ഭാസുരാംഗനോട് വീണ്ടും ഞാൻ ചോദിച്ചു.

'നളചരിതം എത്രാം ദിവസാണ് കളിച്ചത്?

എന്റെ ചോദ്യം കേട്ട് മോണിക്കയെ നടാടെ കണ്ട ലോകപോലീസിനെപ്പോലെ നില്ക്കുന്നു, നമ്മുടെ ഭാസുരാംഗൻ! ശിഷ്യന്റെ ഹൃദയവികാരം കണക്കിലെടുത്ത് ഞാൻ മറ്റൊരു ചോദ്യത്തിലേക്കു കടന്നു.

ഭാസുരാംഗൻ കണ്ടപ്പോൾ രംഗത്ത് കഥാപാത്രങ്ങളാരൊക്കെയായിരുന്നു?

'അത്. . . ഒന്നൊരു പെണ്ണ്! മറ്റതൊരു കാഴി!!

ചിരി അടക്കി ഞാൻ ചോദിച്ചു.

'പെണ്ണിന്റെ പേര് എന്താണെടേയ്?

'പെണ്ണ് പാഞ്ചാലിയാണെന്ന് തോന്നണ്. . . '

'ഞാഹ്. . . . പെണ്ണ്കൊള്ളാമോ, കാഴി കൊള്ളാമോ?'

ഭാസുരാംഗൻ സ്റ്റഡനായി ആൻസറുകള്തന്ന്

'പെണ്ണുകൊള്ളാം. . . പക്ഷേങ്കില് കാഴി ചെത്തി!'

അന്നത്തെ ഡയലോഗ് അവിടെ അവസാനിച്ചു. പക്ഷേ, പരമ്പര അവസാനിച്ചില്ല.

രണ്ടുവാരം പിന്നിട്ടപ്പോൾ ഒരപരാഹ്നത്തിൽ ഭാസുരാംഗൻ മലയാളം ഡിപ്പാർട്ടുമെന്റിൽ പ്രത്യക്ഷനായി. വ്രീളാതുരനായിട്ടായിരുന്നു അദ്ദേഹത്തിന്റെ രംഗപ്രവേശം.

നേരെ എന്റെയടുത്തുവന്ന് (മറ്റധ്യാപകർ കേൾക്കാതെ) അടക്കിയസ്വരത്തിൽ ഭാസുരാംഗൻ പറഞ്ഞു:-

'സർ. . .(വീണ്ടും നാണം) . . .ഞാനൊരു കവിതകള്. . .എഴുതി. . .'

തൈട്ടൽ പ്രകടമാക്കാതെ ഞാൻ ആ കവിതക്കടലാസ് വാങ്ങി വായിച്ചു.

"തൈമാവിൽചുറ്റുന്ന താമരവല്ലിപോൽ

വാസന്തിയീവ്രജഭൂഷണസുന്ദരമാം മേനിയിൽ

ചേർന്നു നില്പൂ . . ."

'എടേയ്. . . ഭാസുരാംഗാ. . .'

'എന്തോ. . .' അരുമശിഷ്യൻ ആദരവോടെ കുനിഞ്ഞ് ചെവിതന്നു.

'ഈ താമരവല്ലി എങ്ങനെയാണെടേയ് തൈമാവിൽ ചുറ്റുന്നത്?'

കേട്ടപാടേ ഒരു 'ഉള്ളിച്ചിരിയുടെ' തിരി കത്തിച്ചുകൊണ്ട് ഭാസുരാംഗൻ ഉശിരോടെ ചോദിച്ചു:

'സാറേ. . .ഈ താമരവല്ലികള് തൈമാവുകളി ചുറ്റാതെ പിന്നെ തൈമാവുകള് കേറി താമരവല്ലികളി ചുറ്റുവോ. . .?

എന്തര് സാറേ ഇത്. . .?

പെട്ടെന്ന് കവിതക്കടലാസ്സും തിരികെ വാങ്ങി മഹാകവി സ്ഥലംവിട്ടു.

'അയ്യടാ, നല്ല പുത്തി!' ഞാൻ പറയാതെ പറഞ്ഞു

'ഇവൻ വെറും കവിയല്ല, ഋഷികവിതന്നെ'- മനമുരുവിട്ടു

പെട്ടെന്ന് ഒരോർമ്മ വെട്ടം വിതറുകയും ചെയ്തു:

'ഈ തൈമാവിൽ ചുറ്റുന്ന ശ്ലോകം പഴയ ഒരു നാടകത്തിലേതാണല്ലോ. ജഗതിയുടെ നാടകത്തിലെ ഒരു ഹാസ്യകവി തട്ടിവിട്ട ശ്ലോകം ഇതാ, ഭാസുരാംഗകവി പറിച്ചെടുത്തിരിക്കുന്നു! അമ്പടാ, ഫാസുരാങ്കാ!

*ഭരതവാക്യം*

ഇനി നമുക്ക് ഭരതവാക്യം ചൊല്ലാം

'നോക്കുവിനെത്ര മഹത്തെൻ മനസ്സിലും

നാക്കിലും തുള്ളിടുമെന്റെ ഭാഷ' (കിളിയും മൊഴിയും)

നിലമ്പേരൂർ മധുസൂദനൻനായർ 'എന്റെ ഭാഷ' യെപ്പറ്റി ഇങ്ങനെപാടി. പണ്ടേതന്നെ വള്ളത്തോൾ തുടങ്ങിയുള്ള മഹാകവികൾ പാടിയതൊക്കെ മലയാളിയുടെ ഹൃദയകമ്പ്യൂട്ടറുകളിൽ സ്റ്റോറു ചെയ്യാതെ പോയെന്നു വേണം കരുതാൻ. അതുകൊണ്ടാണല്ലോ, 'കാക്കേ കാക്കേ കൂടെവിടെ' എന്ന കവിതയെഴുതിയതാരെന്നു ചോദിച്ചാൽ നമ്മുടെ കുട്ടികൾ ഉത്തരമറിയാതെ വീർപ്പുമുട്ടുന്നത്.

(ഉത്തരം: മഹാകവി ഉള്ളൂർ)

ഉത്തരം മുട്ടുന്ന കുട്ടികളല്ല, ഉത്തരംമുട്ടെ വളർന്ന മുതിർന്ന തലമുറയാണ് ഇതിനുത്തരവാദികളെന്നു കണ്ടെത്താൻ മിഴിയൊന്നു തുറന്നാൽ മതി.

'മലയാളിക്ക് സ്വന്തം ഭാഷ നഷ്ടമാവുന്നു' എന്ന് നമ്മുടെ മുഖ്യമന്ത്രി പറഞ്ഞത് ഈയിടെയാണ്. ഭാഷ നഷ്ടമാകുന്നവന് ഒപ്പം നഷ്ടപ്പെടുന്നത് അവന്റെ സംസ്കാരമാകുന്നു.

ഇളനീർവെട്ടി സായിപ്പിന് കൊടുത്തിട്ട് നമ്മൾ സായിപ്പിന്റെ കൊക്കോക്കോളാ വാങ്ങിക്കുടിക്കുന്നു.

എഴുത്തച്ഛനെയും വൈലോപ്പിള്ളിയേയും അറിയാതിരിക്കുകയും മൈക്കിൾ ജാക്സനെ നമ്മുടെ കുട്ടികൾ പ്രേമിക്കുകയും ചെയ്യുന്നു.

(വൈലോപ്പിള്ളി അനുസ്മരണയോഗത്തിൽ സ്വാഗതം പറഞ്ഞ ഒരു വിദ്യാർത്ഥി, 'വയലാർപ്പിള്ളി' എന്ന് പറഞ്ഞതും സദസ്സ് ദേഹമിളക്കിച്ചിരിച്ചതും ഓർമ്മയിൽവരുന്നു)

ആടലിനെ ഓടിക്കുന്ന ആടലോടകത്തെ മറയത്തെറിഞ്ഞ് അക്ഷേഷ്യയേയും ആന്റി ബയോട്ടിക്സിനേയും മാറോടണയ്ക്കുന്ന വരാണല്ലോ, നമ്മൾ!

മലയാളം മരിക്കുന്നുവെന്ന് ആവലാതിപ്പെടുന്നതിനു പകരം മലയാളത്തെ മരിപ്പിക്കുന്ന വിദേശീയ സാംസ്കാരികാധിപത്യത്തിനും അതിന്റെ ശിങ്കിടികളായി പ്രവർത്തിക്കുന്ന നാടൻ ബുദ്ധിജീവികൾക്കുമെതിരായ രൂക്ഷസമരത്തിലേർപ്പെടുകയാണ് വേണ്ടതെന്ന് ഇ.എം.എസ് പറയുകയും എഴുതുകയും ചെയ്തിട്ട് നാളേറെയായി (ദേശാഭിമാനി വാരിക, ജനുവരി '97)

'വിദ്യാർത്ഥിജീവിതത്തിലും അനന്തരജീവിതത്തിലും സദാ കൈകാര്യം ചെയ്യേണ്ടത് മാതൃഭാഷയാണ്...' എന്നും

'സർവകലാശാലകളടക്കം എല്ലാ നിലവാരത്തിലും അധ്യാപന ഭാഷ മാതൃഭാഷയായിരിക്കണം' എന്നും ഇ.എം.എസ്. വ്യക്തമാക്കി. ('സമൂഹവും വിദ്യാഭ്യാസവും'- കേരള ശാസ്ത്രസാഹിത്യപരിഷത്ത്.)

വിദ്യാഭ്യാസ മാധ്യമത്തെപ്പറ്റി രവീന്ദ്രനാഥടാഗോർ പറഞ്ഞതുകൂടി ശ്രദ്ധിക്കുക: 'ഒരു വിദേശമാധ്യമത്തിലൂടെയുള്ള പഠനം വിദ്യാർത്ഥിയെ പഠനവിഷയത്തിൽ അവഗാഹം നേടുന്നതിനുപകരം അത് കാണാപ്പാഠം പഠിക്കാൻ പ്രേരിപ്പിക്കുന്നു. മാത്രമല്ല, യുക്തിസഹമായ വിദ്യാഭ്യാസനയം അനുസരിച്ച് സ്കൂളിലെയും ഉന്നതവിദ്യാഭ്യാസത്തിന്റെയും മാധ്യമം ഒന്നായിരിക്കുന്നതാണ് നല്ലത്.' (കോത്താരി കമ്മിഷൻ (1966) റിപ്പോർട്ടിൽ നിന്ന്)

മലയാളത്തെ മലയാളികൾ അവഗണിക്കുന്നു എന്നതാണ് സത്യം. മാതൃഭാഷ പഠിക്കാതെ ബിരുദമെടുക്കാവുന്ന ഒരേയൊരു നാട് കേരളമാണ്. ഫ്രാൻസിൽ ഫ്രഞ്ചു പഠിക്കാതെ ബിരുദമെടുക്കാനാവില്ല.

മഹാരാഷ്ട്രയിൽ മറാത്തിയോ, ബംഗാളിൽ ബംഗാളിയോ പഠിക്കാതെ വിദ്യാഭ്യാസം സാധ്യമല്ല. ഇവിടെയോ?

അച്ഛൻ എന്നു പറയുന്ന കുട്ടിയെ പൊരിവെയിലത്ത് നിർത്തും! അമ്മ എന്നു പറയുന്ന ഇളംകുരുന്നിന്റെ തലമൊട്ടയടിപ്പിക്കും, അവന്റെ നിക്കറഴിപ്പിക്കും!!

ഇത്രയും പറഞ്ഞതുകൊണ്ട് മലയാളമല്ലാതെ മറ്റൊന്നും വേണ്ടെന്നല്ല വിവക്ഷ. ഇംഗ്ലീഷും ഹിന്ദിയുമെല്ലാം വേണം.

മാതൃഭാഷയെ പിന്തള്ളരുതെന്നേ അർത്ഥമാക്കുന്നുള്ളൂ;

അമ്മയെ അടിച്ചിറക്കരുതെന്നേ അപേക്ഷിക്കുന്നുള്ളൂ.

അമ്മമലയാളത്തെ സ്നേഹിക്കുന്നവർ,

നമ്മുടെ സംസ്കാരത്തിന്റെ നന്മകളറിയുന്നവർ, അഴീക്കോടും എം.ടി.യും പദ്മനാഭനും ഒ.എൻ.വി.യും, എസ്. ഗുപ്തൻനായരുമടങ്ങുന്ന സാഹിത്യത്തറവാട്ടിലെ കാരണവന്മാർ നിരന്തരം ഉറക്കെയുറക്കെ പറയുന്നത് മറ്റൊന്നല്ല.

'സ്ഫുടതാരകൾ കൂരിരുട്ടിലുണ്ട്'

എന്ന കവിവാക്യമോർത്ത്

നമുക്കാശ്വസിക്കാം!

*Ever thought of buying* **Latex** ?

Be it CONCENTRATED LATEX with ISI specifications

or

LOW - AMMONIATED LATEX (LATZ)

Perhaps, you may also be on the look-out for CRUMB RUBBER (ISNR)

or even Foot-wear Quality Industrial Rubber Sheetings ;

Make sure you buy RPL brand - renowned for its

* Unmatched and Consistant Quality
* Regular Supply
* Reasonable price

Contact our Registered office
THE REHABILITATION PLANTATIONS LIMITED
(Fully owned by the Govts of India & Kerala)
PUNALUR - 691 305. KERALA
Phone-0475-222971, 222972, 222973. Grams:-'REHAB PUNALUR'

## സ്വയംവരം

പ്രിയ സുഹൃത്തേ,

വിവാഹബന്ധങ്ങൾക്ക് താങ്കളെ സഹായിക്കുവാൻ സ്വയംവരം എന്ന പേരിൽ ഒരു സ്ഥാപനം പാലക്കാട് ജി.ബി. റോഡിൽ ശ്രീനാരയണ ബിൽഡിങ്ങിൽ തുറന്നുപ്രവർത്തിക്കുന്ന വിവരം സസന്തോഷം അറിയിക്കുന്നു. താങ്കളുടെ മക്കൾക്കും, ബന്ധുക്കൾക്കും, സുഹൃത്തുക്കൾക്കും ആഗ്രഹിക്കുന്ന രീതിയിലുള്ള കുടുംബം, വിദ്യാഭ്യാസം, തൊഴിൽ സമ്പത്ത്, സ്വഭാവം, സൗന്ദര്യം എന്നിവയൊടുകൂടിയ വധൂവരന്മാരെ തിരഞ്ഞെടുക്കുവാനും സങ്കല്പങ്ങളെ സാക്ഷാത്കരിക്കുവാനും സ്വയംവരം താങ്കളെ സഹായിക്കും. ജാതകപ്പൊരുത്തം പരസ്പരാന്വേഷണം, കൂടിക്കാഴ്ച, നിശ്ചയം, വിവാഹം എന്നിവയിലെല്ലാം സ്വയംവരം താങ്കളോടൊപ്പം ഉണ്ടാകും. ജാതിമതഭേദമെന്യേ സർവ്വർക്കും 'സ്വയംവര' ത്തിൽ പങ്കുചേരാം. സ്വയംവരം ഒരു സേവനസ്ഥാപനമാണ്. ഞങ്ങളുടെ സേവനം താങ്കളേ പ്രതീക്ഷിക്കുന്നു.

ഞങ്ങളുടെ വിലാസം :
സ്വയംവരം
എസ്.എൻ. ബിൽഡിംഗ്
ജി.ബി. റോഡ്, പാലക്കാട് 678 001
ഫോൺ: 524009

ഡയറക്ടർ

22ct സ്വർണ്ണാഭരണങ്ങൾക്ക്

## കണ്ണിമിറ്റം ഫാഷൻ ജുവലേഴ്സ്

ദേവീക്ഷേത്രത്തിനു തെക്കുവശം
**A.C. Road**
**ചേർത്തല**
☎ : 813098

***With best compliments from:***

## *V.J.Joseph Jewellery*

**Cherthala**
**Ph: (0478) 812510, 812310 (Res)**

# പുഴജനിക്കുന്നു

## എസ്. ഭാസിരാജ്

അഭിശപ്തമിനിലവനഭൂവിലിഴയുന്ന
കരിനാഗമായി നീ വന്നു
കരിനീലധമനികളിലൊഴുകുന്ന ചുടുരക്ത-
ദ്രുതതാള ചലനങ്ങൾ പോലെ നീ വന്നു
കുളിരാർന്നൊരോർമ്മയെന്നകതാരിലെവിടെയോ
മൃദുലമായ് വിരൽവച്ചു നില്ക്കെ;
നിയെന്റെ സ്വപ്നങ്ങളിൽ വന്നുനുരയിട്ടു പൊന്തുന്നു.
ചിന്തകളിൽ വന്നു ചുഴിയിട്ടുകയമായി മാറുന്നു.
ആഴങ്ങളിൽ കുളിരോളങ്ങളായി വീണടിയുന്നു
പിന്നെയും തളരാതെതാളത്തിലൊഴുകുന്ന
പുഴ വീണ്ടുമിന്നെത്ര ശാന്തം.
മുറ്റത്തുമഞ്ഞിൻ പുതപ്പിൽ പൊതിഞ്ഞുവന്നെത്തുന്ന
ധനുമാസപുലരികൾ
വെയിൽ വെള്ളിനാണയം വിതറുന്ന കൂരയിൽ
ഭാവസ്ഥിരങ്ങളാമജ്ഞാതസൗഹൃദം
പാറ്റിക്കൊഴിച്ചുപോകുമ്പൊഴും,
നിന്റെ താളങ്ങളിൽ ആർദ്രനാദങ്ങളിൽ
കാതോർത്തിരുന്നു ഞാൻ
ബാല്യസ്മൃതികൾ നിന്നോളങ്ങളിൽ
വന്നു കളിവള്ളമാകുന്നു.
തീരത്തുവന്നെത്തുമോളച്ചുരുളിന്റെ
താളങ്ങളുള്ളിൽ വീണനുരണനമാകുന്നു
അകതളിരിലെവിടെയോ ദലമർമ്മരങ്ങൾ തൻ
ചടുലതാളങ്ങളിൽ
നിരാലംബനിസ്സാരഭാവപ്രവാഹമായ്
നീ വീണ്ടുമൊഴുകുന്നു.
ഇടവത്തിലിടിമിന്നലലറുന്ന പാതിരയി-
ലിടനെഞ്ചുപൊടിയുന്നൊരതിശക്തമാത്രകളി-
ലിവിടെത്രസംഹാരമാടി?

ചിലമ്പിട്ടപാദങ്ങൾ തുള്ളിച്ചുവന്നെന്റെ
മുന്നിൽകലമ്പിപ്പിരിഞ്ഞും
മുടിയുലമ്പിക്കൊണ്ടു മുറ്റത്തുതുള്ളുന്ന
പിണിയാളിനെപ്പോലുറഞ്ഞും
നേരും നെറിയും മറന്നിട്ടുപോയവൾ
നേരായമാർഗ്ഗം വെടിഞ്ഞിട്ടുപോയവൾ
കാടൊക്കെ നാടായി മാറുന്ന കണ്ടു നീ
കാട്ടുതീയാളിപ്പടരുന്ന കണ്ടിന്നു
കരയുന്നു; കണ്ണീർ തുടയ്ക്കാതെ പിന്നെയും
നാടും നഗരവും പിന്നിട്ടു നീളുന്നു.
ഹരിത സായന്തനം പോയ്മറയുമ്പോഴും
കനിവിന്റെയവസാനകുളിരും പകർന്നുപോകുന്നവൾ
നമുക്കാത്മ ദുഃഖങ്ങളെല്ലാമൊതുക്കാം
മറക്കാം, പൊറുക്കാം-
വഴിതെറ്റും വഴികളിൽ നിന്നിരുവഴികളായ്
വീണ്ടും പിരിയാം- ഞാനുമൊരല്പപ്രവാഹം!!
ഇരുളിൽ തെളിയുന്ന മാർജ്ജാരനയനങ്ങൾ
വെട്ടംതെളിക്കുന്ന മാളങ്ങളിൽ- ദീർഘമാർഗ്ഗങ്ങളിൽ
അലയും മനസ്സെന്നസത്യം തിരയുന്നതിന്നേതു ലക്ഷ്യം?
ആർത്തനാദങ്ങളായ് നീർക്കിളിച്ചിന്തുകൾ
നീറും മനസ്സിന്റെ ശോകാർദ്രചിന്തകൾ
ഓർമ്മയിലേതോ വിലാപഗീതങ്ങളായ്
നീ തപിക്കുമ്പോഴെൻ മുന്നിലൊരു
മണൽപ്പുഴ മിന്നിത്തെളിയുന്നു.
തീരത്തു നീലക്കടമ്പൊന്നു പൂക്കാൻ ശ്രമിക്കുന്നു
ഒരു പൂവുമാത്രം മിഴിതുറക്കുന്നതി-
ലൊരുനൂറുപൂവിൻ നറുമണം നിറയുന്നു- പിന്നെയാ
നീലക്കടമ്പിന്റെ ചില്ലയിൽ നിന്നും
യമുനാക്കല്യാണിതൻ കല്ലോലിനി പിറക്കുന്നു.


## തിരുവനന്തപുരം സർവ്വീസ് സഹകരണബാങ്ക്

(ക്ലിപ്തം) T-131

H.O പ്രസ്സ്റോഡ്, തിരുവനന്തപുരം-1. ഫോൺ- 330950, 443834, 363711, 341012
ബ്രാഞ്ചുകൾ: 1 മെഡിക്കൽകോളേജ്, 2 വലിയവിള, 3 കരമന

*തിരുവനന്തപുരം താലൂക്കിലെ മികച്ച സ്പെഷ്യൽ ഗ്രേഡ് സഹകരണബാങ്ക്.*

നിക്ഷേപങ്ങൾക്ക് ഏറ്റവും ഉയർന്ന പലിശ നിരക്കുകൾ. സ്ഥിരനിക്ഷേപങ്ങൾക്ക് 15% വരെ പലിശ നൽകുന്നു.
റെക്കറിംഗ്, ക്യാഷ് സർട്ടിഫിക്കറ്റ്, മംഗല്യനിധി തുടങ്ങിയ വിവിധ നിക്ഷേപ പദ്ധതികൾ. ക്യാഷ് സർട്ടിഫിക്കറ്റിൽ നിക്ഷേപിക്കുന്ന തുക 60 മാസംകൊണ്ട് ഇരട്ടിയായും മംഗല്യനിധിയിൽ നിക്ഷേപിക്കുന്ന തുക 216 മാസം കൊണ്ട് 14.16 ഇരട്ടിയായും വർദ്ധിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് നേരിൽ

സി. ഉണ്ണികൃഷ്ണൻ നായർ
പ്രസിഡന്റ്

ജി. ശ്രീകുമാരി
അസി. സെക്രട്ടറി ഇൻ ചാർജ്
ഓഫ് സെക്രട്ടറി

# ON THE WARPATH



March by the United Action Front demanding U.G.C. Scale (1981)



March demanding service stability (1985)



Dharna protesting against the Predegree Board (1986)



United Action Front against the University Unified Act (1981)

# ON THE WARPATH




Prof.O.N.V.inaugurates the agitation against the Predegree Board (1986)




Com V.S Achumanandan inaugurates the fast demanding election to the Varsity Bodies (19[illegible])



Hunger strike demanding U.G.C.Scale (1981)




AKPCTA's hunger strike against the University Unified Act (1981)

# ON THE W




Parliament March demanding the implementation of U.G.C. Pay Revision.




Sri.Kadakampally Surendran Inaugurates the dharna of teachers observing the Teacher's Day as Black Day



Com.V.S.Achuthanandan addresses the teachers holding a dharna in front of the Raj Bhavan

# WARPATH



Fast demanding the enactment of the Varsity Bill (1968)



Agitation for Service Stability (1968)




The historic uprising against the C.M.S.College Managment



Agitation for direct payment (1971)



Satyagraha demanding modification of the Varsity Bill (1974)

# MEMORABLE MOMENTS




Com.EMS inaugurating the State Committee Office



Condoling Com.EMS (40th State Conference)




Welcome accorded to AIFUCTO President Prof.Thekkedathu (1995)




Harischandran Welfare Fund given away by Prof.K.P.Divakaran Nair



Smt.Lalitha Lenin inaugurates the Women's Conference (1996)

# MEMORABLE MOMENTS


















Prof.R.R.C. On the occasion of giving away the fund raised to help Prof.Rajasekharan Nair who was unjustly dismissed from service by the S.N Management

സ്വർണ്ണാഭരണങ്ങൾക്ക്

▼

## എ.വി.ജെ. ജുവലറി

ദേവീക്ഷേത്രത്തിന് തെക്കുവശം

**ചേർത്തല**

Phone: 812644

---

ആശംസകളോടെ

## വന്ന്യംപറമ്പിൽ ജ്യൂവല്ലറി

മനോരമക്കവലയ്ക്ക് സമീപം

**ചേർത്തല**

ഫോൺ 813661 (S), 813159 (R)

---

## PEE BEE COM കംപ്യൂട്ടർ കോളേജ്

**CHERTHALA**

Off:0478-8-4222. Fax : 0478-8-6412

Resi : 0482-67-5222,0482-67-5412

**E-Mail - cmohan@md3.vsnl.net.in**

ADVANCED SOFTWARE TRAINING
ADVANCED HARDWARE TRAINING
DTP INTERNET BROWSING INTERNET TRAINING
INTERNET CLUB E-MAIL SERVICE AND TRAINING

PDC IIIrd & IVth GROUP B.A [ECONOMICS]
B.Com [EDP & COMPUTER APPLICATION] B.Com [CO-OPERATION]
M.A [MALAYALAM] M.A [ECONOMICS] M.A [HISTORY]
M.A [ENGLISH] M.Com [FINANCE]

The College of Post Graduates Cherthala

---

ആശംസകളോടെ!

## പല്ലവി ജുവലറി

ചേർത്തല

◆

തനിമയിലും പുതുമയിലും മികച്ച 22ct സ്വർണ്ണാഭരണങ്ങൾക്ക്

**പല്ലവി ജുവലറി**

ദേവീക്ഷേത്രത്തിനു വടക്കുവശം

ചേർത്തല ഫോൺ: 812263

# AMARTYASEN'S POLITICAL ECONOMY

DR.P.J.PHILIP

"Perhaps the most important thematic deficiency of traditional development economics is its concentration on national product, aggregate income and total supply of particular goods rather than on 'entitlements' of people and the capabilities these entitlements generate.

Ultimately, the process of economic development has to be concerned with what people can or cannot do,eg; whether they can live long, escape avoidable morbidity, be well nourished, be able to read and write and communicate, take part in literary or scientific pursuits, and so forth. It has to do, in marx's words, with 'replacing the domination of circumstances and chance over individuals by the domination of individuals over chance and circumstances.'

*-Amarya Sen- 'Resources Values and Development'—Page 497*

Modern economic theory which grew up along with the European Industrial revolution has two streams. The classical political economy, which was the school of thought pioneering the capitalist mode of production considered long run growth as the most important function of economic organisation and policies. Progress is synonymous with wealth accumulation and production of goods and services is a function of labour and capital. Adam Smith and Ricardo maintained that the political system should protect and promote economic enterprise and do everything possible to extend the markets. Thus the theory and technology of growth shaped by economists and innovators were directed by the political system. Marx who scientifically analysed the capitalist mode of production and predicted its doom also provided a political solution dictatorship of the proletariat. Most other liberal and socialist thoughts of the 19th century also consider economics as a social science and seek the intervention of political system to safeguard the welfare of the large mass of people.

But there occurred a thematic shift with the advent of neo classical or marginalist economics. It considered economics as a science and argued that resources can be allocated and used optimally to generate a greater output. Through a system of competing markets and relative prices, factors can be allocated and decisions regarding production, distribution and exchange made by market forces. Walras, Jevons and Edgeworth provided mathematical tools of optimisation and successive generations of economists have popularised this stream of economic analysis.

If one surveys the acclaimed contributions of economists of the post war era, it can be seen that most of them dealt with issues of growth of the developed world. Poverty and underdevelopment of the Afro-Asian and Latin American regions were sidelined and ignored. People like Rostow predicted that these poor countries will one day become rich as growth is a linear path and one has to go through different stages of growth. Critical theories of development coming out from the developed and underdeveloped world were ignored. Ever since Nobel prize was awarded for economics only works relating to peculiar problems of the developed world were selected for the award. Except for Gunnar Myrdal's Asian Drama themes relating to neo classical concepts were mostly considered.

Amartya Sen is a philosopher, theoretician and humanist par excellence. He treats the mainstream economic theory of the west and particular problems of the less developed regions with the same ease. His seminal work 'The Choice of Techniques' turned out to be an internationally acclaimed work. His books on famine, development, resources and values brought to the centre stage the undeniable rights of the marginalised people of the periphery. His studies of famines have proved conclusively that it is the political system that is responsible for famines and deprivation. If a country has democratic institutions and organisations accountable to the people, none would starve to death however short food production is. His concept of entitlements and capabilities are the most quoted the world over. He says that one should not measure welfare only on the basis of material aspects, but kinship, better organisation, caring society - all can contribute to entitlements.

Amartya Sen brought political economy to centre stage, when he said that contemporary economic theory concentrates on the supply of goods rather than its ownership and entitlements. Entitlements go beyond economic arrangements and it is dependent more on political arrangements. In this era of globalisation and marketisation it is indeed a refreshing thought. However, he is against regimentation and bureaucratisation and sadly admits that the crisis in the socialist countries was the result of not reorienting socialist values with changing times. He is not averse to globalisation provided the average man is entitled better through the process.

Many have said that Amartya Sen getting the Nobel prize symbolises a change in the perception of mainstream economics. Widespread recession in Europe, breakdown of the share market system of many developed countries, the East Asian catastrophe all show that supply side economics or unbridled market economy have come to an impasse. An enlightened intervention of social and political forces seems to be in the offing. His contention that a person's capabilities can be best developed by a free and creative environment and at the same time a responsible civil society can usher in greater social welfare is a good thesis. He often cites the Kerala model of development in his articles to illustrate how an enlightened social and political system can improve the quality of life even though the per capita income of the state is much lower than that of other developing regions.

Born in Shanthinikethan and named Amartya by Ravindra Nath Tagore, Sen has indeed become 'Amartya'. To be a professor in world famous Universities like Oxford, Harvard and Cambridge is a unique achievement. All his books are noted for their philosophical and inimitable style of writing. He was president of the Indian Economic Association, the American Economic Association and the world Economic Association for different terms. Let us hope that in the door step of a new millennium, Amartya Sen's Nobel prize will rekindle the spirit of humanism everywhere.

# Kerala State Co-operative Consumers Federation Limited

Gandhi Nagar, Ernakulam, Kochi - 682 020
Tel: 319507, 310652. Fax: 00-91-484-310796 Grams: Consfed

- Apex Body of Consumers Co-operatives in the State
- Procures & distributes essential commodities of mass Consumption to the Primary Co-operatives in the State and to the Neethi Stores - 1000 in numbers spread over the state.
- Manufactures of Triveni Note Books.
- 1,00,000 LPG Connection Programme undertaken.
- Suppliers of Medicines to 100 Neethi Medical Store.
- Runs retail units of our own in the name: **Triveni Department Store/Triveni Super Market.**
- **Aims at quality goods at economic prices always.**

A.V.Divakaran
Managing Director

M. Gangadhara Kurup
President

# THE CATHOLICATE COLLEGE

# EMPLOYEES CO-OPERATIVE BANK LTD., No. Q. 799

PATHANAMTHITTA Ph: 325723

President: Dr. K.C. John
Vice-President: Prof. P.Vilson Koshy

Secretary: D. Yoshua

# അവൾ എനിക്കുവീട്

## മനോജ് കുറൂർ

ഉറക്കം നടിക്കുമ്പോൾ
പുതപ്പിൻ മുകളിലേ-
യ്ക്കെങ്ങനെ നക്ഷത്രങ്ങൾ!
തിണ്ണയിൽനിന്നും
പടിചവിട്ടിക്കയറുമ്പോൾ
മേഘങ്ങളുറങ്ങുന്ന
വീടുകൾ, തെരുവുകൾ
ഞരമ്പിൽ
മുറുകുന്ന തണുപ്പിൽ
തീവണ്ടിപോൽ
ഇരമ്പിപ്പായുന്നതു
ചോരപോലവൾ-വീട്
ഇടയ്ക്കു ചൂളം വിളി,
കൊതുക്തിരികത്തി-
ച്ചുറക്കംവരുത്തുവാൻ
പുതപ്പിൽ ചുരുളുമ്പോൾ

മഞ്ഞിലും
ഇതൾ തുറന്നുണർന്ന
പൂവൊന്നെന്നെ
വെറുതെവിളിക്കുന്നു
അശ്വഗന്ധവും നെയ്യും
വിയർപ്പും മണക്കുന്നു.
പച്ചിലക്കറവീണു
കറുത്തപുഴപോലെ
അവളെചുഴലുന്നു
അടഞ്ഞവാതിൽപ്പുറം
അവൾക്കുമൗനം
പച്ചപ്പുകലൊച്ചൊരുക്കാർന്ന
പല്ലിനാൽ,
ഒരുപാതി
തുറന്ന ജനാലയാ-
ണവൾക്കു കണ്ണീർത്തടം

വെറ്റിലക്കറപൂണ്ട
ചുണ്ടിനാൽ, പകുക്കുന്നു
ഉറച്ചശില്പത്തിനു-
മുള്ളിലേക്കളിമണ്ണിൽ
മുഖം ചേർത്തുറങ്ങുമ്പോൾ
ചുവരിൽത്തൂങ്ങും
കിളിത്തലകൾ ചിലയ്ക്കുന്നു
പക്ഷികളുറങ്ങുന്ന
കണ്ണുകൾ തുറക്കുമ്പോൾ
പുലർന്നുനേരംപോയെ-
ന്നവളും മടങ്ങുന്നു.
തണുപ്പിൻ തിരകളിൽ
തിരികെയിറങ്ങുവാൻ
വെളിച്ചംവേണെൻ കണ്ണിൽ
വേനലാണിനിയെന്നും.

# നിറനിലാവ്

## ഡോ. വി.കെ.എൻ. വൈക്കത്തില്ലം

"അറിയില്ല, നിന്നെ ഞാനറിയില്ല"- മാനസം
മന്ത്രിച്ചു നില്പൂരഹസ്യമായെങ്കിലും
"അറിയുന്നു, പൂർണ്ണമായറിയുന്നു നിന്നെ ഞാ"-
നെന്നുള്ള നാട്യമരങ്ങിലെത്തുന്നു!
ഉണ്മകളിങ്ങനെയൊക്കെയാണെങ്കിലും
പൂനിലാപ്പുഞ്ചിരിയായി നില്ക്കുന്നു നീ!
എൻ സർഗകാമന നിൻ നിദേശത്തിനാൽ
മുദ്രിതമാക്കിയ ഗീതങ്ങളാകെയും
നിൻ പ്രതിഛായകളാണ,തിലൊക്കെയും
ഭാവബിന്ദുക്കളായ്, സ്നേഹലാവണ്യമായ്,
കാണുന്നലോക, മറിയുന്നതെല്ലാം
ഏതിനും ധന്യതയേകും നിറവുകൾ!
ഇക്കഥയെല്ലാം വിളിച്ചുചൊല്ലുമ്പോഴും
പൂനിലാപ്പുഞ്ചിരിയായി നില്ക്കുന്നു നീ!

സർഗചൈതന്യമേ കാവ്യരഹസ്യമേ!
എന്താണ് നിന്നേക്കുറിച്ചു ചൊല്ലേണ്ടു ഞാൻ?
ലോകം പരിഭവത്തിൻ മുനനീട്ടവേ
പൂനിലാവുപ്പുഞ്ചിരിയായി നില്ക്കുന്നു നീ!
ഇല്ലെനിക്കൊന്നുമേ ചൊല്ലുവാനില്ല, ഞാൻ
നിൻ നിറവിങ്കൽ ലയിച്ചുനില്ക്കേ,
എന്നുമെൻ പ്രാണസഖൻ തന്നെയായ നിൻ
പുഞ്ചിരിയ്ക്കർത്ഥങ്ങൾ തേടിനില്ക്കേ,
പാതിരാപ്പൊയ്കയിൽ താരകകന്യമാർ
നീരാജനത്തിന്നൊരുങ്ങി നില്ക്കേ,
കാവ്യ സൗന്ദര്യമായ് ആത്മപ്രകാശമായ്
ക്ഷീരപഥങ്ങൾ തുടിച്ചുനില്ക്കേ,
എല്ലാമറിയുന്ന, പൂർണ്ണതയെങ്കിലും
പുഞ്ചിരിപ്പൗർണ്ണമിയായി നില്ക്കുന്നു നീ!

**CHAND PUBLICATIONS**

NALANCHIRA, TRIVANDRUM 15 TEL: 530648

*Our Publications*

Accounting and Costing (Pre-degree) ❁ Accounting (B.Com) ❁ Advanced Accounting ❁ Higher Accounting ❁ Costing for Management ❁ Business Statistics ❁ Entrepreneurship Development ❁ Principles of Marketing ❁ Audting

Our Team of Authors

**Dr. K.G.C. Nair**, Reader & Head, Mar Invanios College, Trivandrum; **Mr. P. Haridas** M.Sc (Maths), M.Com, AICWA. S.N. College, Kollam; **Mr. K.K. John**, Mar Ivanios College, Trivandrum; **Mr. K. Vijayakumar**, Head, M.G. College, Trivandrum; **Mr. S. Aiyappan**, Govt. Arts College, Trivandrum; **Mr. Jayan**, N.S.S. College, Changanacherry; **Mr. M. Raveendran**, M.G. College, Trivandrum; **Dr. Harindranath**, M.G. College, Trivandrum; **Dr. V. Harikumar**, M.G. College, Trivandrum; **Dr. Johnson**, F.M.N College, Kollam; **Dr. Biji James**, Mar Ivanios College, Trivandrum, **Dr. Pushpa**, All Saints College, Trivandrum; **Dr. Dipa**, N.S.S. College, Dhanuvachapuram, Trivandrum.

*With best compliments from:*

# *M/S. Luka Abraham & Sons*

*Contractors, Thekkaniyil*

Thellakom, Kottayam

*With best compliments from:*

# POWER DRIVE ELECTRICAL ENTERPRISES

**ELECTRICAL ENGINEERS AND CONTRACTORS**
**C B 2614/96, S B 5342/95**
**MOOZHIKULANGARA, KOTTAYAM - 686 601**
**☎: 512058**

# സമാന്തരവിദ്യാഭ്യാസം

കെ. പ്രഭാകരൻനായർ

സമാന്തരസമ്പദ്‌വ്യവസ്ഥ, സമാന്തരനീതിനിർവഹണം തുടങ്ങിയ പദങ്ങൾ നമുക്ക് സുപരിചിതങ്ങളാണ്. നിയമാനുസൃതമാർഗ്ഗങ്ങളിലൂടെയല്ലാതെ നിലവിലുള്ള വ്യവസ്ഥകളെ വെല്ലുവിളിച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങളെയാണ് ഇവ സൂചിപ്പിക്കുന്നത്. സമാന്തരവിദ്യാഭ്യാസത്തേയും ഈ പട്ടികയിൽ ചേർക്കാമെന്ന് തോന്നുന്നു.

കേരളത്തിൽ ഇപ്പോൾ പ്രഭാതസവാരിക്കിറങ്ങുന്ന വൃദ്ധന്മാരോടൊപ്പം ധാരാളം കുമാരീകുമാരന്മാരേയും കാണാം. രണ്ടാമത്തെ കൂട്ടർ ട്യൂഷൻ സവാരിക്കാരാണ്. പ്രൈമറി മുതൽ ബിരുദാനന്തരതലം വരെ പഠിക്കുന്നവർ ഇവരിലുണ്ട്. പലരും സ്കൂട്ടറിന്റെ പിറകിലായിരിക്കും. രാവിലെ ആറ് മണി മുതൽ തുടങ്ങുന്ന ഈ പഠനയജ്ഞം വൈകിട്ട് ആറ്വരെയോ അതിനപ്പുറത്തേക്കോ നീളുന്നു.

'അധികസ്യ അധികംഫലം' എന്ന വാക്യപ്രകാരം എത്രകൂടുതൽ സമയം പഠിക്കുന്നുവോ അത്രയും നന്ന് എന്നാണ് മിക്ക രക്ഷകർത്താക്കളും വിശ്വസിക്കുന്നത്. ഇവരിൽ നല്ലപങ്ക് അധ്യാപകരാണുതാനും. അധ്യാപന-പഠന പ്രക്രിയയെക്കുറിച്ച് താണനിലയിലുള്ള അവബോധമാണ് ഇത് കാണിക്കുന്നത്.

അറിവ് പകർന്നുനൽകുക, സ്വീകർത്താവ് അത് സ്വാംശീകരിക്കുക തുടങ്ങിയ മാനസികവ്യാപാരങ്ങൾ അത്ര ലളിതമല്ല. അത് അധ്യാപകന്റെ സമീപനം, വിദ്യാർത്ഥിയുടെ മനോഭാവം, പഠിക്കുന്ന അന്തരീക്ഷം തുടങ്ങി നിരവധി ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

താൽപര്യമുണ്ടെങ്കിലേ ഒരു കാര്യം ഭംഗിയായി ചെയ്യാൻ കഴിയൂ എന്നത് സാമാന്യനിയമമത്രേ. നമ്മുടെ വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷത്തിനും പഠനം മാനസികപീഢനമാണ്. ഈ സ്ഥിതിവിശേഷത്തിന് പ്രധാനകാരണം മറ്റൊന്നുമല്ല. സദാസമയവും പഠിക്കാൻ അവർ നിർബന്ധിക്കപ്പെടുകയാണ്. കളിക്കാനോ ചങ്ങാത്തംകൂടാനോ മറ്റു മാനസികോല്ലാസങ്ങൾക്കോ അവർക്ക് നേരമില്ല. സ്വമേധയാ ആണെങ്കിൽപോലും ഒരുപ്രവൃത്തിയിൽ ദീർഘനേരം ഏർപ്പെടുമ്പോൾ മടുപ്പും ക്ഷീണവും തോന്നും അത് അടിച്ചേൽപ്പിക്കപ്പെടുകയാണെങ്കിൽ പറയാനുമില്ലല്ലോ.

മനസ്സിന് ശരീരത്തെപ്പോലെ വിശ്രമിക്കാൻ കഴിയില്ല. ഉറങ്ങുമ്പോൾ പോലും അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ചെയ്യാവുന്നത് പ്രവർത്തനമേഖലകൾ മാറ്റിക്കൊണ്ടിരിക്കുക എന്നതാണ്. കുറേ നേരം പഠിച്ചുകഴിയുമ്പോൾ അൽപം പാട്ട് കേൾക്കുക, കഥവായിക്കുക, എന്തെങ്കിലും കളിക്കുക, വീണ്ടും പഠിത്തത്തിലേക്ക് വരിക - ഈ രീതിയിൽ മുഷിവ് ഒഴിവാക്കിയെങ്കിലേ കാര്യക്ഷമമായ മാനസികവൃത്തി സാധ്യമാകൂ. വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് മറ്റ് ഓഫീസുകളെ അപേക്ഷിച്ച് കൂടുതൽ അവധിദിവസങ്ങൾ കൊടുത്തിരിക്കുന്നതും ഇതേ കാരണത്താലാണ്.

ഇതൊന്നും മനസ്സിലാക്കാതെ അഭ്യസ്തവിദ്യരായ മാതാപിതാക്കൾ അഖണ്ഡപഠനയജ്ഞത്തിലൂടെ റാങ്ക്ജേതാക്കളെ സൃഷ്ടിക്കാൻ പാടുപെടുകയാണ്. ഫലം പലപ്പോഴും നേരേ വിപരീതമായിരിക്കും. പാഠപുസ്തകങ്ങളേയും പഠനവിഷയങ്ങളേയും അങ്ങേയറ്റം വെറുക്കുന്നു വിദ്യാർത്ഥി. ശിക്ഷണം ശിക്ഷയാവുന്നു. മത്സരക്കണ്ണുകളിലൂടെ ലോകത്തെ നോക്കുമ്പോൾ മറ്റുള്ളവരെ ശത്രുക്കളായി കാണാനും സമൂഹത്തെ ധിക്കരിക്കാനും അവൻ ശ്രമിക്കുന്നു. പ്രതിഭാശാലികളായ കുട്ടികൾ മാനസികരോഗികളായി മാറുന്നതും അപൂർവമല്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അടുത്തകാലത്ത് നടന്നതുപോലെയുള്ള അനിഷ്ടസംഭവങ്ങൾ ഇത്തരം വൈകൃതങ്ങളുടെ ബാഹ്യലക്ഷണം മാത്രമാണ്.

ഒരാൾ എന്ത് പഠിക്കണം എങ്ങനെ പഠിക്കണം എന്നെല്ലാം മുതിർന്നവർ തീരുമാനിക്കുന്ന സമ്പ്രദായം പരിഷ്കൃതരാജ്യങ്ങളിൽ മറ്റെങ്ങും ഉണ്ടാവില്ല. ശാസ്ത്രവിഷയങ്ങളിൽ തീരെ ആഭിമുഖ്യമില്ലാത്ത കുട്ടിയെ ഡോക്ടറോ എഞ്ചിനീയറോ ആക്കുന്ന ചെപ്പടിവിദ്യക്ക് എത്രപണം മുടക്കാനും കേരളീയന് മടിയില്ല. സമ്പത്തിന്റെ ഉൽപ്പാദനപരമായ സാധ്യതകളെക്കുറിച്ച് തീരെ ധാരണയില്ലാത്തവർക്കു മാത്രമേ ഇരുപത്തഞ്ച് ലക്ഷം രൂപാ കൊടുത്ത് ഒരു മെഡിക്കൽ സീറ്റ് വാങ്ങാൻ കഴിയൂ.

പദങ്ങളോടും പദവികളോടുമുള്ള ഒടുങ്ങാത്തഭ്രമം മലയാളിയുടെ അപകർഷതാബോധത്തെയാണ് കാണിക്കുന്നത്. കഥാപ്രസംഗക്കാരും ജാലവിദ്യക്കാരും പ്രൊഫസർമാരാകുന്നത് മറ്റൊരു ജാലവിദ്യ. സ്ഥാപനങ്ങളുടെ ഔന്നത്യം സൂചിപ്പിക്കാൻ സ്കൂൾ എന്നത് കോളേജ് എന്ന് മാറ്റുന്നു ചിലർ. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിനെക്കുറിച്ചും. ഹാർവാർഡ് ബിസിനസ്സ് സ്കൂളിനെക്കുറിച്ചും ഇവർ കേട്ടിട്ടുണ്ടാവില്ല. സെക്കന്ററി തലത്തിലുള്ള പല വിദ്യാലയങ്ങൾക്കും ഇപ്പോൾ ഹെഡ്മാസ്റ്റർമാരല്ല, പ്രിൻസിപ്പൽമാരാണ്. നോബൽ ജേതാവായ അമർത്യാസെൻ കേംബ്രിഡ്ജ് ട്രിനിറ്റികോളേജിലെ മാസ്റ്റർ ആണെന്നത് അവരെ അത്ഭുതപ്പെടുത്തിയേക്കാം. കുറഞ്ഞപക്ഷം അദ്ദേഹത്തെ ഹെഡ്മാസ്റ്ററെങ്കിലും ആക്കാമായിരുന്നു!

നമുക്ക് വിദ്യാഭ്യാസത്തിലേക്കു മടങ്ങുക. അറിവ് മനസ്സിന്റെ ആഹാരമാണെന്ന് സാമാന്യമായി സങ്കൽപ്പിക്കാം. അത് വേണ്ട അളവിൽ കഴിക്കണം; രുചികരവും സമീകൃതവുമായിരിക്കണം. സാധാരണ രോഗങ്ങളിൽ മിക്കതിനും കാരണം തെറ്റായ ആഹാരരീതികളാണെന്ന് പ്രകൃതിചികിത്സാവിദഗ്ദ്ധർ പറയുന്നു. തുടർച്ചയായി ഭക്ഷണം ചെലുത്തിക്കൊണ്ടിരുന്നാൽ അജീർണവും മറ്റസുഖങ്ങളും ഉണ്ടാകും. വിജ്ഞാനത്തിന്റെ കാര്യത്തിലും ഇത് ശരിയാണ്. യുവതലമുറയുടെ ഇന്നത്തെ മാനസിക പ്രശ്നങ്ങൾക്ക് മുഖ്യകാരണം വികലമായ വിദ്യാഭ്യാസരീതിയാണ്.

ഔപചാരിക വിദ്യാഭ്യാസത്തിന് ചില ദൂഷ്യങ്ങളുമുണ്ട് എന്നത് മറന്നുകൂടാ. ക്ലാസ്സ്മുറിയിൽ മാത്രം ഒതുങ്ങുന്ന വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയെക്കുറിച്ച് ഗാന്ധിജി, ബാർണാഡ്ഷാ തുടങ്ങിയവർ ബോധവാന്മാരായിരുന്നു. തൊഴിൽചെയ്യുന്നതിലൂടെ അറിവ് നേടുന്ന അടിസ്ഥാനവിദ്യാഭ്യാസപദ്ധതി ഗാന്ധിജി ആവിഷ്കരിച്ചു. ഭാവി പൗരന്മാരെ പ്രബുദ്ധരും കർമ്മോന്മുഖരുമാക്കാൻ ഈ ശിക്ഷണ സമ്പ്രദായത്തിന് കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചു. നമ്മുടെ ഭരണാധികാരികൾ പക്ഷേ മെക്കാളെ പ്രഭുവിന്റെ പിൻഗാമികളാവാനാണ് ഇഷ്ടപ്പെട്ടത്.

ഇതിന്റെ പാർശ്വഫലങ്ങൾ സാമൂഹ്യജീവിതത്തിൽ ധാരാളം കാണാം. കായികാധ്വാനത്തോടുള്ള വൈമുഖ്യമാണ് ഇവയിൽ പ്രധാനം. ഈ

# കോഴിയും സൂര്യനും

ഡോ. കെ.എച്ച്.സുബ്രഹ്മണ്യൻ

കോഴിയും സൂര്യനും
ഞങ്ങൾ കണ്ടെത്തിയ
നവവധൂവരന്മാരാണ്.
ദേവേന്ദ്രന്റെ കുക്കുടവേഷം
ഞങ്ങൾ പണ്ടേ മറന്നിരുന്നു.
പുത്തൻകോഴിക്കറകളിലെ കോഴികളായ ഞങ്ങൾ
പഴയകോഴികളെക്കൊണ്ടുനടക്കുന്നത്
അറുപഴഞ്ചനാണെന്ന പുതുബോധമുള്ള ഞങ്ങൾ
കുക്കുടങ്ങളാകാൻ തന്നെ
പുതുപുത്തൻ കുക്കുടങ്ങളാകാൻ തന്നെ തീരുമാനിച്ചു.
പുതുമതന്നെ തനിമ
പുതുമതന്നെ മഹിമ
ഞങ്ങൾ ഉദ്ഘോഷിച്ചു.

മഹാമേരുവിനുചുറ്റും
ഒളിച്ചുകളിനടത്തുന്ന സൂര്യന്,
വികാലംഗനെ സാരഥിയാക്കി
ഊരുചുറ്റുന്ന ഭാനുമാന്
വേഗത തീരെയില്ലെന്നു
ഞങ്ങൾ കണ്ടുപിടിച്ചു.
"വേഗമാവട്ടെ, വേഗമാവട്ടെ"
എന്ന് അഞ്ചിൽ പഠിച്ചത്
അൻപതിലും ഏറ്റുപാടാതെ
ഞങ്ങൾ എന്തുചെയ്യും ?

കോഴികൂവാതെ,
അതേ പുത്തൻ പൂങ്കോഴികൂവാതെ
സൂര്യനുദിക്കുകയില്ലെന്ന നഗ്നസത്യം
ഞങ്ങളുറക്കെ പറഞ്ഞപ്പോൾ
സൂര്യനെ അതല്പം ക്ഷോഭിപ്പിച്ചിരിക്കാം.
സൂര്യനില്ലാതെ കോഴിക്കും
അസ്തിത്വമില്ലെന്ന്
തിരിച്ചും ഞങ്ങളോതിയപ്പോൾ
കോഴിക്കും ക്ഷോഭം വന്നിരിക്കാം.
ക്ഷോഭിക്കുന്നവരുടെ സുവിശേഷങ്ങളിൽ
വിശേഷിച്ചൊരുപൊരുളുമില്ലെന്ന്പരംപൊരുൾ.

പതംഗന്റെ പഥസഞ്ചലനത്തിനും
പൂങ്കോഴിയുടെ പുഷ്കലനാദത്തിനും
മാറ്റം വന്നുകൊണ്ടിരിക്കുന്നു
എന്നേകരും
"നേതി"യെന്നു പരരും.

കോഴിയങ്കങ്ങളും സൂര്യചലനങ്ങളും
കണ്ടുകൊണ്ടിരിക്കുന്നതിനിടെ
നമുക്കു നമ്മുടെ കോഴിയെ
സംരക്ഷിക്കാം
നമ്മുടെ അസ്തമിക്കാത്ത
ചെങ്കതിരവന്റെ പ്രഭയിൽ
സംരക്ഷിക്കാം.

---

പ്രവണത ഇന്ന് എല്ലാത്തരം ജോലിയേയും വെറുക്കുന്ന ആത്മഹത്യാപരമായ അലസതയിലേക്ക് വളർന്നുകഴിഞ്ഞു. ഓഫീസുകളിലും തൊഴിൽശാലകളിലും മിനിമം ജോലി അംഗീകൃതതത്ത്വമായിട്ടുണ്ട്. ഉൽപാദനക്ഷമതയോ സാമ്പത്തികമായ നിലനില്പ്പോ ഒന്നും പ്രശ്നമല്ല. അതുകൊണ്ടുതന്നെമിക്ക വ്യാവസായികസ്ഥാപനങ്ങളും ഭീമമായ നഷ്ടത്തിന്റെ പടുകുഴികളായി മാറുന്നു.

വിദ്യാർത്ഥിജീവിതം നിരന്തരമായ മത്സര ഓട്ടമാവുമ്പോഴുണ്ടാകുന്ന പിരിമുറുക്കം ശാരീരികവും മാനസികവുമായ ആഘാതങ്ങളുണ്ടാക്കാതെ വയ്യ. വിജയത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അമിതബോധവത്കരണം പരാജയം എന്ന സാധ്യതയെ അംഗീകരിക്കുന്നില്ല. ലക്ഷ്യം നേടാനാവാതെവന്നാൽ എല്ലാം തകർന്നു എന്ന ധാരണയിൽ ആത്മഹത്യക്കുപോലും തുനിയുന്നവർ നിരവധിയാണ്. പരീക്ഷണങ്ങളേയോ വെല്ലുവിളികളേയോ നേരിടാൻ ഇക്കൂട്ടർ സജ്ജരല്ല. സാഹസികതയും ഇച്ഛാശക്തിയും ഇല്ലാത്ത യന്ത്രപ്പാവകളുടെ ജീവിതമാണ് ഇവർക്ക് നയിക്കേണ്ടിവരുന്നത്.

ബുദ്ധിപരമായ ഈ അസ്വാതന്ത്ര്യം സർഗാത്മകതയെ കെടുത്തിക്കളയുന്നു. പ്രതിഷേധിക്കാനുള്ള കഴിവിനെ നശിപ്പിക്കുന്നു. കലാവാസനകളെ മുരടിപ്പിക്കുന്നു. ധൈഷണികമായ ഭീരുത്വം നമ്മുടെ യുവാക്കളുടെ മുഖമുദ്രയാവുന്നത് അങ്ങനെയാണ്. വ്യക്തിത്വവികസനം എന്ന വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യത്തെത്തന്നെ ഇത് പരാജയപ്പെടുത്തും.

വ്യത്യസ്തമായ ഒരു പഠനസംസ്കാരം ഉണ്ടാവേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഈ വഴിക്കുള്ള ചില പരീക്ഷണങ്ങൾ പ്രതീക്ഷയ്ക്ക് വക നൽകുന്നുണ്ട്. പ്രൈമറി തലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഡി.പി.ഇ.പി. സ്വാഗതം ചെയ്യപ്പെടണം. പക്ഷേ കഥയറിയാതെ ആട്ടം കാണുന്ന ചിലർ ഇതിനെതിരെ കുരിശുയുദ്ധം നടത്തുകയാണ്.

ഇവിടെ മാറ്റം വരേണ്ടത് രക്ഷകർത്താക്കളുടെ മനോഭാവത്തിലാണ്. പ്രാഥമിക ഘട്ടത്തിൽ പഠനം പാൽപായസംപോലെ എന്ന പരിഷത് മുദ്രാവാക്യം യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. കലാലയതലത്തിലെത്തുമ്പോൾ വിദ്യാർത്ഥിയുടെ ആഗ്രഹങ്ങളും അഭിരുചികളും കൂടി അംഗീകരിക്കപ്പെടണം. അതൊന്നും കണക്കിലെടുക്കാതെ അവൻ ഇന്നത് പഠിക്കണം ഇന്നപോലെ ജീവിക്കണം എന്നൊക്കെ ശഠിക്കുന്നത് സ്വാർഥതയാണ്, സന്താനങ്ങളെ സ്റ്റാറ്റസ് സിംബലുകളാക്കാനുള്ള മോഹമാണ്.

വിദ്യാർത്ഥികൾ സ്വതന്ത്രചിന്തയുടെ ശുദ്ധവായു ശ്വസിക്കട്ടെ. തന്നത്താൻ പഠിക്കാനും സ്വയം ആലോചിച്ച് കാര്യങ്ങൾ മനസ്സിലാക്കാനുമുള്ള അവരുടെ കഴിവുകൾക്ക് കഴിഞ്ഞാണിടാതിരിക്കുക. നൈസർഗികവാസനകൾക്കനുഗുണമായി അവർ പഠിച്ച് മിടുക്കന്മാരും മിടുക്കികളും ആയിക്കൊള്ളും. അതിനപ്പുറം എത്ര ട്യൂഷൻ കൊടുത്തിട്ടും കാര്യമില്ല. ഇത് ശരിവെക്കുന്ന അനുഭവങ്ങൾ നമുക്കു ചുറ്റും ധാരാളമുണ്ട്.

ചില ആളുകൾക്ക് സ്വന്തം ആരോഗ്യത്തെപ്പറ്റി സദാ വേവലാതിയാണ്. എന്തെങ്കിലും മരുന്നോ ടോണിക്കോ കഴിച്ചില്ലെങ്കിൽ ആരോഗ്യം തകരാറിലാവുമെന്നാണ് അവരുടെ ഭയം. ആഹാരം കഴിച്ചില്ലെങ്കിലും ടോണിക് കൂടാതെ വയ്യ. ഈ ടോണിക് മനോഭാവമാണ് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പലർക്കുമുള്ളത്. അവർ ഓർക്കുന്നത് കൊള്ളാം: ടോണിക് കഴിക്കുന്നത് നല്ലതാണ്- അത് നിർമ്മിക്കുന്നവർക്ക്.

# ശാകുന്തളത്തിലെ ശാസ്ത്രജ്യോതിസ്സുകൾ

ആർ. ഭദ്രൻ, വറുഗീസ് ജോൺ

സൂക്ഷ്മമായ ദർശനവൈഭവം കവികളുടെ പ്രത്യേകതയായി ആവർത്തിച്ച് പറയപ്പെടാറുണ്ട്. കാളിദാസന്റെ അഭിജ്ഞാനശാകുന്തളത്തിലൂടെ അപഗ്രഥനാത്മകമായ ഒരു സഞ്ചാരം പൂർത്തിയാക്കുമ്പോൾ കാളിദാസനെ കവിയാക്കുന്ന പല പ്രത്യേകതകളും നാം ഗ്രഹിച്ചുകഴിഞ്ഞിരിക്കും. അതിൽ വളരെ ശ്രദ്ധാർഹമായ ഒന്നാണ് അദ്ദേഹത്തിന്റെ സൂക്ഷ്മാവലോകനവും അതിന്റെ കലാപരമായ പ്രകടനവും. സൂക്ഷ്മദർശനത്തിലൂടെ പിടിച്ചെടുക്കുന്ന യാഥാർത്ഥ്യങ്ങളെ സൗന്ദര്യാത്മകമായി അദ്ദേഹം സൃഷ്ടിച്ചെടുക്കുന്നു. ഇതിനായി വസ്തുക്കളെ, അവസ്ഥകളെ, ആശയങ്ങളെ അദ്ദേഹം ലാവണ്യാത്മകമായി പരിവർത്തിപ്പിച്ചു തരികയാണ്. അതിനുവേണ്ടി വാക്കുകൾ സുസജ്ജമായി തീരുന്നു. സൂക്ഷ്മദർശനം വസ്തുനിഷ്ഠമായി, അത്യഗാധമായി വളർത്തി ശാസ്ത്രജ്ഞൻ ശാസ്ത്രനേട്ടങ്ങളായി പരിവർത്തിപ്പിക്കുന്നു. കവിയാകട്ടെ അതിനെ വാങ്മയകലയുടെ നേട്ടങ്ങളിലേക്ക് ഉന്നയിക്കുന്നു. ഇവിടെയാണ് കവിയുടെ നിർമ്മാണാത്മകമായ പ്രതിഭയുടെ പ്രവർത്തനം വേർതിരിഞ്ഞുനില്ക്കുന്നത്.

കാളിദാസൻ വളരെ ശാസ്ത്രജ്ഞാനമുള്ള കവിയായിരുന്നുവെന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലത്ത് പ്രചാരത്തിലിരുന്ന സമസ്ത വിജ്ഞാനശാഖകളിലും അദ്ദേഹം അവഗാഹം നേടിയിരുന്നു. വേദം, വേദാന്തം, വ്യാകരണം, നിരുക്തം, ജ്യോതിഷം, ധർമ്മശാസ്ത്രങ്ങൾ, രാഷ്ട്രതന്ത്രം, കാവ്യനാടകാലങ്കാരങ്ങൾ, ഇതരകലകൾ എന്നിവയെല്ലാം കാളിദാസൻ നല്ലതുപോലെ മനസ്സിലാക്കിയിരുന്നു. ആധുനികശാസ്ത്രതത്വങ്ങളുടെ വ്യാഖ്യാനങ്ങൾക്ക് വിധേയമാക്കാവുന്ന ചില കാവ്യസന്ദർഭങ്ങൾ കാളിദാസശാകുന്തളത്തിൽ കണ്ടെത്തുവാനാണ് ഇവിടെ ശ്രമിക്കുന്നത്. ശാസ്ത്രവികാസത്തിന്റെയും തിരിച്ചറിവിന്റെയും ഒരന്തരീക്ഷം ശാകുന്തളത്തിന്റെ ആന്തരികലോകം നമ്മെ ഓർമ്മിപ്പിക്കുന്നു. ശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്രം, സംസ്കാരം, ചരിത്രം ഇവയുടെയെല്ലാം ഏതെങ്കിലും രീതിയിലുള്ള പ്രതിഫലനം സാഹിത്യത്തിലുണ്ടാവും. ആ നിലകളിലെല്ലാം ഒരു സാഹിത്യ കൃതി പരിശോധിക്കപ്പെടാവുന്നതാണ്.

അഭിജ്ഞാനശാകുന്തളത്തിലെ ഒന്നാം അങ്കത്തിൽ ദുഷ്യന്തന്റെ തേര് കണ്ട് അതിവേഗത്തിൽ പായുന്ന മാനിന്റെ ചിത്രീകരണം ശ്ലോകം 1-ൽ കവി അവതരിപ്പിക്കുന്നു. ശ്ലോകത്തിന്റെ ഗദ്യവിവർത്തനം നോക്കുക (ഈ ലേഖനത്തിൽ ഉപയോഗിച്ചിരിക്കുന്ന ശ്ലോകങ്ങളുടെ ഗദ്യവിവർത്തനങ്ങൾ കുട്ടിക്കൃഷ്ണമാരാരുടേതാണ്) ശ്ലോകം 1 പേർത്തും പേർത്തും അഴകമ്മാറു കഴുത്തൊടിച്ചു പിന്തുടരുന്ന തേരിന്മേൽ നോട്ടം വെച്ചും അമ്പേറ്റാലോ എന്ന് പേടിച്ച് പിന്നുടൽ മുക്കാലും മുന്നുടലിലേക്ക് ചുളുക്കിയും പാതിചവച്ച ദർഭപ്പുല്ല് കിതപ്പിൽ തുറന്നവായിൽ നിന്നുതിർന്നു വഴിയിൽ ചിന്നുമാറും. നോക്കൂ, കൊടും പാട്ടത്താൽ കൂടുതൽ ആകാശത്തിലൂടെയും കുറച്ചുമാത്രം നിലത്തൂടെയുമായിട്ടാണ് പോകുന്നത്.

തേരുകണ്ടോടുന്ന മാനിന്റെ വേഗതയും തേരിന്റെ വേഗതയും ചിത്രീകരിക്കുന്ന കാളിദാസൻ നമ്മെ അപാരമായ വേഗതയുടെ അനുഭവലോകത്തിലാക്കുന്നു. വേഗതയുടെ പ്രത്യക്ഷാനുഭവങ്ങളും പരോക്ഷാനുഭവങ്ങളും എല്ലാം പ്രത്യേകാനുപാതത്തിൽ ചേർത്ത് വിദഗ്ദ്ധമായിട്ടാണ് കവി ഇത് സൃഷ്ടിച്ചെടുക്കുന്നത്. ആസ്വാദനത്തിന്റെ എല്ലാ അനുഗ്രഹങ്ങളുമുള്ള ഒരു വായനക്കാരനിൽ വാക്കുകളിലൂടെയുള്ള ഈ വേഗതാചിത്രീകരണം കലാത്മകമായി അലിഞ്ഞുചേരുകയും ചെയ്യുന്നു. മുൻപ് ഉദ്ധരിച്ചിട്ടുള്ള ശ്ലോകത്തിൽ കിഴ്വരയിട്ടിരിക്കുന്ന ഭാഗത്തെ, ശാസ്ത്രസത്യം കൊണ്ട് വ്യാഖ്യാനിക്കാവുന്നതാണ്.

ഒരു നാഡീകേന്ദ്രത്തിൽ നിന്ന് ഒരു ബാഹ്യചോദനത്തിന് വിധേയമാകുന്ന പ്രതിസ്പന്ദനങ്ങളെപ്പറ്റിയുള്ള അറിവ് തനിക്ക് വരാൻ പോകുന്ന അപകടങ്ങളെക്കുറിച്ചുള്ള ബോധം അതിനെതിരെ അല്ലെങ്കിൽ അതിൽനിന്ന് സ്വയം രക്ഷിക്കാനെന്നോണം ബോധപൂർവ്വമല്ലാതെ നടക്കുന്നു. സുഷുമ്ന (Spinalcode) കൊടുക്കുന്ന വൈദ്യുതസിഗ്നലുകൾ മൂലം ഉണ്ടാകുന്ന ഈ പ്രവർത്തനം ജൈവശാസ്ത്രത്തിൽ അനൈച്ഛികവൃത്തി (Reflex action) എന്നറിയപ്പെടുന്നു. സംഭ്രമിച്ചോടുന്ന മാനിന്റെ വേഗതയെ ആസ്വാദനത്തിൽ പ്രത്യക്ഷീകരിക്കാൻ ഈ അറിവ്കൂടി മനസ്സിൽ സൂക്ഷിച്ചുകൊണ്ട് വായിക്കാം. അത് വായനയ്ക്ക് വ്യതിരക്തമായ പ്രവർത്തനം കൂടി തുറന്നിടുന്നു.



അതിവേഗത്തിലോടുന്ന തേരിലിരിക്കുന്ന രാജാവിന് പാർശ്വത്തിലെ കാഴ്ചകൾ ഇങ്ങനെയായിരുന്നു. കാഴ്ചയിൽ ചെറുതായിരുന്നതെല്ലാം പെട്ടെന്ന് വലുതായി വരുന്നു. ഇടയ്ക്ക് മുറിവുള്ളതെല്ലാം തമ്മിൽ ഏച്ചതുപോലെയായിത്തീരുന്നു. സ്വതവേ വളഞ്ഞിരുന്നതെല്ലാം കണ്ണിന് നേർവരയിലായിത്തീരുന്നു. തേർവേഗത്തിൽ ഒന്നും എനിക്ക് ക്ഷണനേരം പോലും അകലത്തല്ല അടുത്തുമല്ല (ശ്ലോകം 3). ആധുനികഭൗതിക ശാസ്ത്രത്തിന്റെ തിയറികൾ ഉപയോഗിച്ച് വ്യാഖ്യാനക്ഷമമായ ശ്ലോകമാണിത്.

ഒരു വസ്തുവിന്റെ വലുപ്പം ആപേക്ഷികമാണ് എന്നുള്ളതും അത് വസ്തുവും കാഴ്ചക്കാരനും തമ്മിലുള്ള അകലത്തിന് ആനുപാതികമാണെന്നുള്ളതും ഒരു ശാസ്ത്രസത്യം

ആണ്. ഒരു വസ്തുവിന്റെ നമുക്കനുഭവപ്പെടുന്ന വലുപ്പം ആ വസ്തു നമ്മുടെ കണ്ണിൽ സൃഷ്ടിക്കുന്ന കോണിനോട് ആനുപാതികമാണ്. ആ കോൺ വസ്തുവിന്റെ കണ്ണിൽനിന്ന് ദൂരത്തോടും ആനുപാതികമാണ്. വസ്തു അടുത്തിരിക്കുമ്പോൾ വലുതായും അകന്നിരിക്കുമ്പോൾ ചെറുതായും തോന്നുന്നു. നാം ഒരു വസ്തുവിന്റെ അടുത്തേക്ക് വേഗത്തിൽ അടുക്കുമ്പോൾ ചെറുതായിതോന്നിയത് വലുതായി വരുന്നതായി കാണപ്പെടുന്നു.

അതിവേഗം സഞ്ചരിക്കുമ്പോൾ വസ്തുക്കൾ ഒന്നിനു പിറകെ ഒന്നായി അതിവേഗത്തിൽ നമ്മുടെ കണ്ണിൽ പതിക്കുന്നു. വ്യത്യസ്ത വസ്തുക്കളുടെ വ്യത്യസ്ത പ്രതിബിംബങ്ങൾ അനുസ്യൂതമായ ഒരു പ്രതിബിംബ പ്രവാഹം സൃഷ്ടിക്കുകയും അത് നമ്മുടെ മസ്തിഷ്കത്തിൽ ഒരു അനുസ്യൂത പ്രതിബിംബത്തിന്റെ അനുഭൂതി സൃഷ്ടിക്കുകയും ചെയ്യുന്നു. ഒരിക്കൽ കണ്ണിന്റെ സ്ക്രീനിലും മസ്തിഷ്കത്തിലും പതിഞ്ഞ പിണ്ഡം വസ്തു മറഞ്ഞതിനുശേഷവും കുറെ സമയത്തേക്കുകൂടി മായാതെ നിൽക്കുന്നു (Persistance of vision- ദൃഷ്ടിസ്ഥായിത) ഈ ഭൗതികശാസ്ത്രസംബന്ധമായ അറിവ് ഇന്ന് അനുവാചകന് കവിയുടെ ഭാവന കുറച്ചുകൂടി ആഴത്തിൽ ആസ്വാദ്യമാക്കുന്നു. ശാസ്ത്രതത്വത്തിന്റെ പുതുവെളിച്ചത്തിൽ കൈവരുന്ന പുതിയ ഒരു സൗന്ദര്യം ഇവിടെ സജ്ജമാകുന്നു.

ആപേക്ഷികസിദ്ധാന്തം വളഞ്ഞ വസ്തുക്കൾ നേർരേഖയിൽ കാണപ്പെടുന്നു എന്ന കവിയുടെ വിവരണം നമുക്ക് മനസ്സിലാക്കിത്തരുന്നു. ആൽബർട്ട് ഐൻസ്റ്റൈന്റെ വിശിഷ്ട ആപേക്ഷിക സിദ്ധാന്തവും (Special Theory of Relativity) പൊതുആപേക്ഷികസിദ്ധാന്തവും (General Theory of Relativity) ഈ ആശയത്തെ ഒരു ഭൗതിക യാഥാർത്ഥ്യമാക്കിയിരിക്കുന്നു. ഈ സിദ്ധാന്തമനുസരിച്ച് ദ്രവ്യത്തിന്റെ സാന്നിദ്ധ്യം മിനികോവ്സ്ക്കിയുടെ ചതുർമാന സ്ഥലകാല സാതത്യ (Space Time continuum) ത്തെ വളയ്ക്കുന്നു. ഐൻസ്റ്റൈന്റെ സിദ്ധാന്തപ്രകാരം വലിയ പിണ്ഡത്തിന്റെ ആകർഷണഫിൽഡിൽ സ്പേസ് വളഞ്ഞതാണ്. ഇങ്ങനെയുള്ള ഫിൽഡിൽ വരുന്ന ഏതു വസ്തുവും വക്രപഥസഞ്ചാരം നടത്തുന്നു. പിണ്ഡത്തോട് അടുക്കുന്തോറും സ്പേസിന്റെ വക്രപഥം വർദ്ധിക്കുന്നു. മറ്റൊരു "അവലംബകത്തിൽ" (Frame of Reference)-ൽ നിന്ന് നോക്കുമ്പോൾ സ്വതേ വളഞ്ഞതെല്ലാം കണ്ണിന് നേർരേഖയിലായിത്തിരുന്നു. തേർവേഗത്താൽ ഒന്നും എനിക്ക് ക്ഷണനേരംപോലും അകലത്തല്ല അടുത്തുമല്ല എന്നതു മനസ്സിലാക്കാൻ ഏറെ പ്രയത്നം ആവശ്യമില്ല. ഐൻസ്റ്റൈന്റെ ആപേക്ഷികസിദ്ധാന്തം അനുസരിച്ച് ഏകകാലികത്വം (Simultaneity) എന്നത് ആപേക്ഷികമാണ്.

ഇനി ഏഴാമങ്കത്തിലെ ആറാം ശ്ലോകം പരിശോധിക്കാം- "മാതലേ, ഇന്നലെ കേറിവരുമ്പോൾ അസുരയുദ്ധത്സുക്യം മൂലം സ്വർഗ്ഗത്തിലേക്ക് വഴിനോക്കിക്കണ്ടില്ല. ഏത് വായു മാർഗ്ഗത്തിലാണ് നാമിപ്പോൾ" എന്ന ദുഷന്തന്റെ ചോദ്യത്തിന് മാതലി മറുപടി പറയുന്നതാണ് സന്ദർഭം. യാതൊന്ന് സ്വർഗ്ഗംഗയെ ആകാശത്തെ ഉറപ്പിച്ചതാക്കുകുയം ജ്യോതിസ്സുകളെ പ്രകാശം തിരിച്ചു നടത്തുകയും ചെയ്യുന്നുവോ ആ പരിവാഹ വായുവിന്റെ വിഷ്ണുവിന്റെ രണ്ടാം കാൽവെയ്പുകൊണ്ട് തമസ്സറ്റതാണ് ഇതെന്ന് പറയുന്നു.

പ്രകാശത്തെ തിരിച്ചു നടത്തുന്ന ആ പരിവഹ വായുവിനെക്കുറിച്ചുള്ള പരാമർശത്തിനും ഭൗതികശാസ്ത്രാടിത്തറ കണ്ടെത്താം. ഭൂമിക്കും ഭൂമിയുടെ അന്തരിക്ഷത്തിനും അപ്പുറമുള്ള ബാഹ്യലോകത്ത് നിന്ന്, ബഹിരാകാശത്ത് നിന്ന് വരുന്ന റേഡിയേഷനുകളേയും ഊർജ്ജത്തേയും (അതി അപകടകാരികളാണ് അവയിൽ ചിലത്) തടഞ്ഞു നിർത്തുകയും തിരിച്ചു വിടുകയും ചെയ്യുന്ന അന്തരീക്ഷപാളികളെപ്പറ്റിയുള്ള അറിവ് ഇന്ന് നമുക്കുണ്ട്. അതിശക്തമായ കോസ്മിക് രശ്മികളിൽനിന്നും ഈ പാളി ഭൂമിയെ രക്ഷിച്ചുകൊണ്ട് നില്ക്കുന്നു. ഓസോൺ വാതകത്തിൽ പൂരിതമായ ഓസോൺ പാളി (Ozonsphere) ഭൗമാന്തരീക്ഷത്തിലെ ഒരു പ്രത്യേകതലമാണ്. സൂര്യനിൽ നിന്ന് ഭൂമിയിലേയ്ക്ക് പതിക്കുന്ന അപകടകാരികളായ അൾട്രാവൈലറ്റ് രശ്മികളെ ആഗിരണം ചെയ്യുന്ന അൾട്രാവയലറ്റ് രശ്മികളിൽ നിന്നും അവ സൃഷ്ടിക്കുന്ന അതിഭീകരങ്ങളായ അപകടങ്ങളിൽ നിന്നും ഭൂമിയേയും ഭൗമജീവിതത്തേയും സംരക്ഷിച്ചുകൊണ്ട് നില്ക്കുന്നു.

ഇന്ദ്രന്റെ അടുക്കൽ നിന്നും ആകാശമാർഗ്ഗത്തിലൂടെ ഭൂമിയിലേക്ക് പറക്കുന്ന ദുഷ്യന്തന് മനുഷ്യലോകം ഒരത്ഭുതകാഴ്ചയായി കാണപ്പെടുന്നു. ഏഴാം അങ്കത്തിലെ എട്ടാം ശ്ലോകം നോക്കുക കാളിദാസ വർണ്ണനകൾ യാഥാർത്ഥ്യത്തിന്റെ കൊടുമ്പിരികൊള്ളുന്ന ബോധം വായനക്കാരനിൽ സൃഷ്ടിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. ഈ ശ്ലോകം അതിന് നല്ലൊരു മാതൃകയാണ്. നിവർന്നു വരുന്ന പർവ്വതങ്ങളുടെ കൊടുമുടിയിൽ നിന്നു ഭൂമി ഇറങ്ങുംപോലെ തോന്നുന്നു. മരങ്ങൾ തടി-കൊമ്പുകൾ കാണായി ഇലപ്പടർപ്പാകുന്ന പുതപ്പുകൾ നീക്കും പോലെ തോന്നുന്നു. നേർത്തു നേർത്തു വെള്ളമില്ലാതിരുന്ന പുഴകൾ തെളിഞ്ഞ നീരൊഴുക്കു പൂണുംപോലെ തോന്നുന്നു. ആരോ ഒരാൾ മനുഷ്യലോകത്തെ പൊങ്ങിച്ച് എന്റെ അരികിലെത്തിക്കുംപോലെ തോന്നുന്നു. ഇത് കേവലം ഭാവനകൊണ്ട് മാത്രം ആവിഷ്കരിച്ചതാണെന്ന് വിചാരിക്കാൻ കഴിയില്ല. ബാഹ്യാകാശത്ത് നിന്ന് താഴേക്കു സഞ്ചാരം നടത്തിയിട്ടുള്ള ഒരു കവിക്ക് മാത്രമേ അനുഭാവാത്മകമായി ഇങ്ങനെയൊരു ചിത്രീകരണം സാദ്ധ്യമാകുകയുള്ളു.

വികസിതമായ ഒരു ശാസ്ത്രസാങ്കേതിക ലോകത്തിന്റെ പ്രതിഫലനം ശാകുന്തളത്തിലുണ്ട്. ശാകുന്തളത്തിൽ പ്രതിഫലിച്ചുകാണുന്ന ബഹിരാകാശ വിജ്ഞാനവും ദുഷ്യന്തന്റെ ബഹിരാകാശസഞ്ചാരവും ശാസ്ത്രസാങ്കേതികവിദ്യയുടെ പ്രതിഫലനമായി കാണണം. ശാകുന്തളം ഉയർത്തുന്ന പാരിസ്ഥിതിക പാഠം പരിസ്ഥിതിക ശാസ്ത്ര (Ecology) പശ്ചാത്തലത്തിൽ കൃതിപഠിക്കുവാനുള്ള സാദ്ധ്യത തുറന്നിട്ടുണ്ട്. സർവ്വജീവജാലങ്ങളുടേയും സാഹോദര്യത്തിന്റേതായ ഒരുലോകം ഈ കൃതി കാണിച്ചുതരുന്നു. ശാകുന്തളത്തിലെ ദുഷ്യന്ത ശാകുന്തള പ്രണയംപോലും ഈ വിലോഭനീയമായ ജീവിതപരിതസ്ഥിതിയിലാണ് കൂടുതൽ ഭംഗിയിലേക്ക് പല്ലവിതമാകുന്നത്.

ഈ ലോകത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ശാസ്ത്രാടിത്തറയുള്ള ശ്ലോകങ്ങളിൽ ചിലത് സൂക്ഷ്മദർശനത്തിലൂടെ മാത്രം കവി ആവിഷ്കരിച്ചതാണെങ്കിൽ തന്നെ, ആ സൂക്ഷ്മദർശനത്തിന്റെ ശാസ്ത്രാടിത്തറ ഉൾക്കൊള്ളുമാറുള്ള അത്ഭുതാവഹമായ കൃത്യത ഒരു ശാസ്ത്രജ്ഞനുപോലും വിസ്മയം ജനിപ്പിക്കുന്നതാണ്. ഈ അർത്ഥത്തിലും കവി ശ്ലാഘനീയനായിത്തീരുന്നു. അതിന് ശാസ്ത്രീയമായ അടിത്തറകൂടി ഉണ്ടെന്നുള്ളതാണ്. ഇവിടെ നാം കാണുന്നത്. ഈ സൂക്ഷ്മദർശനത്തിന് ശാസ്ത്രാടിത്തറ കിട്ടുകയും അത് കാവ്യാത്മകമായിത്തീരുകയും അതിലൂടെ അത് കലാക്ഷേത്രത്തിലേക്ക് പദമൂന്നുകയും ചെയ്യുന്ന കാഴ്ച ഒരു വായനക്കാരനെ സംബന്ധിച്ച് നല്ലൊരു അനുശീലനം തന്നെയായിത്തീരുന്നു. ഇവിടെ ശാസ്ത്രസത്യം വിലയിച്ചിരിക്കുന്ന മനസ്സ് കാവ്യാത്മകതയിലേക്ക് ഉണരുമ്പോൾ ഒരു നവ്യാനുഭൂതി സംജാതമാവുകയാണ്. ആസ്വാദനത്തിന് കിട്ടുന്ന ഈ സാഹായ്യം ആസ്വാദനത്തിന്റെ ശൃംഖലിതമായ പ്രവർത്തനത്തിൽ പ്രധാന സംഭവുമാണ്

# വാഗ്ദത്ത ഭൂമികൾ

ടി. ഗിരിജ

ഓടയിലെ പിഞ്ചുജഡത്തിന്റെ
ചുരുക്കിയടച്ച കൈകൾക്കുള്ളിൽ
ആർത്തലെഴുതാത്ത രേഖാചിത്രങ്ങളിൽ
ഭാവികനകൈ. . .
വൈരൂപ്യം ചുംബിച്ചതിനാനുകളിൽ
നിസ്സഹായത ഉലഞ്ഞുതീരുന്നു.
വേട്ടയാടപ്പെടുന്ന നിഷ്കളങ്കതയിൽ
കീശനിറയ്ക്കുന്ന ആസക്തി
ഇവിടേയ്ക്ക്. . മരുഭൂമിയുടെ
പിടയുന്ന വേനലുറവിലേയ്ക്ക്.
നിന്നെ വീണ്ടും വരവേൽക്കവേ. . .
എത്താത്ത ഒട്ടകങ്ങൾക്കായി
പുറംകടലിലലയുന്ന അരയന്റെ
നിറയാത്ത തോണികൾക്കായി
കനത്തുകറുക്കുന്ന ഉത്തരാദുഃഖങ്ങൾ മിഴിക്കോണുഴിയവേ. . .
പറന്നുലയുന്ന മഞ്ഞിൻപാളികളിൽ
കീറിപ്പറത്തിയ സ്മൃതിസൂക്തങ്ങൾ. . .
വിസ്മൃത പെരുമാറ്റപ്പൊരുളുകൾ.
ഇവിടേയ്ക്കു വീണ്ടും നിന്നെ
എന്റെ സ്വപ്നപ്പാളിയെ
വീണ്ടും വരവേൽക്കവേ. . .
ആശകളുടെ പിഞ്ചിലകളിൽ
ജീവിതം തളിർപ്പിക്കുന്നോർക്കായി
ഇവയെ. . . നീ വർണ്ണവസ്ത്രത്താൽ മൂടി മറയ്ക്കുക.
കനത്ത താഴിട്ട തടിവാതിൽ
ചിത്രപ്പണിയിലുണരുന്ന ധർമ്മപാലകർ
കടന്നുവരുന്ന ഇരുട്ടിനൊപ്പം
തുട്ടുകളിൽ കരാറുറപ്പിയ്ക്കുന്ന നിലപാടുകൾ.
നെഞ്ചടിച്ചു കലക്കി, ആരാന്റെ മരണം
ആഘോഷമാക്കുന്നോർ
'ഞാൻ' തെറ്റല്ലാത്ത പുതിയ ലോകത്തിൽ
നീയും നിന്റെ വേദപുസ്തകവും
അനിഷേദ്ധ്യശരികൾ
വൃത്തത്തിന്നാദിയന്തങ്ങൾ......
കോഴിയും മുട്ടയും ആദിസത്യഗവേഷകർക്കു
പൊട്ടാത്ത എല്ലിൻതുണ്ടാകെ.
ഈർക്കിലിൽ കൊരുത്ത വെള്ളയ്ക്ക
ഗോളവും, വൃത്തവുമുള്ള സമസ്യയാകെ
വീണ്ടും- നിന്നെ -- വരവേൽക്കെ
ദുരൂഹതയിൽ. . . നിഗൂഢതയിൽ--
. ഉരുൾപ്പൊട്ടൽ...
വെള്ളപ്പിഞ്ഞാണത്തിൽ തവളക്കാലിനൊപ്പം
നീണ്ടവിരലുകൾ
അറിവുകൾ. . . തുറക്കാത്ത പുസ്തകത്താളിൽ
സുഭദ്രം. . . സുരക്ഷിതം...
വിരൽത്തുമ്പിൽ ദൂരവും, കാലവും, അറിവും
കുരുങ്ങിത്തെറിയ്ക്കവേ
അനുഭവം പഴം തൊണ്ടാകെ.
ഉള്ളിലെ ചിരട്ടകാണാതെ പോയത് കാലദശ.
അനിവാര്യസത്യത്തിന്റെ രൂപപരിണാമം.
കൊച്ചുമിഴിയിൽ കനവാകെ.
തുറിച്ച ഗോളങ്ങളിൽ ചത്തകൃഷ്ണമണികൾ.
മൂക്കിനുതാഴെ വെടിച്ച വ്രണം
പാതിമുറിഞ്ഞ വിരലുകൾ പിച്ച നടത്തുന്ന
പിഞ്ചുപാദങ്ങൾ.
മാതൃത്വം ശാപമെന്ന അറിവിൽ
സൃഷ്ടിയ്ക്ക് സജ്ജമാക്കിയ ഗർഭപാത്രങ്ങൾ
അഗ്നിയിലെറിയാൻ തരിയ്ക്കവേ. . .
നീ നിന്നിലേയ്ക്കു നോക്കുക! മാപ്പുസാക്ഷിയുടെ
ദൗത്യം.
പറിച്ച്, കീറുന്ന ഉടൽ
ഒടിച്ച്, ചികിത്സിയ്ക്കുന്ന എല്ലുകൾ
കുത്തിയണയ്ക്കുന്ന ദീപ്തി
വധിയ്ക്കാൻ വിധിയ്ക്കപ്പെട്ടവന് കൊല്ലാക്കൊലനിസ്സാരം
നീതിപുസ്തകം തുറക്കപ്പെടാതിരിക്കട്ടെ.
സുരക്ഷിതമായ അന്ധതയിൽ
കല്ലറകളൊരുക്കി മൃതദേഹങ്ങളെ നമുക്ക് സംരക്ഷിയ്ക്കാം.
അന്ത്യവിചാരണവേളയിൽ
ഉയിർത്തെഴുന്നേല്പ്, പുനർജ്ജനി
സ്വപ്നങ്ങൾ കിളിർക്കുന്ന വാഗ്ദത്തഭൂമികളിലാകട്ടെ


## ARJUN BOOKS

NEAR ENGINEERING COLLEGE
CHENGANNUR-689121
Phone: 453315 (Shop) 352314 (Res)

***(Publishers and Book Sellers)***

Engineering text books and instruments available on uncompetable prices.
Text books and guides in all subjects for 10+2, VHSE, Pre-Degree and Degree courses available

ALSO AVAILABLE:- Arjun's D.T.P
Arjun's Cellular Phone Service
Photostat facility

*With best compliments from:*

**SYNTHITE INDUSTRIAL CHEMICALS LIMITED**

Kadayiruppu, Kolenchery - 682 311
Telephone : (0484) 760285 / 760316 / 760552
Telefax : (0484) 760367

**Manufacturers of :-**

- **SPICE OILS**
- **SPICE OLEORESINS**
- **NATURAL FOOD COLOURS**
- **SEASONINGS**
- **RESINOIDS**
- **FLORAL CONCRETES / ABSOLUTES**
- **DRY FLOWERS / POTPOURRI**
- **TISSUE CULTURE PLANTS**

*Synthite - The true essence of India*

*With best compliments from:*

*The Vengeri Service Co-operative Bank*
*Ltd. No: 2714*

**Vengeri**

**V. Sahadevan**
**President**

**Rarichutty**
**Secretary**

# രക്തപുഷ്പാഞ്ജലി

പരുത്തിപ്പള്ളി കൃഷ്ണൻകുട്ടി

ഒരു സൂര്യൻകൂടി ജ്വലിച്ചടങ്ങി
തമോമയമീലോകം
വെളിച്ചത്താൽ
തിളക്കിയ മഹാപ്രഭ!
ഇരുളിൻ കങ്കാളങ്ങൾ കൂളിയാടിയകാലം
അഹന്ത കൊടിക്കൂറ വിയത്തിൽ പാറിക്കുമ്പോൾ
ജ്വരജല്പനങ്ങളാൽ
ദിഗന്തം ഭേദിക്കുമ്പോൾ
മരണം വായും പിളർ-
ന്നലറിത്തിമർക്കുമ്പോൾ
അധികാരത്തിൻ ചവിട്ടടിയിൽ
മാനുഷകം ഞരങ്ങിപ്പിടയവേ
മൂകമായ് വിലപയ്ക്കേ
നക്ഷത്ര പ്രഭാവനായ് പിറന്നു
സ്ഥിതപ്രജ്ഞൻ
വിദ്യുജ്ജിഹ്വനായ് മന്നിൽ
വിളങ്ങി സർവോൽക്കർഷം!
മർദ്ദിതരുടെ വിമോചകനായ്
തമസ്സിന്റെ ശക്തികൾക്കെന്നും
പേടിസ്വപ്നമായ്, ഭവാനെന്നും
വാഗ്ദേവത കനിഞ്ഞരുളിയ
പൊൻ പേനയും
വാഗ്വിലാസവുമൊളി-
മങ്ങാത്ത പ്രതിഭയും



ഒത്തിണങ്ങിയ മഹാതേജസ്വി
ലോകർക്കെന്നും 'ത്ര്യക്ഷരി'
നാവിൽതങ്ങി മോചനമഹാമന്ത്രം.
'ഈയെമ്മസ്' ജനപ്രിയനേതാവ്
നാടിൻ വീരപുത്രനായ്
കർമ്മോജ്വലൻ
വിപ്ലവേതിഹാസമായ്.
അന്ധതയുടെ പൂണൂൽ
ബന്ധനം തകർത്തുകൊ
ണ്ടന്ധവിശ്വാസക്കാടും
കാടുകളെരിച്ചോരാൾ!
ജന്മഭൂമിതൻ വിമോചനപ്പോരാട്ടത്തിൽ
കർമ്മധീരനായ് അടരാടിയ പടയാളി!
'കേരളം മലയാളിതൻ മാതൃഭൂമി'യെന്നുച്ചം
പ്രഖ്യാപിച്ചൊരു ധന്യചരിത്രഗവേഷകൻ
കൈരളിയുടെ നിത്യകാമുകൻ. പുരോഗാമി
നൂതന കലാവിദ്യയ്ക്കെതിച്ച സാഹിതീഭക്തൻ
നാടുറങ്ങുമ്പോൾ, നാട്ടാരുറക്കം നടിച്ചപ്പോൾ
നാടിന്റെ രക്ഷയ്ക്കായിട്ടുറങ്ങാതിരുന്നൊരാൾ!
സേവന മന്ത്രത്താലേ യജ്ഞവേദിതൻ പരി-
പാവനതയെക്കാത്ത മറ്റൊരു മഹാത്മജി!
അവിടുത്തെ വിരസ്മരണയ്ക്കായ്ത്തുകട്ടെ
നമിത ശിരസ്കരായ് ഞങ്ങൾ
രക്തപുഷ്പാഞ്ജലി!!


THE WORLD OF TOMORROW. . .

APTECH CERTIFIED COMPUTER PROFESSIONAL (ACCP)-3 YEARS

**APTECH CERTIFIED GLOBAL SKILLS**

Computers + Internet - 4 months
Computers for Managers - 2 months
Computers + Finance I - 2 ½ months
Computers + Finance II - 8 months

APTECH CERTIFIED SHORT TERM COURSES

Oracle 8.0 with developer 2000
OOPS with Visual C + +
Visual Java + +
Visual Basic

Get in touch with:

**APTECH COMPUTER EDUCATION**
Opposite Private Bus Stand
Alwaye - 683 101. Phone: 623779

# ഇംഗ്ലീഷ്പഠനവും കോളനിവാഴ്ചയും

പി.പി. രവീന്ദ്രൻ

ഉപരിവിദ്യാഭ്യാസരംഗത്തിലെ ഇംഗ്ലീഷ് പഠനത്തിന്റെ അതിരുകൾ പുനർനിർണ്ണയിക്കുന്നതിലേക്കുള്ള ചില സൂചനകളാണ് ഈ കുറിപ്പിൽ. നമ്മുടെ കോളേജുകളിലെയും സർവ്വകലാശാലകളിലേയും ആംഗലേയ ഭാഷാ സാഹിത്യപഠനം ഒരു പുനരവലോകനം ആവശ്യപ്പെടാൻ തുടങ്ങിയിട്ട് കാലമേറെയായി എന്ന ബോധ്യമാണ് ഈ കുറിപ്പിനാധാരം. ഇംഗ്ലീഷിനും ഇതര ഒന്നാം ലോകഭാഷകൾക്കും മുൻതൂക്കമുള്ള പുതിയലോകക്രമത്തിന്റെ വ്യാപനം, ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലെ ഭരണകൂടങ്ങളിൽനിന്നുപോലും ഈ ലോകക്രമത്തിനു കിട്ടുന്ന അംഗീകാരം. ഇംഗ്ലീഷ് ഭാഷയും ഇന്ത്യൻഭാഷകളും തമ്മിലുള്ള പ്രായോഗിക ബന്ധത്തെക്കുറിച്ച് വിവിധ തലങ്ങളിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന അഭിപ്രായ സംഘട്ടനങ്ങൾ. ഇംഗ്ലീഷ് സംസാരഭാഷയായിട്ടുള്ള സമൂഹങ്ങളിൽതന്നെ ഇംഗ്ലീഷ് പഠനം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി തുടങ്ങിയവയാണ് ഈ അവലോകനത്തെ സജീവമാക്കുന്നത്.

ഇതര പ്രയുക്ത പഠനമേഖലകളിൽ നിന്നും ഭാഷാ പഠനമേഖല വ്യത്യസ്തമെന്ന് പ്രത്യക്ഷത്തിൽ തോന്നാവുന്നത് പഠനത്തിന്റെ വിഷയം-കുറേക്കൂടി കണിശമായി പറഞ്ഞാൽ ജ്ഞാനവിഷയം-നിർണയിക്കുന്നകാര്യത്തിലാണ്. ഇതര പഠനമേഖലകളുടെ വിഷയം ഭാഷയിൽ നിന്നും വേറിട്ടു നിൽപ്പുള്ള ഒരു ഭൗതിക യഥാർത്ഥ്യമാണെങ്കിൽ ഭാഷാപഠനത്തിൽ ഭാഷതന്നെ ജ്ഞാനവിഷയമായി നില്ക്കുന്നു എന്നാണ് പ്രത്യക്ഷത്തിൽ തോന്നുക. ഇത് വളരെവിവാദജനകമായ കാര്യമാണ്. കാരണം ഭാഷ നാം ചിലപ്പോഴെങ്കിലും കരുതുന്നതുപോലെ യാഥാർത്ഥ്യത്തെ നിസ്സംഗമായി കടത്തിവിടുന്ന നിർഗുണ പരബ്രഹ്മമല്ല. യാഥാർത്ഥ്യത്തെ ഉൽപ്പാദിപ്പിക്കുന്നതിൽ ഭാഷയ്ക്ക് സവിശേഷമായ പങ്കുണ്ടെന്നത് ഇന്ന് ഏറെക്കുറെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ഏതെങ്കിലും ഭൗതികശാസ്ത്രവിഷയത്തേയോ മാനവിക ശാസ്ത്രവിഷയത്തേയോ സംബന്ധിച്ചുള്ള ഒരു (പഴയ) സോവിയറ്റ് പ്രസിദ്ധീകരണവും ഒരു അമേരിക്കൻ പ്രസിദ്ധീകരണവും തമ്മിലുള്ളവ്യത്യാസം വിരൽ ചൂണ്ടുന്നത് ഈ പങ്കിലേക്കാണ്. കാര്യമിതാണെങ്കിലും യാഥാർത്ഥ്യത്തിൽ നിന്നും വേറിട്ടുനിൽക്കുന്ന ഭാഷാപഠനത്തിന്റേതായ ഒരു തലം പ്രായോഗിക വിദ്യാഭ്യാസമേഖലയിലെങ്കിലും നമുക്കു സങ്കല്പിക്കാവുന്നതാണ് ഭാഷാപ്രയോഗത്തിന്റെ കഴിവുകളായി ഭാഷാശാസ്ത്രകാരൻ വിശേഷിപ്പിക്കുന്ന എഴുത്ത്, സംസാരം, വായന, കേൾവി എന്നിവയുടെ ഉത്തേജനവുമായി ബന്ധപ്പെട്ടതാണ് ഈ തലം. വിദ്യാർത്ഥിയിൽ ഈ പറഞ്ഞ നാലു കഴിവുകൾ വളർത്തിക്കൊണ്ടുവരിക എന്നതാണ് ഭാഷാപഠനത്തിന്റെ ലക്ഷ്യമായി ഇങ്ങനെ വാദിക്കുന്നവർ എടുത്തുകാണിക്കുക. കമ്പ്യൂട്ടറിന്റേയും മാധ്യമ വിസ്ഫോടനത്തിന്റേയും പുതിയ സാങ്കേതിക ക്രമത്തിൽ അനായാസം വികസിപ്പിക്കാവുന്ന ഈ കഴിവുകളാണ് ഭാഷാപഠനം കൊണ്ട് നാം ലക്ഷ്യമാക്കുന്നതെങ്കിൽ ഇതിനുവേണ്ടി നാം ഇന്ന് ചിലവഴിക്കുന്ന മനുഷ്യാധ്വാനവും സമയവും പണവും ദുർവ്യയമാണെന്നു പറയേണ്ടിവരും. വികസിത രാജ്യങ്ങളിൽ മൂന്നോ നാലോ മാസങ്ങൾ കൊണ്ട് ചെയ്തു തീർക്കുന്ന ഭാഷാപഠനത്തിനുവേണ്ടിയാണം നാം പത്തു മുതൽ പന്ത്രണ്ട്വരെ വർഷങ്ങളും കണക്കറ്റ സംഖ്യയും വ്യയം ചെയ്യുന്നതെങ്കിൽ അതിനെ നിർഭാഗ്യമെന്നേ വിശേഷിപ്പിക്കാനാകൂ.

ഇവിടെയാണ് ഭാഷാപഠനത്തിന്റെ ജ്ഞാനവിഷയത്തെ കുറേക്കൂടി അവധാനതയോടെ നിർവചിക്കേണ്ടത് അനിവാര്യമായി മാറുന്നത്. ഇത് ഇന്നിന്റെ പ്രശ്നമല്ലതാനും. ഭാഷാപഠനത്തിന്റെ വിഷയ പരിധിക്കുള്ളിൽ അതത് ഭാഷാസമൂഹങ്ങളുടെ ധർമ്മശാസ്ത്രങ്ങളേയും പുരാണേതിഹാസങ്ങളേയും കൊണ്ടുവരിക വഴി പൗരാണിക ഭാരതീയ സമൂഹമടക്കമുള്ള പഴയകാലസമൂഹങ്ങൾ ചെയ്തത് ജ്ഞാനവിഷയ നിർവചനം തന്നെയായിരുന്നു. സാഹിത്യത്തെ ഭാഷാപഠനത്തിനുള്ള വിഷയമായി നിർവചിക്കുക വഴി ആധുനികസമൂഹങ്ങളും ചെയ്യുന്നത് ഇതുതന്നെ.

ഭാഷാപഠനം സാഹിത്യപഠനമായി മാറുന്നത് പ്രത്യയശാസ്ത്രപരമായ പലപ്രശ്നങ്ങളും ഉൾച്ചേർന്നിട്ടുള്ള ഒരു മുഹൂർത്തമാണ്. ധാരാളം രാഷ്ട്രീയധ്വനികൾ വഹിക്കുന്ന ഒരു മേഖല. നമ്മുടെ സർവകലാശാലാ വിദ്യാഭ്യാസരംഗത്തെ ഇംഗ്ലീഷ്പഠനം അപ്പോൾ രാഷ്ട്രീയ ധ്വനികളുടെ ഒരു വിഹാരരംഗമായി മാറുന്നത് സ്വാഭാവികം മാത്രം.

ഈ പ്രശ്നത്തെ ഇംഗ്ലീഷ് സാഹിത്യപഠനവും മാതൃഭാഷാപഠനവും തമ്മിലുള്ള വൈരുദ്ധ്യം എന്ന രീതിയിൽ നാം അവതരിപ്പിക്കാതിരിക്കുക. ഇംഗ്ലീഷ് പഠനം ആഗോളതലത്തിൽ വികസിച്ചുവെന്നതിന്റെ ചരിത്ര പശ്ചാത്തലം തന്നെ നമ്മെ പഠിപ്പിക്കുന്നത് കാര്യങ്ങളെ ഇപ്രകാരം ലളിതവത്കരിക്കുന്നത് ശരിയായിരിക്കില്ല എന്നാണ്.

ഇംഗ്ലീഷ് പഠനത്തിന്റെ ചരിത്രത്തെക്കുറിച്ച് സമീപകാലത്ത് ധാരാളം ഗവേഷണ പഠനങ്ങൾ നടന്നിട്ടുണ്ട്. മീനാക്ഷി മുഖർജി, രാജേശ്വരി സുന്ദർരാജൻ, സൂസിതാരു, ഗൗരിവിശ്വനാഥൻ തുടങ്ങിയ ഇന്ത്യാക്കാരും, ഡി.ജെ. പാമർ, ക്രിസ്ബാൾഡിക്, റെയ്മണ്ട് വില്യംസ്, ടെറി ഈഗിൾടൺ തുടങ്ങിയ ഇംഗ്ലീഷുകാരും അടങ്ങിയ ഗവേഷകരുടെ ഒരു നീണ്ട നിര ഈ മേഖലയിലുണ്ട്. ഇവരുടെയൊക്കെ പഠനങ്ങൾ വിരൽചൂണ്ടുന്ന രസകരമായ ഒരു വസ്തുത ഇംഗ്ലീഷ് ഒരുപഠന വിഷയമെന്ന രീതിയിൽ ഇന്ത്യയിലും ഇതര കോളനി രാജ്യങ്ങളിലും അവതരിപ്പിക്കപ്പെട്ട അതേ കാലഘട്ടത്തിൽ തന്നെയാണ് ഇംഗ്ലണ്ടിലും അതാവിർഭവിച്ചത് എന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യ ദശകങ്ങളിൽ അതിനു മുമ്പ് ബ്രിട്ടീഷ് സർവകലാശാലകളിലെ പാഠ്യപദ്ധതിയിലെ മുഖ്യമായ ഇനം ക്ലാസ്സിക്കൽ ഭാഷകൾക്കും ഗണിതശാസ്ത്രത്തിനും പുറമെ liberal trivium എന്നു പാശ്ചാത്യർ വിശേഷിപ്പിച്ച വ്യാകരണവും തർക്കശാസ്ത്രവും, പ്രസംഗകലയും ആയിരുന്നു. ബ്രിട്ടന്റെ സാമൂഹ്യ രൂപീകരണത്തിൽ ഇക്കാലത്ത് വന്നുചേരുന്ന ചിലമാറ്റങ്ങളാണ് ഇംഗ്ലീഷ് സാഹിത്യകേന്ദ്രിതമായ ഭാഷാപഠനം സർവകലാശാലാ പാഠ്യപദ്ധതിയിൽ വരുന്നതിന് നിമിത്തമായത്. ഫ്യൂഡൽ സമൂഹത്തിൽ നിന്നും ഭിന്നമായ ഒരു ബൂർഷ്വാസിയുടെ വളർച്ചയും മതവിശ്വാസത്തിന് സാമാന്യജനത്തിന്മേലുണ്ടായിരുന്ന സ്വാധീനത്തിനു വന്നു ചേരുന്ന തളർച്ചയും മധ്യവർഗ്ഗത്തിന്റെ മുന്നേറ്റവും സ്ത്രീകളടക്കമുള്ള എല്ലാവിഭാഗം ജനങ്ങൾക്കും വോട്ടവകാശം

ലഭിക്കുന്നതും മറ്റും ഇതിനെ സഹായിച്ച ഘടകങ്ങളാണ്. കവിതയെയും സാഹിത്യത്തേയും മതത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിച്ച് പുതിയ ഒരു ജീവിതക്രമം രൂപപ്പെടുത്താൻ മാത്യു ആർനോൾഡിനെപ്പോലുള്ളവർ നടത്തുന്ന ശ്രമങ്ങളും ഈയൊരു പ്രത്യയശാസ്ത്രപശ്ചാത്തലത്തിൽ വെച്ച് വേണം വായിക്കാൻ.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ ബ്രിട്ടിനിലെ ഇംഗ്ലീഷ് ഭാഷാ സാഹിത്യപഠനം ലക്ഷ്യമിട്ടിരുന്നത് തൊഴിലാളികളെയും സ്ത്രീകളെയുമാണ്. ഇതിനെക്കുറിച്ച് പഠനം നടത്തിയെടെറി ഈഗിൾടൺ പറയുന്നത് ശ്രദ്ധിക്കുക.

*ഇംഗ്ലീഷ് അക്ഷരാർത്ഥത്തിൽ തന്നെ പാവപ്പെട്ടവന്റെ ക്ലാസിക്കായി മാറി. പബ്ലിക് സ്കൂളുകളിലും ഓക്സ്ഫോർഡ്, കേംബ്രിഡ്ജ് തുടങ്ങിയ സർവകലാശാലകളിലും എത്തിനോക്കാൻ പറ്റാത്തവർക്ക് ലിബറൽ വിദ്യാഭ്യാസം കുറഞ്ഞ ചിലവിൽ കിട്ടാനുള്ള ഒരു മാർഗ്ഗമായിരുന്നു അത്. . . ഇംഗ്ലീഷ് ലക്ഷ്യമാക്കിയിരുന്ന വിക്ടോറിയൻ സമൂഹത്തിലെ മർദ്ദിത വിഭാഗം തൊഴിലാളികൾ മാത്രമായിരുന്നില്ല. സ്ത്രീകളെ പൂർണ്ണമനസോടെയല്ലെങ്കിലും പതുക്കെപ്പതുക്കെ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പ്രവേശിപ്പിച്ചതും ഇംഗ്ലണ്ടിൽ ഇംഗ്ലീഷ് പഠനം വ്യാപിച്ചതും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്.* ('സാഹിത്യസിദ്ധാന്തം ഒരു മുഖവുര' എന്ന പുസ്തകത്തിൽ നിന്ന്)

ഭാഷയിലൂടെ ഒരു ദേശം സൃഷ്ടിക്കപ്പെടുന്നതിന്റെ കഥ കൂടിയാണിത്. ഈ ദിശയിലുള്ള വിചാരം തല്ക്കാലം മാറ്റിവെച്ചുകൊണ്ട് ഇംഗ്ലീഷ് പഠനത്തിന്റെ കോളനികളിലേക്കുള്ള വ്യാപനത്തെ പിന്തുടർന്നാൽ മനസ്സിലാകുന്ന ഒരു വസ്തുത സ്ത്രീകളോടും തൊഴിലാളികളോടുമൊപ്പം കോളനി നിവാസികളേയും ഇംഗ്ലീഷ്പഠനത്തിന്റെ പരിധിയിൽ കൊണ്ടുവന്നതാണ് ഈ നീക്കത്തിന്റെ മുഖ്യമായ ഫലങ്ങളിലൊന്ന് എന്നതാണ്. ആഫ്രിക്കയിലേയും ഏഷ്യയിലെയും ജനങ്ങളെ ഇംഗ്ലീഷ് ഭാഷയും സാഹിത്യവും പഠിപ്പിച്ചതിലൂടെ ഇംഗ്ലീഷുകാരൻ നടപ്പിൽ വരുത്തിയത് ഇവിടങ്ങളിലെ രാജ്യങ്ങളെ ഭരിക്കാനുള്ള ഭൗതിക സാഹചര്യത്തേക്കാളുപരി ഭരിക്കുന്നവന്റെ പ്രത്യയശാസ്ത്രത്തെ ഉൾക്കൊള്ളാനുള്ള മാനസിക കാലാവസ്ഥയാണ്.

ഇന്ത്യയിലേയും ഇതര കോളനി രാജ്യങ്ങളിലേയും ഇംഗ്ലീഷ് പഠനത്തിന്റെ പിൽക്കാല ചരിത്രം നമുക്കറിവുള്ളതാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലും ഇവിടെ ഇറക്കുമതി ചെയ്യപ്പെട്ട ഇംഗ്ലീഷ് ക്ലാസിക്കുകളടങ്ങിയ സിലബസ്സ് ഏറെയൊന്നും മാറ്റമില്ലാതെ ഈ അടുത്ത കാലംവരെ നമ്മുടെ ക്ലാസ് മുറികളിൽ നിറഞ്ഞു നിന്നു. ഇംഗ്ലണ്ടിൽ 1910-ൽ ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ട വില്യം ഹെന്റി ഹഡ്സന്റെ An Introduction to the study of English Literature എന്ന പുസ്തകമാണ് കേരള-മഹാത്മാഗാന്ധി-കാലിക്കറ്റ് സർവ്വകലാശാലാകളിലെ ബി.എ. ഇംഗ്ലീഷ് പാഠ്യപദ്ധതിയിലെ മുഖ്യമായ ഇനം എന്ന വസ്തുത ഈ മാറ്റമില്ലായ്മയെയാണ് പ്രതീകവൽക്കരിക്കുന്നത്. ഹഡ്സന്റെ പുസ്തകം വെറുമൊരു പ്രതീകമല്ല. പടർന്നു പന്തലിച്ചുനിൽക്കുന്ന ഒരു പ്രത്യയശാസ്ത്രമാണത്. ശാശ്വതമൂല്യത്തിന്റെ ഭണ്ഡാഗാരമായി പരിഗണിക്കപ്പെടുന്ന ക്ലാസ്സിക്കുകളടങ്ങിയ ഒരു ഗ്രന്ഥസഞ്ചയം (canon) അവയെ വായിക്കാനാവാശ്യമായ സാമഗ്രികൾ (tools) വികസിപ്പിച്ചുതരുന്ന ഒരു വിമർശന പദ്ധതി, കോളനി രാജ്യങ്ങളിലെ ഭാഷാ സാഹിത്യങ്ങൾക്കുപോലും മാതൃകയാക്കാവുന്ന, അവ മാതൃകയാക്കിയെടുത്തിട്ടുള്ള ഒരു വിമർശനസ്ഥാപനം, സാഹിത്യത്തെക്കുറിച്ച് ഭാഷ-ദേശ-ജാതി-വർണ്ണ-ലിംഗ-കാല പരിഗണനകൾ ഭേദിക്കുന്ന ഒരു സങ്കല്പനം ഇവയൊക്കെയാണ് ഈ പ്രത്യയശാസ്ത്രത്തിന്റെ ചേരുവകൾ.

നമ്മുടെ ഭാഷാസാഹിത്യ പഠനത്തിന്റെ- ഇവിടെ ഞാൻ ഇംഗ്ലീഷിന്റെ മാത്രമല്ല എല്ലാ ഭാഷകളുടെയും കാര്യമാണ് ഉദ്ദേശിക്കുന്നത്- ആണിക്കല്ല് ഇത്തരമൊരു പ്രത്യയശാസ്ത്രമാകയാൽ ഇംഗ്ലീഷ് ഭാഷാപഠനത്തെ നമ്മുടെ സർവകലാശാലകളിൽ നിന്നും നിഷ്കാസനം ചെയ്താൽ പോലും ഈ പ്രത്യയശാസ്ത്രം തകരില്ല. ആഫ്രിക്കയിലേയും ഏഷ്യയിലേയും പല ഇംഗ്ലീഷു എഴുത്തുകാരുടെയും അമേരിക്കയിലെ നീഗ്രോ എഴുത്തുകാരുടെയും അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നത് ഇംഗ്ലീഷ്ഭാഷയെ പ്രത്യയശാസ്ത്രത്തിന് വിരുദ്ധമായി ഉപയോഗിക്കുന്ന എഴുത്തിന്റെ ശക്തമായ സംസ്കാരങ്ങൾ ഈ സമൂഹങ്ങളിൽ വികസിച്ചു വന്നിരിക്കുന്നു എന്നാണ്. ഇംഗ്ലീഷ് ഭാഷാപഠനം കോളനികളിൽ ആദ്യമായി അവതരിപ്പിക്കപ്പെട്ടപ്പോൾ അത് നിറവേറ്റിയ ചരിത്രദൗത്യമല്ല ഇന്ന് അതിന്റേത്. അതുകൊണ്ട് നമ്മുടെ എതിർപ്പ് ഭാഷയോടോ അതിന്റെ സാഹിത്യത്തോടോ ആവാതിരിക്കട്ടെ. എതിർക്കപ്പെടേണ്ടത് ഈ ഭാഷപ്രതിനിധാനം ചെയ്യുന്ന പ്രത്യയശാസ്ത്രമാവണം. ഭാഷാ സാഹിത്യപഠനത്തിന്റെ അപകോളനീകരണത്തിന്റെ അനിവാര്യതയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്.

ഭാഷാസാഹിത്യ പഠനത്തിന്റെ ഈ അപകോളനീകരണം നാമെങ്ങനെ യാഥാർത്ഥ്യമാക്കും? വളരെ സങ്കീർണ്ണമായ ഈ പ്രശ്നത്തെക്കുറിച്ചുള്ള ചില സൂചനകൾ മാത്രം നൽകാം. സാഹിത്യത്തെക്കുറിച്ചുള്ള യാഥാസ്ഥിതികധാരണകളെ തകിടം മറിക്കുന്നതിലൂടെയേ ഇത് സാധ്യമാവുകയുള്ളൂ. സാഹിത്യം കാലദേശങ്ങളെ അതിവർത്തിച്ചു നിൽക്കുന്ന ശാശ്വതമൂല്യങ്ങളുടെ ഭണ്ഡാഗാരമാണെന്ന ധാരണക്കുപകരം സവിശേഷ സമൂഹങ്ങളുടെ പ്രത്യയശാസ്ത്രപ്രയോഗമാണ് അത് എന്ന യാഥാർത്ഥ്യം അംഗീകരിക്കപ്പെടണം. ഹഡ്സണോ നമ്മുടെ ഒ.വി. വിജയൻ പോലുമോ സമ്മതിച്ചു തരുവാൻ സാധ്യതയില്ലാത്ത കാര്യമാണിത്. "ഒരു നോവൽ ഒരു ഗ്രാമത്തിന്റെ കഥയാണെന്നു പറയുന്നത് കലാപരമായ ഒരു കെണിയാണെന്ന് ഒരു കഥയെന്ന നിലയ്ക്കു സ്തോഭപൂർവ്വം നാം വായിച്ച ഖസാക്കിന്റെ ഇതിഹാസത്തെ മുൻനിർത്തി വിജയൻ വാശിപിടിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത് ഇനിയും അപകോളനീകരിക്കപ്പെടേണ്ട നമ്മുടെ സമൂഹത്തിലെ ഇടങ്ങൾ വളരെ വിപുലമാണെന്നു തന്നെയാണ്. നമ്മുടെ സംസ്കാരത്തിന്റെ പല തലങ്ങളിലും ഇപ്പോഴും നിലനിൽക്കുന്ന കൊളോണിയൽ സ്വാധീനങ്ങളെക്കുറിച്ച് ഏറെ ആശങ്കാകുലനായി പലപ്പോഴും പ്രത്യക്ഷപ്പെടാറുള്ള വിജയൻപോലും സാർവലൗകിക സാഹിത്യം എന്ന സങ്കല്പത്തിലടങ്ങിയ കെണിയെ തിരിച്ചറിയാതെ പോകുന്നത് എന്തുകൊണ്ടാണ്. നാം വിശകലനം ചെയ്ത ഭാഷാ പഠനത്തിന്റെ ചരിത്രം ഒരുപക്ഷേ ഇതിനുള്ള ഭാഗികമെങ്കിലുമായ ഉത്തരമാകാം.

ഭാഷാപഠനത്തിന്റെ അപകോളനീകരണം സാധ്യമാകണമെങ്കിൽ അപ്പോൾ പഠനത്തിന്റെ രീതിശാസ്ത്രത്തിലും അതിന്റെ ജ്ഞാനവിഷയത്തിലും കാതലായ മാറ്റം വരുത്തണം. ചിനുവെയ്സു, എൻഗുഗി വാതിയോംഗോ തുടങ്ങിയ ആഫ്രിക്കൻ എഴുത്തുകാർ സൂചിപ്പിക്കുന്നതുപോലെ സാർവലൗകികം സാഹിത്യം എന്നത് ഒന്നാം ലോക സാഹിത്യത്തിന്റെ ഇരട്ടപ്പേരാണ്. "സുളു ഭാഷക്കാരുടെ ടോൾസ്റ്റോയ് ആരാണ്? പ്രൗസ്റ്റിനു സമാനമായ സാഹിത്യകാരൻ പാപുവാകൾക്ക് ഉണ്ടോ" എന്നും മറ്റും അമേരിക്കൻ നോവലിസ്റ്റായ സോൾ ബെല്ലോ പുച്ഛത്തോടെ ചോദിച്ചു

തായി കേട്ടിട്ടുണ്ട്. മലയാളത്തിന്റെ കീറ്റ്സ് അല്ലെങ്കിൽ ഷെല്ലി എന്നൊക്കെ കവികളെ വിശേഷിപ്പിക്കുന്ന പണ്ഡിതരെക്കുറിച്ച് നമുക്കും അറിവുള്ളതാണല്ലോ. ഇവിടെയാണ് ഭാഷാപഠനത്തിന്റെ രീതിശാസ്ത്രം മാറ്റുന്നതിന്റെ പ്രസക്തി. നൈജീരിയയിലെ വിദ്യാർത്ഥികളെ ഇംഗ്ലീഷ് സാഹിത്യം പഠിപ്പിക്കാൻ ആഫ്രിക്കയിലെത്തിയ ചാൾസ് ആർ. ലാർസൻ എന്ന സായ്പ് നൈജീരിയൻ വിദ്യാർത്ഥികൾ ഇംഗ്ലീഷ് നോവലുകളോട് പ്രതികരിക്കുന്ന രീതി താൻ മുമ്പ് പഠിപ്പിച്ച അമേരിക്കൻ വിദ്യാർത്ഥികളുടെ പ്രതികരണ രീതിയിൽ നിന്നു തനിക്കു തന്നെ പരിചിതമായ സാഹിത്യ സമീപന രീതികളിൽ നിന്നും വ്യത്യസ്തമാണെന്നു കണ്ടെത്തിയതായി രേഖപ്പെടുത്തുന്നുണ്ട്. ഇത് വളരെ ശരിയാണ്. കലയേയും സാഹിത്യത്തേയും സംബന്ധിച്ച യൂറോ-അമേരിക്കൻ അനുഭവമാണ് 'സാർവലൗകിക അനുഭവം', 'സാർവലൗകിക മൂല്യം' തുടങ്ങിയ ലേബലുകളോടെ കോളോണിയൽ കാലഘട്ടത്തിൽ ഏഷ്യയിലേയും ആഫ്രിക്കയിലേയും കോളനി രാജ്യങ്ങളിൽ പ്രചാരം നേടിയത്. അതുകൊണ്ടാണ് കലയുടെ സ്വയം സൂചിതത്വം തുടങ്ങിയ പരികല്പനകൾ മൂന്നാം ലോകമെന്നു വിളിക്കപ്പെടുന്ന സമൂഹങ്ങളിലെ സാഹിത്യ സംസ്കാരങ്ങളെ സംബന്ധിച്ച് അപ്രസക്തമാണെന്നു ചില ചിന്തകരെങ്കിലും പറയുന്നത്. ചിൻവെയ്സുവിനെയും എൻഗൂഗിനെയും പോലുള്ള ആഫ്രിക്കൻ എഴുത്തുകാർ സാഹിത്യത്തിന്റെ ലാവണ്യ ശാസ്ത്രം തുടങ്ങിയ പ്രയോഗങ്ങൾ പോലും ആഫ്രിക്കൻ സാഹിത്യത്തിന്റെ കാര്യത്തിൽ അർത്ഥശൂന്യമാണെന്നു പറയും. എഴുത്തിന്റെ രാഷ്ട്രീയമാണ്, അതിന്റെ ലാവണ്യശാസ്ത്രമല്ല ആഫ്രിക്കൻ അവസ്ഥയിൽ പ്രസക്തം എന്നാണ് എൻഗൂഗി പറയുക.

എഴുത്ത് അപ്പോൾ ഒരു സവിശേഷ ചരിത്രമുഹൂർത്തത്തിലെ സവിശേഷസമൂഹത്തിന്റെ സൃഷ്ടിയാണ്. ഒരു നോവൽ ഒരു ഗ്രാമത്തിന്റെ കഥതന്നെ. സാഹിത്യത്തെക്കുറിച്ചുള്ള ഈ ആശയം അംഗീകരിക്കപ്പെടുക എന്നതിന്റെ അർത്ഥം ഭാഷാസാഹിത്യപഠനത്തിന്റെ ജ്ഞാനവിഷയം തന്നെ മാറുക എന്നാണ്. ഇംഗ്ലീഷ് പാഠ്യപദ്ധതിയുടെ സ്വഭാവത്തിൽ കാതലായ മാറ്റം ഇത് ആവശ്യപ്പെടും. രീതിശാസ്ത്രത്തിലുള്ള മാറ്റം ജ്ഞാനവിഷയത്തിലുള്ള മാറ്റത്തെ തന്നെയാണ് സൂചിപ്പിക്കുന്നത് എന്നർത്ഥം. ബ്രിട്ടീഷ്-അമേരിക്കൻ എഴുത്തുകാർക്ക് മാത്രം പ്രവേശനമുള്ള ഇംഗ്ലീഷ് സിലബസ്സിൽ അപ്പോൾ ഇന്ത്യയുടേതിനു സമാനമായ ചരിത്രപരമായ അനുഭവങ്ങളുള്ള ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലേയും ലാറ്റിനമേരിക്കൻ രാജ്യങ്ങളിലേയും സാഹിത്യകൃതികളും പരിഭാഷകളും ഉൾപ്പെടുത്തേണ്ടിവരും. ഇതര ഭാരതീയ ഭാഷകളിൽ നിന്നും മലയാളത്തിൽ നിന്നുപോലുമുള്ള പരിഭാഷകൾ ഉൾപ്പെടുത്തേണ്ടിവരും. ജനപ്രിയ സാഹിത്യമെന്നു വ്യവഹരിക്കപ്പെടുന്ന കൃതികൾ ഉൾപ്പെടുത്തേണ്ടിവരും. മുഖ്യാധാരാസാഹിത്യത്തോടെ പലരീതിയിലും മല്ലടിച്ചുകൊണ്ട് സമീപകാലത്ത് വികസിച്ചുവന്ന പാർശ്വധാരാ സാഹിത്യങ്ങളേയും (ഉദാഹരണം: സ്ത്രീസാഹിത്യം, ദളിത് സാഹിത്യം) ഉൾപ്പെടുത്തേണ്ടിവരും. സാഹിത്യപഠനത്തിന്റെ ജ്ഞാനവിഷയം, ശുദ്ധസാഹിത്യം എന്നുവിശേഷപ്പിക്കപ്പെടുന്ന വ്യവഹാര സമുച്ചയത്തിൽനിന്നും സാംസ്കാരികപഠനം എന്ന കുറേക്കൂടി വിപുലമായ വ്യവഹാര പ്രയോഗമായി പരിവർത്തനം ചെയ്യപ്പെടുന്നു എന്നതാണ് ഇതിന്റെ ഫലം. ■


**THE MADAI CO-OPERATIVE RURAL BANK LTD., NO. F. 1233**

**Head Office, Payangadi, P.O.PAYANGADI - 670 303**

**Phone: 870236**

**(Largest of its kind in the state of Kerala)**

*First Bank in Kerala to implement Welfare Schemes to members*
**Having 11 Branches out of which 2 Evening Branches**
***Transacts All Kinds of Banking Business***
**Attractive Deposit schemes with Higher rate of Interest and more Security**
*Safe Deposit Lockers available at Payangadi & Kannapuram Branches*

| | |
|---|---|
| Share Capital | - 1.5 Crores |
| Deposits | - 42 Crores |
| Loan outstanding | - 42 Crores |
| Working Capital | - 43 Crores |

*For details contact any of our Branches or Head Office*

| | Branches | Phone |
|---|---|---|
| 1 | Payangadi | 870236 |
| 2 | Kannapuram | 860236 |
| 3 | Kunhimangalam | 810236 |
| 4 | Mattul | 842058 |
| 5 | Kuppam | 202535 |
| 6 | Eevening Branch Payangadi Town | 870346 |
| 7 | Puthiyangadi | 870336 |
| 8 | Pilathara | 800582 |
| 9 | Muttom | 871428 |
| 10 | Edakkom | 270470 |
| 11 | Evening Branch Kannapuram | 860836 |

K.V. BALAN
(PRESIDENT)

P.P. RAVEENDRAN
(SECRETARY)

# ന്യൂനപക്ഷാവകാശങ്ങൾ

## പുനരവലോകനം അനിവാര്യമോ?

ആർ.പി.രമണൻ

മത-ഭാഷാ ന്യൂനപക്ഷങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ മൗലികാവകാശങ്ങൾക്ക് അടിയന്തിര ഭേദഗതി ആവശ്യമാണോ? സാർവദേശീയ മനുഷ്യാവകാശങ്ങളുടെയും സമകാലിക രാഷ്ട്രീയവിവാദങ്ങളുടെയും പശ്ചാത്തലത്തിൽ പ്രസക്തമായ ഭരണഘടനാവ്യവസ്ഥകളുടെ വിശകലനം.

എല്ലാ പൗരന്മാരും ഒരേ ഭാഷ സംസാരിക്കുകയും ഒരേ വംശത്തിൽനിന്നു ഉരവിക്കുകയും ഒരേ സാംസ്കാരവും പാരമ്പര്യവും പങ്കുവെയ്ക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രവും ഇന്നു ഭൂമുഖത്തില്ല. പൊതുവായ ചരിത്രവും സാംസ്കാരികപശ്ചാത്തലവുമുള്ള ഭൂരിപക്ഷവും സവിശേഷതകളോടുകൂടിയ നിരവധി ന്യൂനപക്ഷങ്ങളുമടങ്ങിയ വൈവിധ്യംനിറഞ്ഞ ജനസമൂഹമാണ് സകലരാഷ്ട്രങ്ങളിലുമുള്ളത്. ദേശീയവും വംശീയവും മതപരവും ഭാഷാപരവുമായ വിവിധ ജനവിഭാഗങ്ങളുടെ സമാധാനപൂർണമായ സഹവർത്തിത്വം ഏതുരാജ്യത്തിനും മുതൽക്കൂട്ടാണ്. ദേശീയസുരക്ഷിതത്വം, അഖണ്ഡത, പരമാധികാരം എന്നീ അടിസ്ഥാനരാഷ്ട്രീയ ആവശ്യങ്ങളുടെയും സമത്വം, വിവേചനരാഹിത്യം എന്നീ വൈയക്തിക അവകാശവാദങ്ങളുടെയും അനുരഞ്ജനമാണ് പുരോഗമനോന്മുഖമായ രാഷ്ട്രത്തിന്റെ മുഖമുദ്ര.

അന്താരാഷ്ട്ര മനുഷ്യാവകാശ പ്രമാണങ്ങൾ മാനവരാശിയിലെ ഓരോ അംഗത്തിന്റേയും പൊതുവായ അവകാശങ്ങൾക്ക് അർഹമായ പരിഗണന നല്കുന്നുണ്ട്. പുറമേ ന്യൂനപക്ഷങ്ങൾ തുടങ്ങിയ സവിശേഷവിഭാഗങ്ങളുടെ അവകാശങ്ങൾക്ക് നിലവാരനിർണയം നടത്തുകയും ചെയ്യുന്നു. തുല്യപരിഗണനയും വിവേചനരാഹിത്യവും സാമൂഹിക പെരുമാറ്റമാതൃകകളുടെ അനിഷേധ്യനിയമങ്ങളായി യു.എൻ. ചാർട്ടറും ആഗോള മനുഷ്യാവകാശ പ്രഖ്യാപനവും ഉയർത്തിക്കാട്ടുമ്പോൾ മുഖ്യ അന്തർദേശീയ മനുഷ്യാവകാശനിയമങ്ങൾ— സിവിൽ, രാഷ്ട്രീയ അവകാശ ഉടമ്പടിയും സാമൂഹിക സാമ്പത്തിക, സാംസ്കാരിക അവകാശ ഉടമ്പടിയും— ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക പരിഗണന വ്യവസ്ഥചെയ്തിരിക്കുന്നു.

"മതപരമോ ഭാഷാപരമോ വംശീയമോ ആയ ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന രാഷ്ട്രങ്ങളിൽ അവർക്ക് മറ്റംഗങ്ങൾക്കൊപ്പം തങ്ങളുടെ സാംസ്കാരികസമ്പത്തനുഭവിക്കുന്നതിനും മതവിശ്വാസപ്രഖ്യാപനത്തിനും അനുഷ്ഠാനങ്ങൾക്കും സ്വന്തം ഭാഷ ഉപയോഗിക്കുന്നതിനുമുള്ള അവകാശം നിഷേധിക്കപ്പെടരുത്." സിവിൽ, രാഷ്ട്രീയ അവകാശ ഉടമ്പടിയുടെ 21-ാം അനുച്ഛേദം ഉൾക്കൊള്ളുന്നതാണ് ഈ വ്യവസ്ഥ.

1992-ലെ ന്യൂനപക്ഷാവകാശപ്രഖ്യാപനത്തിലൂടെ ഐക്യരാഷ്ട്രസഭ ഈ ആഹ്വാനം ആവർത്തിക്കുന്നു. ന്യൂനപക്ഷാവകാശങ്ങളുടെ പോഷണവും സംരക്ഷണവും നിയമവാഴ്ച നിലനില്ക്കുന്ന ജനാധിപത്യവ്യവസ്ഥയിൽ സമൂഹത്തിന്റെ സമഗ്രവികസനത്തിന് അനിവാര്യമാണ്. ജനതതികൾക്കും രാഷ്ട്രങ്ങൾക്കുമിടയിൽ സൗഹൃദവും സഹകരണവും വർധിപ്പിക്കുന്നതിന് അത് പ്രേരണ പകരും. ന്യൂനപക്ഷങ്ങളുടെ നിലനില്പിനും ഒപ്പം വംശീയവും സാംസ്കാരികവും മതപരവും ഭാഷാപരവുമായ ഏകതയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനും ഭരണകൂടത്തിനു ബാധ്യത ഉണ്ട്. ഇവയ്ക്കു പുറമേ താഴെ പറയുന്ന സംഗതികളിൽ ന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങളും ഈ മനുഷ്യാവകാശരേഖ എടുത്തു പറയുന്നു.

വിവേചനരഹിതമായി നിർബാധം അവകാശങ്ങൾ അനുഭവിക്കാനുള്ള സ്വാതന്ത്ര്യം, പൊതു നയരൂപീകരണത്തിൽ പങ്കാളിത്തം, സംഘടനാ സ്വാതന്ത്ര്യം, ന്യൂനപക്ഷ സമൂഹങ്ങളിലെ അംഗങ്ങളുമായി— ഇതര രാഷ്ട്രങ്ങളിലെ പൗരന്മാരടക്കം— ഉള്ള സമ്പർക്കം, സഹജമായ പെരുമാറ്റരീതികളുടെ ആവിഷ്കരണം, മാതൃഭാഷാപഠനം, സ്വന്തം ഭാഷ, സംസ്കാരം, പാരമ്പര്യം, ആചാരങ്ങൾ എന്നിവ— ദേശീയ നിയമങ്ങളും അന്തർദേശീയ മാനദണ്ഡങ്ങളും ലംഘിക്കുന്ന സന്ദർഭങ്ങളിലൊഴികെ— പോഷിപ്പിക്കാനുള്ള അവസരം. എന്നാൽ, ന്യൂനപക്ഷാവകാശങ്ങളൊന്നും സമൂഹത്തിലെ ആർക്കും അംഗീകൃതമനുഷ്യാവകാശങ്ങളും സ്വാതന്ത്ര്യങ്ങളും അനുഭവിക്കുന്നതിന് പ്രതിബന്ധം സൃഷ്ടിച്ചുകൂടാ എന്ന നിബന്ധനയും ഈ പ്രഖ്യാപനത്തിൽ അടങ്ങിയിരിക്കുന്നു.

മത-ഭാഷാ സാംസ്കാരിക വൈവിധ്യങ്ങൾ പ്രതിനിധാനം ചെയ്യുന്ന വിവിധ വിഭാഗങ്ങൾ ചേർന്നതാണ് ഇന്ത്യയിലെ ജനസഞ്ചയം. ഹിന്ദുക്കൾ, മുസ്ലിങ്ങൾ, ക്രിസ്ത്യാനികൾ, സിക്കുകാർ, ബുദ്ധ-ജൈനമതവിഭാഗങ്ങൾ ഇതരമതസ്ഥർ, ഒരു മതത്തിലും ഉൾപ്പെടാത്തവർ എന്നിങ്ങനെ വിഭിന്ന മതവിഭാഗങ്ങളുടെയും വ്യത്യസ്ത ഭാഷാ, സംസ്കൃതികളുടെയും സഹവർത്തിത്വവും അവയുടെ സ്വാച്ഛേർച്ചയുള്ള സങ്കലനവുമാണ് ഇന്ത്യൻ ദേശീയതയുടെ സവിശേഷത. ഇവരിൽ പട്ടികജാതികൾ, പട്ടികവർഗ്ഗക്കാർ, പിന്നോക്കവിഭാഗങ്ങൾ, മറ്റുപിന്നോക്കവിഭാഗങ്ങൾ, മത-ഭാഷാ ന്യൂനപക്ഷങ്ങൾ, ആംഗ്ലോ ഇന്ത്യക്കാർ എന്നീ വിഭാഗങ്ങൾക്ക് ഭരണഘടന പ്രത്യേകപരിഗണന നല്കുന്നുണ്ട്. മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേകം സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ ലഭ്യമാക്കുന്ന ഏതാനും വ്യവസ്ഥകൾ ഭരണഘടനയിൽ കാണാം.

ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക അവകാശങ്ങൾ എന്തിന് എന്ന ചോദ്യം പ്രസക്തമാണ്. ജനസംഖ്യയുടെ മഹാഭൂരിപക്ഷം വരുന്ന ഹിന്ദുക്കൾ ജനപ്രതിനിധിസ്ഥാപനങ്ങളിൽ ഒരു മതവിഭാഗമായി പ്രവർത്തിക്കുകയാണെങ്കിൽ ഹിതാനുസരണം ഏതു നിയമവും നിർമിക്കാനും ഭരണകൂടത്തിന്റെ സകലപ്രവർത്തനങ്ങളിലും യഥേഷ്ടം നിയന്ത്രണം ചെലുത്താനും സാധിക്കുമല്ലോ. ഈ സന്ദിഗ്ദ്ധാവസ്ഥ ഒഴിവാക്കാനുള്ള ഉപാധിയാണ് മൗലികാവകാശങ്ങൾ; പ്രത്യേകിച്ച് ന്യൂനപക്ഷാവകാശങ്ങൾ. മതന്യൂനപക്ഷങ്ങളിൽ വിശ്വാസം ജനിപ്പിക്കുന്നതിന് ഭരണഘടനാശില്പികൾ മതസ്വാതന്ത്ര്യം പ്രതിപാദിക്കുന്ന വകുപ്പുകളുടെ ഒരു വിഭാഗംതന്നെ ആവിഷ്കരിക്കുകയുണ്ടായി. മതന്യൂനപക്ഷങ്ങൾക്ക് തികച്ചും സംതൃപ്തിനല്കുന്നവയാണ് 25 മുതൽ 28 വരെയുള്ള അനുച്ഛേദങ്ങൾ ഉറപ്പുനല്കുന്ന മതസ്വാതന്ത്ര്യങ്ങൾ.

ഭരണഘടനയിലെ 29-ഉം 30-ഉം അനുച്ഛേദങ്ങളാണ് ന്യൂനപക്ഷങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ പ്രതിപാദിക്കുന്നത്. ഈ ഭരണഘടനാവ്യവസ്ഥകൾ അന്തർദേശീയ മനുഷ്യാവകാശ പ്രമാണങ്ങളിലേക്കാൾ വിപുലവും സമഗ്രതയെ സംബന്ധിച്ചിടത്തോളം അദ്വിതീയവുമാണ്. ഇതര ഭരണഘടനകളിലൊന്നും സമാനതകളില്ലാത്ത അവകാശങ്ങൾക്കാണ് ഈ വ്യവസ്ഥകളിലൂടെ ഇന്ത്യയിലെ മത-ഭാഷാ ന്യൂനപക്ഷങ്ങൾ അർഹരായിരിക്കുന്നത് എന്നുള്ളതും യാഥാർത്ഥ്യംതന്നെ.

ഇനി ഈ വ്യവസ്ഥകളുടെ ഉള്ളടക്കം പരിശോധിക്കാം.

29. ന്യൂനപക്ഷതാല്പര്യസംരക്ഷണം

(1) രാജ്യത്തിന്റെ ഏതുഭാഗത്തും അധിവസിക്കുന്ന പൗരവിഭാഗങ്ങൾക്ക് വ്യത്യസ്തമായ ഭാഷയും ലിപിയും സംസ്കാരവും ഉള്ളപക്ഷം അവ പരിരക്ഷിക്കുന്നതിനുള്ള അവകാശം ഉണ്ട്.

(2) ഭരണകൂടം സംരക്ഷിക്കുകയോ ധനസഹായം നല്കുകയോ ചെയ്യുന്ന

ഒരു വിദ്യാഭ്യാസസ്ഥാപനത്തിലും, ജാതി, മതം, വംശം, ഭാഷ എന്നിവയുടെയോ ഇവയിൽ ഏതെങ്കിലും ഒന്നിന്റെയോ അടിസ്ഥാനത്തിൽമാത്രം ഒരു പൗരനും പ്രവേശനം നിഷേധിക്കപ്പെട്ടുകൂടാ.

30. വിദ്യാലയങ്ങൾ സ്ഥാപിക്കാനും നടത്തിക്കൊണ്ടുപോകാനും ന്യൂനപക്ഷങ്ങൾക്കുള്ള അവകാശം.

(1) മതത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിലുള്ള എല്ലാ ന്യൂനപക്ഷങ്ങൾക്കും, സ്വയം തിരഞ്ഞെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനും നടത്തിക്കൊണ്ടുപോകാനും അവകാശം ഉണ്ടായിരിക്കും.

(1 എ) പ്രസ്തുത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്വത്ത് നിർബന്ധിതമായി ഏറ്റെടുക്കാനുള്ള വ്യവസ്ഥകളടങ്ങുന്ന നിയമനിർമ്മാണം നടത്തുന്നപക്ഷം ആ നിയമം ഈ അവകാശത്തെ നിഷേധിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്നില്ലെന്ന് ഭരണകൂടം ഉറപ്പുവരുത്തണം.

(2) വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഭരണകൂടം ധനസഹായം നല്കുമ്പോൾ ഭാഷയുടെയോ മതത്തിന്റേയോ അടിസ്ഥാനത്തിലുള്ള ന്യൂനപക്ഷങ്ങളുടെ ഭരണാധികാരമുള്ള സ്ഥാപനം എന്ന നിലയിൽ ഒരു വിദ്യാലയത്തോടും വിവേചനം കാണിക്കരുത്.

ഈ ഭരണഘടനാവ്യവസ്ഥകൾ സ്ഫുടമാക്കി അവകാശങ്ങൾ സാർത്ഥകമാക്കുന്നതിന് സുപ്രീം കോടതി വിവിധ സന്ദർഭങ്ങളിൽ വഹിച്ചിട്ടുള്ള പങ്ക് ശ്രദ്ധേയമാണ്. നൈതികവ്യാഖ്യാനങ്ങളുടെ വെളിച്ചത്തിൽ അനുച്ഛേദം 29 (1) ന്യൂനപക്ഷങ്ങൾക്കു മാത്രമുള്ള അവകാശമല്ലെന്നു കാണാം. വ്യതിരിക്തമായ ഭാഷയും ലിപിയും സംസ്കാരവുമുള്ള ഏതുവിഭാഗം പൗരന്മാർക്കും താല്പര്യമുള്ളപക്ഷം അവ സംരക്ഷിക്കാം. അതിനു ഭരണകൂടം ഒരു പ്രതിബന്ധവും സൃഷ്ടിച്ചുകൂടാ. വിദ്യാലയങ്ങൾ സ്ഥാപിക്കാതെയും ഈ അനുച്ഛേദത്തിലെ അവകാശം സംരക്ഷിക്കാൻ കഴിയും. ഒന്നാം ഉപവകുപ്പ് പൗരാവലിയിൽ ഒരു വിഭാഗത്തിന്റെ ഭാഷ, ലിപി, സംസ്കാരം എന്നിവ സംരക്ഷിക്കാനുള്ള അവകാശവും രണ്ടാം ഉപവകുപ്പ് വിവേചനരഹിതമായി വിദ്യാലയ പ്രവേശനത്തിനുള്ള പൗരാവകാശവും ഉറപ്പുവരുത്തുന്നു.

സ്വേച്ഛാനുസാരം വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങാനും നടത്തിക്കൊണ്ടുപോകാനും മത-ഭാഷാ ന്യൂനപക്ഷങ്ങൾക്കുള്ള അവകാശത്തിന്റെ അസന്ദിഗ്ദ്ധമായ പ്രഖ്യാപനമാണ് 30-ാം അനുച്ഛേദം. ന്യൂനപക്ഷങ്ങളുടെ ഈ അവകാശം ഭാഷയും ലിപിയും സംസ്കാരവും സംരക്ഷിക്കുന്നതിനുമാത്രമായി ഭരണഘടന പരിമിതപ്പെടുത്തിയിട്ടില്ല. മതേതര വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള സ്വാതന്ത്ര്യം അതിൽ അന്തർലീനമാണ്. എന്നാൽ ഈ അവകാശം ന്യൂനപക്ഷങ്ങൾക്ക് സ്വന്തം താല്പര്യസംരക്ഷണത്തിനു മാത്രമായി വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള അവകാശമായി വ്യാഖ്യാനിച്ചുകൂടെന്ന് സുപ്രീംകോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇഷ്ടമുള്ളതരം വിദ്യാലയങ്ങൾ തുടങ്ങാനും നടത്തിക്കൊണ്ടുപോകാനും ന്യൂനപക്ഷങ്ങൾക്കുള്ള അവകാശം ഭരണകൂടത്തിന്റെ നിയന്ത്രണങ്ങളിൽനിന്ന് മുക്തമല്ല. പക്ഷേ ഭരണകൂടത്തിനോ മറ്റ് അധികാരകേന്ദ്രങ്ങൾക്കോ ഈ അവകാശത്തിന്റെ അന്തസ്സത്ത തകർക്കുന്നതരത്തിൽ വിദ്യാലയങ്ങളുടെ ആന്തരിക ഇടപാടുകളിലും നടത്തിപ്പിലും കൈകടത്താൻ അവകാശം ഉണ്ടായിരിക്കുകയില്ല. 1958-ൽ കേരളവിദ്യാഭ്യാസ ബില്ലിലെ ചില വ്യവസ്ഥകളുടെ ഭരണഘടനാസാധുത പരിശോധിച്ച സുപ്രീംകോടതി വിദ്യാലയങ്ങൾക്ക് ധനസഹായം നല്കുന്ന ഭരണകൂടത്തിന് വിദ്യാഭ്യാസത്തിന്റെ മേന്മ ഉറപ്പുവരുത്താൻ യുക്തിസഹമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ അധികാരുമുണ്ടെന്നു വ്യക്തമാക്കുകയുണ്ടായി. ന്യൂനപക്ഷവിദ്യാലയങ്ങളിലെ ഭരണകൂടത്തിന്റെ നിയന്ത്രണത്തെ സംബന്ധിച്ചിടത്തോളം സുപ്രീം കോടതിയുടെ മാർഗദർശനം ശ്രദ്ധേയമാണ്.

ന്യൂനപക്ഷ വിദ്യാലയങ്ങൾ മൂന്നുതരമാണ്

1. ഭരണകൂടത്തിന്റെ ധനസഹായമോ അംഗീകാരമോ തേടാത്ത വിദ്യാലങ്ങൾ

2. ഭരണകൂടത്തിന്റെ ധനസഹായം തേടുന്നവ

3. ഭരണകൂടത്തിന്റെ ധനസഹായം തേടാത്തവയും എന്നാൽ അംഗീകാരം തേടുന്നവയുമായ വിദ്യാലയങ്ങൾ

ഒന്നാമതു വിഭാഗത്തിൽപ്പെട്ട വിദ്യാലയങ്ങൾക്ക് തൊഴിൽ- കരാർ- നികുതി നിയമങ്ങൾ തുടങ്ങിയ ദേശീയനിയമങ്ങൾ ഒഴികെ ഭരണകൂടത്തിന്റെ നിയന്ത്രണങ്ങൾ ബാധകമല്ല. രണ്ടും മൂന്നും വിഭാഗത്തിൽപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ക്രമീകരണസ്വഭാവത്തോടുകൂടിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ഭരണകൂടത്തിന് അധികാരം ഉണ്ടായിരിക്കും. ന്യൂനപക്ഷങ്ങളുടെയോ ആശ്രയിക്കുന്ന ഇതര പൗരന്മാരുടെയോ വിദ്യാഭ്യാസത്തിന് ഉത്തമമാധ്യമമായി വിദ്യാലയത്തെ വളർത്തിക്കൊണ്ടുവരുക, വിദ്യാലയത്തിന്റെ നല്ല രീതിയിലുള്ള നടത്തിപ്പ് ഉറപ്പുവരുത്തുക എന്നിവയ്ക്കുവേണ്ടിയായിരിക്കണം ഈ നിയന്ത്രണങ്ങൾ. ബോധനനിലവാരം, അച്ചടക്കം, ആരോഗ്യം, ശുചീകരണം, സദാചാരം, സമാധാനം, അധ്യാപകരുടെയും ഇതരജീവനക്കാരുടെയും സേവന, വേതനവ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് നീതിയുക്തമായ നിയന്ത്രണങ്ങളും ക്രമീകരണങ്ങളും ഏർപ്പെടുത്താനുള്ള ഭരണകൂടത്തിന്റെ അധികാരം ന്യൂനപക്ഷങ്ങളുടെ ഭരണഘടനാനുസൃതമായ സ്വയംഭരണാവകാശത്തെ പ്രതികൂലമായി ബാധിക്കുന്നതരത്തിൽ വിനിയോഗിക്കപ്പെട്ടുകൂടാ. വിവിധതലങ്ങളിൽ വിദ്യാഭ്യാസരംഗത്ത് ഐകരൂപ്യം വരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി ഭരണകൂടവും യൂണിവേഴ്സിറ്റിയും മറ്റ് നിയമാനുസൃതസമിതികളും ആവിഷ്കരിക്കുന്ന ചട്ടങ്ങളും നടപടിക്രമങ്ങളും അതിജീവിക്കാൻ ഇത്തരം വിദ്യാലയങ്ങൾക്ക് കഴിയുന്നു എന്നുള്ളത് യാഥാർഥ്യമാണ്. അവയിലെ ജീവനക്കാരുടെ തൊഴിൽസംബന്ധിച്ച മൗലികാവകാശങ്ങൾ സവിശേഷ പരിഗണന അർഹിക്കുന്നു.

ഇനി ഭരണഘടനയിലെ ന്യൂനപക്ഷാവകാശങ്ങൾക്ക് മുഖ്യദേശീയ ഭരണകക്ഷി അവതരിപ്പിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾ പരിശോധിക്കാം.

ദേശീയ ഹിന്ദുഭൂരിപക്ഷത്തിന്റെ സാംസ്കാരികതാത്പര്യങ്ങൾ അവഗണിച്ച് മതന്യൂനപക്ഷങ്ങൾക്ക് അനർഹമായ പരിഗണന നല്കുന്നു എന്നാരോപിക്കപ്പെടുന്ന വ്യവസ്ഥകളുടെ പരിഷ്കരണമാണ് ഈ സംരംഭത്തിന്റെ ഉദ്ദേശ്യമെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

മുഖ്യഭേദഗതികൾ ഇവയാണ്: 29-ാം അനുച്ഛേദത്തിൽ ന്യൂനപക്ഷതാല്പര്യസംരക്ഷണം എന്ന ശീർഷകം 'ഭാഷാപരവും സാംസ്കാരികവുമായ അവകാശസംരക്ഷണം' എന്നു തിരുത്തുക; 30-ാം അനുച്ഛേദത്തിലെ സ്വയം തിരഞ്ഞെടുത്ത വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങാനും നടത്തിക്കൊണ്ടുപോകാനും ഭാഷയുടെയോ മതത്തിന്റേയോ അടിസ്ഥാനത്തിൽ എല്ലാ ന്യൂനപക്ഷങ്ങൾക്കുമുള്ള അവകാശം പകരം 'പൗരന്മാരുടെ അവകാശ'മായി വിപുലമാക്കുക.

നിർദ്ദിഷ്ട ഭേദഗതികൾ യാഥാർത്ഥ്യമാവുകയാണെങ്കിൽ, പ്രതിസന്ധികളിൽ തകരാതെ അഗ്നിപരീക്ഷണങ്ങൾ അതിജീവിച്ച നമ്മുടെ ഭരണഘടന അന്തർദേശീയ മനുഷ്യാവകാശ നിയമങ്ങൾക്കനുസൃതമായി അഞ്ചുപതിറ്റാണ്ടുകൾ നിറവേറ്റിയ, സാംസ്കാരിക-വിദ്യാഭ്യാസ രംഗങ്ങളിലെ ന്യൂനപക്ഷാവകാശസംരക്ഷണ ബാധ്യത അർത്ഥശൂന്യമാവും. ക്രമേണ ഇന്ത്യൻ ദേശീയതയുടെ സവിശേഷതയായ സാംസ്കാരിക സഹവർത്തിത്വവും മതസഹിഷ്ണുതയും ഒപ്പം സമവായ സങ്കല്പവും അപ്രത്യക്ഷമാവും. ദേശീയതയിൽ മതന്യൂനപക്ഷങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെടുന്നത് മതേതര ജനാധിപത്യവ്യവസ്ഥയ്ക്ക് ഭീഷണി ഉയർത്താതിരിക്കുമോ!

# TED HUGHES

D.THOMAS

Ted Hughes, who passed away on 28 Ocober 1998, after a prolonged fight against cancer, was one of the literary geniuses of this century. He had distinguished himself as a poet, dramatist, critic, writer of popular stories for children, both in prose and verse, creator of myths and experimenter with language. It was in recognition of his outstanding achievements that he was selected to succeed John Betjeman as the poet-laureate. He held that position with distinction for nearly a decade and a half.

Hughes was born in Mytholmroyd situated in the valley of the Upper Calder in the Yorkshire pennines in August 1930. He was tremendously influenced by the land-scape of his native village and it left an indelible impression on his poetry. In fact, several of his early poems like 'Wind', 'Crow Hill', 'Pennines in April' are specifically on the landscape that he knew so well.A whole volume of poems, 'The Remains of Elmet' is devoted to describing the men and animals, the natural and industrial processes in the place of his birth. keith Sagar has commented: "This landscaps was imprinted on his soul, and in a sense, all his poems are about it."

War is a major theme in Hughes and the memory of war can be felt as the central or shaping metaphor throughout his poetry. The poet's father was a Sergeant with the Lancashire Fusiliers and one of the seventeen men from his entire regiment to return from the disastrous landing at Gallipoli in 1915. His terrible war experiences were described to Hughes when he was a little boy and it dominated his imagination. In the poem Six Young Men' there is a shocking description of the brutal way in which the young men were killed in the field of battle. In the poem 'out' the poet imagines birth as no more than the production of cannon fodder. In 'Scapegoats and Rabies' war is seen as a permanent aspect of our civilization.

In his work ' Peotry in the making' Hughes tells us how intimately he was associated with the world of birds and beasts right from the very beginning of his life. His " interest in animals began when I began."('Poetry in the Making'). His elder brother, who had a passion for hunting, used to take him with him as a retriever. He had to scramble into all kinds of places collecting magpies, owls, rabbits, weasels, rats and curlews that his brother had shot down.

After the family had shifted to Mexborough when he was eight, Hughes was one day crawling up the side of a hollow to see what might be there in another hollow. As he reached the top and peered over, he found himself face to face with a fox. They looked into each other's eyes, and it seemed that his own being was for a moment supplanted by that of the fox. The event remained in his unconscious as a symbol of unquenchable life, whether in the natural world or in the human psyche.

When Hughes's interest in capturing animals began to wane by the time he was fifteen years old, he began to write poems. According to him, the two interests have not been different from each other.

"In a way I think of poems as a sort of animal. They have their own life like animals by which I mean that they seem quite separate from any person, even from their author, and nothing can be added to them or taken away without maiming and perhaps even killing them.And they have a certain wisdom." ('Poetry In the Making'). Birds and beasts are for Hughes objects of elemental power and energy. Their predatoriness, fierceness, spontaneity and vitality fascinated him. Man, who forms an inseparable part of Nature, has within him the energy and vitality that characterise animals. But unfortunately, these powers have been warped and obscured by his rational social self. Civilized man has become a fallen creature. The poet, by making us aware that the powers of our innerself repressed within us and the primitive instinctual energies of the animal world are the same, is helping us to discover our-selves and live our true natural life.

When Hughes emerged on the post-war scene with his first collection of poems' The Hawk in the Rain' (1957) the poetry reading public attuned to the poetry of the Movement School heard a new, poetic voice. The reviewers, in the words of Calvin Badient, "flocked to the book like ghosts to a pit of blood." The poems crackle with surplus energy. 'The Jaguar' contrasts the fierce energy of the animal world and the fallen condition of modern man. The ferocity of the animal is evident in his looks by means of which the poet says he is able to drill holes on his prey even before he pounces on it. "The world rolls under the thrust of his heels." 'The Hawk In the Rain' brings out powerfully a contrast between the miserable conditions of a man who is floundering in the mud and a hawk which seems to have mastery over the elements and whose wings 'hold all creation in a weigtless quiet." One of the finest poems in the collection, 'The Thought Fox' is about writing a poem and except for the fact that it mimes the movement of the fox there is very little of the fox in it. Hughes himself commented on the poem as follows: "I suppose that long after I am gone, as long as a copy of the poem exists, everytime anyone reads it, the fox will get up somewhere and come walking towards them."

The second collection of Hughes's poems' 'Lupercal' appeared in 1960. Critics are of the view that the qualities of great art manifest themselves in poems like 'An otter', 'Pike', 'November', and 'Lupercalia'. 'Esther's Tom Cat', 'The Bull Moses', 'Pike' etc. have a supernatural dimension. 'November', 'Things present' and 'Everyman's Odyssey' have in common the figure of the beggar or of a rain-beaten, bedraggled speaker hammered into non-entity by the elements.

Like 'The Jaguar' and 'The Hawk in the Rain', 'Thrushes' brings out the mechanical efficiency and terrifying nature of the animal world. In contrast to the life of the bird, human life is afflicted by indolent procrastinations, doubts, fears, guilt and despair. There is also in the poem a tormenting sense of man not being in possession of his innate abilities. 'Hawk Roosting' is a poem that has been subjected to a lot of critical examination. The narrative voice in the poem is that of the hawk. The bird boasts, "I kill where I please because it is all mine/— My manners are tearing off heads...". It may be lines like these that have provoked the criticism that the poetry of Hughes upholds violence. Probably in his poems on predatoy animals Hughes is only relating the violence and destructiveness inherent in Nature. The poet himself disapproved of the use of the word 'Violence' in relation to his poetry. In an interview he said, 'My poems are not

about violence but vitality. Animals are not violent. They are so much more controlled than men".

The poems in 'Wodwo' (1967) are extremely complex and difficult. Keith Sagar says that they are to be "lived with for years before it becomes possible to see 'Wodwo' whole not just as a collection of marvellous though often epigrammatic poems." Several poems like 'The Bear', 'Wodwo', 'Thistles' etc. have a mythical dimension. One of the most important themes in this volume is death. The poet's interest in Shamanism and perhaps more than that the misfortunes in his personal life must have led him to write eloquently on death in such poems as the 'Howling of wolves', 'Song of a Rat' and 'Ghost Crabs'. 'The Green wolf' is a strange title for a poem in which there is no wolf and nothing to explain how a wolf can be green. The theme of the poem is death. Several poems like 'Gnat-Psalm' and 'The Song of a Rat' reveal the influence of the Upanishads.

'Crow' (1972) is perhaps the best known of all Hughes's works. Alan Brown John wrote with reference to the Crow poems that "it is not possible any longer to begrudge him major status among English poets of our time." Robert Stewart, on the other hand, has remarked that 'the bleakness of the vision and the lack of even a vestigial hope for redemption makes 'Crow' at times unbearable.' The book is a critique on modern life. It brings out with great power and intensity the destruction caused to the world by science and technology (e.g. 'Crow Alights', 'That Moment', 'Crow's Account of the Battle). Another important theme is the nature of language in relation ot reality ('A Disaster', 'Crow Goes Hunting',). In several of the poems Hughes drastically changes the christian myths as given in the Bible ('Lineage', 'A Childish Prank', 'Apple Tragedy').

'Cave Birds' published in October 1973 was described as an 'Alchemical Cave Drama'. Each poem is accompanied by a Baskin drawing. The sub-title ' Alchemical Cave Drama' indicates the inwardness of the action. The protagonist's inner being is confronted by various terrifying bird beings resulting in the death of his complacent ego and mystical transformation and rebirth. 'A Riddle' celebrates the symbolic marriage between the hero's conscious self and a female who represents the natural processes both within him and outside him. The marriage between the two is the achievement of wholeness, both a union between the divided parts of himself and a sense of belonging to the world.

Perhaps the most signifiant poems that Hughes has written on animals in relation to human life are in 'Moortown Elegies'. (1978). In these poems the division between man and animal which was a major theme in 'The Hawk in the Rain' and 'Lupercal' disappears and the communion between the two proves beneficial to both.The farm becomes a working laboratory of co-operation between man and nature. Most of the memorable poems in the book deal with thebirth, death-at-birth or infancy of lambs or calves. 'February 17th' describes how deliverig a lamb has failed because it is too large for the mother. Human intervention has at least helped in saving the mother and bringing out the dead lamb. 'Surprise' gives the description of a painless, natural and successful birth of a calf.

In the books that Hughes published after 'Moortown' - 'River' (1982)' What is Truth' (1984) 'Wolf Watching' (1989) etc. - the importance given to the creaturely world is considerable. 'The Black Rhino' of ' Wolf Watching' was written to help raise funds for the campaign to save the Black Rhinoceros.

The connection between man, his animal self and his natural environment is embodied in 'Gaudete' (1977) in Nicholas Lumb's tree nature. Lumb meditates on the material reality of the landscape, the processes at work in it and as a result comes to the realization that the forces at work in trees and stones are also at work inhimself. The need for leading a cohesive life is again the theme of Hughes's popular story for children, 'The Iron Man'.

In the early collections like 'The Hawk in the Rain' and 'Lupercal' Hughes employs language in such a way as to create poetry with a material body. When we read aloud the verse rich with dental, plosive and gutteral consonants, alliteration and assonance, the physical reality of the things described is captured by the language. The following lines from 'the Hawk is the Rain' (I drown in the drumming ploughland, I drag up Heel after heel - From clay that clutches my each step - etc.) bring out very powerfully the wretchedness and misery of the man floundering in the mud. In 'The Jaguar' says Robert Stewart 'It is not polite and ruminative diction that overwhelms us, but a solid phalanx of buffeting verbs and steel-healed nouns. In several of the poems like'Stations' and 'Green wolf' Hughes has createdx modern elegiac langu age.

Hughes's experiment with language led him to the invention of a physiological language for the drama 'Orghast'. In the poem 'Bride and Groom lie hidden for three days' Hughes has shown the daring and innovative skill to use the language of machinery to write on the theme of love.

Hughes's life with sylvia Plath had a profound influence on his life and poetry. He met her at a party in Cambridge in February 1956. They fell deeply in love and got married in June the same year. After the honeymoon in Spain, they moved to the United States where they worked for two years as teachers. In 1961 Hughes acquired a house at Devon where he lived till his death. The relationship between the couple ran into difficulties when Plath came to know that Hughes had a clandestine relationship with one Assia Wevill. They separated and in February 1953 Sylvia Plath committed suicide. This was a terrible shock to Hughes and he stopped writing poetry for a few years. After Plath's death Hughes lived with Assia Wevill in his house in Devon and the couple had a daughter, Shura. But in 1969 Assia too committed suicide with her daughter. Hughes married Carol Orchard in 1970 and had been leading a happy married life for the last 28 years.

This year Hughes published the confessional verse narrative 'Birthday Letters' which topped the best-seller lists and won the 10000 pound Forward Prize for Poetry. The book reveals the depth of his feeling for Sylvia Plath. It was written over the course of twentyfive years and had begun asa kind of private conversation with Sylvia. It is dedicated to Nicholas and Frieda, the son and daughter born to Hughes from Sylvia Plath. Their poetic presence in the book makes it very poignant. A few months before publilshing, 'Birthday Letters' Hughes had published 'Tales from Ovid' for which he was awarded the Whitbread Book of the year Award.

Had Hughes lived longer he would have continued to contribute significantly to the enrichment of our cultural heritage. We have lost, as Tony Blair has described him, "a towering figure in 20th century literature."

# താത്രിക്കുട്ടി

## ശ്രീപാദം ഈശ്വരൻ നമ്പൂതിരി

[നമ്പൂതിരി സമുദായത്തിലെ 'ഭ്രഷ്ടി'നെതിരെ കൊടുങ്കാറ്റായി ആഞ്ഞടിച്ച ആ ചരിത്ര കഥാപാത്രം- കുറിയേടത്തു താത്രിക്കുട്ടി- സ്ത്രീപീഡനത്തിന്റെ ഈ കാലഘട്ടത്തിൽ പുനർജ്ജനിക്കുന്നു, പ്രതികാരദാഹിയായി. ഈ കവിതയിലൂടെ. ഒരു കവിത ഒരു സ്ത്രീപക്ഷരചനയാണെന്ന ആക്ഷേപം ഉയർന്നേക്കാം. അതു പക്ഷേ വകവയ്ക്കേണ്ടതില്ല. കാരണം കവിതന്നെ ഒരു വനിതയല്ലേ!]

ഞാനാണു സാവിത്രിക്കുട്ടി
കുറിയടത്തില്ലത്തെ ഇട്ടി
കുലടകുലമകുടമണിയായ് കുപ്രസിദ്ധയാം
കുറിയേടത്തു താത്രിക്കുട്ടി
അപമാനിതയ്ക്കു പകൽരാ,വീപ്പിഴച്ചവൾ
അഭിമാനമോടെ പറയട്ടെ;
അല്ല ഞാൻ സത്യവാൻ സാവിത്രി[1]; അല്ലല്ല
അപ്പാവം നങ്ങേമക്കുട്ടി[2].
പല പുരുഷഗന്ധം പുരണ്ടവൾ ഞാൻ.
പരപുരുഷബന്ധം പുലർത്തിയവൾ ഞാൻ
കുലടയെന്നങ്ങനെ മുദ്രകുത്തിബ്ഭ്രഷ്ടു[3]
കല്പിച്ചോരാഢ്യർക്കു സാധനം[4] ഞാൻ.
പുരുഷമേധാവിത്വ സ്മാർത്തവിചാരമേ,[5]
തിരുനേർക്കു വിരൽ ചൂണ്ടിചോദിപ്പു ഞാൻ:
ആണത്തമുണ്ടോ നിനക്കു സുചീന്ദ്രത്തു-
കൈമുക്കെ[6]ൻ സാന്നിധ്യത്തിൽ നടത്താൻ?
അണലിയെക്കാൾ കൊടും വിഷമുള്ള നിങ്ങളുടെ
വിഷമേറ്റുവാങ്ങിയോരീശരീരം
അഞ്ചാംപുര[7]യ്ക്കലൊരു നാഗത്തെ വിട്ടെത്ര
കൊത്തിക്കിലും വിഷം തീണ്ടിടുമോ?
ദാഹിച്ചനാവിന്നുവെള്ളം തരാതെത്ര
നാൾകൾ വരട്ടിക്കിടത്തിയെന്നെ?
പട്ടിണിക്കിട്ടും നിലത്തിട്ടുരുട്ടിയും
നിഷ്ഠൂരം പീഡിപ്പിച്ചെത്രവട്ടം?
ചത്തില്ല ഞാൻ! വിളിച്ചോരുതവണ കൂവണം
ചാരിത്ര്യദോഷത്തിൻ സത്യമെല്ലാം.
പകലാഢ്യന്മാരേ, എനിക്കൊന്നു ചീന്തണം
നിങ്ങളുടെ പട്ടുകൗപീനമെല്ലാം.
പടിയടച്ചില്ലപ്പടിപ്പുരയ്ക്കപ്പുറം
പെരുവഴിയിൽ വിട്ടിട്ടിരിക്കപ്പിണ്ഡം[8]
ഊട്ടിച്ച നിങ്ങളിൽ ഇവളെത്തൊടാത്തവർ
ഉണ്ടെങ്കിൽ കാക്കയ്ക്കുകൈകൊട്ടട്ടെ![9]
പെണ്ണിന്റെ നഗ്നമാം പച്ചമാംസത്തിനെ
കൊത്തിപ്പറിക്കും കഴുകന്മാരെ,
തർക്കശാസ്ത്രത്തിലും കാവ്യത്തിലും നിപുണ-
യാണു ഞാനെന്നതുമോർമ്മവേണം.[10]
കാവ്യത്തെയാണു ഞാൻ പ്രേമിച്ചതെങ്കിലും
കാളിദാസനെന്നൊടുവിലടിമയായി.
നടനെയേയല്ല ഞാൻ പ്രാപിച്ചതവനിലെ
നളനെയാണെന്നതും ദോഷമായി.
പരിണയിച്ചവരെ ഞാ,നതിനാലടുക്കള
ദോഷം[11] പിണഞ്ഞതെൻ കുറ്റമായി.
അവരിലെപ്പുരുഷൻ മുതലെടു, ത്തിവളിലെ
അബലമാളോർമുന്നിൽ വേശ്യയായി!
സ്മാർത്തവിചാരമേ, നിന്നൊടുച്ചൈസ്തരം
ചോദിക്കയാണിന്നിതാത്രിക്കുട്ടി:
ചാരിത്ര്യദോഷം ഭവിക്കുമെമ്മട്ടൊരു
നാരിയൊറ്റയ്ക്കങ്ങൊരുമ്പെട്ടുകിൽ?
സ്ത്രീപീഡനത്തിൽ ചരിത്രമാവർത്തിപ്പു;
താത്രിമാർ വീണ്ടും പിറപ്പുനാട്ടിൽ.
വിതുരയിൽ, ആ സൂര്യനെല്ലിയിൽ. . . പട്ടിക
നീളുന്നനുദിനമിന്നു, പക്ഷേ
നാരിമാർപലർകൂടി ഒരു പുരുഷനെവേട്ട-
യാടിയതായ്കേട്ടില്ലിത്രനാളും!
ഇനി ഞങ്ങൾ സ്ത്രീകൾ സഹിക്കയില്ല
ഇനി ഞങ്ങൾ സ്ത്രീകൾ ക്ഷമിക്കയില്ല
സർവ്വം സഹയുടെ മക്കളീ താത്രിമാർ
ഒന്നിപ്പു പ്രതികാരദുർഗ്ഗകളായ്.
നില്ക്കുന്നവർമുന്നിൽ ഞാൻ, പുരുഷന്മാരേ
നിങ്ങളെ സ്മാർത്തവിചാരം ചെയ്‌വാൻ!

1- പതിപരിചരണത്തിന്റെയും പാതിവ്രത്യത്തിന്റെയും പര്യായമായ പുരാണ കഥാപാത്രം.
2- മഹാകവി ഉള്ളൂരിന്റെ നങ്ങേമക്കുട്ടി എന്ന കാവ്യത്തിലെ നായിക
3- സ്മാർത്തവിചാരത്തിനുശേഷം അന്തർജ്ജനത്തെ നമ്പൂതിരിസമുദായത്തിൽ നിന്നും പുറത്താക്കുന്ന ആചാരം.
4- അപഥസഞ്ചാരം ചെയ്യുന്ന ആരോപണത്താൽ ആചാരവിചാരണയ്ക്കു വിധേയ ആകേണ്ട അന്തർജ്ജനത്തെ ആക്ഷേപിച്ചുവിളിക്കുന്ന പേര്.
5- നമ്പൂതിരിമാരുടെ ആചാരവിചാരണ
6- ഒരു സ്ത്രീയുടെ ചാരിത്ര്യം നശിപ്പിച്ചതിൽ പങ്കുകൊണ്ടെന്നു സംശയിക്കപ്പെടുന്ന പുരുഷന്മാർ തിളയ്ക്കുന്ന എണ്ണയിൽ വിരൽമുക്കുന്നപരീക്ഷ. 'സുചീന്ദ്രം കൈമുക്കിൽ' വിരൽ പൊള്ളാത്തവർ രക്ഷപ്പെടും. ചില വിരുതന്മാർ ഉന്നതന്മാരിലെ രഹസ്യസ്വാധീനം കൊണ്ടും രക്ഷപ്പെടാറുണ്ട്.
7- സാധനത്തെ ഒറ്റയ്ക്കു പാർപ്പിക്കുന്ന മുറി
8- ഭ്രഷ്ടുകല്പിച്ച സ്ത്രീയെ ഇല്ലത്തുനിന്നും പുറത്താക്കി പടിപ്പുര കൊട്ടിയടക്കുന്നു. പിന്നെ, അവൾ മരിച്ചെന്നു സങ്കല്പിച്ച്, ശ്രാദ്ധം ഊട്ടുന്നു.
9- "നിങ്ങളിൽ പാപം ചെയ്യാത്തവർ കല്ലെറിയട്ടെ" എന്ന ക്രിസ്തുവചനം അനുസ്മരിക്കുക.
10- കാവ്യമീമാംസയിലും തർക്കശാസ്ത്രത്തിലും അതിനിപുണയായിരുന്നു താത്രിക്കുട്ടി
11- ചാരിത്ര്യഭംഗം

ആശംസകളോടെ!

പയ്യന്നൂർ
സർവ്വീസ് സഹകരണ ബാങ്ക്
(ക്ലിപ്തം) നമ്പർ. എഫ് 1401
പി.ബി. നമ്പർ 27. പയ്യന്നൂർ
H.O പയ്യന്നൂർ
ഫോൺ: 502080

ജില്ലയിലെ പ്രമുഖ സ്പെഷ്യൽ ഗ്രേഡ് ബാങ്ക്

PAYYANUR SERVICE BANK-A FRIEND IN YOUR NEED

ടി. കുമാരൻ
പ്രസിഡന്റ്

കെ.എം. നാരായണൻ
സെക്രട്ടറി

ശുദ്ധമായ പശുവിൻ പാൽ ഇപ്പോൾ
നിങ്ങളുടെ ഏറ്റവുമടുത്ത് ലഭിക്കുന്നു.



ROYAL MILK



പോഷക സമ്പുഷ്ടമായ
പശുവിൻ പാൽ, നെയ്യ്, തൈര്,
സംഭാരം അതിന്റെ ഗുണവും
രുചിയും നഷ്ടമാകാതെ അണു
വിമുക്തമാക്കി ആധുനികപ്ലാന്റിൽ
പാക്കു ചെയ്തത് നിങ്ങളുടെ
ഏറ്റവുമടുത്ത കടകളിൽ ലഭിക്കുന്നു.

Processed & Packed By:
**R.F. ENTERPRISES**
Eramalloor P.O., Alappuzha-688 537
Tel: 0478-875063, Fax: 0478-873354

Stanes

**T. STANES & COMPANY. LTD.**
8/23-24, Race Course Road,
Coimbatore - 18 Ph: 211514
Branch Ettumanoor Ph: 535555
Trichur. Ph: 420615, Calicut. Ph: 357265, Pozhuthana. Ph: 655359, Payyannur, Ph: 503262

**AGRICULTURAL DIVISION**

**PRODUCT RANGE**

| | |
|---|---|
| SEEDS | - HYBRIDS (PUBLIC BRED VARIETIES) |
| CHEMICAL FERTILIZERS | - STANES FERTILIZER BLENDS, COATED UREA MIXTURES, STRAIGHT & COMPLEX FERTILIZERS |
| MICRONUTRIENT BLENDS | - STANES MICROFOOD |
| CHEMICAL PESTICIDES | - STANES PESTICIDES TRADED PRODUCTS (CIBA/INDOFIL/CYNAMID) |
| BACTERICIDE | - BACTERIMYCIN 2000 |
| UREA COATING AGENT | - U-COATE |
| ANTI-TRANSPIRANT | - GREEN MIRACLE |

**ENVIRONMENT FRIENDLY PRODUCTS**

| | |
|---|---|
| ORGANIC FERTILIZERS | - DIGESTED ORGANIC SUPPLEMENT (DORS) |
| BIO FERTILIZERS | - SYMBION-(N) |
| - | SYMBION-(P) |
| - | SYMBIOB-VAM |
| BOTANICAL PESTICIDE | - NIMBECIDINE |
| DECOMPSTING AGENT | - PLEUROTUS |
| BIO-PESTICIDES | |

**BIO CONTROL AGENTS**

Microbial origin

Fungi
Biocure F
- Trichoderma Viride
- T. hamatum
- T. harzianum
- Beauveria bassiana

Bacteria
Biocure B
- Pseudomonas fluorescens
- Bacillus subtilis
- Verticillium lecanil
- Metarhizium anisopliae

Viral origin

N.P.V. G.V
- Spodovax
- Helivax

# ഉല്ക്കകൾ

## മാത്യു ജെ. മുട്ടത്ത്

പടിപ്പുരവാതിൽമെല്ലെ തള്ളിനോക്കി. കാറ്റിന്റെ. കിതപ്പുപോലെ . ഊർധ്വൻപോലെ ദ്രവിച്ച സാക്ഷയുടെ നനുത്ത ശബ്ദം. വാതിൽ വിടവിലൂടെ, മെല്ലിച്ച നിലാവിൽ തെളിയുന്ന വഴി. കരിയിലകൾ നിറഞ്ഞുകിടക്കുകയാണു നടുമുറ്റംവരെയും. പെരുവഴിയിലെ കരിയിലകൾ പിന്നിട്ട് അകവഴിയിലേക്ക് കടക്കണം. എല്ലായിടത്തും മതിലുണ്ട് മൺമതിൽ (കയ്യാല, തിണ്ട് എന്നിങ്ങനെ ദേശ്യഭേദങ്ങൾ) മൺഭിത്തികൾ നിറയെ പാഴ്വള്ളികൾ. മൺകട്ടകൾക്കിടയിൽ നിന്ന് അവൻ തല ഉയർത്തി.

മുള്ളു മുളയ്ക്കാത്ത പാഴ്വള്ളികളുടെ മന്ദഹാസം. മന്ദാക്ഷ മന്ദാക്ഷമേ വമൂചേ ചാടിക്കടെക്കടൊ, അപ്പുക്കുട്ടാ. . .കുട്ടാ. . . മുട്ടാതെ തട്ടാതെ മുട്ടാ. . .പൊട്ടാതെ ചട്ടാ. . .പൊട്ടാ. . .ട്ടാട്ടാ. . ട്ടും

എണ്ണവെച്ചുകുളിക്കാഞ്ഞിട്ടും കുഴപ്പമില്ല. നെടിയരിച്ചോറുണ്ണാതെ പൊരിച്ച കോഴിയും ചപ്പാത്തിയുമായിട്ടും ഈ ചാട്ടത്തിൽ ഒരു പിഴവും പറ്റിയില്ല. നാലുകാലിലല്ല രണ്ടുകാലിൽ ഉയർന്നുതന്നെ വീണു (നിന്നു).

ആപ് ജൈസേ കോയി മേരി സിന്ദഗി മേം ആയേ. . .

തെക്കുകിഴക്കേമൂലയിൽ നിന്നാണു പാട്ടു കേൾക്കുന്നത്. ഈ പാട്ടിന്റെ അർത്ഥമെന്തായിരിക്കാം·

അപ്പുക്കുട്ടാ അമ്മുക്കുട്ടിവിളിക്കുന്നു എന്നുതന്നെ. മുറികണ്ടുപിടിക്കാൻ ഒരുദ്ദേശവുമില്ല. പാട്ടിന്റെ കുന്തം കൊളുത്തിയ മുറ്റത്തൂടെ. (സക്കറിയയുടെ കുഞ്ഞോമ്മച്ചൻ എത്രകഷ്ടപ്പെട്ടു)

മുറ്റത്തെല്ലാം ചെടി ടിന്നുകൾ. കൊക്കക്കോള, പെപ്സി, ഫാന്റ എന്നിങ്ങനെ എഴുതിയിട്ടുള്ള കനംകുറഞ്ഞ പഴയമുളംപുട്ടുകുറ്റിയുടെ ഷേപ്പുള്ള ചെടിടിന്നുകൾ നിരന്നിരിക്കുന്നു. ആയിരത്തിത്തൊള്ളായിരത്തി അൻപത്തേഴിൽ ഇന്നത്തെ പത്തനംതിട്ടജില്ലയിലെ കോട്ടാങ്ങൽ, എഴുമറ്റൂർ, കടമ്മനിട്ട തുടങ്ങിയസ്ഥലങ്ങളിൽ കപ്പപ്പൊടികൊണ്ടു പുട്ടുണ്ടാക്കുന്നതിന് മുളംകുറ്റികൾ ഉപയോഗിച്ചിരുന്നതായി ചില ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നുണ്ട്. എം.ജി.എസ്. ഇതിനെ അനുകൂലിച്ചിട്ടില്ല. കൊന്നക്കാട്-പാണത്തൂർ വഴിയിൽ ഏഴാം മൈലിനു കിഴക്ക് എണ്ണപ്പാറക്കാരും മുളംകുറ്റി ഉപയോഗിച്ചിരുന്നതായി ചില സഞ്ചാരികൾ പറഞ്ഞറിയാം. ഇ.എം.എസ് ഭരിക്കാൻ തുടങ്ങിയ കാലം. എണ്ണപ്പാടമുണ്ടാക്കുന്നതിനുമുൻപുള്ള സമയമാണ്. ഹോ കാലം!

ചെടിടിന്നുകളിൽ നിറയെ പൂക്കൾ-പലതരം കടലാസുപൂക്കൾ. തുറന്നുകിടക്കുന്ന ജനാലയിലൂടെ മുറിക്കുള്ളിലെ നേർത്തവെളിച്ചം പുറത്തേക്കുവീഴുന്നു. കർട്ടനില്ലാത്ത ജനാലയ്ക്കുള്ളിലൂടെ മുറികാണാൻ വിഷമമില്ല.

അമ്മു ഉറങ്ങുകയാണോ? അതോ പാട്ടിൽ ലയിച്ചങ്ങനെ ആത്മവിസ്മൃതിയിലാണ്ടുകിടക്കയോ. . . കൊത്തുവേലകൾ ചെയ്ത തല്പത്തിൽ ചരിഞ്ഞ പാർശ്വത്തിൽ കഞ്ജബാണൻ തന്റെ പട്ടം കെട്ടിയ രാജ്ഞി പോലെ. . .ഹോ മതിമോഹിനി. . മതിമോഹിനീ. . .വരൂ

അനുപമേ അഴകേ
അല്ലിക്കുടങ്ങളിലമൃതുമായ് നില്ക്കും
അജന്താശില്പമേ മിഴിതുറക്കൂ

രാമചന്ദ്രൻ വിളിക്കുന്നു. ആർ. . . .

"ആരാ അത്?"

"അപ്പുക്കുട്ടനാണ് അപ്പു"

ഈലോകം അതിലൊരു മനുഷ്യൻ ഞാൻ അപ്പു.

അവൾ എഴുന്നേറ്റുവന്നു. വാതിൽ തുറന്നു

മേൽവസ്ത്രം ഊർന്നുവീണു. കേറ്റ് വിൻസ്കൂറ്റ് റോസ് റോസ് മേരി. . റോജാ രാജകുമാരി ഈ അപ്പൂ സമയം വൈകിയോ. . .?

"ഇല്ല"

സീതയെക്കണ്ട വാനരചിത്തം

"നീയെന്താ എന്നെ ഇങ്ങനെ നോക്കുന്നത്

[ജായ്ക്ക് (ചാക്കോ) ഇങ്ങുവരൂ എം.വി. ചാക്കോ ഇവിടെ ഒരു കിസ് തരൂ"

"ഛെ ഛെ ലജ്ജാവഹം! കഷ്ടം!

[ലക്ഷ്യസാക്ഷാത്കാരത്തിനായുള്ള ക്ലേശഭരിതശ്രമങ്ങളിൽ മനോനിയന്ത്രണം പാലിക്കേണ്ടതിന്റെ ആവശ്യകത എത്ര പ്രധാനപ്പെട്ടതെന്ന് യതി പറഞ്ഞിട്ടുണ്ട്. ഇവിടെ രതിക്കു സ്ഥാനമില്ല]

"അപ്പൂ നീ ഇവിടെ അല്പം വിശ്രമിക്ക്. ഞാൻ ഒന്നു ചെയ്ഞ്ച് ചെയ്ത് ഫ്രെഷ് ആയിവരാം.

ഇപ്പോഴാണ് സത്വപ്രതിസന്ധികളുടെ ഉദയം. അപ്പു ആരാണ്? എന്താണ് അമ്മുവുമായുള്ള ബന്ധം. ഐഡന്റിറ്റി ക്രൈസിസ് കാലഹരണപ്പെട്ടുപോയ തിം- അതു മറന്നേക്കുക. ഇന്നു പ്ലാൻ ചെയ്തുവന്നിരിക്കുന്ന കാര്യങ്ങൾ തീരുന്നതുവരെ അതുമാറ്റിവയ്ക്കാം. ഇപ്പോൾ ഇതുമാത്രമാണു സത്യം. ശത്രുവിനെ തകർക്കുക എന്നതാണു ധർമ്മം. കാലമാണു സത്യധർമ്മാദികൾ തീരുമാനിക്കുക. ഇപ്പോൾ നമ്മുടെ ഒരുസംയുക്ത മുന്നേറ്റത്തിനു സമയമായിരിക്കുന്നു.

കൈബോംബും കൈക്കോടാലിയും പിശ്ശാങ്കത്തിയും (തുരുമ്പിച്ചതല്ല) മച്ചിങ്ങാ സൂത്രങ്ങളുമായി അപ്പു എത്തിയിരിക്കയാണ്. പറഞ്ഞുറപ്പിച്ച പ്രകാരം ആർ.പി.ഡിയുടെ വീടുതകർക്കുവാൻ പോകുന്നു. ഇന്ന് ഈ രാത്രിയിൽ ഇപ്പോൾതന്നെ. ഉല്ക്കകൾ പൊഴിയുന്ന ആകാശത്തിൻ കീഴിൽ അതുസംഭവിക്കും. പുറത്തേക്കുനോക്കി- ആകാശവും ഭൂമിയും ശബ്ദരഹിതമായി ഇരുട്ടിലാഴുന്നു. ഉല്ക്കകൾ വന്നുപോയിരിക്കുന്നു. ഇനിയാണു നമ്മുടെ ആക്ഷൻ. നീമാത്രം തുണ, പ്ലാസ്റ്റിക് മാലയണിഞ്ഞവൾ നീയേ ദേവി അമ്മുക്കുട്ടി.

അവർ എനിക്കു കാലുകുത്താൻ ഇടംതന്നില്ല. കൂടെ നിന്നു ചിരിച്ചവരുടെ ഉള്ളിൽ കൊലവിളി ഉറഞ്ഞുകിടന്നിരുന്നു. എല്ലാവർക്കും കിട്ടുന്നതുപോലെയുള്ള അവസരങ്ങൾ എനിക്കു നിഷേധിച്ചതാരാണ്. തോളിൽ കൈയിട്ടു ചിരിച്ചു നടന്ന ബ്രൂട്ടസിന്റെ കൈയിലും കത്തികാണുമെന്നു ചിന്തിക്കാൻ കഴിഞ്ഞില്ല.

"അപ്പൂ നീ കരയുന്നോ. എന്താ പ്രശ്നം. പിറുപിറുക്കുന്ന ശബ്ദം കേട്ടല്ലോ. എന്തുണ്ടായി?

"ഞാൻ റെഡി, നമുക്കിറങ്ങാം."

"ശരി, ഞാൻ പ്രാർത്ഥിക്കയായിരുന്നു"

"എന്തുപ്രാർത്ഥന"

"ദേവിസ്തവം എടുക്കെന്നെ നീ
നിൻമടിത്തട്ടിലൊട്ടിക്കിടക്കട്ടെ ഞാൻ
നിൻപോർമുലക്കണ്ണുമുട്ടി" എന്നഭാഗം

"മതിവധം, തറ"

"സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്ത്"

